# മലയാളഭാഷാ ബോധനം
# Teaching of Malayalam

## രണ്ടാം വർഷം
## Second Year

### Source book for the Diploma in Teacher Education

Untouchability is a sin
Untouchability is a crime
Untouchability is inhuman

തമിഴ്നാട് പാഠപുസ്തക കോർപ്പറേഷൻ
കോളേജ് റോഡ്, ചെന്നൈ-600 006
TAMILNADU TEXT BOOK CORPORATION
College Road, Chennai - 600 006

© Government of Tamilnadu

First Edition - 2009

**Chairperson**
Prof. C.K. Lily, (Rtd)
Principal in the Kerala
University College of Teacher
Education, Thiruvananthapuram

**Reviewer**
Benjamin
Malayalam Pandit (Rtd)
DIET, Theroor
Kanyakumari District

**Course Co-ordinator & Author**
Sheeja Rohiny. K.
Junior Lecturer in Malayalam
DIET, Theroor
Kanyakumari District

**Price: Rs.**

**This book has been prepared by the Directorate of Teacher Education Reserch and Training on behalf of the Government of Tamilnadu**

**This book has been printed on 70 GSM paper**

**Printed by web offset at:**

## Foreword

**"KNOWLEDGE** is that which is acquired
through personal experiences"
- Thiruvalluvar

The paramount duty of schools is to provide quality education through a curriculum frame work. Quality education is comprised of dimensions like enriching the innate potential of learners, inculcation of self-discipline, enabling the students to assimilate the best learning experiences in every subject and creating interest in learning among students.

Curriculum is revised from time to time based on the changing needs of learners and their environment. NCERT, New Delhi has designed National Curriculum Frame Work 2005 (NCF 2005) bearing in mind the contextual and professional needs of all the stake holders of education.

The following five cardinal principles of NCF 2005 have been assimilitated into teacher education curriculum and in the source books of Elementary Teacher Education which are to be introduced in 2008-2009.

.:. Connecting knowledge to life outside the school
.:. Ensuring that learning shifts away from rote methods
.:. Enriching the curriculum so that it goes beyond textbooks
.:. Making Examinations more flexible and integrating them with classroom life.
.:. Nurturing an overriding identity informed by caring concerns within the democratic polity of the country.

The curriculum developed by DTERT is likely to develop the following skills in student teachers of Elementary Teacher Education.

.:. The ability to seek knowledge continuously
.:. Skill of applying acquired knowledge to various situation
.:. Skill to realize the inner potential and live in harmony with others accordingly and learn to live in coordination with the members of the society
.:. Mastery of learning in all the subjects
.:. Skill for doing constructive activities
.:. The proficiency of student-teachers in innovations doing Research and the ability to think telelogically

The curriculum has the following objectives:

.:. To enhance the professionalism of student-teachers and develop their holistic personality
.:. To nurture values such as national integration, milk of humankindness and moral values
.:. To give importance to Adolescence Education, Health Education,Life Skills Education, Environmental Education, Road Safety and Peace Education.

To facilitate the realization the above objectives, eight subjects and nine practicums have been prepared by a team of authors for the two year Diploma in Teacher Education Course. They are viz.

| 1st Year | 2nd Year |
|---|---|
| Learning Child | Indian Education System |
| Facilitating and Enhancing Learning | Facilitating and Enhancing Learning |
| Teaching of Tamil Language | Teaching of Tamil Language |
| Teaching of Malayalam | Teaching of Malayalam |
| Teaching of Telugu | Teaching of Telugu |
| Teaching of Urdu | Teaching of Urdu |
| Early Childhood care and Education | Early Childhood care and Education |
| Teaching of English | Teaching of English |
| Teaching of Mathematics | Teaching of Mathematics |
| Teaching of Science | Teaching of Science |
| Teaching of Social Science | Teaching of Social Science |

**DTE Practicum**

| 1st Year | 2nd Year |
|---|---|
| Child Observation and case studies | Projects |
| School Visits | Art Education and Work Experience |
| Story Telling | Computer Education |
| Physical Education, healthEducation, Yoga | Physical Education, health Education, Yoga |
| Self Development Workshop | Self Development Workshop |
| Teaching and Learning Materials | Teaching and Learning Materials |

Learned and eminent scholars like Dr. P.S. Balasubramaniyam, Former HOD, Department of Education, University of Madras, Dr. Swaminathapillai, Former Director, Distance Education, Bharathiyar University, Dr. S. Lakshmi, Former Vice-Chancellor, Mother Theresa Women's University. Thiru. V. Ganapathy, Former Professor, lASE, Chennai. Mrs. G. Pangajam, Vice - Chancellor, Gandhigram Rural University, Dindigul. Dr. Subbammal, Former Vice -Chancellor, Vinayaga Mission University, Pondicherry. Dr. Kumaran, Prof & Head, Department of Education, University of Madras and Dr. S. Krishnamoorthy, Annamalai University, Chidambaram have studied different books published by scholars and given simplified instructions to the team for producing quality source books.

Each source book has Educationists form Universities, DTERT, lASE, Colleges of Teacher Education as authors and reviewers. Prominent educationists have reviewed the source books and refined the books. Regional coordinators have also contributed to the quality of the book. Besides, Prof. C.K. Lilly from Kerala Unviersity. S. Syed Sajith, HOD, Department of Urdu, University of Madras. Mrs. Lalitha, Academic Consultant of Adarsh Educational Institutes, Chennai and K. Narayana Pillai, Former AEEO have served the team as Chairpersons of Minority Language Subject Source Books.

Substantial contribution has been provided by A.M.Murthy, Former Senate Member of Alagappa Unviersity, Karaikudi. Sumitra A. Gowthama, Educationist from 'The School' and Educational NGOs such as Amuktha Mahapatra, Balaji Sampath from AID India pvt limited, Thiru. T.N. Arulanandan, Vedanthri Maharisha Association Member, Assistant professor and T. Parasaraman, Institute of Culture and Languages, Pondicherry.

There is a paradigm shift from teaching to self -learning through Activity Based Learning strategy. These new source books have been designed with self-learning through Activity Based Learning Strategy. These new source books have been designed with self-learning activities enabling student teachers to master various concepts and skills. The source books shall guide student teachers to explore library resources to reinforce their teaching strategies to ensure maximum learning among children to improve their skills of observation, classroom management, content knowledge, skill to use TLM and TLE appropriately, Leadership traits and Knowledge of Child Psychology.

Source books are not text books. They are simply guides which show where resources are available for reference and learning. From the identified resources learning needs are to be expanded. The duties of the teacher educators are to learn, understand, analyse, consolidate and evaluate. The duties of the student teachers are to assimilate teaching ideas and learn well to become reflective practitioners.

I commend all the educationists and teacher educators involved in the process of preparing the source book and also congratulate the prospective student teachers who are likely to be benefited from the Diploma in Teacher Education Source books.

**DIRECTOR**
**Directorate of Teacher Education,**
**Research and Training, Chennai - 600 006**

# ആമുഖ കുറിപ്പ്

തമിഴ്നാട് സർക്കാരിന്റെ നിർദ്ദേശ പ്രകാരം മലയാളം ഡി.റ്റി.എഡ്. വിദ്യാർത്ഥികൾക്കു വേണ്ടി തയ്യാറാക്കിയ പുതിയ പാഠ്യപദ്ധതിയനുസരിച്ച് രചിച്ചതാണ് ഈ പുസ്തകം. പുതിയ ആശയങ്ങളും വസ്തുതകളും പരമാവധി ഉൾക്കൊള്ളിച്ചാണ് ഈ പതിപ്പ് പ്രസിദ്ധീകരിക്കുന്നത്. മലയാളഭാഷാ സാഹിത്യം, വ്യാകരണം, ബോധനരീതികൾ എന്നിവയെക്കുറിച്ച് സാമാന്യമായ അവബോധം ലഭിക്കത്തക്കവിധമാണ് ഈ പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

ശാസ്ത്ര സാങ്കേതിക രംഗത്തെ വളർച്ചയും ഉദാത്തമായ പഠന ബോധന സിദ്ധാന്തങ്ങളുടെ ആവിർഭാവവും അദ്ധ്യാപന പ്രക്രിയയുടെ ശാസ്ത്രീയ പഠനം അനിവാര്യമാക്കി. ഈ പുസ്തക നിർമ്മിതിക്കായി അനവധി ഗ്രന്ഥങ്ങൾ പലതും പരിശോധിക്കുകയും അനുയോജ്യമായവ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതോടൊപ്പം ഈ രംഗത്ത് പ്രവർത്തിക്കുന്ന പരിചയ സമ്പന്നരായ പല അദ്ധ്യാപകരുടേയും നിർദ്ദേശങ്ങളും ഈ കൃതിയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സ്വന്തം ഭാഷയുടെ തനിമയും അന്തഃസത്തയും സാക്ഷാത്കരിക്കാൻ ഭാഷാപഠനം അനിവാര്യമാണ്. മലയാളഭാഷ അന്യൂനമായി കൈകാര്യം ചെയ്യാൻ അദ്ധ്യാപക വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ ഈ പുസ്തകത്തിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**അദ്ധ്യാപകസംഘം**

# മലയാളഭാഷാ പഠനം

**മുഖവുര**

മനുഷ്യനെ മറ്റു ജീവജാലങ്ങളിൽ നിന്ന് വേർതിരിച്ച് നിറുത്തുന്ന അടിസ്ഥാന ഘടകമാണ് ഭാഷ. മാതൃഭാഷയെന്നത് ആശയ വിനിമയത്തിനുള്ള ഉപാധി മാത്രമല്ല അത് ആ ഭാഷ സംസാരിക്കുന്ന ജനവിഭാഗത്തിന്റെ സംസ്കാരത്തിന്റെ പ്രതീകം കൂടിയാണ്. അതുകൊണ്ട് ഒരു വ്യക്തി സംസ്കാര സമ്പന്നനായിത്തീരുന്നതിന് ഭാഷാപഠനം പ്രധാന പങ്ക് വഹിക്കുന്നു. കൂടാതെ മറ്റു വിഷയങ്ങൾ ശരിയായ രീതിയിൽ അഭ്യസിക്കുന്നതിനും ഭാഷ അടിസ്ഥാന ഘടകമായി കാണപ്പെടുന്നു. മറ്റു വിഷയങ്ങളെ അപേക്ഷിച്ച് ഭാഷാപഠനം വ്യത്യസ്തമാണ്. ഭാഷാ പഠനത്തിൽ പ്രാവീണ്യ വികസനം പ്രധാന ലക്ഷ്യമായി കാണുന്നു. എന്നാൽ മറ്റു വിഷയങ്ങളിലാകട്ടെ പാഠഭാഗത്തെക്കുറിച്ചുള്ള അറിവാണ് പ്രധാനഘടകമായി കാണപ്പെടുന്നത്. അതുകൊണ്ട് ഭാഷാദ്ധ്യാപനത്തിൽ പ്രത്യേകിച്ച് മാതൃഭാഷാ ബോധനത്തിൽ കൂടുതൽ വിദ്യാർത്ഥികളെ പ്രവീണരാക്കുക എന്നത് പ്രാഥമിക ക്ലാസിലെ അദ്ധ്യാപകരുടെ കർത്തവ്യമാകുന്നു.

**പഠന ഫലങ്ങൾ**

ഈ പാഠ്യപദ്ധതിയനുസരിച്ച് പരിശീലനം നേടുന്ന അദ്ധ്യാപക വിദ്യാർത്ഥികൾ താഴെപ്പറയുന്ന കാര്യങ്ങളിൽ പ്രാവീണ്യം നേടുന്നു.

1. പരിത:സ്ഥിതിയ്ക്കനുയോജ്യമായും വിഷയത്തിനനുസരിച്ചും ഭാഷ തെറ്റു കൂടാതെ പ്രയോഗിക്കുന്നു.

2. അഞ്ചാം ക്ലാസുവരെയുള്ള പാഠപുസ്തകങ്ങളിൽ പ്രതിപാദിച്ചിട്ടുള്ള സാഹിത്യസംബന്ധിയായ കാര്യങ്ങളെക്കുറിച്ച് കൂടുതൽ പാണ്ഡിത്യവും സെക്കൻഡറി ക്ലാസുകളിൽ പ്രതിപാദിച്ചിട്ടുള്ള സാഹിത്യ സംബന്ധിയായ കാര്യങ്ങളെക്കുറിച്ച് ഏകദേശമായ പരിജ്ഞാനവും നേടുന്നു.

3. ഭാഷയുടെ അടിസ്ഥാന പ്രാവീണ്യങ്ങളായ ശ്രവണം, ഭാഷണം, വായന, ലേഖനം മുതലായവ വളർത്തുന്നതിനാവശ്യമായ പ്രാപ്തി നേടുന്നു.

4. മലയാളത്തിലെ സംഭാഷണരീതിക്കും ലേഖനവ്യവസ്ഥയ്ക്കുമുള്ള വ്യത്യാസങ്ങൾ മനസ്സിലാക്കി അവ അതാതിന്റെ പശ്ചാത്തലത്തിൽ പ്രയോഗിക്കാനുള്ള കഴിവ് നേടുന്നു.

5. മലയാളഭാഷാ ബോധനത്തിനുള്ള പാഠം, പാഠ്യപദ്ധതി ഇവ നിർമ്മിച്ച് പ്രയോഗിക്കുവാനുള്ള രീതികൾ മനസ്സിലാക്കുന്നു.

6. നിയോഗാഭ്യാസങ്ങൾ നൽകുന്നതിലൂടെ വിദ്യാർത്ഥികളുടെ പദാവലി പോഷിപ്പിക്കുന്നതിനുള്ള നൈപുണ്യം നേടുന്നു.

7. ഭാഷാ പഠനത്തിനുള്ള ബോധനോപകരണങ്ങൾ നിർമ്മിച്ച് പ്രയോഗിക്കുവാനുള്ള കഴിവ് നേടുന്നു.

8. ഭാഷാ പാഠപുസ്തകങ്ങൾ മൂല്യനിർണ്ണയം ചെയ്യാനുള്ള ശേഷി കൈവരിക്കുന്നു.

9. വിദ്യാർത്ഥികളുടെ ഭാഷാപ്രാവീണ്യം വിലയിരുത്താൻ സഹായിക്കത്തക്ക രീതിയിലുള്ള ശോധകങ്ങൾ നിർമ്മിക്കുകയും, അതിനാവശ്യമായ രൂപരേഖ തയ്യാറാക്കാനുമുള്ള ശേഷി കൈവരിക്കുകയും ചെയ്യുന്നു.

10. ഭാഷാ പ്രയോഗത്തിൽ വിദ്യാർത്ഥികൾ വരുത്തുന്ന വൈകല്യങ്ങൾ മനസ്സിലാക്കുകയും അവ പരിഹരിക്കത്തക്കരീതിയിലുള്ള അഭ്യാസങ്ങൾ നൽകാനുമുള്ള ശേഷി കൈവരിക്കുന്നു.

### രണ്ടാം വർഷം

# മലയാളഭാഷാ സാഹിത്യം

## വിഭാഗം - എ

## പദ്യവിഭാഗം

പത്താം ക്ലാസുവരെയുള്ള പാഠപുസ്തകങ്ങളിൽ നിന്നും താഴെപ്പറയുന്ന കവിതകളെക്കുറിച്ചുള്ള അറിവ് നേടൽ

**I സാഹിത്യ പ്രസ്ഥാനങ്ങൾ**

1. കൃഷ്ണഗാഥ
2. കിളിപ്പാട്ട് സാഹിത്യം
3. ആട്ടക്കഥാ സാഹിത്യം

**II. ആധുനിക കവിത**

1. ജി. ശങ്കരക്കുറുപ്പ്
2. വൈലോപ്പിള്ളി

**III. സമകാലിക കവിത**

1. സുഗതകുമാരി
2. ഒ.എൻ.വി. കുറുപ്പ്

## വിഭാഗം - ബി

## ഗദ്യ വിഭാഗം

സഞ്ചാരസാഹിത്യം, വിമർശനം, ഉപന്യാസം, ആത്മകഥ

1. എസ്. കെ. പൊറ്റക്കാട്
2. എസ്. ഗുപ്തൻ നായർ

## വിഭാഗം - സി

## വ്യാകരണം

1. അലങ്കാരം - ശബ്ദാലങ്കാരം, അർത്ഥാലങ്കാരം
2. വൃത്തം - ഭാഷാവൃത്തം, സംസ്കൃതവൃത്തം

## വിഭാഗം - ഡി

1. **ഉപന്യാസ രചന**
2. **പരാവർത്തനം**

# മലയാളഭാഷാ ബോധനം

| ശീർഷകവും വിഭാഗങ്ങളും | പ്രായോഗിക പരിശീലനം |
| --- | --- |
| **അധ്യായം - I** | |
| **പാഠ്യപദ്ധതി** | |
| പാഠപുസ്തകങ്ങളുടെ പ്രാധാന്യം | |
| പൊതുസ്വഭാവം | നിലവിലുള്ള ഏതെങ്കിലും ഒരു പാഠപുസ്തകം നിരൂപണം ചെയ്യുക. |
| സ്വാധീനിക്കുന്ന ഘടകങ്ങൾ | |
| പാഠപുസ്തക നിരൂപണം | |
| പാഠപുസ്തകവും അദ്ധ്യാപകരും | |
| **അധ്യായം - II** | |
| **അദ്ധ്യാപനരീതികൾ** | |
| അദ്ധ്യാപന പ്രമാണങ്ങൾ | |
| പ്രാചീന സമ്പ്രദായം | |
| ബോധന രീതികൾ | |
| വിവിധ അദ്ധ്യാപന രീതികൾ | |
| കളിരീതി | |
| പ്രോജക്ട്രീതി | |
| നിയോഗരീതി | |
| പ്രഭാഷണരീതി | മൾട്ടി ഗ്രേഡ് അദ്ധ്യാപനത്തിലൂടെ വിവിധ ക്ലാസുകളെ ചേർത്ത് ഏതെല്ലാം പ്രാവീണ്യം കൈവരിക്കാമെന്ന് തീരുമാനിക്കൽ. |
| നാടകരീതി | |
| ഉപദർശനരീതി | |
| മൾട്ടി ഗ്രേഡ് അദ്ധ്യാപനം | |
| ഗൃഹപാഠം | |
| **അധ്യായം - III** | |
| **പദാവലി വികസനം** | |
| ഭാഷാകാര്യങ്ങളുടെ പഠനത്തിന് കൂടുതൽ തന്ത്രങ്ങൾ | മാതൃകാപരമായ ഉച്ചാരണം ശ്രവിക്കുക. |
| പദരൂപീകരണം | |
| അർത്ഥം | |
| പ്രയോഗം | |
| പരിചിത പദാവലി, പ്രയോഗിക്കുന്ന പദാവലി | |
| **വചനശിക്ഷണം** | പദങ്ങൾ കൊണ്ടുള്ള കളികൾ, അവയ്ക്ക് വേണ്ടിയുള്ള അഭ്യാസങ്ങൾ. |
| ലക്ഷ്യങ്ങൾ | |
| അഭ്യാസങ്ങൾ | |

**ഉച്ചാരണ ശിക്ഷണം**

ഉച്ചാരണ അവയവങ്ങൾ

ഉച്ചാരണ വൈകല്യങ്ങൾ

ശരിയായ ഉച്ചാരണം അഭ്യസിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ

പദാവലി

## അധ്യായം : IV

**വായന**

വായന

വായനയുടെ ലക്ഷ്യങ്ങൾ

വായന അഭ്യസിപ്പിക്കാനുള്ള രീതികൾ

മൗനവായന

ശ്രാവ്യ വായന

ഇവയുടെ ഉദ്ദേശ്യവും പ്രാധാന്യവും

മാതൃകാ അദ്ധ്യാപകന്റെ വായന നിരീക്ഷിച്ച് സ്വയം പരിശീലനം നേടുക.

## അധ്യായം : V

**ലേഖനം**

ലേഖനത്തിൽ സൂക്ഷ്മതയും വേഗതയും ഉറപ്പുവരുത്താനുള്ള പരിശീലന പരിപാടികൾ

എഴുത്ത് അഭ്യസിപ്പിക്കുവാനുള്ള രീതികൾ

അക്ഷരത്തെറ്റുകൾ കണ്ടുപിടിച്ച് പരിഹരിക്കൽ

എഴുതുമ്പോൾ ഉണ്ടാകുന്ന വൈകല്യങ്ങൾ

അക്ഷര മാതൃകകൾ ശേഖരിക്കുക

കേട്ടെഴുത്ത്, കോപ്പിയെഴുത്ത് തുടങ്ങിയവ പരിശീലിപ്പിക്കുക.

## അധ്യായം : VI

**ഉയർന്ന നിലവാരത്തിലുള്ള പ്രാവീണ്യങ്ങൾ**

**രചന**

സാമാന്യ തത്വങ്ങൾ

ഘട്ടങ്ങൾ

ബോധന രീതി

വിവിധ രചനാ മാതൃകകൾ

പ്രഭാഷണ കല

സർഗ്ഗാത്മകത

(കഥാരചന, കവിതാരചന)

ചർച്ചകൾ സംഘടിപ്പിക്കൽ

ഗദ്യപാഠങ്ങൾ അപഗ്രഥിച്ച് രചനാപഠനം സ്വാഭാവികമായി നടത്തുക.

വിദ്യാർത്ഥികളെ സംഘങ്ങളായി വിഭജിച്ച് ചർച്ച സംഘടിപ്പിക്കുക, ഇതിന് ഒരു വിദ്യാർത്ഥി നേതൃത്വം നൽകുക, തുടർന്ന് ഓരോ വിദ്യാർത്ഥിക്കും അവസരം നൽകുക.

കഥകൾ രചിക്കുക.

കവിതകൾ രചിക്കുക.

## അധ്യായം : VII

**മൂല്യനിർണ്ണയം**

മാപനം, മൂല്യനിർണ്ണയം,
സംരചനാ മൂല്യനിർണ്ണയം
ആത്യന്തിക മൂല്യനിർണ്ണയം ഇവയ്ക്ക് ഭാഷാ ബോധനത്തിലുള്ള പ്രസക്തി
ഓരോ പ്രാവീണ്യത്തെയും മൂല്യനിർണ്ണയം ചെയ്യൽ
ശോധക നിർമ്മാണ രീതി
വിവിധ ശോധകങ്ങൾ
ശോധകത്തിന് ഉണ്ടായിരിക്കേണ്ട ഗുണങ്ങൾ
തുടർച്ചയായ മൂല്യനിർണ്ണയ രീതി

ശോധകത്തിന്റെ രൂപരേഖ തയ്യാറാക്കൽ.

രണ്ടാം വർഷം

## മലയാളഭാഷാ അപഗ്രഥനം

വിഭാഗം - 1

## പദ്യസാഹിത്യം


| അദ്ധ്യായം 1 | പേജ് |
|---|---|
| **സാഹിത്യ പ്രസ്ഥാനങ്ങൾ** | |
| **കൃഷ്ണഗാഥ** | 1 |
| അദ്ധ്യായം 2 | |
| **കിളിപ്പാട്ട്സാഹിത്യം** | 5 |
| അദ്ധ്യായം 3 | |
| **ആട്ടക്കഥാ സാഹിത്യം** | 11 |
| അദ്ധ്യായം 4 | |
| **ആധുനിക കവിത** | |
| **1. ജി. ശങ്കരക്കുറുപ്പ്** | 14 |
| **2. വൈലോപ്പിള്ളി ശ്രീധരമേനോൻ** | 16 |
| അദ്ധ്യായം 5 | |
| **സമകാലിക കവിത** | |
| **1. സുഗതകുമാരി** | 18 |
| **2. ഒ.എൻ.വി.** | 19 |


വിഭാഗം II

## ഗദ്യസാഹിത്യം


| അദ്ധ്യായം 6 | |
|---|---|
| **1.സഞ്ചാരസാഹിത്യം** | 21 |
| **2.വിമർശനം** | 23 |
| **3.ഉപന്യാസം** | 26 |
| **4.ആത്മകഥ** | 28 |


വിഭാഗം III


| അദ്ധ്യായം 7 | |
|---|---|
| **അലങ്കാര പഠനം** | |
| **1.അർത്ഥാലങ്കാരം** | 30 |
| **2.ശബ്ദാലങ്കാരം** | 47 |
| അദ്ധ്യായം 8 | |
| **വൃത്ത പഠനം** | |
| **1. സംസ്കൃത വൃത്തം** | 50 |
| **2.ഭാഷാവൃത്തം** | 63 |
| അദ്ധ്യായം 9 | |
| **പരാവർത്തനം** | 70 |

## II. മലയാളഭാഷാ ബോധനം

അദ്ധ്യായം 10

പാഠ്യപദ്ധതി, പാഠ്യക്രമം 75

പാഠപുസ്തകം 76

അദ്ധ്യായം 11

അദ്ധ്യാപനരീതികൾ

1.അദ്ധ്യാപന പ്രമാണങ്ങൾ 82

2.പ്രാചീന രീതി 84

3.നവീന രീതി 86

അദ്ധ്യായം 12

ആക്ഷൻ റിസർച്ച് 103

അദ്ധ്യായം 13

വചനശിക്ഷണം 108

അദ്ധ്യായം 14

ഉച്ചാരണശിക്ഷണം 123

അദ്ധ്യായം 15

വായന 139

അദ്ധ്യായം 16

ലേഖനം 152

അദ്ധ്യായം 17

രചന 162

അദ്ധ്യായം 18

മൂല്യനിർണ്ണയം

1. മൂല്യനിർണ്ണയത്തിന്റെ ധർമ്മങ്ങൾ 173

2. മാപനവും മൂല്യനിർണ്ണയവും 174

3.സംരചനാ മൂല്യനിർണ്ണയം 176

4.മൂല്യനിർണ്ണയോപാധികൾ 177

5.ഒരുനല്ല ശോധകത്തിനുണ്ടായിരിക്കേണ്ട സവിശേഷതകൾ 181

5.അദ്ധ്യാപക നിർമ്മിത ശോധകങ്ങളും മാനകീകൃത ശോധകങ്ങളും 186

6.ചോദ്യ മാതൃക 188

7.സിദ്ധിശോധകത്തിന്റെ നിർമ്മിതി 194

8.മൂല്യനിർണ്ണയത്തിലെ സമീപകാലപ്രവണതകൾ 201

മാതൃകാ ചോദ്യപേപ്പർ 206

ഗ്രന്ഥസൂചി 212

പ്രാക്ടിക്കൽ 214

# മലയാളഭാഷാ സാഹിത്യം
# സാഹിത്യപ്രസ്ഥാനങ്ങൾ

## അദ്ധ്യായം - I

## കൃഷ്ണഗാഥ

**മുഖവുര**

മധ്യകാല മലയാള കാവ്യങ്ങളിൽ എന്തുകൊണ്ടും ഒററപ്പെട്ടു നിൽക്കുന്ന കൃതിയാണ് കൃഷ്ണഗാഥ. തനി മലയാളത്തിൽ നവപ്രഭാതം വിരചിച്ച മനോജ്ഞകാവ്യമാണ് കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ട്. മലയാളത്തിന്റെ ശക്തിയും ചൈതന്യവും തുളുമ്പി നിൽക്കുന്ന ഈ കാവ്യത്തിൽ ക്ലാസിക് കൃതികളുടെ രൂപ സൗകുമാര്യവും കാൽപ്പനികകാവ്യങ്ങളുടെ ഭാവസൗകുമാര്യവും ഒത്തിണങ്ങി നിൽക്കുന്നു.

**1. ഗാഥ**

ഒരു കാവ്യ പ്രസ്ഥാനമാണ് ഗാഥ. ഗാഥ എന്ന വാക്കിന് പാട്ട് എന്നാണർത്ഥം. പുരാതനകാലത്ത് യാഗാദി വൈദിക കർമ്മങ്ങൾക്ക് ഉപയോഗിച്ചിരുന്ന ഗാനങ്ങൾക്കാണ് ഈ പേര് പറഞ്ഞിരിക്കുന്നത്. പഴയകാലത്ത് ദ്രാവിഡവൃത്തങ്ങളിൽ രചിച്ച കാവ്യങ്ങൾക്കും ഗാഥ എന്ന് പൊതുവെ പറഞ്ഞിരുന്നു.

ഗാംഭീര്യത്തെക്കാൾ ലാളിത്യത്തോടാണ് ഗാഥാരീതിക്ക് കൂടുതൽ അടുപ്പം. മലയാളത്തിലെ ജനകീയ ഗാനവൃത്തങ്ങളുടെ പരിണാമമാണ്, കൃഷ്ണഗാഥയിലെ മഞ്ജരിവൃത്തം. മലയാളത്തിന്റെ ഗാനാത്മകതയും പ്രസന്നതയും ഗാഥാവൃത്തങ്ങളിൽ തെളിഞ്ഞു കാണാം.

**2.കവിയും കാലവും**

ചെറുശ്ശേരി നമ്പൂതിരിയാണ് കൃഷ്ണഗാഥാ കർത്താവ്. ഈ ഒരൊറ്റ കാവ്യം കൊണ്ട് നിത്യസ്മരണീയനും സമാരാധ്യനും ആയിത്തീർന്നിരിക്കുന്നു അദ്ദേഹം. പക്ഷേ കൃഷ്ണഗാഥ കർത്താവ് ചെറുശ്ശേരിയാണോ എന്ന കാര്യത്തിൽ ഭിന്നാഭിപ്രായം നിലവിലുണ്ട്. പുനം നമ്പൂതിരിയായിരിക്കാം കൃഷ്ണഗാഥ കർത്താവെന്ന് അഭിപ്രായം ചില പണ്ഡിതന്മാരെങ്കിലും പുലർത്തിപ്പോരുന്നു.

ഉദയവർമ്മൻ എന്ന കോലത്തിരി രാജാവിന്റെ ആശ്രിതനും സദസ്യനുമായിരുന്നു ചെറുശ്ശേരി.

പാലാഴിമാതുതാൻ പാലിച്ചുപോരുന്ന

കോലാധി നാഥനുദയവർമ്മൻ

ആജ്ഞയെ ച്ചെയ്കയാലജ്ഞനായുള്ളഞാൻ

പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾ.

എന്ന ഗാഥാവരികൾ തന്നെ മുഖ്യപ്രമാണം. അദ്ദേഹത്തിന്റെ നിർദ്ദേശമനുസരിച്ചാണ് കൃഷ്ണഗാഥ രചിച്ചത്.

അപ്പൻ തമ്പുരാന്റെ അഭിപ്രായത്തിൽ ഉത്തരകേരളത്തിൽ പുനം എന്നും ചെറുശ്ശേരി എന്നും

രണ്ട് ഇല്ലങ്ങളുണ്ടായിരുന്നു. കാലക്രമത്തിൽ ഈ ഇല്ലങ്ങൾ ഒന്നായിത്തീർന്നു. അങ്ങനെ ചെറുശ്ശേരി ശബ്ദം പുനത്തിന്റെ പര്യായമായിത്തീർന്നു.

**3. കഥാവസ്തു**

ഭാഗവതം ദശമസ്കന്ധത്തെ ആധാരമാക്കിയാണ് കൃഷ്ണഗാഥ രചിച്ചിരിക്കുന്നത്. ശ്രീകൃഷ്ണന്റെ അവതാരം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കഥ ഇതിൽ വിവരിക്കുന്നു. കൃഷ്ണോൽപ്പത്തിയിൽ ആരംഭിച്ച് സ്വർഗ്ഗാരോഹണത്തിൽ അവസാനിക്കുന്ന കൃഷ്ണഗാഥയിൽ ആകെ നാൽപ്പത്തിയേഴ് കഥകളുണ്ട്.

8400 ലധികം ഈരടികളുണ്ട്. 230 ഈരടികൾ ഭിന്നവൃത്തങ്ങളിലായി രചിച്ചിരിക്കുന്നു. ഏറിയ കൂറും ഭാഗവതത്തെ അനുകരിച്ചാണ് കാവ്യരചന. എങ്കിലും ഒരു മൗലിക കൃതിയുടെ സ്വഭാവം കൃഷ്ണഗാഥയിലുടനീളം കാണാം. ഭക്തിയെക്കാളേറെ കാവ്യരസികതയ്ക്കാണ് കൂടുതൽ പ്രാധാന്യം.

സംസാര ദുഃഖത്തിലേർപ്പെട്ട് നിത്യദുഃഖം അനുഭവിക്കുന്ന മനുഷ്യർക്ക് സദുപദേശത്തിലൂടെ നല്ലവഴി കാണിച്ചുകൊടുക്കുകയാണ് കവിയുടെ ലക്ഷ്യം.

**4. മൂല്യവിചിന്തനം**

ഭാഷാലാളിത്യവും രചനാസൗകുമാര്യവുമാണ് കൃഷ്ണഗാഥയുടെ പ്രധാന സവിശേഷത. മൃദുല കോമളങ്ങളായ മലയാളപദങ്ങൾ മാത്രമേ ചെറുശ്ശേരിയുടെ തൂലികത്തുമ്പിൽ നൃത്തം ചെയ്യുകയുള്ളൂ.

'പാഴാമ പൂണ്ടൊരു ശാരികപൈതലേ
പാരാതെ പോകണം ദൂരത്തിപ്പോൾ.

തട്ടിയും മുട്ടിയും ഇടയ്ക്കിടെ പൊട്ടിച്ചിരിച്ചും ഒഴുകിപ്പോരുന്ന കാട്ടരുവിയാണ് മണിപ്രവാള ഭാഷയെങ്കിൽ ശാലീനമായ ഗ്രാമത്തിലൂടെ വെൺമണൽപ്പരപ്പിന് കുളിർമ്മ പകർന്ന് ഒഴുകി നീങ്ങുന്ന ശരൽക്കാലതടിനിയാണ് കൃഷ്ണഗാഥയിലെ ഭാഷ. ലാളിത്യവും മാധുര്യവും ഉള്ള പദങ്ങൾ ഒരുമിച്ചു ചേർന്നുണ്ടായ ആർജ്ജവും ചൈതന്യവും തികഞ്ഞ ഭാഷാ ശൈലിയാണ് കൃഷ്ണഗാഥയിൽ കാണുന്നത്.

മഞ്ജരി വൃത്തത്തിന്റെ മാധുര്യം നുകരുന്നതിന് കൃഷ്ണഗാഥ തന്നെ വായിക്കണം. നണ്ണി, പുകണ്ണു, ചെഞ്ചമ്മേ, നുറുങ്ങ്, തിട്ടതി, മാൺപ്പ്, ചേവടി, ചോരിവാ, ഉൺമ തുടങ്ങി ധാരാളം നാടോടി വാക്കുകളാണ് കൃഷ്ണഗാഥയിലൂടെ പുനർജന്മം കൊണ്ടത്.

ഈ പറഞ്ഞതിൽ നിന്ന് സംസ്കൃതപദങ്ങളെ കവി ഒഴിവാക്കി എന്ന് അർത്ഥമില്ല. ലളിതമായ സംസ്കൃതപദങ്ങൾ ധാരാളം കൃഷ്ണഗാഥയിൽക്കാണാം.

കൃഷ്ണഗാഥാകാരന്റെ ശിൽപ്പ വൈദഗ്ധ്യം അത്ഭുതാവഹമാണ്. മലയാളത്തിന്റെ മഞ്ജിമ അതിന്റെ പരമകാഷ്ഠയെ പുൽകി നിൽക്കുന്നത് കൃഷ്ണഗാഥയിലാണ്. ലളിത സംസ്കൃത പദങ്ങൾ ധാരാളം കൃഷ്ണഗാഥയിൽക്കാണാം. ദ്രാക്ഷാരസ നിഷ്യന്ദികളായ ദ്രാവിഡ പദങ്ങളോടുള്ള പ്രതിപത്തിയിൽ ചെറുശ്ശേരിയെ കവിഞ്ഞു നിൽക്കുന്ന മറ്റൊരു കവിയില്ല.

അലങ്കാര പ്രിയനാണ് കവി. തന്റേതായ കാവ്യഭാവനയുടെ മൂശയിൽ ഉരുക്കി ചന്തം വരുത്തിയ അലങ്കാരങ്ങൾ കൃഷ്ണഗാഥയുടെ ഭാവസൗകുമാര്യത്തെ ഉദ്ദീപിപ്പിക്കുന്നു. കവിതയെ ഗാനത്തിന്റെ

ആത്മാവിലേക്ക് സന്നിവേശിപ്പിക്കാൻ ചെറുശ്ശേരി ഫലപ്രദമായി ശ്രമിച്ചു.

കവിയുടെ വാങ്മയചിത്രങ്ങൾ അനുഭൂതി മധുരങ്ങളാണ്. സംസാരിക്കുന്ന വാങ്മയചിത്രങ്ങളാണ് കൃഷ്ണഗാഥയിലെ പലഭാഗങ്ങളും. ചെറുശ്ശേരിയിൽ കണ്ട പദലാളിത്യവും പദസൗകുമാര്യവും പിൽക്കാല കവികളായ കുഞ്ചൻ നമ്പ്യാരിലും വെണ്മണിക്കവികളിലും ചങ്ങമ്പുഴയിലും കാണാം.

ഓമനയായി വളർന്നു നിന്നീടിന
രാമനും പിന്നെയാക്കാർവർണ്ണനും
ചന്തമെഴുന്നൊരു ചെന്തൊണ്ടിവാ തന്നിൽ
ദന്തങ്ങൾ പോന്നുവന്നങ്കുരിച്ചു.

കൃഷ്ണഗാഥയുടെ സാരള്യവും വർണ്ണനാ മാധുര്യവും ഈ വരികളിൽ തളിരിട്ടു നിൽക്കുന്നു. കവിയുടെ നിറപ്പകിട്ടാർന്ന വർണ്ണനകളിൽ കേരളത്തിന്റെ അത്യാഹ്ലാദമായ പ്രകൃതിഭംഗി പ്രതിഫലിക്കുന്നു. ഫലിതവും ശൃംഗാരവും കൃഷ്ണപ്പാട്ടിന്റെ പ്രത്യേകതകളാണ്. നമ്പ്യാരെപ്പോലെ നിശിതമോ, കർക്കശമോ, വികടമോ അല്ല ചെറുശ്ശേരിയുടെ ഫലിതം. നമ്പ്യാർ പൊട്ടിച്ചിരിക്കുമ്പോൾ ചെറുശ്ശേരി ഊറിച്ചിരിക്കുന്നു.

കൃഷ്ണഗാഥയിലെ അംഗിയായ രസം ശൃംഗാരമാണെന്ന് കാവ്യവിമർശകർ പൊതുവെ ചൂണ്ടിക്കാണിക്കുന്നു. എന്നാൽ സംസാര ദുഃഖത്തിൽ അടിപ്പെട്ടു കഴിയുന്നവർക്ക് സദുപദേശം നൽകുകയാണ് തന്റെ ലക്ഷ്യമെന്ന് ഗാഥാകാരൻ പ്രാരംഭത്തിൽ വ്യക്തമാക്കുന്നു. അതിനാൽ കൃഷ്ണഗാഥയിലെ അംഗിയായ രസം ശാന്തമാണെന്ന് ഈ കാവ്യത്തെ അടിസ്ഥാനമാക്കി ഗവേഷണം നടത്തിയ ഡോ. വി.എസ്. ശർമ്മ വാദിക്കുന്നു.

**5. കാവ്യദർശനം**

പ്രപഞ്ച യാഥാർത്ഥ്യങ്ങളുമായി കവി ദൃഢമായി ബന്ധപ്പെടുമ്പോഴാണല്ലോ ജീവിത ദർശനം ഉരുത്തിരിയുന്നത്. കാവ്യത്തെ കാലഘട്ടങ്ങളിലൂടെ ജ്വലിപ്പിച്ച് നിർത്താനുതകുന്നത് ഈ ദർശനമാണ്.

കൃഷ്ണഗാഥയിലെ ദർശനം ശ്രീകൃഷ്ണനിഷ്ഠമായ പൗരാണിക ജീവിത സങ്കൽപ്പങ്ങളിൽ ഉറച്ചു നിൽക്കുന്നു. ഭക്തികൊണ്ട് സംസാര ദുഃഖത്തെ അതിജീവിക്കാമെന്നാണ് കവിയുടെ വിശ്വാസം. ഈ ദർശനത്തിന്റെ പിൻബലത്തോടെ കവിതയ്ക്ക് മുൻതൂക്കം നൽകുന്ന കാവ്യമാണ് കൃഷ്ണഗാഥ.

നിരണം കൃതികളിൽ സമാരംഭിച്ച ഭക്തി സാഹിത്യത്തിന്റെ രണ്ടാംഘട്ടമാണ് കൃഷ്ണഗാഥയിൽ പ്രതിഫലിക്കുന്നത്. എന്നാൽ മറ്റു കൃതികളെ അപേക്ഷിച്ച് കൃഷ്ണഗാഥ സാമാന്യ ജനങ്ങളുടെ ജീവിതവുമായി കൂടുതൽ അടുത്തു നിൽക്കുന്നു. ഭക്തി സ്വയം ലക്ഷ്യമായിട്ടല്ല ലക്ഷ്യം സാക്ഷാത്ക്കരിക്കാനുള്ള മാർഗ്ഗമായി കവി കരുതുന്നു. എന്നാൽ എഴുത്തച്ഛന്റെ കൃതികളിൽക്കാണുന്ന ഭക്തിപരമായ തീവ്രത കൃഷ്ണഗാഥയിൽക്കാണുന്നില്ല. കാവ്യങ്ങളുടെ പട്ടികയിലല്ലാതെ മതഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ കൃഷ്ണപ്പാട്ടിന് സ്ഥാനമില്ല. ഒരു കാലത്ത് കേരളീയരുടെ സാംസ്കാരിക ജീവിതത്തെ ഉന്മിഷിതമാക്കിയ കൃഷ്ണഗാഥ എഴുത്തച്ഛന്റെ കൃതികളെപ്പോലെ ആഴത്തിൽ സ്വാധീനിച്ചില്ല. ശ്രീകൃഷ്ണന്റെ മാനുഷിക ചേതനയിൽ ഈശ്വരാംശം ചാലിച്ചു ചേർക്കാനായിരുന്നു ചെറുശ്ശേരിയുടെ ശ്രമം. ലീലാതൽപ്പരനായ ബാലഗോപാലന്റെ തെളിഞ്ഞ ചിത്രമാണ് കൃഷ്ണഗാഥ വായിച്ചുകഴിയുമ്പോൾ

നമ്മുടെ മനസ്സിൽ അവശേഷിക്കുന്നത്. ശൈശവ ബാല്യകാലങ്ങളിലെ മാനസികവും വൈകാരികവുമായ ഭാവതലങ്ങൾ മനഃശാസ്ത്രപരമായി അവതരിപ്പിക്കുന്ന ഭാഗങ്ങളും കൃഷ്ണഗാഥയിലുണ്ട്. ഉദ്ബോധന പ്രദാനമായ എഴുത്തച്ഛന്റെ കൃതികൾ വന്നതോടെ ആസ്വാദനക്ഷമമായ കൃഷ്ണഗാഥ ജനഹൃദയങ്ങളിൽ നിന്ന് കുറെയൊക്കെപിൻതള്ളപ്പെട്ടുപോയി.

**ഉപസംഹാരം**

ഒരു കാവ്യം എല്ലാകാലവും സഹൃദയരിൽ ഉന്മേഷം പകരണമെന്നില്ല. എന്നാൽ സാമാന്യജനങ്ങൾക്ക് കവിതയിലൂടെ വിരുന്നൂട്ടു നൽകിയ കൃഷ്ണഗാഥാകാരനെ തികഞ്ഞ ആദരവോടു കൂടി മാത്രമേ നമുക്ക് അംഗീകരിക്കാനാവൂ. ആചാര്യ കൽപ്പിതമായ മഹാകാവ്യ ലക്ഷണങ്ങളെ അംഗീകരിക്കാത്ത മഹാകാവ്യമത്രേ കൃഷ്ണഗാഥ.

**പഠന പ്രവർത്തനങ്ങൾ**

1. അക്ഷരങ്ങളുടെ ആവർത്തനം കൊണ്ട് കവിതയിലുണ്ടാകുന്ന ഭംഗി സൂചിപ്പിക്കത്തക്ക രീതിയിൽ കൃഷ്ണഗാഥയിൽ നിന്ന് വരികൾ കണ്ടെത്തുക.

2. പേരിന്റെ പൊരുൾ കണ്ടെത്തുക.

കവികളുടെ രചനകൾ പരിശോധിച്ച് അവയുടെശീർഷകം ഉള്ളടക്കവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് കുറിപ്പ് തയ്യാറാക്കുക.

ഉദാ: കൃഷ്ണഗാഥ

3. ആവിഷ്ക്കാര ഭംഗി കണ്ടെത്തുക.

ഉത്തമ കവിതകളിൽ വാച്യാർത്ഥത്തെക്കാൾ ആവിഷ്ക്കാരത്തിനാണ് പ്രാധാന്യം. കൃഷ്ണഗാഥയിൽ ഇത് ആദ്യന്തം കാണാവുന്നതാണ്. ഉദാഹരണത്തിനായി കൃഷ്ണഗാഥയിൽനിന്ന് വരികൾ കണ്ടെത്തുക.

4. വൃത്ത വ്യത്യാസം കണ്ടെത്തുക.

കാകളി വൃത്തവും മഞ്ജരിവൃത്തവും വേർതിരിച്ചെഴുതുക.

അദ്ധ്യായം-2

# കിളിപ്പാട്ട് സാഹിത്യം

**മുഖവുര**

പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ വികസ്വരമായി കൊണ്ടിരുന്ന കേരളീയ സാഹിത്യ സംസ്കാരത്തിൽ നവവും അഗാധവുമായ ജീവിതബോധത്തിന്റെ സൂര്യകിരണങ്ങൾ ജ്വലിപ്പിച്ചത് എഴുത്തച്ഛനാണ്. ഉദാത്തമായ സർഗപ്രതിഭയുള്ള കവി മാത്രമല്ല കേരളീയരെ സംബന്ധിച്ചിടത്തോളം എഴുത്തച്ഛൻ. അചഞ്ചലവും അത്യുദാരവുമായ ധർമ്മ ബോധമുള്ള ഒരാദ്ധ്യാത്മികാചാര്യൻ കൂടിയാണ്. ഗുണപരമായ ഇത്തരം സ്വഭാവ പൗഷ്ക്കല്യം അവകാശപ്പെടാൻ മറ്റൊരുകവിക്കും സാധിച്ചിട്ടില്ല.

**1. കവിയും കാലവും**

ദൗർഭാഗ്യമെന്നു പറയട്ടെ, മലയാള കവികുലഗുരുവായ എഴുത്തച്ഛന്റെ ജീവിതത്തെക്കുറിച്ച് ശരിയായ വിവരങ്ങളൊന്നും അറിയില്ല. പക്ഷേ, അദ്ദേഹത്തിന് ജന്മം നൽകിയ പാവനസ്ഥലം ഏതെന്ന് അറിയാം - തുഞ്ചൻപറമ്പ്. വെട്ടത്തുനാട് എന്ന് പ്രസിദ്ധമായ പ്രദേശത്താണ് തുഞ്ചൻപറമ്പ് സ്ഥിതി ചെയ്യുന്നത്.

'വെട്ടത്തു നാട്ടിൽ നിത്യസൗഭാഗ്യസത്സിന്ദൂര-
പ്പൊട്ടുപോലെഴും തുഞ്ചൻപറമ്പേ നമസ്കാരം!
കളഗാനത്തോടൊരു തത്തപ്പെൺമണി തത്തി-
ക്കളിച്ച തളിർച്ചെടിപ്പടർപ്പേ നമസ്കാരം!
ചേണൊക്കും പുതുമലയാണ്മതൻ മഹേശ്വരൻ
വാണരുളിയ പുണ്യക്ഷേത്രമേ നമസ്കാരം'.

ഈ കവിതാസൂനം അർപ്പിച്ചാണ് മഹാകവി വള്ളത്തോൾ പാവനമായ തുഞ്ചൻപറമ്പിനെ പ്രണമിക്കുന്നത്. മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിലാണ് തുഞ്ചൻപറമ്പ്. തിരൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് ഏകദേശം ഒന്നരകിലോമീറ്റർ ദൂരമേയുള്ളൂ എഴുത്തച്ഛന്റെ ബാല്യകാല ജീവിതവുമായി ബന്ധപ്പെട്ട തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിലേക്ക്. ക്ഷേത്രത്തിൽ നിന്ന് ഏകദേശം മൂന്നുഫർലോംഗ് പടിഞ്ഞാറു മാറിയാണ് തുഞ്ചൻ പറമ്പ്. എഴുത്തച്ഛന്റെ ജന്മസ്ഥലം. ഫലസമൃദ്ധമായകൽപ്പവൃക്ഷങ്ങൾ നിറഞ്ഞ ആ പറമ്പിൽ തുഞ്ചൻ സ്മാരകം ഓഡിറ്റോറിയവും മണ്ഡപവും ഉയർന്നു നിൽക്കുന്നു. കേരളീയർക്ക് ഒരു തീർത്ഥാടന കേന്ദ്രമാണ് തുഞ്ചൻപറമ്പ്.

എഴുത്തച്ഛന്റെ മാതാപിതാക്കളെക്കുറിച്ച് വ്യക്തമായ അറിവൊന്നുമില്ല. എഴുത്താശാൻമാരുടെ ജാതിയിൽപ്പിറന്ന ആളാണ് എഴുത്തച്ഛനെന്ന് ആർ നാരായണപ്പണിക്കർ അനുമാനിക്കുന്നു. പരമസാത്വികനായിരുന്നു അദ്ദേഹം. അധ്യാപനമായിരുന്നു തൊഴിൽ. അനേകം ശിഷ്യന്മാരുണ്ടായിരുന്നു. അവസാനകാലത്ത് കുറെക്കാലം പാലക്കാട് ജില്ലയിൽ താമസിച്ചിരുന്നതായി പറയുന്നു. കൊല്ലവർഷം 732. ധനു 24-ാം തീയതി എഴുത്തച്ഛൻ സമാധിയടഞ്ഞതായി വിശ്വസിക്കുന്നു. ക്രിസ്തുവർഷം1475-നും 1575-നും ഇടയിലാണ് എഴുത്തച്ഛന്റെ ജീവിതകാലമെന്ന് അനുമാനിക്കാവുന്നതാണ്.

എഴുത്തച്ഛന്റെ യഥാർത്ഥ നാമധേയം 'രാമൻ' എന്നായിരുന്നുവെന്ന് ആർ. നാരായണപ്പണിക്കർ അഭിപ്രായപ്പെടുന്നു. എന്നാൽ രാമാനുജൻ എഴുത്തച്ഛൻ എന്ന പേരാണ് സാർവ്വത്രികമായി അംഗീകരിച്ചിരിക്കുന്നത്. ജ്യേഷ്ഠനും ഗുരുവുമായ രാമനെ അനുകരിച്ചാണ് എഴുത്തച്ഛന് രാമാനുജൻ എന്ന പേരുണ്ടായത് എന്നും അതല്ല അദ്ധ്യാത്മരാമായണ കർത്താവായ രാമാനന്ദനെ അനുകരിച്ചാണ് ഈ പേരുണ്ടായത് എന്നും രണ്ടഭിപ്രായങ്ങളുണ്ട്.

അദ്ധ്യാത്മരാമായണം, മഹാഭാരതം എന്നിവയാണ് എഴുത്തച്ഛന്റെ പ്രധാന കൃതികൾ. ഭാഗവതം എഴുത്തച്ഛവിരചിതമോ എന്ന സംശയം ഇനിയും തീർന്നിട്ടില്ല. പതിനാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രതിഭാധനനായ ഒരു കവിയായിരുന്നു രാമാനന്ദൻ. അദ്ദേഹം സംസ്കൃതത്തിൽ വിരചിച്ച മഹത്തായ കൃതിയാണ് അദ്ധ്യാത്മരാമായണം. വേദാന്ത തത്വപ്രധാനമായ ഈ കൃതിയെ അവലംബമായിട്ടാണ് എഴുത്തച്ഛൻ അദ്ധ്യാത്മരാമായണം രചിച്ചതെന്ന് വിശ്വസിക്കുന്നു.

**2. കിളിപ്പാട്ടു പ്രസ്ഥാനം**

മലയാളത്തിലെ ഏറ്റവും ഉൽകൃഷ്ടമായ കാവ്യപ്രസ്ഥാനമാണ് കിളിപ്പാട്ട്. എഴുത്തച്ഛനാണ് ഈ കാവ്യപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. കിളിയെക്കൊണ്ട് പാടിക്കുന്നതായി സങ്കൽപ്പിക്കുന്നതിനാൽ കിളിപ്പാട്ടെന്ന പേരുണ്ടായി.

ശ്രീരാമനാമം പാടി വന്ന പൈങ്കിളിപ്പെണ്ണേ
ശ്രീരാമചരിതം നീ ചൊല്ലിടൂ മടിയാതെ !

എന്നിപ്രകാരം എഴുത്തച്ഛൻ കിളിയോട് പറയുന്നു. ഇതുകേട്ട് പൈങ്കിളി വന്ദ്യന്മാരെ വന്ദിച്ച് ശ്രീരാമകഥ പറഞ്ഞു തുടങ്ങുന്നു. കിളിപ്പാട്ടിന്റെ ഛായയിലുള്ള ചില പാട്ടുകൾ എഴുത്തച്ഛന്റെ കാലത്തിനു മുമ്പ് ഉണ്ടായിരുന്നു. വിഷ്ണു ഗീത, വൈരാഗ്യ ചന്ദ്രോദയം തുടങ്ങീ ഹംസപ്പാട്ടുകളാണത്. പക്ഷേ, ഇതൊരു കാവ്യ പ്രസ്ഥാനമാക്കിയത് എഴുത്തച്ഛനാണ്.

കവി ശ്രീരാമകഥ നേരിട്ടു പറയാതെ കിളിയെക്കൊണ്ട് പാടിച്ചത് എന്തിനാണ്? ഇതിനെക്കുറിച്ച് വിവിധാഭിപ്രായങ്ങളാണ് നിലവിലുള്ളത്.

1. കവിക്ക് അറം പറ്റാതിരിക്കാൻ കിളിയെക്കൊണ്ട് പാടിച്ചു.
2. പുരാണ കാഥികനായ ശുകബ്രഹ്മർഷിയെ അനുസ്മരിച്ചാണ് ശുകത്തെക്കൊണ്ട് കഥ പാടിച്ചത്.
3. ശൂദ്രന് വേദാന്തവിഷയങ്ങൾ ഉപദേശിക്കാൻ അർഹത ഇല്ലാത്തതിനാൽ കവി കിളിയുടെ സഹായം തേടി.
4. സരസ്വതീ ദേവിയുടെ കൈയ്യിലിരിക്കുന്ന കിളിയെ അനുസ്മരിച്ചുകൊണ്ട് പാടിച്ചു.
5. തമിഴിലെ പൈങ്കിളിക്കണ്ണി, പരാപരക്കണ്ണി തുടങ്ങീവൃത്തങ്ങളെ അനുകരിച്ചാണ് കിളിയെക്കൊണ്ട് പാടിച്ചത്.
6. വാൽമീകി രചിച്ച രാമായണകഥ രണ്ട് ആശ്രമ ശുകങ്ങൾ പാടി നടന്നതായും അത്

ബാലികയായ സീത കേട്ടതായും പത്മപുരാണത്തിൽ കാണുന്നു. ഇതനുസരിച്ചാകാം എഴുത്തച്ഛൻ കിളിയെക്കൊണ്ട് പാടിച്ചത്. ഇതൊക്കെ വെറും സങ്കൽപ്പങ്ങളാണ്.

പക്ഷി മൃഗാദികളെക്കൊണ്ടും സാലഭഞ്ജികകളെകൊണ്ടും കഥ പറയിക്കുന്ന സമ്പ്രദായം പഴയ കാലത്ത് ഭാരതത്തിൽ നടപ്പിലിരുന്നു. ഇതിന് തെളിവുകളാണ് കാദംബരി, കഥാസരിത് സാഗരം, വിക്രമാദിത്യൻ കഥകൾ എന്നിവ.

**3. ഭാഷയും വൃത്തവും**

കിളിപ്പാട്ടിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷയും വൃത്തവും പ്രത്യേകം ശ്രദ്ധാർഹമാകുന്നു. മണിപ്രവാള ഭാഷയ്ക്ക് ദ്രാവിഡചാരായ നൽകി പുതുമ പകർന്നത് എഴുത്തച്ഛനാണ്. മലയാളത്തിന് പ്രാധാന്യം നൽകുന്ന, തെളിഞ്ഞ ചൈതന്യവത്തായ മണിപ്രവാളമാണ് കിളിപ്പാട്ടിലെ ഭാഷ. സംസ്കൃതവൃത്തങ്ങൾ പ്രചാരത്തിലിരുന്ന കാലഘട്ടത്തിൽ എഴുത്തച്ഛൻ ദ്രാവിഡ വൃത്തങ്ങളിൽ കാവ്യരചന നടത്താൻ തയ്യാറായത് നിസ്സാര കാര്യമല്ല. കിളിപ്പാട്ടു വൃത്തങ്ങളുടെ ഗാനാത്മകതയും വൈവിദ്ധ്യവും ജനഹൃദയങ്ങളെ കൂടുതൽ ആകർഷിച്ചു. ഭക്തിക്കും, അർത്ഥഗാംഭീര്യത്തിനും, കാവ്യസൗന്ദര്യത്തിനും യോജിച്ച വൃത്തങ്ങളാണ് എഴുത്തച്ഛൻ സ്വീകരിച്ചത്. കാവ്യത്തിന്റെ ശിൽപ്പഘടനയെ സംബന്ധിച്ചിടത്തോളം തനതായൊരു മാർഗ്ഗം അദ്ദേഹം കണ്ടെത്തി.

**4. കൃതികൾ**

എഴുത്തച്ഛന്റെ പേരിൽ നിസ്സംശയം പറഞ്ഞിട്ടുള്ള രണ്ടു കൃതികളാണ് അദ്ധ്യാത്മരാമായണവും, മഹാഭാരതവും. എ.ഡി.14-ാം ശതകത്തിൽ ഉണ്ടായിട്ടുള്ളതാണ് സംസ്കൃതത്തിലെ അദ്ധ്യാത്മരാമായണം. ഇതിന്റെ ഏകദേശ വിവർത്തനമാണ് എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം.

മൂലകൃതിയെ അതുപോലെ അനുകരിക്കുകയല്ല എഴുത്തച്ഛൻ. മൂലകാവ്യത്തെ ഒരാധാര ശിലയായിട്ടേ തുഞ്ചത്താചാര്യൻ പരിഗണിച്ചിട്ടുള്ളൂ. രാമനെ ഉദാത്തവൽക്കരിച്ച് ഈശ്വരനായി ഉയർത്തുകയാണ് പരമഭാഗവതനായ എഴുത്തച്ഛന്റെ ലക്ഷ്യം. അതിനാവശ്യമുള്ള ബാഹ്യവും ആന്തരികവുമായ വസ്തുതകൾ സ്വമേധാശക്തിയിലൂടെ രൂപപെടുത്തുകയും ചെയ്തു.

രാമചരിതത്തിൽ വീരരസത്തിന്റെ ഭാവഗാംഭീര്യത്തോടെ തുടക്കം കുറിച്ച മലയാളത്തിലെ രാമകഥാ സാഹിത്യം കണ്ണശ്ശ രാമായണത്തിൽ ഭക്തിയുടെ നവാന്തരീക്ഷം സൃഷ്ടിച്ച് പുതുമ കൈവരുത്തി. ആ ഭക്തി അതിന്റെ സമസ്ത ചൈതന്യത്തോടും കൂടി സമ്പുഷ്ടാവസ്ഥ പ്രാപിച്ചതോ എഴുത്തച്ഛന്റെ രാമായണത്തിലും. അന്നത്തെ കേരളത്തിലെ സാമൂഹികാന്തരീക്ഷം കണ്ടുകൊണ്ടാവാം വാൽമീകിയിൽ നിന്ന് വ്യത്യസ്തനായി രാമന് ആദ്ധ്യാത്മിക മാർഗ്ഗം എഴുത്തച്ഛൻ നൽകിയത്. പക്ഷേ, വാൽമീകിയെ ബോധപൂർവ്വം അനുകരിക്കുന്ന ഒട്ടേറെ സന്ദർഭങ്ങൾ രാമായണത്തിൽ നിന്ന് എടുത്തു കാണിക്കാനാവും.

കല്പനാപൗഷ്ക്കല്യത്തിലല്ല, ഭക്തിക്കാണ് രാമായണത്തിൽ മുൻതൂക്കം. തത്വജ്ഞാനിയും ഈശ്വരഭക്തനുമായ എഴുത്തച്ഛനെയാണ് രാമായണത്തിൽ നാം കാണുന്നത്. എഴുത്തച്ഛന്റെ കാവ്യഭാവനയ്ക്ക് ഉത്തമ നിദർശനമാണ് അദ്ധ്യാത്മരാമായണത്തിലെ സീതാ സ്വയംവര വർണ്ണന.

'ഇടിവെട്ടിടും വണ്ണം വിൽമുറിഞ്ഞൊച്ച കേട്ടു
നടുങ്ങി രാജാക്കന്മാരുരഗങ്ങളെപ്പോലെ

മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ്‌വന്നു ചേതസി ജനകനും'
'അനല ശിഖകളുമനിലസുത ഹൃദയവും തെളി-
ഞ്ഞാഹന്താ വിഷ്ണുപദം ഗമിച്ചുതദാ
വിബുധപതിയുടെ നിശിചരാലയം വെന്തൊരു
വൃത്താന്തമെല്ലാമറിയിച്ചു കൊള്ളുവാൻ
അഹമഹമികാധിയാ പാവകജ്വാലക-
ളംബരത്തോളമുയർന്നു ചെന്നൂമുദാ'

എന്നിപ്രകാരം ഭാവനാസൗകുമാര്യത്തോടെ ആവിഷ്ക്കരിക്കാൻ എഴുത്തച്ഛന് സാധിച്ചിരിക്കുന്നു. ഉണങ്ങി വരണ്ടുപോയ കേരളീയ ചിന്തയിൽ ജീവിതബോധത്തിന്റെ തെളിനീരൊഴുക്കി പുതുചൈതന്യം പ്രസരിപ്പിച്ചത് അദ്ധ്യാത്മ രാമായണമാണ്. കുടിൽ മുതൽ കൊട്ടാരംവരെ വ്യാപകമായി പ്രചരിച്ച് കേരളീയരെ വൈകാരികമായും സാംസ്കാരികമായും ഒന്നാക്കിത്തീർക്കാൻ വഴിയൊരുക്കിയ കൃതിയും ഇതുതന്നെ. ഹൈന്ദവ ഗൃഹങ്ങളിലെ നിത്യപാരായണ ഗ്രന്ഥമായി രാമായണം.

**5. മഹാഭാരതം**

ഒരു ലക്ഷത്തി ഇരുപതിനായിരം പദ്യങ്ങളുള്ള വ്യാസ ഭാരതത്തിന്റെ സ്വതന്ത്ര വിവർത്തനമാണ് എഴുത്തച്ഛന്റെ ഭാരതം. യഥാർത്ഥ ജീവിത ബോധം ഉൾക്കൊണ്ട പ്രതിഭാധനനായ കവിയായി എഴുത്തച്ഛൻ പ്രത്യക്ഷപ്പെടുന്നത് മഹാഭാരതത്തിലാണ്. ആചാര്യന്റെ കവിത്വത്തിന്റെ പരമോൽകൃഷ്ടമായ നിദർശനവും ഈ കൃതിയത്രേ. രാമായണം പോലെ നിത്യപാരായണ ഗ്രന്ഥമല്ലെങ്കിൽപ്പോലും അതിനെ അപേക്ഷിച്ച് കൂടുതൽ സ്വതന്ത്രവും കാവ്യഗുണ പ്രധാനവും ശിൽപ്പഭദ്രവുമാണ് ഈ കൃതി. ജനങ്ങളുടെ ആന്തരികവും ഭൗതികവുമായ ജീവിതത്തിന് കാവ്യത്മക രൂപം നൽകി ഉദാത്തവൽക്കരിച്ച കൃതിയാണ് മഹാഭാരതം. സംഘട്ടനാത്മകമായ മനുഷ്യജീവിതത്തിന്റെ സംത്രാസങ്ങൾ ഉചിത ഗൗരവത്തോടെ ആവിഷ്കരിക്കുന്ന ഭാരതം മഹത്തായ ഒരു കാവ്യ പ്രപഞ്ചം വിരചിക്കുകയും ചെയ്യുന്നു. ജീവിതത്തെ ക്രമീകരിച്ച് ശ്രീരാമപദം പ്രാപിക്കാനുള്ള ഉപദേശങ്ങളാണ് പ്രത്യക്ഷമായും പരോക്ഷമായും രാമായണത്തിൽ കാണുന്നത്. ഭാവോജ്വലത പോലെ തന്നെ ശിൽപ്പസംവിധാനത്തിലും മുന്നിട്ടു നിൽക്കുന്നു കാവ്യം.

**6. ഭക്തി**

കേരളത്തിൽ മാത്രം രൂപം കൊണ്ട സാമൂഹിക അവസ്ഥാവിശേഷമല്ലിത്. ഇൻഡ്യ ഒട്ടാകെ, ഹിന്ദുക്കളുടെ ഇടയിൽ ഒരാദ്ധ്യാത്മികാധഃപതനം ദൃശ്യമായിരുന്നു. സൂർദാസ്, തുളസീദാസ് തുടങ്ങീ മഹത്തുക്കളുടെ വിശിഷ്ടകാവ്യങ്ങളിലൂടെ അദ്ധ്യാത്മിക ജീവിതത്തിന് നവചൈതന്യവും ശക്തിയും കൈവന്നു. ഇൻഡ്യൻ സാഹിത്യത്തിലെ ഭക്തി പ്രസ്ഥാനത്തിന്റെ സുവർണ്ണദശയായിരുന്നു അത്. ഈ അവസരത്തിലാണ് എഴുത്തച്ഛൻ ദക്ഷിണേന്ത്യ മുഴുവൻ സന്ദർശിച്ചത്. ആദ്ധ്യാത്മികമായ നവോത്ഥാന പ്രവണതകൾ എഴുത്തച്ഛനിൽ സ്വാധീനം ചെലുത്തി. കേരളീയ ജീവിതത്തിന്റെ ജീർണ്ണതകൾ നേരിട്ടു ബോധ്യമുള്ള ആചാര്യനാണ് അദ്ദേഹം. അതിനാൽ അദ്ദേഹത്തിന്റെ ചിന്ത സ്വാഭാവികമായും അദ്ധ്യാത്മിക ജീവിതത്തിന്റെ നവീകരണത്തിൽ ചെന്നെത്തി. ഇതൊന്നുകൊണ്ടു മാത്രമേ കേരളീയ ജീവിതത്തെ സമുദ്ധരിക്കാൻ കഴിയൂ എന്ന ആചാര്യൻ വിശ്വസിച്ചിരിക്കണം. കണ്ണശ്ശ കവികളിൽ ഉറവെടുത്ത ഭക്തി പ്രസ്ഥാനം ഒരു മഹാപ്രവാഹമായി മാറുന്നത് എഴുത്തച്ഛൻ കൃതികളിലാണ്.

കേരളീയരെ ബാധിച്ച ധാർമ്മിക ച്യുതിക്ക് പരിഹാരം കാണുകയായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. ഭക്തിയെ ജീവിതോൽക്കർഷത്തിനുള്ള ഭാഗമായി അദ്ദേഹം മാറ്റി. അതുകൊണ്ടാണ് എഴുത്തച്ഛന്റെ കൃതികളിൽ നിറഞ്ഞു നിന്ന ആദ്ധ്യാത്മിക സംസ്കാരം കേരളത്തിന്റെ ജീവിത ചൈതന്യമായി മാറിയത്.

**7. ദർശനം**

മഹത്തുക്കളായ എല്ലാ കവികൾക്കും അവരുടേതായ ചില ജീവിത വീക്ഷണങ്ങൾ ഉണ്ടായിരിക്കും. താൻ ജീവിക്കുന്ന കാലത്തിന്റെ ആദ്ധ്യാത്മികവും ഭൗതികവുമായ അനുഭവങ്ങൾ പ്രാക്തന മാനവ ജീവിത ബോധവുമായി സമന്വയിപ്പിച്ചാണ് തനതായൊരു ദർശനം രൂപീകരിക്കുന്നത്. ഭക്തി, വേദാന്തചിന്ത, സാമൂഹികബോധം എന്നിവയുമായി വേർതിരിക്കാനാവാത്തവിധം ബന്ധപ്പെട്ടിരിക്കുന്നു എഴുത്തച്ഛന്റെ ദർശനം. ചിന്താപരമായ ദാർഢ്യം, എഴുത്തച്ഛന്റെ കൃതികളിലെ മുഖ്യാംശമാണ്. പരമ സാക്ഷാത്ക്കാരം നേടാനുള്ള ആത്മീയ വെളിച്ചമാണ് രാമായണം പകർന്നു തരുന്നതെങ്കിൽ പ്രകൃതി പുരുഷയോഗത്തിലൂടെ ആത്മദർശനം കൈവരിക്കാനുള്ള വഴിയാണ് ഭാഗവതത്തിലുള്ളത്. ഭരണാധിപത്യം നേടിയെടുക്കാനുള്ള രാഷ്ട്രീയ തന്ത്രങ്ങളുടെ അടിത്തറയിൽ നിന്ന് ഭിന്നതലവർത്തിയായ മനുഷ്യജീവിതത്തിന്റെ അന്തഃസത്ത മഹാഭാരതത്തിലുടനീളം ആവിഷ്കരിക്കുന്നു. ഭൗതിക സുഖങ്ങളിലല്ല, ആദ്ധ്യാത്മികസുഖങ്ങളിലാണ് എഴുത്തച്ഛൻ മനസൂന്നിയത്.

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടാമാമായുസ്സുമോർക്കനീ
വഹ്നിസന്തപ്ത ലോഹസ്താംബുബിന്ദുനാ
സന്നിഭം മർത്യജന്മം ക്ഷണഭംഗുരം.

തുടങ്ങി എഴുത്തച്ഛന്റെ തൂലികയുടെ ജീവൻകൊണ്ട അനേകം സാരോപദേശങ്ങളും ലോകോക്തികളും മായ്ച്ചുകളയാനാവാത്തവിധം എല്ലാ വിഭാഗം ജനങ്ങളുടെ മനസ്സിലും പതിഞ്ഞിരിക്കുന്നു.

**ഉപസംഹാരം**

'വീണിതല്ലോ കിടക്കുന്നു ധരണിയിൽ
ശോണിതവുമണിഞ്ഞയ്യോ ശിവശിവ
നല്ല മരതകക്കല്ലിനോടൊത്തൊരു
കല്യാണരൂപൻ കുമാരൻ മനോഹരൻ'

എന്നു തുടങ്ങുന്ന 'ഗാന്ധാരീ വിലാപം' കരുണരസത്തിന് ഉദാഹരണമാണ്. ചെറുശ്ശേരിയെപ്പോലെ അലങ്കാര പ്രയോഗങ്ങളിൽ ധാരാളിയല്ല എഴുത്തച്ഛൻ. ഭാവോൻമീലനത – ഇതാണ് എഴുത്തച്ഛൻ കൃതികളുടെ മുഖമുദ്ര. ഔചിത്യമാണ് എഴുത്തച്ഛൻ കൃതികളുടെ മറ്റൊരു സവിശേഷത. പരത്തിപ്പറയാനല്ല, ഒതുക്കിപ്പറയാനാണ് ആചാര്യനിഷ്ടം.

**പഠന പ്രവർത്തനങ്ങൾ**

1. എഴുത്തച്ഛന്റെ വർണ്ണനാ പാടവത്തെക്കുറിച്ച് ഒരു പ്രബന്ധം തയ്യാറാക്കുക.

സ്വർണ്ണമാലയും ധരിച്ചാദരാൽ മന്ദം മന്ദ–
മർണ്ണോജനേത്രൻ മുമ്പിൽ സത്രപം വിനീതയായ്
വന്നുടൻ നേത്രോൽപ്പല മാലയായിട്ടാൾ മുന്നേ
പിന്നാലേ വരണാർത്ഥമാലയുമിട്ടീടിനാൾ.

2. പഠനം തയ്യാറാക്കുക.

1 എഴുത്തച്ഛന്റെ കൃതികളിലെ ഭക്തി.

2. എഴുത്തച്ഛന്റെ കൃതികളിലെ ഭാഷാപരമായപ്രത്യേകതകൾ.

3. വൃത്തം നിർണ്ണയിക്കുക.

4. എഴുത്തച്ഛൻ കൃതികളിലെ ശബ്ദഭംഗി കണ്ടെത്തുക.

അദ്ധ്യായം – 3

# ആട്ടകഥാസാഹിത്യം

**മുഖവുര**

കേരളത്തിന്റെ തനത് ദൃശ്യകലാരൂപമാണ് കഥകളി. ദൃശ്യകലാലോകത്തിന് കേരളത്തിന്റെ ഏറ്റവും മികച്ച സംഭാവനയാണിത്. തികഞ്ഞ വ്യക്തിത്വം പുലർത്തുന്ന ഈ ക്ലാസിക് അഭിനയകല യ്ക്കുവേണ്ടി ഒരു സാഹിത്യ പ്രസ്ഥാനം രൂപമെടുത്തു. കഥകളി കേരളീയമാണെങ്കിലും അതിലെ കൈമുദ്രകൾ, രസാഭിനയങ്ങൾ എന്നിവ ഭാരതീയമാണ്.

എ.ഡി. പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തോടു കൂടിയാണ് കഥകളിയുടെ ആവിർഭാവം. അതിനുമുമ്പ് പ്രചാരത്തിലിരുന്ന ചില നാടൻ കലകളും ക്ലാസിക് നൃത്തങ്ങളും കഥകളിയെന്ന ദൃശ്യ കലയുടെ ആവിർഭാവത്തിന് സഹായവുമായിട്ടുണ്ട്.

**1. കഥകളി നൃത്ത്യകല**

കാവ്യം രണ്ടു വിധത്തിലുണ്ട്. ദൃശ്യവും ശ്രാവ്യവും. കണ്ടു രസിക്കാവുന്നത് ദൃശ്യം. കേട്ടു രസി ക്കാവുന്നത് ശ്രാവ്യം. ദൃശ്യകല അഭിനയ പ്രധാനമാണ്. ശ്രാവ്യകല കേൾവി പ്രധാനവും. കിളിപ്പാട്ട്, മഹാകാവ്യം, ഖണ്ഡകാവ്യം എന്നിവ ശ്രാവ്യ വിഭാഗത്തിലും നാടകം, കഥകളി, തുള്ളൽ തുടങ്ങി അഭിനയകലകൾ ദൃശ്യ വിഭാഗത്തിലും ഉൾപ്പെടുന്നു.

ദൃശ്യകലയ്ക്ക് നാട്യം, നൃത്തം, നൃത്ത്യം എന്ന് മൂന്ന് വിഭാഗങ്ങളുണ്ട്. വാക്യാർത്ഥാഭിനയ മാണ് നാട്യം. രംഗപ്രകടനത്തിൽ നടൻ താൻ ഉച്ചരിക്കുന്ന വാക്യങ്ങളുടെ അർത്ഥം വിശദീകരിക്കത്ത ക്കവിധം ഭാവാർത്ഥാനുസരണമായ അഭിനയം പ്രയോഗിക്കുന്നു. സ്ഥിരമായ ഒരു അഭിനയരസം കാണികൾക്ക് ഉണ്ടാക്കി കൊടുക്കുകയാണ് നാട്യത്തിന്റെ ലക്ഷ്യം. താളലയാശ്രയമാണ് നൃത്തം. അതിൽ അഭിനയമില്ല. താളാനുസൃതമായ അംഗ ചലനങ്ങളിലൂടെയാണ് രസാനുഭൂതി ഉളവാകുന്നത്. പദാർത്ഥ ഭിനയമാണ് നൃത്ത്യം. ഓരോ പദത്തിന്റെയും അർത്ഥം മുദ്രകൈയ്യ് കാണിച്ച് അഭിനയിക്കുന്ന സമ്പ്ര ദായമാണിത്. അതായത് ഉച്ചരിക്കുന്ന വാക്കുകൾക്ക് അനുസരണമായി മുദ്രകൈയ്യ് കാണിക്കുന്നു.

**2. കൃഷ്ണനാട്ടം, രാമനാട്ടം**

കൃഷ്ണനാട്ടം, രാമനാട്ടം, കഥകളി എന്നീ ക്രമത്തിലാണ് കഥകളിയുടെ വളർച്ച. കഥകളിയുടെ പൂർവ്വരൂപങ്ങളത്രേ കൃഷ്ണനാട്ടവും, രാമനാട്ടവും. അഷ്ടപദിയാട്ടത്തിന്റെ പരിഷ്കരിച്ച രൂപമാണ് കൃഷ്ണനാട്ടം. കോഴിക്കോട് മാനദേവൻ രാജാവാണ് ഇതിന്റെ ഉപജ്ഞാതാവ്.

രാമനാട്ടത്തിന്റെ ഉപജ്ഞാതാവ് കൊട്ടാരക്കര തമ്പുരാനാണ്. കൊട്ടാരക്കര തമ്പുരാൻ കോഴി ക്കോട് മാനദേവനോട് കൃഷ്ണനാട്ടക്കാരെ ഒന്നയച്ചുക്കൊടുക്കണമെന്ന് ആവശ്യപ്പെട്ടു. 'ഇതിന്റെ രസം ആസ്വദിക്കാൻ കഴിവുള്ളവർ തെക്കരിലില്ല' ഇതായിരുന്നു മാനദേവന്റെ മറുപടി. അപമാനിത നായ കൊട്ടാരക്കര തമ്പുരാൻ സ്വമനോധർമ്മമനുസരിച്ച് രൂപപ്പെടുത്തിയതാണ് രാമനാട്ടം. ഈ കഥ ശരിയോ തെറ്റോ ആകട്ടെ കഥകളിയുടെ മുൻഗാമി രാമനാട്ടമാണെന്നതിൽ തർക്കമില്ല.

### 3. കോട്ടയം കൃതികൾ

ചാക്യാർ കൂത്ത്, അഷ്ടപദിയാട്ടം, കൃഷ്ണനാട്ടം, രാമനാട്ടം എന്നീ ക്രമത്തിൽ വളർന്നു വന്നതാണ് അഭിനയകല. കഥകളിയുടെ രൂപശിൽപ്പവും ഭാവസൗന്ദര്യവും ഒത്തിണങ്ങി പ്രത്യക്ഷപ്പെട്ട ആദ്യത്തെ കൃതികൾ തമ്പുരാന്റേതാണ്. സംഗീതസാഹിത്യാദികലകളിൽ ഒരുപോലെ സമർത്ഥനായിരുന്നു തമ്പുരാൻ. മഹാഭാരതത്തെ അടിസ്ഥാനമാക്കി നാലു കഥകൾ അദ്ദേഹം രചിച്ചു. ബകവധം, കല്യാണ സൗഗന്ധികം, കിർമ്മീരവധം, നിവാതകവച കാലകേയവധം എന്നിവ. കലാഹൃദയയും പണ്ഡിതയുമായ മാതാവ് മകന്റെ കഥകളെ ഇപ്രകാരം വിലയിരുത്തി. ബകവധം - ബാലിശം, കല്യാണസൗഗന്ധികം - സ്ത്രൈണം, കിർമ്മീരവധം - കഠിനം, കാലകേയവധം എല്ലാ ഗുണങ്ങളും നിറഞ്ഞത്. ഏതായാലും തമ്പുരാന്റെ ഏറ്റവും നല്ല കഥകളി കാലകേയവധമാണ്.

### 4. ഉണ്ണായിവാര്യർ - നളചരിതം

ആട്ടക്കഥാ സാഹിത്യത്തിലെ സമുജ്ജ്വലകാവ്യശിൽപ്പമാണ് നളചരിതം. അതിന്റെ ശിൽപ്പിയാണ് ഉണ്ണായിവാര്യർ. ഇരിങ്ങാലക്കുട കൂടൽമാണിക്യ ക്ഷേത്രത്തിന് തെക്കുവശമുള്ള തെക്കെ വാര്യമാണ് അകത്തൂട്ടുവാര്യം, - അതാണ് ഉണ്ണായിവാര്യരുടെ ജന്മഗൃഹം.

എ.ഡി. 1675-നോടടുത്ത് ഉണ്ണായിവാര്യർ ജനിച്ചതായി ഊഹിക്കുന്നു. പതിനേഴാം നൂറ്റാണ്ടിന്റെ ആദ്യ പാദത്തിനും പതിനെട്ടാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിനും ഇടയിലായിരിക്കണം ഉണ്ണായിവാര്യരുടെ ജീവിതകാലം. 'ഉണ്ണിരാമൻ' ലോപിച്ച് ഉണ്ണായി' യായി എന്നാണ് ഉള്ളൂരിന്റെ നിഗമനം. മലയാളത്തിലും സംസ്കൃതത്തിലും ഒരുപോലെ വ്യുൽപ്പത്തി നേടിയ ആളായിരുന്നു അദ്ദേഹം.

നളചരിതം നാലുദിവസത്തെ കഥകളിയാണ് ഉണ്ണായിവാര്യരുടെ ഉൽകൃഷ്ടമായ കാവ്യസംഭാവന. മഹാഭാരതത്തിൽ നിന്ന് സ്വീകരിച്ചതാണ് കാവ്യ വസ്തു. 'ആടിക്കാണാനും പാടികേൾക്കാനും കൊള്ളാവുന്ന കഥ.'ഇതാണ് നളചരിതത്തെക്കുറിച്ചുള്ള പൊതുവായ അഭിപ്രായം. വാര്യർ കഥകളിയെ നാടകീയമാക്കി എന്നൊരാക്ഷേപവും പൊന്തിവരികയുണ്ടായി. നളചരിതത്തിലെ ഭാഷയോ നാളികേരപാകത്തിലും. ഇപ്രകാരം അനുകൂലവും പ്രതികൂലവുമായ ഒട്ടേറെ അഭിപ്രായങ്ങൾ നളചരിതത്തെക്കുറിച്ചുണ്ടായി. ഇതെല്ലാം നളചരിതത്തിന്റെ മഹത്വം വ്യക്തമാക്കാൻ സഹായകമായി.

കലാമർമ്മജ്ഞതയും ജീവിതബോധവും ഒരുപോലെ വെട്ടിത്തിളങ്ങുന്ന കൃതിയാണ് നളചരിതം. അതോടൊപ്പം തന്നെ ശിൽപ്പഭംഗിയിൽ അതുല്യതയും കൈവരിച്ചിരിക്കുന്നു നളചരിതം. നാടകീയാവിഷ്കാരമാണ് കൃതിയിലുടനീളം കാണുന്നത്. അതിന് സർവ്വഥാ യോജിച്ച വിധമാണ് പാത്രസൃഷ്ടി.

### 5. പാത്രസൃഷ്ടി

നളൻ, ദമയന്തി എന്നീ മുഖ്യകഥാപാത്രങ്ങൾക്കൊപ്പം തികഞ്ഞ വ്യക്തിത്വമുള്ള കഥാപാത്രങ്ങളാണ് കലി, പുഷ്ക്കരൻ, കാർക്കോടകൻ, ഹംസം തുടങ്ങിയവർ. സങ്കര സ്വഭാവമുള്ള ഭാഷയാണ് നളചരിതത്തിലേത്. പാണ്ഡിത്യവും, കലാബോധവും, ആലോചനാശീലവും ഉണ്ടെങ്കിലെ അദ്ദേഹത്തിന്റെ കവിത്വം അനുഭവിച്ചറിയാനൊക്കൂ. ജീവിതത്തിന്റെ നന്മയും തിന്മയും തമ്മിലുള്ള സംഘർഷത്തിന്റെ കലാപൂർണ്ണിമയോടു കൂടിയുള്ള ആവിഷ്ക്കരണമത്രേ നളചരിതം. ആട്ടകഥാസാഹിത്യത്തിൽ അതുല്യശോഭയോടെ നിൽക്കുന്നു ഈ കൃതി.

**6. ഇരയിമ്മൻ തമ്പി**

ഇരയിമ്മൻ തമ്പി (1783–1861)

ഉത്തരാസ്വയംവരം, ദക്ഷയാഗം, കീചകവധം എന്നീ കഥകൾ സഹൃദയ സമ്മതി നേടിയവയാണ്. ലാളിത്യം തുളുമ്പുന്നവയാണ് അദ്ദേഹത്തിന്റെ പദങ്ങൾ. സാഹിത്യ ഭംഗിയോടൊപ്പം ഗാനസൗകുമാര്യവും തികഞ്ഞവയാണ് തമ്പിയുടെ കൃതികൾ. വിപുലമായ കഥകളി പ്രസ്ഥാനത്തിൽ ഇത് ഒറ്റപ്പെട്ടു നിൽക്കുന്നു.

**ഉപസംഹാരം**

കടൽതാണ്ടി കീർത്തിവരിച്ച കലാരൂപമാണ് കഥകളി. അതിന് നാം കടപ്പെട്ടിരിക്കുന്നത് വള്ളത്തോളിനോടാണ്. 1927-ൽ കലാമണ്ഡലം സ്ഥാപിച്ചതോടെ നീണ്ട സുഷുപ്തിയിൽ നിന്ന് കഥകളി ഉണർന്നെണീറ്റു. എന്നാൽ സമകാലീന ജീവിതസ്പന്ദങ്ങൾ കഥകളിയിൽ കാണുന്നില്ല. കഥകളി ഒരു ക്ലാസിക് കലാരൂപമാണ്. അതാസ്വദിക്കണമെങ്കിൽ, സംഗീതം, മുദ്രകൾ, വേഷവിധാനം, ഭാവാഭിനയം ഇവയിൽ സാമാന്യമായ അറിവ് നേടണം. പുരാണകഥകളിൽ അവഗാഹവും ഉണ്ടാവണം. ഒരു ദൃശ്യകലാ പ്രസ്ഥാനത്തിന്റെ രംഗപ്രയോഗ അവതരാണാർത്ഥം ഉണ്ടായതാണ് ഈ സാഹിത്യം.

**പഠന പ്രവർത്തനങ്ങൾ**

1. നിങ്ങൾക്കറിയാവുന്ന ഒരു ദൃശ്യകലാ രൂപം രംഗത്ത് അവതരിപ്പിക്കുക.

2. ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

   ഏതൊരു കുലമലങ്കരിച്ചു ജന്മനാ
   ഉരചെയ്തീടണം, എന്തു തവ നാമധേയവും
   ദൂതനെന്നു കേട്ടതിങ്ങു ബോധം വന്നീല ജഗ-
   ന്നാഥനെനിക്കു തോന്നി ചേതസിനിന്നെ (ഹേ മഹാ)

3. ആട്ടക്കഥ പോലെ കേരളത്തിൽ പ്രചാരമുള്ള മറ്റു കലാരൂപങ്ങളെ ക്കുറിച്ച് മനസ്സിലാക്കുക. കഥകളി രംഗത്ത് അവതരിപ്പിക്കുന്ന ആചാര്യന്മാരുമായി സംഭാഷണത്തിലേർപ്പെടുക. കഥകളിയിലെ മുദ്രകളെക്കുറിച്ച് മനസ്സിലാക്കുക. കഥകളി പദങ്ങൾ, ഭാവാഭിനയം എന്നിവ പഠിക്കുക.
4. രംഗത്ത് കഥകളി അവതരിപ്പിക്കുന്നത് നേരിട്ടോ ടി.വി. യിലൂടെയോ കാണുക.

### അദ്ധ്യായം - 4

# ആധുനിക കവിത

## 1.ജി. ശങ്കരക്കുറുപ്പ്

**ഉപക്രമം**

1901 ജൂൺ 3-ാം തീയതി അങ്കമാലിയ്ക്കടുത്ത് നായത്തോടിൽ ജനിച്ചു. സ്കൂളിലും കോളേജിലും അധ്യാപകനായിരുന്നു ജി.ശങ്കരക്കുറുപ്പ്. ആധുനിക മലയാളകവികളിൽ ജ്യേഷ്ഠസ്ഥാനീയനായി ആദരിക്കപ്പെടുന്നു. ഇത്രയേറെ രൂക്ഷവിമർശനത്തിന് വിധേയനായ മറ്റൊരു കവി ഇല്ലെന്നു തന്നെ പറയാം. പ്രകൃതിയും പ്രേമവും ലയിച്ചു ചേർന്ന അനുഭൂതി സമ്പത്താണ് ജി.യുടെ ആദ്യകാല കവിതകളുടെ ജീവചൈതന്യമായി വർത്തിച്ചത്.

**1. കാവ്യ പശ്ചാത്തലം**

1928-ൽ 'സാഹിത്യകൗതുകം' ഒന്നാംഭാഗം പ്രസിദ്ധീകരിച്ചു. ഇതിലാണ് കാൽപ്പനികതയുടെ പുതുപ്പിറവി ശങ്കരക്കുറുപ്പിൽ നാം കണ്ടെത്തുന്നത്. ആശാനെക്കാളേറെ ഉള്ളൂരും വള്ളത്തോളുമാണ് ജി.യെ സ്വാധീനിച്ചത്. വള്ളത്തോൾ കവിതയിലെ ഭാവസുന്ദരമായ രചനാ സൗഷ്ടവമല്ല; ഉള്ളൂർ കവിതയിലെ നിഹൂഗനാശയ സമ്പ്രദായമാണ് ജി. ശങ്കരക്കുറുപ്പ് പിന്തുടർന്നത്. പ്രകൃതിയുമായുള്ള ഐക്യത്തിലൂടെ അതിന്റെ പിന്നിലെ പരമാത്മചൈതന്യത്തോടു തോന്നിയ ആത്മാഭിമുഖ്യം തന്റെ കവിതയുടെ അന്തർഭാവമാക്കി മാറ്റാൻ ശ്രമിച്ച ജി.യെ. പിന്നെ പിന്നെ നാം കാണുന്നത് മിസ്റ്റിസിസത്തിന്റെയും സിമ്പോളിസത്തിന്റെയും കാവ്യാന്തരീക്ഷത്തിലാണ്.

നീരന്ധ്ര നീലജലദപ്പലകപ്പുറത്തു
വാരഞ്ചിടുന്ന വളർവില്ലുവരച്ചുമാച്ചും
നേരറ്റ കൈവളകളാൽ ചിലമിന്നൽ ചേർത്തും
പാരം ലസിക്കുമല പ്രകൃതിക്കു കൂപ്പാം.

എന്നിങ്ങനെ ആരംഭം കുറിച്ച ജി.യുടെ പ്രകൃതി പ്രേമം അതിന്റെ സൂക്ഷ്മവും അഗാധവും ആയ തലങ്ങളെ സമാശ്ലേഷിച്ച് വികസിച്ചു നിൽക്കുന്ന ദൃശ്യമത്രേ വിശ്വദർശനത്തിലുള്ളത്.

**2.കാവ്യലോകം**

സാഹിത്യകൗതുകം, ഓടക്കുഴൽ, പാഥേയം, അന്തർദാഹം, ചെങ്കതിരുകൾ, നിമിഷം, പഥികന്റെ പാട്ട്, വിശ്വദർശനം, മധുരം സൗമ്യം ദീപ്തം, ജീവനസംഗീതം, വനഗായകൻ, സൂര്യകാന്തി തുടങ്ങി ഇരുപതിലേറെ കവിതാ സമാഹാരങ്ങൾ ജി. പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ബാലകവിതകളും, ഗദ്യ ലേഖനങ്ങളും ഇദ്ദേഹത്തിന്റെ കൃതികളിൽ ഉൾപ്പെടുന്നു.

**3. ജീവിതവീക്ഷണം**

'ആത്മാവിന്റെസാനുവിലെവിടെയോ ഇനിയും വറ്റാത്ത വാർന്നുകൊണ്ടിരിക്കുന്ന അത്ഭുതാത്മകമായ ചിത്തവൃത്തിയായിരിക്കണം പ്രകൃതിയേയും മനുഷ്യസ്നേഹത്തെയും ശ്രദ്ധിക്കാനും സ്നേഹിക്കാനും ആസ്വദിക്കാനുമുള്ള കൗതുകം എനിക്കു തന്നത്; ആ ആത്മീയഭാവം തന്നെയായിരിക്കണം എന്റെ കവിതയുടെ അതെത്രകൃശവും അപൂർണ്ണമായിരുന്നാലും - ഉറവിടം!.

മനുഷ്യ ജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ തന്റെ കാവ്യ പ്രതിഭ വ്യാപരിപ്പിക്കാൻ ജി. ശ്രമിക്കുന്നു. കവിത്രയത്തിനുശേഷം മലയാള കവിതയുടെ നേതൃസ്ഥാനം സ്വാഭാവികമായി ജി.യ്ക്ക്

കൈ വന്നു. കവിത തികച്ചും സ്വതന്ത്രമായിരിക്കണം എന്ന അഭിപ്രായമാണ് അദ്ദേഹത്തിനുള്ളത്. ടാഗോർ കവിതകളുമായുള്ള നിരന്തര സമ്പർക്കമാണ് ജി. യിൽ മിസ്റ്റിക് സിമ്പോളിക് പ്രവണതകൾ വളർത്തിയത്. ഇത്തരം കവിതകൾ സാമാന്യ വായനക്കാരുടെ ചിന്താശക്തിക്കും ആസ്വാദനത്തിനും അതീതമായി പ്രവർത്തിക്കുന്നു. അപ്പോഴാണ് ജി. രൂക്ഷമായ വിമർശനത്തിന് പാത്രമായത്. നിമിഷം, ഒരേ തീയ് എന്നീ പ്രതീകാത്മക കവിതകൾ അഗാധമായ ആശയതലങ്ങൾ ഉൾക്കൊള്ളുന്നവയാണ്. ഗഹനമായ ആശയാവിഷ്കാരത്തിന് അതേമാതിരി ഭാഷയും അദ്ദേഹം ഉപയോഗിച്ചു. അപ്പോൾ ശില്പ ഭംഗിയിലും ജി.യുടെ കവിത മേലെക്കിടയിലല്ലെന്ന വാദമുയർന്നു. അതേസമയം ഉൽപ്പതിഷ്ണുക്കളായ കവികളിൽ പ്രാമാണികനായിത്തന്നെ ജി. ആദരിക്കപ്പെടുകയുണ്ടായി.

ഏകാധിപത്യത്തിനും ദുഷ്പ്രഭുത്വത്തിനുമെതിരായി ജി. തൂലിക ചലിപ്പിച്ചിട്ടുണ്ട്. ജന സേവന വ്യഗ്രമായ 'തൂപ്പുകാരി' യിലൂടെ സാമൂഹിക പരിഷ്കരണം ഊന്നിപ്പറഞ്ഞ കവി വിപ്ലവത്തിന്റെ പാതയിലൂടെ സഞ്ചരിച്ചിട്ടുണ്ട്. ദുർഗ്രഹമായ മിസ്റ്റിക് കവിതകൾ എഴുതിയ ജി. തന്നെയാണ് പെരുന്തച്ചൻ, ചന്ദനക്കട്ടിൽ, ഒരു പുഴയും മൂന്നരുവികളും തുടങ്ങീ അതീവ ഹൃദ്യങ്ങളായ ആഖ്യാന കവിതകൾ രചിച്ചത്.

**4. ബിംബകൽപ്പനകൾ**

നാടോടിക്കഥകളെയും മിത്തുകളെയും തന്റെ കവിതകൾക്ക് വിഷയമാക്കാൻ ജി. താൽപ്പര്യം കാണിച്ചു. ഗഹനമായ ആശയങ്ങൾ ലളിതമായി ആവിഷ്ക്കരിക്കാനും ജി.ക്ക് പാടവമുണ്ട്. ദേശാഭിമാന ദ്യോതകങ്ങളായ കവിതകളും ജി. രചിച്ചിട്ടുണ്ട്. വിശ്വദർശനം അതിന് ഉദാഹരണമാണ്. ഭക്തിയും പ്രേമവും പ്രകൃതിഭംഗിയും മാനവികതയും ഈ സൂക്ഷ്മാംശങ്ങളുമായി സമന്വയിപ്പിച്ചേ അദ്ദേഹം തന്റെ കവിതകളിൽ പ്രതിപാദിക്കാറുള്ളൂ. പാശ്ചാത്യവും പൗരസ്ത്യവുമായ ആശയങ്ങൾ തന്നിലേക്ക് സംക്രമിപ്പിക്കുന്നതിലും ജി. സന്നദ്ധനായിരുന്നു. അദ്ദേഹത്തിന്റെ കാവ്യഭാവന എപ്പോഴുംപ്രപഞ്ചത്തിന്റെ അപാരതയെ പുൽകി നിൽക്കുന്നു.

ജി.യുടെ മനുഷ്യസ്നേഹം സമത്വബോധജന്യമാവുന്നു. വ്യക്തിയെ മാറ്റി നിർത്തി സമൂഹത്തെ കാണുന്നില്ല കവി. മനുഷ്യന്റെ അസ്തിത്വം മറ്റേന്തിനെക്കാളും ഉൽകൃഷ്ടമാണെന്ന് അദ്ദേഹം വിശ്വസിക്കുന്നു. അതിനപ്പുറം കവിയുടെ അകക്കണ്ണുകൊണ്ട് കാണാവുന്ന ഒരു പ്രതിഭാസമുണ്ട്. ഇത് ആത്മീയതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ജി.യുടെ കവിമനസ്സിന്റെ ആഴങ്ങളിൽ സ്പന്ദിക്കുന്ന ചൈതന്യം ഇതാണ്. ഇവിടെയാണ് കവി മനസ്സിന്റെ ആഴങ്ങളിൽ നാം എത്തിചേരുന്നത്.

**ഉപസംഹാരം**

ജി. പ്രതീകാത്മക കവിയാണെന്ന് പറയാം. മൃത്യുബോധം ഒരു നിഴൽപോലെ അദ്ദേഹത്തെ പിന്തുടരുന്നു. അദ്ദേഹത്തിന്റെ 'വിശ്വദർശനം' എന്ന കവിതയ്ക്ക് കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. ഇൻഡ്യയിലെ ഏററവും വലിയ സാഹിത്യപുരസ്കാരമായ ജ്ഞാനപീഠ പുരസ്കാരം ആദ്യമായി ലഭിച്ചത് 'ജി' യുടെ 'ഓടക്കുഴൽ' എന്ന കവിതാസമാഹാരത്തിനാണ്. (1965)ൽ കേരള സാഹിത്യ അക്കാദമിയുടെ അധ്യക്ഷനായി സേവനം അനുഷ്ഠിച്ച ജി.ക്ക് സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് ലഭിക്കുകയുണ്ടായി. 1968–മുതൽ നാലുകൊല്ലക്കാലം രാജ്യസഭാംഗമായിരുന്ന ജി.ക്ക് 1968–ൽ പത്മഭൂഷൻ ബഹുമതി ലഭിച്ചു. ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളിൽ സദാ കർമ്മനിരതനായ ജി. ഉജ്ജ്വലനായ ഒരു വാഗ്മിയായിരുന്നു. 1978 ഫെബ്രുവരി 2–ന് അന്തരിച്ചു.

**പഠന പ്രവർത്തനങ്ങൾ**

1. ആസ്വാദനം തയ്യാറാക്കുക.

കാലുകൾക്കിടയിലാണെട്ടുദിക്കുകൾ, നാശ-
മേലുകയില്ലൊരുനാളുമെന്ന ഭാവനയോടെ,
അന്തരീക്ഷത്തിൻ കണ്ണീർ കൊണ്ടു മുത്തുകൾ ചാർത്തും
തൻതലസ്ഥാനത്തിങ്കലേക ശാസനമായി
വാനിനെ മറച്ചുകൊണ്ടങ്ങനെ വാണൂ വീര-
മാനിയാം തന്നിർമ്മാതാവുഗ്രരൂപമാംകീടം.

2. മിസ്റ്റിക് കവിതകൾ തെരഞ്ഞെടുത്ത് വായിക്കുക.
3. ടാഗോറിന്റെ ഗീതാഞ്ജലി വായിക്കുക.
4. ജി. യുടെ കവിതകൾ ശേഖരിക്കുക.

## 2. വൈലോപ്പിള്ളി ശ്രീധരമേനോൻ

**മുഖവുര**

1911- മേയ് 11 ന് എറണാകുളത്ത് കലൂരിൽ ജനിച്ചു. വൈലോപ്പിള്ളി ശ്രീധരമേനോൻ ആധുനിക മലയാളകവികളിൽ സമുന്നതനാണ്. സർഗ്ഗപ്രക്രിയയിൽ പുതിയ മാനങ്ങൾ കണ്ടെത്തിയ കവിയാണ് ഇദ്ദേഹം. നവയുഗ സംസ്കാരത്തിന്റെ പ്രയോക്താവായി ഉയർന്നു നിൽക്കുന്നു ഇദ്ദേഹം. മാനവികതയുടെ സംപ്രേക്ഷണത്തിലൂടെ പുതുയുഗപ്പിറവിക്ക് നേതൃത്വം നൽകാനാണ് കവി ശ്രമിക്കുന്നത്.

**1. കാവ്യപ്രപഞ്ചം**

മനുഷ്യ ജീവിതത്തിൽ വേരുകളാഴ്ത്തി വിശ്വമാകെ പടർന്നു നിൽക്കുന്ന കാവ്യപ്രപഞ്ചമാണ് വൈലോപ്പിള്ളിയുടേത്. അത്യന്തം മാനുഷമാണ് വൈലോപ്പിള്ളി കവിത. ഉൽപ്പതിഷ്ണുത്വത്തിന്റെ ക്രിയാംശങ്ങൾ വൈലോപ്പിള്ളി കവിതകളെ ഉദാത്തമാക്കുന്നു. സാധാരണ മനുഷ്യരുടെ ജീവിത പ്രശ്നങ്ങൾ കണ്ടറിഞ്ഞ കവി തികച്ചും ഈശ്വരവിശ്വാസിയാണ്. മാനവികതയുടെ നവ്യപ്രകാശം വിതറുന്ന വൈലോപ്പിള്ളി കവിതകൾ മലയാളകവിതയുടെ യൗവ്വനോഷ്മളതകൾക്ക് തെളിവായി നിൽക്കുന്നു.

കന്നിക്കൊയ്ത്ത്, ഓണപ്പാട്ടുകാർ, ശ്രീരേഖ, കയ്പവല്ലരി, വിട, വിത്തും കൈക്കോട്ടും, കുടിയൊഴിപ്പിക്കൽ, കടൽകാക്കകൾ, കുരുവികൾ, കുന്നിമണികൾ, കൃഷ്ണമൃഗങ്ങൾ, മകരക്കൊയ്ത്ത് തുടങ്ങിയവയാണ് പ്രധാന കൃതികൾ. 1969-ൽ സോവിയറ്റ് ലാന്റ് അവാർഡ് കിട്ടി. 'വിട' എന്ന കൃതി 1972-ൽ കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടി.

**2. ജീവിത ദർശനം**

'ഹാ വിജിഗീഷു മൃത്യുവിന്നാമോ
ജീവിതത്തിന്റെ കൊടിപ്പടം താഴ്ത്തുവാൻ'

ജീവിതം ദുഃഖസങ്കുലമെങ്കിലും നിരന്തരപരിണാമങ്ങളിലൂടെ അത് ആനന്ദസന്ദായകവും ഉൽകൃഷ്ടവും ആയിത്തീരുമെന്ന് കവി ഉദ്ഘോഷിക്കുന്നു. മൃത്യുചിന്ത ഒരിക്കലും കവിയെ

നിഷ്ക്രിയനോ നിസ്സംഗനോ ആക്കുന്നില്ല. മനുഷ്യനിലുള്ള പൂർണ്ണവിശ്വാസം കവി എപ്പോഴും ഉയർത്തിപ്പിടിക്കുന്നു. സ്ത്രൈണ പ്രകൃതമാണ് വൈലോപ്പിള്ളിക്കവിതകൾക്കുള്ളതെങ്കിലും അദ്ദേഹത്തിന്റെ കവിതകൾക്ക് പൗരുഷവും പേശീദാർഢ്യവുമുണ്ട്.

ശാസ്ത്രാദ്ധ്യാപകനായിരുന്ന വൈലോപ്പിള്ളിയുടെ കവിതകളിൽ ശാസ്ത്രീയവീക്ഷണവും മനുഷ്യവർഗ്ഗ പ്രേമവും ഒത്തിണങ്ങിയിരിക്കുന്നു. കേരളീയത്വം കവിതയുടെ മുഖസൗന്ദര്യമായി നിലകൊള്ളുന്നു. വ്യക്തി ദുഃഖങ്ങളും സാമൂഹ്യപ്രശ്നങ്ങളും ഒരുപോലെ കവിയെ അലട്ടുന്നുണ്ട്. മാമ്പഴം, പടയാളികൾ, പന്തങ്ങൾ, അരിയില്ലാഞ്ഞിട്ട്, പട്ടിണിപ്പാട്ടുകാർ തുടങ്ങിയ കവിതകൾ ഉദാഹരണങ്ങൾ.

മനുഷ്യ പ്രയത്നത്തിന്റെ സാധ്യതകൾ ജലസേചനം, മലതുരക്കൽ എന്നീ രചനകളിൽ വിശദമാക്കുന്നു. സിദ്ധാന്തവൽകൃതമായ ജീവിത ബോധമല്ല കവിയുടേത്. ജീവിതവുമായി ഇണങ്ങിചേർന്ന വൈകാരികവും സർഗ്ഗാത്മകവുമായ പരിണാമമാണ് അത്. കാലികമായ രാഷ്ട്രീയ ചിന്തകൾ അദ്ദേഹത്തിന്റെ കൃതികൾക്ക് ഇതിവൃത്തങ്ങളാണ്. ജനാധിപത്യത്തിന്റെ മൂല്യങ്ങളിൽ കവിയ്ക്കുള്ള ഉറച്ച വിശ്വാസത്തിന്റെ തിളക്കമാണ് ഈ കവിതകൾക്കുള്ളത്.

പാവങ്ങളുടെ ക്ലേശങ്ങളെക്കുറിച്ചെഴുതുക അദ്ദേഹത്തിന്റെ മനസ്സിന്റെ സവിശേഷ പ്രവണതയാണ്. അദ്ധ്യാത്മിക മേഖലയിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നു വൈലോപ്പിള്ളിയുടെ കവിതകൾ. ഈശ്വരസാക്ഷാത്ക്കാരത്തെക്കുറിച്ച് അദ്ദേഹം ഉൽക്കണ്ഠപ്പെടാറില്ല. മനുഷ്യ ജീവിതത്തിന്റെ ലക്ഷ്യം മോക്ഷമാണെന്നും അദ്ദേഹം കരുതുന്നില്ല. അതേസമയം വിശ്വാസികളുടെ പ്രാർത്ഥനയേയും ദേവാലയ ദർശനത്തെയും ആദരിക്കുന്നു. ജീവിതം വിമലവും സ്വാസ്ഥ്യവും ഉൽകൃഷ്ടവുമാക്കാൻ ഏതെല്ലാം ഉതകുമോ അവയെയെല്ലാം അദ്ദേഹം വിലമതിക്കുന്നു.

**ഉപസംഹാരം**

ഉത്തരവാദിത്തത്തോടുകൂടി കൈയ്യാളാനുള്ളതാണ് മനുഷ്യജീവിതം എന്ന് കവി വിശ്വസിക്കുന്നു. ഈ വിശ്വാസമാണ് വൈലോപ്പിള്ളിയുടെ കാവ്യജീവിതത്തിന്റെ അന്തസത്ത. കാച്ചിക്കുറുക്കിയ കവിതയാണ് വൈലോപ്പിള്ളിക്കവിതകൾ എന്നു പറയുമ്പോൾ അതിന്റെ രൂപദാർഢ്യവും ഉള്ളടക്കമഹത്വവും വെളിവാകുന്നു. അത്യന്തം തെളിമയോടുകൂടി ഒഴുകുന്ന ശരത്ക്കാല നദിയാണ് വൈലോപ്പിള്ളിക്കവിതകൾ.

**പഠന പ്രവർത്തനങ്ങൾ**

1. വൈലോപ്പിള്ളി കവിതയിലെ വാങ്മയചിത്രങ്ങൾ കണ്ടെത്തി എഴുതുക.
2. കവിയരങ്ങ് സംഘടിപ്പിക്കുക.

| | | |
|---|---|---|
| കാക്ക | - | വൈലോപ്പിള്ളി ശ്രീധരമേനോൻ |
| മാമ്പഴം | - | വൈലോപ്പിള്ളി ശ്രീധരമേനോൻ |
| മഴുവിന്റെ കഥ | - | ബാലാമണിയമ്മ |
| കളിയച്ഛൻ | - | പി. കുഞ്ഞിരാമൻ നായർ |
| ഇവനെക്കൂടി | - | സച്ചിദാനന്ദൻ |

3. പഠനം തയ്യാറാക്കുക.
   കന്നിക്കൊയ്ത്ത്
4. വൈലോപ്പിള്ളിയുടെ കവിതാ സമാഹാരങ്ങൾ വായിക്കുക.

അദ്ധ്യായം - 5

# സമകാലിക കവിത

## 1. സുഗതകുമാരി

**മുഖവുര**

പ്രസിദ്ധ കവിയായ ബോധേശ്വരന്റെ മകളാണ്. 1934 ജനുവരിയിൽ തിരുവനന്തപുരത്ത് ജനിച്ചു. റൊമാന്റിക് കവിതകളോടു കൂടിയ അന്തർമുഖതയാണ് സുഗതകുമാരിയുടെ പ്രത്യേകത. ആത്മാനുഭൂതിയുടെ സ്വാഭാവിക പരിണാമമാണ് തന്റെ കവിതകളെന്ന് അവർ വിശ്വസിക്കുന്നു.

സ്വകീയമായ അനുഭൂതികളെ വിഷാദാത്മക ഭാവത്തിൽ ആവിഷ്കരിച്ച് അനുവാചകഹൃദയങ്ങളിൽ ചലനമുണ്ടാക്കാനാണ് സുഗതകുമാരി ശ്രമിക്കുന്നത്. ജീവിതത്തിന്റെ ദുഃഖതീർത്ഥങ്ങളിലാണ് അവരുടെ കാവ്യഭാവന പീലിവിടർത്തി നിൽക്കുന്നത്. സുഗതകുമാരിയുടെ ചില കവിതകൾ ദുർഗ്രഹങ്ങളാണ് എന്ന് വിമർശിക്കാറുണ്ട്. ആത്മനിഷ്ഠമായ ഒരു ദാർശനികത ഉയർത്തിക്കാണിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്.

**കാവ്യലോകം**

പാതിരാപ്പൂക്കൾ, മുത്തുചിപ്പി, ഇരുൾച്ചിറകുകൾ, പാവം മാനവഹൃദയം, അമ്പലമണി, തുലാവർഷപ്പച്ച, രാത്രിമഴ മുതലായവയാണ് മുഖ്യകൃതികൾ. 'അമ്പലമണി'ക്ക് വയലാർ അവാർഡ് ലഭിച്ചു (1984). 1978-ൽ രാത്രിമഴയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു. പ്രകൃതിയോടും ജീവജാലങ്ങളോടും ഉള്ള സ്നേഹവും അനുകമ്പയും സുഗതകുമാരിയുടെ കവിതകളിലെ പ്രധാനഘടകങ്ങളാണ്. തന്റെ ജീവാത്മാവിന്റെ അംശങ്ങളാണ് ഇവയെല്ലാം. അതിനാൽ അവയുടെ വേദന തന്റെ ദുരന്തമായി കവയത്രി കരുതുന്നു.

പ്രകൃതിയോടുള്ള ഈ അത്മബന്ധത്തിന്റെ തീവ്രാനുഭൂതികൾ പകർന്നു നൽകുന്ന കവിതകളാണ് 'വനരോദനം, സൈലന്റ് വാലി, കുറിഞ്ഞിപ്പൂക്കൾ, തൈവയ്ക്കൽ, കാലിഫോർണിയ കാടുകളിൽ', മരങ്ങൾ, കാക്കപ്പൂവ്, ആന, തുലാവർഷപ്പച്ച തുടങ്ങിയവ. ഒരു തരം സ്വപ്നത്തിന്റെ നിഴൽപ്പാടുകളിലൂടെയാണ് പലപ്പോഴും അവരുടെ യാത്ര. മനുഷ്യമനസ്സിന്റെ വിശുദ്ധിയിലേയ്ക്കുള്ള തീർത്ഥാടനമാണ് സുഗതകുമാരിയുടെ പല കവിതകളും. ഉദ്ഗ്രഥിതമായ പ്രപഞ്ചവീക്ഷണത്തിൽ തെളിഞ്ഞു കാണുന്ന ഭാവചിത്രങ്ങൾ - സുഗതകുമാരിയുടെ കവിതകളെ ഇപ്രകാരം വിശേഷിപ്പിക്കാം.

**ഉപസംഹാരം**

അവരുടെ മനസ്സിൽ ഓടക്കുഴലിന്റെ നാദമാധുര്യവുമായി നിൽക്കുന്ന ഒരു പീലിക്കണ്ണനുണ്ട്. ഈ കണ്ണനെ സാക്ഷാത്ക്കരിക്കാനുള്ള ധ്യാനനിരതമായ കാവ്യാത്മക മനസ്സ്, അവിടെ തെളിയുന്ന സൂക്ഷ്മമായ ഒരാർദ്രത, ഈ ആർദ്രതയിൽ സ്പന്ദിക്കുന്ന ആത്മവിഹ്വലതകൾ ഇവയത്രേ സുഗതകുമാരിയുടെ കവിതയിലെ കാൽപ്പനികവും യഥാർഥവുമായ സൗഭാഗ്യങ്ങൾ.

**പഠന പ്രവർത്തനങ്ങൾ**

**1. അന്വേഷിച്ചറിയുക**

വായിച്ചകൃതികളിൽ ഇഷ്ടപ്പെട്ടവയുടെ ആസ്വാദനം തയ്യാറാക്കുക.

കവിത എഴുതാനുണ്ടായ സാഹചര്യം മാധ്യമങ്ങളിലൂടെയോ കത്തിലൂടെയോ വിശദമാക്കി തരാൻ കവയത്രിയോട് അപേക്ഷിച്ചു കൊണ്ട് കത്ത് തയ്യാറാക്കുക.

2. ഉപന്യാസം തയ്യാറാക്കുക.

പ്രകൃതി സ്നേഹത്തെക്കുറിച്ച് സുഗതകുമാരിയുടെ കാഴ്ചപ്പാട് മനസ്സിലാക്കുക.

3. പഠനം തയ്യാറാക്കുക.

രാത്രിമഴ

4. വരികൾ വ്യാഖ്യാനിക്കുക.

ഒരുപാട്ടു കൂടി പതുക്കെ മൂളുന്നിതാ
ചിറകൊടിഞ്ഞുള്ളൊരീക്കാട്ടുപക്ഷി

## 2. ഒ.എൻ.വി. കുറുപ്പ്

**മുഖവുര**

മണ്ണിന്റെയും മനുഷ്യന്റെയും ജീവശക്തി ആവാഹിച്ചെടുത്ത് സ്വന്തം തൂലികയിലൂടെ അവതരിപ്പിച്ച് ജനസമ്മതി നേടിയ വിപ്ലവാശയനായ കവിയാണ് ഒ.എൻ.വി. എന്ന അക്ഷരത്തിൽ സുവിദിതനായ ഒ.എൻ.വേലുക്കുറുപ്പ്. 1931 മെയ് 27-ന് ചവറയിൽ ജനിച്ചു. സാധാരണമനുഷ്യരുടെ ദുഃഖം സ്വന്തം ദുഃഖമായി മാറ്റി എടുത്ത ഈ കവി കാലത്തിന്റെ സ്പന്ദനങ്ങൾ ശരിക്ക് കണ്ടറിഞ്ഞിട്ടുണ്ട്.

**1.വിപ്ലവാത്മകത**

ജനകീയ ശൈലിയിലും, സംഗീതാത്മകതയിലും കൂടുതൽ ശ്രദ്ധിച്ച് എഴുതിയവയാണ് ഒ.എൻ.വിയുടെ കവിതകൾ. വിശേഷിച്ചും ആദ്യകാല കവിതകൾ. സമത്വസുന്ദരമായ ഒരു സമൂഹത്തെ അദ്ദേഹം സ്വപ്നം കണ്ടു. കമ്യൂണിസ്റ്റ് പ്രത്യയശാസ്ത്രം തെളിയിച്ചു കൊടുത്ത പാതയിലൂടെ സഞ്ചരിച്ചപ്പോൾ സാമൂഹിക വിപ്ലവത്തിന്റെ തീ നാളങ്ങൾ പ്രോജ്വലിപ്പിക്കുന്ന സരസകവിയായി മാറി.

പുതിയ സാമൂഹിക ബോധത്തിന്റെയും സംസ്കാരത്തിന്റെയും പ്രചാരകനാണെന്ന യാഥാർത്ഥ്യം സ്വകവിതകളിൽ ഒ.എൻ.വി. വ്യക്തമാക്കി. കാലം മാറിയതോടെ ഒ.എൻ.വി. കവിതകളിൽ ആദ്യകാലത്ത് തുടിച്ചുനിന്ന വിപ്ലവപരത അയഞ്ഞയഞ്ഞു പോകുന്നതായി വിമർശനമുണ്ടായി.

**2.കാവ്യപ്രപഞ്ചം**

ഒരു തുള്ളി വെളിച്ചം, നീലക്കണ്ണുകൾ, മരുഭൂമി, അക്ഷരം, കറുത്തപക്ഷിയുടെ പാട്ട്, ഉപ്പ്, ഭൂമിയ്ക്കൊരു ചരമഗീതം, അഗ്നിശലഭങ്ങൾ, അപരാഹ്നം, മൃഗയാ തുടങ്ങിയവയാണ് ഒ.എൻ.വി. യുടെ പ്രധാന കൃതികൾ. 'അക്ഷരത്തിന്' കേന്ദ്രസാഹിത്യ അക്കാഡമി അവാർഡു ലഭിച്ചു.

ചങ്ങമ്പുഴക്കളരിയിലാണ് ഒ.എൻ.വി. കച്ചകെട്ടി തുടങ്ങിയത്. എന്നാൽ ചങ്ങമ്പുഴ നൽകിയ ചാരുതയും മാധുര്യവും അനുഭവിച്ചറിയുമ്പോൾ തന്നെ സാമൂഹിക നീതിക്കു വേണ്ടി പോരാടുന്ന മർദ്ദിത ജനസമൂഹത്തിന്റെ തിളയ്ക്കുന്ന ശബ്ദം അദ്ദേഹത്തിന്റെ കാതുകളിൽ മുഴങ്ങി. ഈ ശബ്ദവും അതിലന്തർഭവിച്ച വേദനയുമാണ് ഒ.എൻ.വി. കവിതയുടെ വിപ്ലവാടിത്തറ.

**3. സാമൂഹിക ബോധം**

ഒ.എൻ.വിയുടെ ആദ്യകാലകവിതകളിൽ മനുഷ്യരക്തവും വീര്യവും തിളച്ചുപൊങ്ങി. എന്നാൽ പിന്നീട് വ്യക്തിദുഃഖങ്ങളെ ആഴത്തിൽ കാവ്യഭാവനയിലൂടെ അണിയിച്ചൊരുക്കി നിർത്തിയ പ്രത്യേക കാലഘട്ടം ഒ.എൻ.വി.യുടെ കാവ്യജീവിതത്തിൽ ഉണ്ടായി.

'ഒരു നിശാഗന്ധിയായ് വിരിയുന്നതെപ്പൊഴു-

മൊരു സ്വപ്ന; വാഗ്ദത്ത ഭൂമി'

പതിത വർഗ്ഗത്തിന്റെ ജീവിതാഭിനിവേശങ്ങൾക്ക് ഒരു പ്രത്യേക ദശാസന്ധിയിൽ ഏൽക്കേണ്ടി വന്ന മുറിവാണിവിടെ വാഗ്ദത്തഭൂമിയെക്കുറിച്ച് ചിന്തിക്കാൻ പ്രേരിപ്പിച്ചത്. നാലുമണിപ്പൂക്കൾ, ചോറൂണ്, മയിൽപ്പീലി, സ്വർണ്ണമത്സ്യം, തുടങ്ങീ കവിതകൾ തന്നിലേക്കൊതുങ്ങിയ കവിയുടെ അന്തർഭാവത്തിന്റെ പ്രതിമാനങ്ങളാവുന്നു. തന്റെ ഹൃദയത്തിലെ ഘനീഭൂതമായ വ്യഥയിൽ നിന്ന് ജീവിതത്തിന്റെ സൗന്ദര്യാത്മകമായ ആന്തരികസത്തയെ തേടിയുള്ള സർഗ്ഗാത്മകമായ അന്വേഷണമാണ് ഈ കവിതകൾ.

പിന്നെപ്പിന്നെ സാമാന്യ ചലനങ്ങളുടെ നൈമിഷികാനുഭൂതികളിലേക്കല്ല കവിമുഖം തിരിച്ചത്. ഫീനിക്സ് പക്ഷിയെപ്പോലെ ചിറകുകൾ പൂപോൽ വിടർത്തി താൻ ഉയിർത്തെഴുന്നേൽക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു. ഉപ്പ്, അപരാഹ്നം, ഭൂമിയ്ക്കൊരുചരമഗീതം, മൃഗയാ തുടങ്ങീ കൃതികളിൽ ജീവിതമഹിമയുടെ അപാര സീമകളും പുതിയ അർത്ഥതലങ്ങളും കവികാണിച്ചു തരുന്നു.

**ഉപസംഹാരം**

ഭൂതകാലതനിമകളും വർത്തമാനകാലസന്ധ്യകളും അദ്ദേഹത്തിന് ശക്തി പകരുന്നു. മനുഷ്യമഹത്വത്തെ നെഞ്ചേറ്റി ലാളിക്കാൻ എപ്പോഴും സന്നദ്ധമായ മനസ്സാണ് അദ്ദേഹത്തിന്റേത്. ബിംബകൽപ്പനയിലും സൗന്ദര്യപരമായ അന്തസത്തയിലും ഒ.എൻ.വി. കവിത ഉദാത്ത മേഖലകളെ പുൽകി നിൽക്കുന്നു. പാശ്ചാത്യ പൗരസ്ത്യ ഇതിഹാസ കാവ്യങ്ങൾ അദ്ദേഹത്തിന്റെ കാവ്യ ജീവിതത്തിന് പ്രചോദനമാകുന്നു. കാലദേശാനുവർത്തിയായ മാനുഷിക മൂല്യങ്ങളുടെ പ്രയോക്താവ് എന്ന നിലയിൽ പ്രൊഫ. ഒ.എൻ.വി. കൂടുതൽ ആദരണീയനാണ്.

**പഠന പ്രവർത്തനങ്ങൾ**

1. ആശയം വിശദമാക്കുക.

   കേവലാഹ്ലാദത്തിന്റെ അമൃതം നഷ്ടപ്പെട്ടോർ

   നാം വരും വരായ്കകൾ ചിന്തിച്ചു ദുഃഖിപ്പവർ !

2. ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

   ഭൂമിയ്ക്കൊരു ചരമഗീതം

3. കവിതാശിൽപശാല.

   1. കവികളുമായി സംവാദം
   2. ആനുകാലികങ്ങളിൽ വരുന്ന കവിതകൾ വിലയിരുത്തുക.
   3. കവിതാ രചന
   4. പഠനം തയ്യാറാക്കുക
   5. അവതാരിക തയ്യാറാക്കുക - പദ്യത്തിനനുയോജ്യമായ രീതിയിൽ അവതാരിക തയ്യാറാക്കുക.

4. ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുക.

   നിങ്ങൾക്കിഷ്ടപ്പെട്ട ഒ.എൻ.വി യുടെ ഏതെങ്കിലും കവിതകൾ തെരഞ്ഞെടുത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

## വിഭാഗം-II

# ഗദ്യസാഹിത്യം

### അദ്ധ്യായം-6

## 1. സഞ്ചാരസാഹിത്യം

**മുഖവുര**

വായനക്കാർക്ക് വളരെയേറെ താൽപ്പര്യമുള്ള ഒരു സാഹിത്യ ശാഖയാണ് സഞ്ചാരസാഹിത്യം. അന്യനാടുകളെക്കുറിച്ചും അവിടത്തെ ജനങ്ങളെക്കുറിച്ചും അറിയാനുള്ള ജിജ്ഞാസ സ്വാഭാവികമായും മനുഷ്യനുണ്ട്. എല്ലാ ദേശങ്ങളും എല്ലാവർക്കും പോയികാണുക സാധ്യമല്ല. സഞ്ചാരസാഹിത്യം മനുഷ്യന്റെ ഈ ജിജ്ഞാസ തൃപ്തിപ്പെടുത്തുന്നു.

**1. സാംസ്കാരികത**

അന്യനാടുകളുമായുള്ള ഈ പരിചയം രാജ്യങ്ങൾ തമ്മിലുള്ള പരസ്പര ധാരണയും സാംസ്കാരിക സമന്വയത്തിനും വഴി തെളിക്കുന്നു. മനുഷ്യന്റെ അനുഭവ ലോകവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും സഞ്ചാരസാഹിത്യത്തിൽ ഉൾക്കൊള്ളുന്നു. നാടിന്റെ ഭൂമിശാസ്ത്രപരവും, ചരിത്രപരവുമായ പ്രത്യേകതകൾ, ജനങ്ങളുടെ ജീവിതരീതി, സാംസ്കാരികബോധം, സാമൂഹിക സ്ഥിതിവിശേഷങ്ങൾ, ഭരണസംവിധാനം മുതലായവ മാത്രമല്ല ഇവ ഓരോന്നിനെയും സ്വന്തം നാടുമായി താരതമ്യപ്പെടുത്തുകയും ആവാം. മുൻവിധിയോടെ ഒരു രാജ്യത്തെയോ ജനതയേയോ സമീപിക്കുന്നത് ശരിയായിരിക്കില്ല. തുറന്ന മനസ്സോടും തെളിഞ്ഞ കണ്ണോടും കൂടി എല്ലാം നോക്കിക്കാണുകയും വിലയിരുത്തുകയും വേണം. ജനസമൂഹങ്ങൾക്ക് അതാതിന്റെ സാംസ്കാരിക പൈതൃകം ഉണ്ടായിരിക്കും. തികഞ്ഞ നിഷ്പക്ഷതയോടു മാത്രമേ ഇതൊക്കെ വിലയിരുത്താനാവൂ. ഭൗതികാർഭാടങ്ങളിൽ മാത്രം ശ്രദ്ധിച്ചാൽ ആ രാജ്യത്തിന്റെ ആത്മചൈതന്യം കണ്ടെത്താനാവില്ല.

ഭാവനാശാലിയും സൂക്ഷ്മനിരീക്ഷണ പടുവുമായ ഒരു എഴുത്തുകാരനുമാത്രമേ മികച്ച സഞ്ചാരസാഹിത്യകൃതി എഴുതാൻ കഴിയൂ. അത് വായിക്കുമ്പോൾ, വിവരിക്കപ്പെടുന്ന സ്ഥലങ്ങളിലൂടെ വായനക്കാർ സഞ്ചരിക്കുന്ന പ്രതീതി ഉണ്ടാകണം. ഈ യാഥാർത്ഥ്യ പ്രതീതിയും ഭാവസാന്ദ്രതയുമാണ് സഞ്ചാരസാഹിത്യ കൃതിക്ക് മനോഹാരിത നൽകുന്നത്.

വിജ്ഞാന കുതുകിയുടെ അന്വേഷണ പടുതയും ചരിത്രകാരന്റെയും സാമൂഹിക ശാസ്ത്രജ്ഞന്റെയും സൂക്ഷ്മ നിരീക്ഷണ സാമർത്ഥ്യവും ദാർശനികന്റെ സമചിത്തതയും കവിയുടെ ഭാവനാവിലാസവും കലാകാരന്റെ ശിൽപ്പ ചാതുരിയും ഒരു സഞ്ചാരസാഹിത്യകാരന് ഒത്തിണങ്ങിയിരിക്കണം. അപ്പോഴെ ഉത്തമ സഞ്ചാരസാഹിത്യ കൃതികൾ രചിക്കാനാവൂ.

**2. ആവിർഭാവം**

സഞ്ചാര സാഹിത്യത്തിന്റെ ആവിർഭാവം എന്നാണെന്ന് തീർത്തുപറയുക എളുപ്പമല്ല. കാരണം ഹൃദ്യമായ സഞ്ചാര വിവരണങ്ങൾകൊണ്ട് അതീവ സമ്പന്നമാണ് രാമായണം, മഹാഭാരതം, ഇലിയഡ്, ഒഡീസി മുതലായ ഇതിഹാസ കാവ്യങ്ങൾ. ഈ കാവ്യങ്ങളിലെ ആകർഷകങ്ങളും വികാര നിർഭരങ്ങളുമായ ഭാഗങ്ങളാണ് അവയിൽ പ്രതിപാദിക്കുന്ന യാത്രാനുഭവങ്ങൾ.

രഘുവംശത്തിലെ രഘുവിന്റെ ദിഗ്വിജയ യാത്രയും, രാമായണത്തിൽ രാവണവധത്തിനു ശേഷം ശ്രീരാമാദികളുടെ അയോദ്ധ്യയിലേക്കുള്ള യാത്രയും എത്രയോ ആകർഷകം. മേഘദൂത് തുടർന്നിങ്ങോട്ടുള്ള സന്ദേശകാവ്യങ്ങളെല്ലാം മികച്ച സഞ്ചാര സാഹിത്യകൃതികൾ കൂടിയാണല്ലോ.

ലോക ചരിത്രത്തിൽ ആദ്യമായി സഞ്ചാരക്കുറിപ്പുകൾ എഴുതിയത് ഇൻഡ്യ സന്ദർശിച്ച ചൈനാക്കാരനായ ബുദ്ധ സന്ന്യാസി ഫാഹിയനായിരുന്നു. താൻ സന്ദർശിച്ച മധ്യേഷ്യാ, ഇൻഡ്യ, സിലോൺ എന്നിവിടങ്ങളിലെ അനുഭവങ്ങൾ അദ്ദേഹം കുറിച്ചു വച്ചു.

**3. സഞ്ചാര സാഹിത്യം മലയാളത്തിൽ**

പാറമേക്കൻ തോമാ കത്തനാർ എഴുതിയ 'വർത്തമാന പുസ്തകമാണ് (1786) മലയാളത്തിൽ ആദ്യത്തെ സഞ്ചാര സാഹിത്യകൃതി. മലയാള സഞ്ചാരസാഹിത്യകാരന്മാരിൽ സർവ്വ പ്രകാരണേയും സമുന്നതനായി നിൽക്കുന്നത് എസ്.കെ. പൊറ്റക്കാടാണ്. ഇന്നത്തെപ്പോലെ സാമൂഹിക പുരോഗതിയോ, യാത്രാ സൗകര്യങ്ങളോ ഇല്ലാതിരുന്ന കാലത്ത് ഒട്ടേറെ യാത്രാ പര്യടനങ്ങൾ നടത്തിയ സാഹസികനായ എഴുത്തുകാരനാണ് എസ്.കെ.പൊറ്റക്കാട്. 'കാപ്പിരികളുടെ നാട്ടിൽ', 'നൈൽ ഡയറി, ഇൻഡോനേഷ്യൻ ഡയറി, ബാലിദ്വീപ്, പാതിരാ സൂര്യന്റെ നാട്ടിൽ തുടങ്ങിയവ പൊററക്കാടിന്റെ എണ്ണപ്പെട്ട കൃതികളാണ്.

അദ്ദേഹത്തിന്റെ സഞ്ചാര സാഹിത്യകൃതികൾ മൂന്ന് വാല്യങ്ങളായി പുനഃസമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. തന്റെ ലണ്ടൻ യാത്രയെക്കുറിച്ചും അവിടത്തെ ജീവിതത്തെക്കുറിച്ചും രസകരമായി പ്രതിപാദിക്കുന്ന കൃതിയാണ് കെ.പി. കേശവ മേനോന്റെ 'ബിലാത്തി വിശേഷം'.

സാഹസികമായ ജീവിതാനുഭവങ്ങൾകൊണ്ടും ഉദ്വേഗജനകമായ വിവരണങ്ങൾകൊണ്ടും മികച്ചു നിൽക്കുന്ന കൃതികളാണ് കെ.എം. പണിക്കരുടെ 'എന്റെ ജപ്പാൻ യാത്ര'. 'അമേരിക്കയിലെ അനുഭവങ്ങൾ'. (ഡോ. കെ.എം. ജോർജ്ജ്,) 'ആൾക്കൂട്ടത്തിൽ തനിയെ' (എം.ടി. വാസുദേവൻ നായർ.) അമേരിക്കയിൽ ആറാഴ്ചകൾ (ഇ.എം. കോവൂർ) 'അമേരിക്കൻ തിരശ്ശീല' (തകഴി)വ്യത്യസ്ത കോണുകളിലൂടെയാണ് ഓരോരുത്തരും അമേരിക്കയെ വിലയിരുത്തുന്നത്.

**ഉപസംഹാരം**

സഞ്ചാര സാഹിത്യത്തിൽ കൃതികളുടെ ഭാവനാത്മകമായും കാര്യമാത്രപ്രസക്തമായും ആശയങ്ങൾ ആവിഷ്ക്കരിക്കാനുള്ള ശേഷി പ്രസക്തമാണ്.

'പുരി മുതൽ നാസിക് വരെ' (വെട്ടൂർ രാമൻനായർ) ഉണരുന്നൂ ഉത്തരേന്ത്യ (എൻ.വി. കൃഷ്ണവാര്യർ) പതിനൊന്ന് യൂറോപ്യൻ നാടുകളിൽ (ടാറ്റാപുരം സുകുമാരൻ) ഇത്തരത്തിൽ ഒട്ടനവധി യാത്രാവിവരണങ്ങൾ ഉണ്ട്. സഞ്ചാര സാഹിത്യ ശാഖയിൽ വ്യക്തിമുദ്ര പതിപ്പിച്ച കെ.പി.എസ്. മേനോന്റെ ഡൽഹി – റഷ്യൻ പനോരമ എന്നീ കൃതികൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. കാട്ടാക്കട ദിവാകരന്റെ 'കേരളീയ ഗ്രാമങ്ങളിലൂടെ' എന്ന കൃതി കേരളത്തെ സംബന്ധിക്കുന്ന ഒരു ആധികാരിക ഗ്രന്ഥം കൂടിയാകുന്നു.

**പഠന പ്രവർത്തനങ്ങൾ**

1. വായനക്കുറിപ്പ് തയ്യാറാക്കുക.
   സഞ്ചാര സാഹിത്യം
2. യാത്രാവിവരണം തയ്യാറാക്കുക.
   യാത്രാ വിവരണത്തിന്റെ സവിശേഷതകൾ കണ്ടെത്തി അത് ക്ലാസിൽ ചർച്ച ചെയ്യുക. ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ പോയ യാത്രയെക്കുറിച്ച് ലഘുവായ മറ്റൊരു വിവരണംതയ്യാറാക്കുക.
3. സാംസ്ക്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേയ്ക്ക് പഠനയാത്ര സംഘടിപ്പിക്കുക. സന്ദർശിച്ച സ്ഥലങ്ങളിലെ കാഴ്ചകൾ വർണ്ണനാത്മകമായി അവതരിപ്പിക്കുക.

## 2. വിമർശനം

**മുഖവുര**

ഒരു സാഹിത്യ കൃതി വിശകലനം ചെയ്ത് അതിന്റെ ആന്തരികവും ബാഹ്യവുമായ സവിശേഷതകൾ വിലയിരുത്തി മൂല്യനിർണ്ണയം ചെയ്യുന്ന ക്രിയാത്മകവും ബുദ്ധിപരവുമായ പ്രവർത്തനമാണ് വിമർശനം. സർഗ്ഗാത്മക സാഹിത്യകൃതികളാണ് മുഖ്യമായും ഇപ്രകാരം വിലയിരുത്തപ്പെടുന്നത്. സൃഷ്ടിയും വിമർശനവും സാഹിത്യത്തിലെ പരസ്പര ബന്ധമുള്ള പ്രധാന ശാഖകളാണ്.

ഒരു കൃതിയുടെ കലാമൂല്യം കണ്ടെത്തി സാംസ്കാരിക ജീവിതത്തിൽ അത് ഉളവാക്കിയ സ്വാധീനം നിർണ്ണയിക്കുന്ന വിമർശകൻ ആ കൃതിയുടെയും അതിന്റെ സ്രഷ്ടാവിന്റെയും സാംസ്കാരികവും, വൈകാരികവും, മാനസികവുമായ അന്തർമണ്ഡലങ്ങളിൽ സൂക്ഷ്മ നിരീക്ഷണമാണ് നടത്തുന്നത്. കലയെ വ്യാഖ്യാനിക്കുന്ന കലയായി വിമർശനത്തെ കാണുന്നു. വ്യാഖ്യാനവും വിധി കൽപ്പിക്കലുമാണ് വിമർശനത്തിന്റെ രണ്ടു ധർമ്മങ്ങളെന്ന് ഹെൻറി ഹഡ്സൺ അഭിപ്രായപ്പെടുന്നു. ഒരു കൃതിയുടെ സമഗ്രമായ അപഗ്രഥനത്തിലൂടെ മാത്രമേ ഇത് സാധിക്കുകയുള്ളൂ.

ഒരു കൃതിയെ സമഗ്രമായി അപഗ്രഥിച്ച് മൂല്യനിർധാരണം ചെയ്യുന്നതിനാണ് വിമർശനമെന്നു പറയുന്നത്. സാഹിത്യ വിമർശനത്തിൽ വിശദീകരണം, വ്യാഖ്യാനം, മൂല്യ നിർധാരണം എന്നീ മൂന്നു ഘടകങ്ങൾ അന്തർഭവിച്ചിരിക്കുന്നു.

ഖണ്ഡനം, മണ്ഡനം, ഗുണദോഷവിചിന്തനം എന്നീ വിധമാണ് പൗരസ്ത്യാചാര്യന്മാർ കൃതികളെ വിമർശിച്ചിരിക്കുന്നത്. ഒരു കൃതിയെ സർവ്വദാ അനുകൂലിച്ചുകൊണ്ട് ചെയ്യുന്ന വിമർശനമാണ് മണ്ഡനം. കൃതിയെ അടിമുടി വിമർശിച്ച് ദോഷം മാത്രം കണ്ടെത്തുന്നത് ഖണ്ഡനം. പഴയ ആലങ്കാരികന്മാരുടെ സിദ്ധാന്തങ്ങളെ നിയാമകഘടകങ്ങളായി നടത്തുന്ന വിമർശനം ക്ലാസിക് വിമർശനം.

**1. സംസ്കൃതത്തിൽ**

നിരുക്ത കർത്താവായ യാസ്കന്റെ കാലത്തു തന്നെ കലാവിമർശനത്തിന്റെ പ്രഥമ സ്ഫുരണങ്ങൾ ഭാരതത്തിൽ കണ്ടു തുടങ്ങി. അലങ്കാര ശാസ്ത്രത്തെക്കുറിച്ചുള്ള ശാസ്ത്രീയ വിചിന്തനമായാണ് ഇതാരംഭിച്ചത്. ഭാരതമുനിയുടെ നാട്യശാസ്ത്രമാണ് ഭാരതീയ സാഹിത്യ ശാസ്ത്ര ഗ്രന്ഥങ്ങളിൽ ഏറ്റവും പ്രാചീനവും പ്രാമാണികവും. അലങ്കാര ശാസ്ത്രം, കാവ്യശാസ്ത്രം, സാഹിത്യദർശനം, കാവ്യദർശനം തുടങ്ങിയ പേരുകളിലാണ് സംസ്കൃത സാഹിത്യ വിമർശനം പൊതുവെ അറിയപ്പെടുന്നത്.

**2. മലയാളത്തിൽ**

സംസ്കൃത സാഹിത്യ വിമർശന പാരമ്പര്യത്തെ അവലംബിച്ചാണ് മലയാളത്തിൽ വിമർശനം സമാരംഭിച്ചത്. വാക്യദോഷം, പദദോഷം, രസം, തുടങ്ങിയവയെ മാത്രം സ്പർശിച്ചുകൊണ്ടുള്ള ഈ വിമർശനം കൃതിയുടെ ആന്തരികമൂല്യം നിർദ്ധാരണം ചെയ്യുന്നതിൽ പറയത്തക്ക ശ്രദ്ധ ചെലുത്തിയില്ല. പാശ്ചാത്യ സമ്പർക്കത്തോടെ വിമർശന പാതയിൽ മൗലികമായ വ്യതിയാനങ്ങൾ സംഭവിച്ചു തുടങ്ങി. ഇന്ന് പാശ്ചാത്യ പൗരസ്ത്യ നിരൂപണ പദ്ധതിയുടെ സമന്വയം കൂടുതലായി മലയാളത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു. മലയാളത്തിലെ ആദ്യത്തെ വിമർശന ഗ്രന്ഥമായി കരുതേണ്ടത് ലീലാതിലകമാണ്.

മലയാളത്തിൽ ആധുനിക നിരൂപണ പ്രസ്ഥാനത്തിന് മാർഗ്ഗദർശനം നൽകിയത് 'വിദ്യാ വിനോദിനി' പത്രാധിപനായിരുന്ന സി.പി. അച്യുതമേനോനാണ്. വിദ്യാ വിനോദിനിയിൽ അദ്ദേഹം

പ്രസിദ്ധീകരിച്ച പുസ്തകാഭിപ്രായങ്ങൾ ആധുനിക സാഹിത്യ വിമർശനത്തിന് അടിത്തറ പാകി.

സാമ്പ്രദായികരീതി വിട്ട് പുതിയ അഭിവീക്ഷണത്തോടെ സാഹിത്യവിമർശനത്തിന് ചാലു തുറന്ന പ്രതിഭാധനനാണ് ഏ.ആർ. രാജരാജവർമ്മ. നളചരിതം ആട്ടക്കഥയ്ക്ക് അദ്ദേഹം എഴുതിയ പഠനവും വ്യഖ്യാനവും കാന്താര താരകം - ഗ്രന്ഥനിരൂപണത്തിൽ പ്രൗഢമായ പുതിയ മാർഗ്ഗം കുറിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ സാഹിത്യസാഹ്യം, ഭാഷാഭൂഷണം എന്നീ കൃതികളാണ് പിൽക്കാലത്ത്, സാഹിത്യനിരൂപണത്തിന് അവലംബമാക്കേണ്ട ചില തത്വങ്ങൾ അവതരിപ്പിച്ചത്. ശാസ്ത്രീയ വീക്ഷണത്തോടെ സാഹിത്യകൃതിയുടെ ആത്മാവിലേക്ക് കടന്നു ചെല്ലാനാണ് ഏ.ആർ. തയ്യാറായത്.

ഏ. ആറിന്റെ പിന്നാലെ രംഗത്തെത്തിയത് സാഹിത്യ പഞ്ചാനൻ പി.കെ. നാരായണ പിള്ളയാണ്. പാശ്ചാത്യ കാവ്യസിദ്ധാന്തങ്ങൾക്കൊപ്പം പൗരസ്ത്യ കാവ്യസിദ്ധാന്തങ്ങളിലും അദ്ദേഹത്തിന് അവഗാഹമുണ്ടായിരുന്നു. യഥാസ്ഥിതിക ചിന്താധാരയെ അംഗീകരിച്ച പി.കെ. വിമർശനത്തിന്റെ അക്കാദമീയമായതലത്തിൽ മാത്രം നിലയുറപ്പിച്ചു. ഗുരുവിന്റെ പുരോഗമനപരമായ വീക്ഷണം പി.കെ. യ്ക്ക് ഇഷ്ടമായിരുന്നില്ല. അതുകൊണ്ടാവാം ആശാൻ, വള്ളത്തോൾ തുടങ്ങിയവരെ അംഗീകരിക്കാൻ പി.കെ. മടി കാണിച്ചത്.

പ്രസിദ്ധ പത്രപ്രവർത്തകനും സ്വതന്ത്ര ചിന്തകനും ജനാധിപത്യവാദിയുമായിരുന്ന സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള സാഹിത്യ നിരൂപകൻ എന്ന നിലയിൽ പ്രസിദ്ധനാണ്. 1878 മെയ് 25-ന് നെയ്യാറ്റിൻകരയിൽ ജനിച്ച ഇദ്ദേഹം കേരളദർപ്പണം, സ്വദേശാഭിമാനി എന്നീ പത്രങ്ങളുടെ പത്രാധിപരായിരുന്നു. സ്വദേശാഭിമാനിയുടെ മുഖപ്രസംഗങ്ങൾ ഉജ്ജ്വലങ്ങളായിരുന്നു. തൂലിക പടവാളാക്കിയ ഇദ്ദേഹം തിരുവിതാംകൂർ ദിവാന്റെ ദുർനടപടികളെ അതിരൂക്ഷമായി വിമർശിച്ചു. രാജ്യദ്രോഹകുറ്റം ചുമത്തി ഇദ്ദേഹത്തെ നാടു കടത്തി. നിശിതവും കർക്കശവുമായ നിരൂപണ രീതിയായിരുന്നു അദ്ദേഹത്തിന്റേത്. പാശ്ചാത്യവിമർശന മാനദണ്ഡമാണ് പ്രധാനമായും ഇതിന് വഴികാട്ടി.

**3. കേസരി ബാലകൃഷ്ണപിള്ള**

പാശ്ചാത്യ സാഹിത്യ സിദ്ധാന്തങ്ങളെ അടിസ്ഥാനമാക്കി മലയാള സാഹിത്യവിമർശനത്തെ പുരോഗതിയുടെ പാതയിലേക്ക് നയിച്ചത് കേസരിയാണ്. പുരോഗമന സാഹിത്യപ്രസ്ഥാനത്തിന്റെ പ്രധാനവക്താവായിരുന്നു കേസരി. നവോത്ഥാന സാഹിത്യത്തിന്റെ മാർഗ്ഗദർശി എന്നാദരിക്കപ്പെടുന്ന കേസരിയെ കേന്ദ്രമാക്കി കേസരി സ്കൂൾ രൂപപ്പെട്ടു. ഈ സ്കൂളിൽ നടന്ന അനൗപചാരിക ചർച്ചകളും വിമർശനങ്ങളും പിൽക്കാലത്ത് മലയാള സാഹിത്യത്തിന് മുതൽ കൂട്ടായി ഭവിച്ചു.

**4. എം.പി.പോൾ**

സാഹിത്യസംബന്ധിയായ ഗ്രന്ഥങ്ങൾ കൊണ്ട് മലയാള സാഹിത്യത്തിന്റെ നവോത്ഥാന പ്രക്രിയയ്ക്ക് ഊർജം പകരുകയും നേതൃത്വം വഹിക്കുകയും ചെയ്ത ധിഷണാശാലിയാണ് എം.പി. പോൾ. പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ പ്രമുഖ നേതാവും പുരോഗമന സാഹിത്യസംഘടനയുടെ അധ്യക്ഷനും ആയിരുന്നു. സാഹിത്യ കൃതികളിൽ അന്തർഭവിച്ചിരിക്കുന്ന മാനുഷിക മൂല്യങ്ങൾ നിർധാരണം ചെയ്യുന്നിടത്താണ് വിമർശകൻ സ്വന്തം അസ്തിത്വം ഉറപ്പിച്ചിരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിക്കുന്നു. നോവൽസാഹിത്യം, ചെറുകഥാസാഹിത്യം, സാഹിത്യവിചാരം, കാവ്യദർശനം, സൗന്ദര്യനിരീക്ഷണം തുടങ്ങിയവയാണ് കൃതികൾ.

**5. കുട്ടികൃഷ്ണൻ മാരാർ**

സംസ്കൃത പണ്ഡിതനും അദ്ധ്യാപകനുമായിരുന്ന മാരാർ. 'മാതൃഭൂമിയിൽ' ചീഫ് പ്രൂഫ് റീഡർ ആയിരുന്നു. സംസ്കൃത പാരമ്പര്യത്തിൽ വിമർശനം നടത്തിയ മാരാർ വിമർശനത്തിൽ തനതായ മാർഗ്ഗം കണ്ടെത്തി. സാഹിത്യ സൗന്ദര്യശാസ്ത്രത്തിന്റെ മൗലിക തത്വങ്ങളിൽ ഉറച്ചു നിന്നുകൊണ്ടാണ് അദ്ദേഹം തൂലിക ചലിപ്പിച്ചത്. വിട്ടുവീഴ്ചയില്ലാത്ത അഭിപ്രായദാർഢ്യം, ശക്തിയും മൂർച്ചയും ഒത്തിണങ്ങിയ ഭാഷ, പഴമയേയും, പുതുമയേയും ഇണക്കി ചേർക്കാനുള്ള അസാധരണ വൈഭവം ഇതെല്ലാം മാരാർ കൃതികളുടെ സവിശേഷതകളാണ്. കല ജീവിതം തന്നെ, സാഹിത്യവിദ്യ, രാജാങ്കണം, സാഹിത്യ സല്ലാപം, കൈവിളക്ക്, ഹാസ്യ സാഹിത്യം, ചർച്ചായോഗം, ദന്തഗോപുരം തുടങ്ങി ഇരുപതിലേറെ സാഹിത്യ വിമർശന കൃതികൾ എഴുതിയിട്ടുണ്ട്.

**6. ജോസഫ് മുണ്ടശ്ശേരി**

1903 ജൂലൈ 17-ന് കണ്ടശ്ശാം കടവിൽ ജനിച്ചു. തൃശൂർ സെന്റ് തോമസ് കോളേജിൽ മലയാളം പ്രൊഫസറായിരുന്നു. കൃതികളിലെ സാങ്കേതിക ഘടകങ്ങളിലല്ല, അവയിൽ ഉൾച്ചേർന്നിരിക്കുന്ന ജീവിതമൂല്യങ്ങളിലാണ് മുണ്ടശ്ശേരി മനമൂന്നിയത്. ഉക്തി ദാർഢ്യവും, ആത്മവിശ്വാസവും മുറ്റി നിൽക്കുന്ന ശൈലിയാണ് അദ്ദേഹത്തിന്റേത്. മാനദണ്ഡം, മാറ്റൊലി, പ്രയാണം, നാടകാന്തം കവിത്വം, രാജരാജന്റെ മാറ്റൊലി, ആശാൻ കവിത, വള്ളത്തോൾ കവിത, മനുഷ്യകഥാനുഗായികൾ, അന്തരീക്ഷം, കാവ്യപീഠിക, വായനശാലയിൽ തുടങ്ങിയവയാണ് മുഖ്യ കൃതികൾ.

**7. എസ്. ഗുപ്തൻ നായർ**

പ്രഗത്ഭനായ അധ്യാപകനും, സാഹിത്യവിമർശകനുമായ ഗുപത്ൻനായർ 1919 ആഗസ്റ്റ് 21-ന് കായംകുളത്ത് ജനിച്ചു. സൗന്ദര്യാത്മകമായ അന്വേഷണപരതയും സാഹിത്യലക്ഷ്യത്തെ സംബന്ധിച്ച വ്യക്തതയുമാണ് പ്രൊഫ: ഗുപ്തൻനായരുടെ മുഖമുദ്ര. അക്കാലത്ത് പുരോഗമന സാഹിത്യപ്രസ്ഥാനത്തോടൊപ്പം നിന്നിരുന്നെങ്കിലും പ്രത്യേക ചട്ടക്കൂട്ടിൽ ഒതുങ്ങി നിൽക്കുന്ന എഴുത്തുകാരന്റെ പ്രതിജ്ഞാബദ്ധതയേയും സാഹിത്യത്തിലൂടെയുള്ള രാഷ്ട്രീയ പ്രചാരണതന്ത്രങ്ങളെയും അംഗീകരിക്കാൻ കലയുടെ സൗന്ദര്യാത്മകമായ തികവിനെയും സംശുദ്ധിയേയും ആദരിക്കുന്ന അദ്ദേഹം സന്നദ്ധനല്ല. അതേസമയം എഴുത്തുകാരും സമൂഹവും തമ്മിലുള്ള ദൃഢമായ ആദാനപ്രദാനബന്ധം പ്രൊഫ. ഗുപ്തൻ നായർ നിരാകരിക്കുന്നില്ല. വ്യത്യസ്തങ്ങളായ ആശയങ്ങളുടെ സമന്വയത്തിന് സന്നദ്ധമായ ക്രിയാത്മക മനോഭാവമാണ് അദ്ദേഹത്തിന്റെത്.

ആശയപരമായ വ്യക്തതയിലും ഭാഷാപരമായ തെളിവിലും അദ്ദേഹം എപ്പോഴും ശ്രദ്ധിക്കുന്നു. നേരിയ നർമ്മവും ഉപഹാസവും ഗുപ്തൻനായരുടെ ചില വിമർശനങ്ങളിൽക്കാണാം. സമചിത്തത കൈവിടാത്ത ഗൗരവ ബോധമുള്ള വിമർശകനാണ് അദ്ദേഹം. ആധുനിക സാഹിത്യം, സമാലോചന, തിരയും ചുഴിയും, കാവ്യ സ്വരൂപം തുടങ്ങിയവ കൃതികൾ ഇസങ്ങൾക്കപ്പുറം എന്ന കൃതിക്ക് കേരള സാഹിത്യ അക്കാദമി അവാർഡും 1967 -ൽ തിരഞ്ഞെടുത്ത പ്രബന്ധങ്ങൾക്ക് കേന്ദ്രസാഹിത്യ അക്കാഡമി അവാർഡും ലഭിച്ചു.

**ഉപസംഹാരം:-**

ഒട്ടനവധി വിമർശനകൃതികൾ കൊണ്ട് സമ്പുഷ്ടമാണ് മലയാള സാഹിത്യം. എം. ലീലാവതി, ഡോ. കെ. എം. ജോർജ്ജ്, തായാട്ട് ശങ്കരൻ, എൻ. വി. കൃഷ്ണവാര്യർ, പി. ഗോവിന്ദപ്പിള്ള തുടങ്ങിയവർ

വിമർശനരംഗത്ത് ഒരു പുതിയ തലമുറയുടെ അരങ്ങേറ്റത്തിന് സാക്ഷ്യം വഹിച്ചവരാണ്. ചില പ്രത്യേക ദശാസന്ധികളിൽ വിദേശ രാജ്യങ്ങളിൽ ഉരുത്തിരിഞ്ഞുവന്ന ദർശനമാണ് നവീന വിമർശനം. വിവരണ സാഹിത്യം ഇന്ന് രൂക്ഷമായ വിമർശനത്തെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. കലാസൃഷ്ടിയോ വലുത് അതോ അതടിസ്ഥാനമാക്കിയുള്ള ചർച്ചയോ ഇതാണ് കാതലായ പ്രശ്നം.

**പഠന പ്രവർത്തനങ്ങൾ**

1. നവീന വിമർശന സാഹിത്യ കൃതികൾ വായിക്കുക.
2. മാരാർ മുണ്ടശ്ശേരി, എം.പി. പോൾ, ഗുപ്തൻ നായർ തുടങ്ങിയവരുടെ വിമർശന കൃതികൾ ശേഖരിക്കുക.
3. സാഹിത്യ സൃഷ്ടികൾ വായിച്ച് വിലയിരുത്തുക.
4. ആൽബം തയ്യാറാക്കുക.

പ്രസിദ്ധരായ പ്രാചീനരും നവീനരുമായ വിമർശകരെ ഉൾപ്പെടുത്തി ആൽബം തയ്യാറാക്കുക.

## 3. ഉപന്യാസം

**മുഖവുര**

ഇംഗ്ലീഷിൽ എസ്സേ (Essay) എന്ന പദത്തിന് പകരം മലയാളത്തിൽ ഉപയോഗിക്കുന്നപദമാണ് ഉപന്യാസം.വിപുലമായ അർത്ഥവ്യാപ്തിയാണ് ഈ പദത്തിനുള്ളത്. നിയന്ത്രിതമായ ഒരു വിഷയത്തിലേയ്ക്ക് വെളിച്ചം ചൊരിയുന്ന ഗദ്യത്തിലുള്ള നാതി ദീർഘ 'ഉദ്യമ' മത്രേ ഉപന്യാസം. പക്ഷേ ഈ നിർവ്വചനത്തിൽ മാത്രം ഉപന്യാസത്തെ ഒതുക്കി നിർത്താനാവില്ല.

**1. വീക്ഷണങ്ങൾ**

വായനക്കാരന് വളരെ വേഗം പിൻതുടരാൻ കഴിയുന്ന വിധമുള്ള ആശയങ്ങളുടെ പ്രതിപാദനമേ ആകുന്നുള്ളൂ ഉപന്യാസം. ഫ്രഞ്ചുഭാഷയിലെ Esscus എന്ന പദത്തിൽ നിന്നാണ് Essay യുടെ നിഷ്പാദനം. ഫ്രഞ്ചുസാഹിത്യത്തിലെ മൊൺടേൺ എന്ന പണ്ഡിതനാണ് ഇതിന്റെ ഉപജ്ഞാതാവ്. 1571 – ൽ ഉപന്യാസ പ്രസ്ഥാനത്തിന് മൊൻടേൺ രൂപം കൊടുത്തു. അദ്ദേഹം എഴുതിയ ഗദ്യശകലങ്ങൾ essais എന്ന പേരിൽ 1580 –ൽ പുസ്തകമായി പ്രസിദ്ധീകരിച്ചു. ഇതത്രേ ലോകസാഹിത്യത്തിലെ ആദ്യത്തെ ഉപന്യാസ സമാഹാരം.

ഒരു വസ്തുവിന്റെ വർണ്ണന, ആഖ്യാനം, ചരിത്രം, ഉപപാദനം, നിരൂപണം, ഇതെല്ലാം ഉപന്യാസത്തിന്റെ പരിധിയിൽപ്പെടുത്താം. പ്രതിപാദ്യവിഷയമല്ലാ പ്രതിപാദന രീതിയ്ക്കാണ് ഉപന്യാസത്തിൽ പ്രാധാന്യം. ഉപന്യാസത്തിൽ എഴുത്തുകാരന്റെ വൈയ്യക്തികാംശം ഏറി നിൽക്കും. നർമ്മബോധം കൊണ്ടതിന് ചാരുത നൽകും. ഭാവഗീതം പോലെ സുന്ദരമായ വാങ്മയ കലയായിരിക്കും അത്.

**2. നിർവ്വചനം**

ആഹ്ലാദജനകമായ ആത്മഭാഷണമാണ് ഉപന്യാസം. പ്രമേയത്തെയും പ്രതിപാദനത്തെയും അടിസ്ഥാനമാക്കി ഉപന്യാസത്തെ രണ്ടായി വിഭജിക്കാം. അനൗപചാരികവും ഔപചാരികവും. ഔപചാരിക ഉപന്യാസം വിമർശനപരവും ചരിത്രപരവും ആയിരിക്കും. യുക്തിയുക്തമായിരിക്കും അതിൽ വസ്തുത പ്രതിപാദിക്കുന്നത്. വസ്തുനിഷ്ഠമായ ശൈലി, കാര്യഗൗരവം എന്നിവയും ഇതിന്റെ

പ്രത്യേകതകളാകുന്നു. ബേക്കൺ, സാമുവൽജോൺസൺ, ഗോൾഡ്സ്മിത്ത്, അഡിസൻ എന്നിവർ ഗൗരവമുള്ള സാഹിത്യപ്രസ്ഥാനമായി ഉപന്യാസത്തെ വളർത്തി എടുത്തു.

ആധുനിക കാലത്ത് ഔപചാരിക ഉപന്യാസത്തിന്റെ പ്രമേയം, ശൈലി, ദൈർഘ്യം എന്നീ കാര്യങ്ങളിൽ വ്യതിയാനം സംഭവിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോടെ പാശ്ചാത്യസാഹിത്യത്തിൽ എസ്സേ വിപുലമായ ഒരു പ്രസ്ഥാനമായി വളർന്നു.

**3. മലയാളത്തിൽ**

വിദ്യാവിനോദിനി, ഭാഷാപോഷിണി, രസികരഞ്ജിനി തുടങ്ങി ആദ്യകാല മലയാള മാസികകളിൽ 1808–നും 1910–നും ഇടയിൽ പ്രസിദ്ധീകരിച്ച ലേഖനങ്ങളാണ് ഉപന്യാസ പ്രസ്ഥാനത്തിന് പ്രാരംഭം കുറിച്ചത്. എം. രാജരാജവർമ്മ, കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, അപ്പൻ തമ്പുരാൻ തുടങ്ങിയവർ സാഹിത്യം, ചരിത്രം, ജീവചരിത്രം, തത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി 'വിദ്യാവിനോദിനിയിൽ' എഴുതിയ ലേഖനങ്ങൾ സമാഹരിച്ച് 'ഗദ്യമാലിക' എന്ന പുസ്തകം 1907 –ൽ പ്രസിദ്ധീകരിച്ചു. ഇതാണ് ആദ്യത്തെ മലയാള ഉപന്യാസകൃതി.

**4. ആധുനിക പുരോഗതി**

ഉപന്യാസവും അതിന്റെ ഗൗരവപൂർണ്ണമായ പരിണാമമെന്ന് വിശേഷിപ്പിക്കാവുന്ന പ്രബന്ധവും ആധുനിക മലയാള സാഹിത്യത്തെ സമ്പുഷ്ടമാക്കിക്കൊണ്ടിരുന്നു. വിജ്ഞാനമേഖലയിൽ അനുദിനം ഉണ്ടായ പുരോഗതി പ്രബന്ധരചനയ്ക്ക് വഴി തെളിച്ചു. മനുഷ്യരുടെ വിജ്ഞാന തൃഷ്ണ, ഉന്നത വിദ്യാഭ്യാസത്തിന്റെ അഭിവൃദ്ധി തുടങ്ങിയവ ഇതിന് കാരണമായിരുന്നു.

ഉപന്യാസകാരൻ എന്ന നിലയിൽ പരിണതപ്രജ്ഞനും സർവ്വപ്രകാരേണയും സമുന്നതനുമാണ് കെ. പി കേശവമേനോൻ. അദ്ദേഹത്തിന്റെ ചിന്തകൾ ഋജുവും സാരവത്തുള്ളതുമാണ്. മനുഷ്യാവകാശങ്ങളെ വിലമതിക്കുന്ന സാർവ്വദേശീയനായ ഒരു പക്വമതിയുടെ തെളിവാർന്ന ചിന്തകളാണ് അദ്ദേഹത്തിന്റെ ഓരോ ലേഖനങ്ങളും.

പ്രശസ്തരായ മറ്റു ലേഖകരാണ് ഡോ. കെ. ഗോദവർമ്മ (വിചാരവീഥി), ശൂരനാട് കുഞ്ഞൻ പിള്ള (പുഷ്പാഞ്ജലി, തിരുമുൽക്കാഴ്ച), കെ. പി. നാരായണപ്പിഷാരടി (ശ്രുതിമണ്ഡലം), എം. പി. അപ്പൻ (സ്ത്രീലോകം), ആനന്ദ് (ആനന്ദിന്റെ ലേഖനങ്ങൾ) ഏ. പി ഉദയഭാനു (തെരെഞ്ഞെടുത്ത ഉപന്യാസങ്ങൾ) ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ (ചിറയ്ക്കൽ നായരുടെ പ്രബന്ധങ്ങൾ)

ഉപന്യാസശാഖയിലെ ആദരണീയനായ പ്രഗത്ഭ ചിന്തകനാണ് എൻ. വി കൃഷ്ണവാര്യർ. എല്ലാ വിജ്ഞാന മേഖലകളുമായും അദ്ദേഹം ബന്ധപ്പെട്ടിരിക്കുന്നു. ഭാഷ, സംസ്ക്കാരം, സാഹിത്യം, പരിസ്ഥിതി തുടങ്ങി വിവിധ വിഷയങ്ങളിലായി എണ്ണൂറിലധികം പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**ഉപസംഹാരം**

വിവിധ വിഷയങ്ങളെ ആസ്പദമാക്കി വിവിധ ലേഖനങ്ങളും പ്രബന്ധങ്ങളും ധാരാളം ഉണ്ടാകുന്നുണ്ട്. പുതിയ എഴുത്തുകാരിൽ ഒരു വിഭാഗം ഈ രംഗത്ത് ഉറച്ചുനിൽക്കുന്നവരാണ്. നിരൂപണം, പ്രബന്ധം, പഠനം, ഉപന്യാസം എന്നിവ പ്രമേയങ്ങളിലും ആവിഷ്ക്കാരത്തിലും സമാനസ്വഭാവമുള്ളതായി തോന്നും. എല്ലാം ലേഖനം എന്ന പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തുന്നു. ഏതു വിഷയത്തെ സംബന്ധിച്ച ലേഖനവും 'ഉപന്യാസം' ആയി കരുതാനുള്ള അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകാനും വിഷമമാണ്. കേസരി 'രൂപമഞ്ജരി' യിൽ വ്യക്തമാക്കിയതുപോലെ വ്യക്തിയുടെ പ്രത്യേക മുദ്രപതിഞ്ഞ ജീവിതമാണ് 'ഉപന്യാസം'.

**പഠന പ്രവർത്തനങ്ങൾ**

1. ശേഖരിക്കുക.
   വിവിധ ഉപന്യാസങ്ങൾ ശേഖരിക്കുക.
2. പദ്യം ഉപന്യാസ രൂപത്തിലാക്കുക.
3. വായിക്കുക.
   പ്രസിദ്ധരായ ഉപന്യാസകരുടെ കൃതികൾ തെരഞ്ഞെടുത്ത് വായിക്കുക.
4. ഗദ്യപാഠങ്ങളെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.
   കാടിന്റെ കഴിവുകൾ.

## 4. ആത്മകഥ

**മുഖവുര**

ഒരാളുടെ ജീവിതകഥ അയാൾതന്നെ എഴുതുന്നതാണ് ആത്മകഥ. അപ്പോൾ ആത്മകഥയ്ക്ക് ചില പരിമിതികൾ ഉണ്ടാകും. കഥാനായകനും എഴുത്തുകാരനും ഒരേ ആൾ തന്നെയാകുമ്പോൾ എഴുതുന്ന കാര്യങ്ങൾ സത്യസന്ധമാകും. എന്നാൽ സ്വന്തം ജീവിതത്തിലെ എല്ലാ സത്യങ്ങളും ആരും മുഴുവനായി തുറന്നു പറയുകയില്ല.

**1. പരികൽപ്പന**

എത്രമാത്രം ആത്മാർത്ഥത പുലർത്തിയാലും ഒരു സാമൂഹിക ജീവി എന്ന നിലയിൽ ചില ജീവിതാനുഭവങ്ങളെങ്കിലും മറച്ചുവെയ്ക്കാൻ ആത്മകഥാകാരൻ നിർബ്ബന്ധിതനായെന്നു വരും. അപ്പോൾ ഇവിടെയും കഴിഞ്ഞ കാലങ്ങളിൽ നിന്നൊരു തെരഞ്ഞെടുപ്പ് ആവശ്യമാണ്. അത് ശ്രമകരമാണുതാനും. ഒന്നും മറച്ചുവയ്ക്കാത്ത എല്ലാം തുറന്നുപറയാൻ തയ്യാറാകുന്ന ആത്മകഥാകാരന് മറ്റു ചില വൈഷമ്യങ്ങൾ ഉണ്ടാകാം. അനുഭവങ്ങളിൽ പലതും കാലപ്പഴക്കം കൊണ്ട് വിസ്മൃതമാവുക സ്വാഭാവികം. ജീവചരിത്രം കേട്ടറിഞ്ഞതോ അടുത്തറിഞ്ഞതോ ആയ അനുഭവജ്ഞാനത്തിന്റെ ആവിഷ്കരണമെങ്കിൽ ആത്മകഥ സ്വകീയമായ അനുഭവജ്ഞാനത്തിന്റെ ആവിഷ്കരണമത്രേ.

തന്റെ ആത്മാർത്ഥത പ്രകടിപ്പിക്കാനുള്ള തിടുക്കത്തിൽ വേണ്ടത്ര വിവേചനം കൂടാതെ എഴുതുന്ന ആത്മകഥ വികാരത്തെ അതിരുകടന്ന് ആശ്ലേഷിച്ച് നിൽക്കുന്നു. പക്ഷേ, ആത്മനിഷ്ഠമായ വൈകാരികാംശം ചോർന്നു പോയാൽ ആത്മകഥ നിർജീവമായി പരിണമിക്കും. വെറും സംഭവ വിവരണപ്പട്ടിക ആത്മകഥയാവില്ല.

ആത്മകഥകളിൽ സാധാരണ കാണാറുള്ള ചില ദൗർബല്യങ്ങൾ എടുത്തു പറയേണ്ടതുണ്ട്. അഹംബോധത്തിന്റെ മുദ്രപതിഞ്ഞവയായിരിക്കും ചില ആത്മകഥകൾ. സ്വന്തം അപദാനങ്ങൾ ഉയർത്തികാണിക്കുകയായിരിക്കും ആത്മകഥയുടെ മുഖ്യലക്ഷ്യം.

**2. ജീവിതബന്ധം**

കർമ്മനിരതനായ വ്യക്തി എന്ന നിലയിൽ സ്വയം അർപ്പിക്കപ്പെട്ട ജീവിതത്തിന്റെ വികാസ പരിണാമങ്ങൾ സാമൂഹിക ജീവിതവുമായി ബന്ധപ്പെടുത്തി സ്വയം കണ്ടെത്തുമ്പോഴെ ആത്മകഥ ഫലസമ്പൂർണ്ണത കൈവരിക്കുകയുള്ളൂ. ആത്മകഥയിൽ സ്വന്തം ജീവിതത്തിലേക്ക് കൂടുതൽ വെളിച്ചം പകരുമ്പോൾ സ്മരണകളിൽ അന്യരിലേക്കായിരിക്കും കൂടുതൽ പ്രകാശം വീഴ്ത്തുന്നത്. അതായത് ബാഹ്യാംശങ്ങളുടെ ചിത്രീകരണം ഇതിൽ കൂടിയിരിക്കും. അന്യരുടെ കഥ കേൾക്കാനുള്ള സ്വാഭാവികമായ താൽപര്യം ആത്മകഥാ രംഗത്തേക്ക് വായനക്കാരനെ കൂടുതൽ അടുപ്പിക്കുന്നു.

പാശ്ചാത്യ സാഹിത്യത്തിലാണ് ആത്മകഥയുടെ പ്രാരംഭം കുറിച്ചത്. സെല്ലിനി, ഡേവിഡ് ഹ്യൂം, ഫ്രാങ്ക്ളിൻ, എഡ്വേർഡ് ഗിബ്ബിംഗ്, ഗോയ്ഥേ എന്നിവർ ആത്മകഥാകാരിൽ പ്രമുഖരാണ്.

**3. മലയാളത്തിൽ**

വൈക്കത്ത് പാച്ചു മൂത്തതിന്റെ ആത്മകഥയാണ് ആദ്യത്തെ മലയാളത്തിലെ ആത്മകഥ. സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ 'എന്റെ നാടുകടത്തൽ' (1911). തിരുവിതാകൂറിൽ നിന്ന് തന്നെ നാടുകടത്താനുണ്ടായ കാരണങ്ങളും നാടുകടത്തിയ വിധവും മറ്റും വികാരനിർഭരമായി സ്വദേശാഭിമാനി ചിത്രീകരിച്ചിരിക്കുന്നു. രാഷ്ട്രീയമായ ആദ്യത്തെ ആത്മകഥയും ഇതത്രേ. പിന്നീട് ധാരാളം ആത്മകഥകൾ മലയാളത്തിൽ ഉണ്ടായിക്കൊണ്ടിരുന്നു.

**ഉപസംഹാരം**

സ്മരണ മണ്ഡലം (സാഹിത്യ പഞ്ചാനനൻ പി.കെ. നരായണപിള്ള) ജീവിത സ്മരണകൾ (ഇ.വി. കൃഷ്ണപിള്ള) ആത്മകഥ (കെ.എം.പണിക്കർ) എന്റെ ജീവിതസ്മരണകൾ (മന്നത്ത് പത്മനാഭൻ) കഴിഞ്ഞകാലം (കെ.പി. കേശവമേനോൻ) എതിർപ്പ് (പി. കേശവദേവ്) കൊഴിഞ്ഞ ഇലകൾ (മുണ്ടശ്ശേരി) ഓർമ്മകളുടെ ഓളങ്ങൾ (ജി. ശങ്കരക്കുറുപ്പ്) കണ്ണീരും കിനാവും (വി.ടി. ഭട്ടതിരിപ്പാട്) എന്റെ കഥ (മാധവിക്കുട്ടി) ഓർമ്മകളുടെ അറകൾ (വൈക്കം മുഹമ്മദ് ബഷീർ) കവിയുടെ കാൽപ്പാടുകൾ (പി. കുഞ്ഞിരാമൻ നായർ) എന്റെ വഴിയമ്പലങ്ങൾ (എസ്.കെ. പൊറ്റെക്കാട്) ഓർമ്മയുടെ തീരങ്ങളിൽ (തകഴി) മറക്കാത്ത കഥകൾ (ഡോ. എസ്.കെ. നായർ) എന്നിവ ശ്രദ്ധേയങ്ങളായ ആത്മകഥകളാണ്. പൊതുവെ സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിച്ചവരാണ് ഈ ആത്മകഥാകാരന്മാർ എല്ലാം തന്നെ. അതിനാൽ ഈ രംഗങ്ങളിലേക്ക് വെളിച്ചം വിതറാൻ സഹായകങ്ങളാണ് ഈ കൃതികളെല്ലാം തന്നെ. കേരളത്തിന്റെ രാഷ്ട്രീയ സംഭവങ്ങളുമായി ദൃഢബന്ധമുള്ള വളരെ ശ്രദ്ധേയങ്ങളായ ചില ആത്മകഥകളും മലയാളത്തിലുണ്ട്. രാഷ്ട്രീയ നേതാക്കന്മാരാണ് ഈ ആത്മകഥാകാരന്മാർ. തങ്ങളുടെ വ്യക്തി ജീവിതത്തിനല്ല; തങ്ങൾ പ്രതിനിധീകരിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ചരിത്രത്തിനാണ് ഇവരെല്ലാം പ്രാമുഖ്യം നൽകിയത്. അതിനാൽ കേരളത്തിന്റെ രാഷ്ട്രീയ ചരിത്രത്തിന്റെ വികാസ ഗതികളും സംഘർഷങ്ങളും ഈ കൃതികളിൽ നിന്ന് മനസ്സിലാക്കാം.

**പഠന പ്രവർത്തനങ്ങൾ**

1. വായിക്കുക.
   ആത്മകഥകൾ തെരഞ്ഞെടുത്ത് വായിക്കുക.
   മുണ്ടശ്ശേരി, കെ.പി. കേശവമേനോൻ, കഴിഞ്ഞകാലം, കവിയുടെ കാൽപ്പാടുകൾ, പി. കുഞ്ഞിരാമൻ നായർ, എന്റെ വഴിയമ്പലങ്ങൾ (എസ്. കെ. പൊറ്റക്കാട്).
2. സ്വന്തം അനുഭവങ്ങൾ ആത്മകഥാരൂപേണ അവതരിപ്പിക്കുക.
3. ചിത്രീകരിക്കുക : കാപ്പിരികളുടെ നാട്ടിൽ, നൈൽ ഡയറി തുടങ്ങിയ കൃതികൾ വായിക്കുക. ഇതിലെ രംഗങ്ങൾ ചിത്രരൂപത്തിലാക്കി ആവശ്യമായ അടിക്കുറിപ്പ് തയ്യാറാക്കുക.
4. ആത്മകഥ രചിക്കുക.

## വിഭാഗം-III

### അദ്ധ്യായം - 7

# അലങ്കാരപഠനം

**മുഖവുര**

മഹാകവികളുടെ കൃതികൾ വായിക്കുമ്പോൾ എന്തോ ഒരു ആഹ്ലാദം നമുക്ക് അനുഭവ സിദ്ധമായിട്ടുണ്ടല്ലോ. ഈ ആഹ്ലാദത്തെ അനുഭവിക്കുന്നതിന് അനുകൂലമായ ബുദ്ധിയുള്ളവരെ സഹൃദയൻമാർ എന്നു പറയുന്നു. സഹൃദയൻമാരുടെ ഹൃദയത്തിന് ആഹ്ലാദത്തെ ജനിപ്പിക്കുന്നതായ കവിതാ ധർമ്മത്തിന് ചമൽക്കാരമെന്നു പേർ. ചമൽക്കാരത്തിന് ആശ്രയമായ വാക്യഭംഗിയാണ് അലങ്കാരം.

ശബ്ദാർത്ഥങ്ങളിൽ വച്ചൊന്നിൽ
വാച്യമായിട്ടിരുന്നിടും
ചമൽക്കാരം ചമയ്ക്കുന്ന
മട്ടലങ്കാരമായത്.

എന്നാണ് ഏ.ആർ അലങ്കാരത്തിന് ലക്ഷണ നിർദ്ദേശം ചെയ്തിരിക്കുന്നത്.

അലങ്കാരത്തെ രണ്ടായി വിഭജിച്ചു. കൂടാതെ അർത്ഥത്തെ വീണ്ടും പലതായി തിരിച്ചിരിക്കുന്നു. അവ വാച്യം, വ്യംഗ്യം എന്നിവയാണ്. പദങ്ങളെയോ, അക്ഷരങ്ങളെയോ ആവർത്തിക്കുന്നതുകൊണ്ട് ലഭിക്കുന്ന കേൾവി സുഖമാണ് ശബ്ദാലങ്കാരത്തിന്റെ ചമൽക്കാരത്തിന് അടിസ്ഥാനം. എന്നാൽ അർത്ഥാലങ്കാരങ്ങൾ കുറേക്കൂടി ഉന്നതമായ സ്ഥാനത്ത് നിൽക്കുന്നു. അവ ആലോചിക്കുംതോറും സൗന്ദര്യമേറുന്നവയാണ്. അതുകൊണ്ട് ശബ്ദാലങ്കാരങ്ങളെക്കാൾ പ്രാമുഖ്യം അർത്ഥാലങ്കാരങ്ങൾക്കുണ്ട്.

സാമാന്യലക്ഷണ പ്രകാരം 'ശബ്ദാലങ്കാരം, അർത്ഥാലങ്കാരം' എന്ന് അലങ്കാരം രണ്ടുവിധത്തിലുണ്ട്. അതിൽ പ്രാധാന്യം അർത്ഥാലങ്കാരങ്ങൾക്കാണ്.

ഓർത്താലതിശയം, സാമ്യം
വാസ്തവം, ശ്ലേഷമിങ്ങനെ
അലങ്കാരങ്ങളെത്തീർപ്പാൻ
നാലുതാനിഹ സാധനം.

അതിശയം, സാമ്യം, വാസ്തവം, ശ്ലേഷം

ഇങ്ങനെ നാലെണ്ണമാണ് എല്ലാ അലങ്കാരങ്ങളുടേയും അടിസ്ഥാന ഘടകം.

**1. അതിശയോക്തി**

വാച്യമായ ആശയത്തിന് കൂടുതൽ ദൃഢതയുണ്ടാകുന്നതിനുവേണ്ടി വാസ്തവത്തിൽ ഉള്ളതിനെക്കാൾ ഉത്ക്കർഷയോ, ന്യൂനതയോ ഉണ്ടെന്ന് കൽപ്പിക്കുന്നതാണ് അതിശയോക്തി.

ഭാഷാഭൂഷണത്തിൽ രാജരാജവർമ്മ അതിശയോക്തിക്ക് ഇപ്രകാരം നിർവചനം നല്കുന്നു.

ചൊല്ലുള്ളതിൽ കവിഞ്ഞുള്ള-
തെല്ലാമതിശയോക്തിയാം.
തെല്ലിതിൻ സ്പർശമില്ലാതെ-
യില്ലലങ്കാരമൊന്നുമേ.

**2. സാമ്യോക്തി:-**

ഒരു വസ്തുവിന്റെ ധർമ്മങ്ങളെ വർണ്ണിക്കുന്ന സന്ദർഭത്തിൽ ആ ധർമ്മങ്ങൾക്ക് അടിസ്ഥാനമായി നിൽക്കുന്ന മറ്റൊരു അപ്രകൃത വസ്തുവിനെ ദൃഷ്ടാന്തമായെടുക്കാം.

വർണ്ണ്യമാ മൊന്നിനെ നന്നായ്
വർണ്ണിപ്പാനതു പോലിത്
എന്നു വേറൊന്നിനെച്ചൂണ്ടി-
ച്ചൊന്നീടുന്നതു സാമ്യമാം.

**3. വാസ്തവോക്തി:-**

പ്രകടമായ അതിശയോക്തി കൂടാതെ വസ്തുക്കളുടെ യഥാർത്ഥ അവസ്ഥയെക്കുറിച്ച് പറയുന്നതാണ് വാസ്തവോക്തി. ഇതിൽ അതിശയോക്തിയുടെ ആശയം തീരെ കുറവായിരിക്കും.

ഏറ്റക്കുറച്ചിലെന്യേ താ-
നർത്ഥപുഷ്ടി വരും വിധം
വസ്തു സ്ഥിതികളെ ച്ചൊൽക
വാസ്തവോക്തിയതായത്.

**4. ശ്ലേഷോക്തി:-**

ഒരു വാക്യത്തിന് ചില സമയത്ത് ഒന്നിലധികം അർത്ഥം ഉണ്ടാകുന്നത് ശ്ലേഷോക്തി എന്ന അലങ്കാരം.

രണ്ടുകായ്കളൊരേ ഞെട്ടി-
ലുണ്ടാകുംപോലെ ഭാഷയിൽ
ഒരേ ശബ്ദത്തിലർത്ഥം ര-
ണ്ടുരച്ചാൽ ശ്ലേഷമാമത്.

## I. സാമ്യോക്തി അലങ്കാരങ്ങൾ

സാമ്യോക്തി അലങ്കാരങ്ങളിൽ ഒന്നാമത്തേത് ഉപമയാണ്.

1. **ഉപമ**

ലക്ഷണം:- ഒന്നിനൊന്നോടു സാദൃശ്യം
ചൊന്നാലുപമയാമത്.

ഒരു വസ്തുവിന് മറ്റൊരു വസ്തുവിനോട് ചമൽക്കാരകാരകമായ സാദൃശ്യം പറയുന്നതാണ്

ഉപമാലങ്കാരം. അലങ്കാരങ്ങളുടെ കൂട്ടത്തിൽ വളരെ പ്രമുഖമായ സ്ഥാനമാണ് ഉപമയ്ക്കുള്ളത്. അതു കൊണ്ട് ഉപമയെ 'അലങ്കാരങ്ങളുടെ റാണി'യെന്ന് പറയാം.

പൂർണ്ണമായ ഉപമയ്ക്ക് പ്രധാനമായും നാലു ഘടകങ്ങൾ വേണം.

(1) ഉപമേയം

(2) ഉപമാനം

(3) സാധാരണധർമ്മം

(4) ഉപമാവാചകം

ഇവയോരോന്നും എന്താണെന്ന് നോക്കാം.

(1) ഉപമേയം

ഏതിനെ ഉപമിക്കുന്നുവോ അതാണ് ഉപമേയം, ഒരു വസ്തുവിനെ മറ്റൊന്നിനോട് സാദൃശ്യ പ്പെടുത്തുകയാണല്ലോ ഉപമയിൽ ചെയ്യുന്നത്. ഇങ്ങനെ മറ്റൊരു വസ്തുവിനോട് സാദൃശ്യം ചെയ്യുന്ന പ്രസ്തുതമായ വസ്തുവിനെയാണ് ഉപമേയം എന്നു പറയുന്നത്.

(2) ഉപമാനം

ഉപമേയം ഏതിനോട് തുല്യമെന്ന് പറയുന്നുവോ അതാണ് ഉപമാനം. സാദൃശ്യത്തിന് വിധേ യമാകുന്ന വസ്തുവിനെ ഏതിനോടാണോ സാദൃശ്യം കല്പിക്കുന്നത് ആ സാദൃശ്യം കല്പിക്കുന്ന വസ്തുവാണ് ഉപമാനം. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഉപമേയത്തെ ഏതിനോട് താരതമ്യപ്പെടു ത്തുന്നോ അത് ഉപമാനമാകും.

(3) സാധാരണധർമ്മം

ഉപമേയത്തിലും ഉപമാനത്തിലും പൊതുവായി കാണുന്ന ധർമ്മത്തെയാണ് സാധാരണധർമ്മം എന്നു പറയുന്നത്.

(4) ഉപമാവാചകം

ഉപമേയത്തിനും ഉപമാനത്തിനുമുള്ള സാദൃശ്യത്തെ കുറിക്കുന്ന പദമാണ് ഉപമാവാചകം.

ഉദാ: 1. വഹ്നി സന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.

(അഗ്നിയിൽ ചുട്ടുപഴുത്ത ലോഹത്തകിടിൽ പതിക്കുന്ന വെള്ളത്തുള്ളിപോലെ പെട്ടെന്നു നശിക്കുന്നതാണ് മനുഷ്യ ജീവിതം). ഇതിൽ പെട്ടെന്ന് നശിക്കുന്ന മനുഷ്യജീവിതമാണ് വർണ്ണ്യ വസ്തു (ഉപമേയം). അവർണ്ണ്യ വസ്തുവാകട്ടെ (ഉപമാനം) ചുട്ടുപഴുത്ത ലോഹത്തകിടിൽ പതി ക്കുന്ന വെള്ളത്തുള്ളിയും, ഇവയിൽ രണ്ടിലും (ഉപമേയത്തിലും ഉപമാനത്തിലും) കാണുന്ന സാധാ രണധർമ്മം 'പെട്ടെന്ന് നശിക്കുക' യാണ്. ഉപമേയത്തിനും ഉപമാനത്തിനുമുള്ള സാദൃശ്യത്തെ

കുറിക്കുന്ന ഉപമാവാചകം 'സന്നിഭ' (തുല്യ) മാണ്. ഇങ്ങനെ ജീവിതത്തിന്റെ ക്ഷണികതയെ ചുട്ടു പഴുത്ത ലോഹത്തകിടിൽ പതിക്കുന്ന വെള്ളത്തുള്ളിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നതിനാൽ അലങ്കാരം ഉപമ.

2. മന്നവേന്ദ്ര വിളങ്ങുന്നു
ചന്ദ്രനെപ്പോലെ നിൻമുഖം.

ഈ ഉദാഹരണത്തിൽ 'മുഖം' – ഉപമേയം, 'ചന്ദ്രൻ' – ഉപമാനം, 'വിളങ്ങുക' – സാധാരണ ധർമ്മം, 'പോലെ' – ഉപമാവാചകം. രാജാവിന്റെ മുഖത്തെ ചന്ദ്രനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്ന തിനാൽ അലങ്കാരം ഉപമ.

3. സ്ഫാര പ്രഭയെഴും ദീപ-
വാരത്താലഗ്ഗൃഹാന്തരം
താരവ്രജത്താൽ വാനം പോൽ
പാരം ശോഭിച്ചിരുന്നിതേ.

ഉപമേയം – ദീപ്തമായ ഗൃഹാന്തരം
ഉപമാനം – നക്ഷത്രശോഭിതമായ വാനം
സാധാരണധർമ്മം – ശോഭിക്കൽ
ഉപമാവാചകം – പോൽ

ദീപത്താൽ ശോഭിക്കുന്ന ഗൃഹാന്തരത്തെ നക്ഷത്രശോഭിതമായ മാനത്തോട് സാദൃശ്യപ്പെടു ത്തിയിരിക്കുന്നതിനാൽ അലങ്കാരം ഉപമ.

**2. അനന്വയം**

സാമ്യോക്തി അലങ്കാരത്തിൽ രണ്ടാമത്തേതാണ് അനന്വയം.
ലക്ഷണം: തന്നോടു സമമായ് താൻ താ–
നെന്നു ചൊന്നാലനന്വയം.

വേറൊരു സാദൃശ്യ വസ്തുവില്ലെന്നു കാണിക്കാനായി ഒരു വസ്തുവിനെ അതിനോടു തന്നെ ഉപമിക്കുന്നത് അനന്വയം. ഒരു വസ്തുവിന്റെ അതുല്യത നിർണ്ണയിക്കാൻ കഴിയാത്ത സന്ദർഭത്തി ലാണ് അനന്വയാലങ്കാരം ഉപയോഗിക്കുന്നത്.

ഉദാ: ഗഗനം ഗഗനം പോലെ
സാഗരം സാഗരോപമാം
ശ്രീമൂലക നൃപന്നൊപ്പം
ശ്രീമൂലകനൃപാലകൻ.

ഉദാഹരണത്തിൽ 'ഗഗനത്തെ' സാദൃശ്യപ്പെടുത്താൻ മറ്റൊരു വസ്തുവില്ലാത്തതിനാൽ അതിനെ 'ഗഗന'ത്തോടു തന്നെ സാദൃശ്യപ്പെടുത്തുന്നു. അതുപോലെ തന്നെ 'സാഗര'ത്തെ സാഗരത്തോടും ശ്രീമൂലകനൃപനെ ശ്രീമൂലക നൃപനോടു തന്നെയും സാദൃശ്യപ്പെടുത്തിയിരിക്കുന്നു.

**3. ഉപമേയോപമ**

ലക്ഷണം:- ഉപമിക്കുന്നതന്യോന്യ-
മുപമേയോപമാഖ്യമാം.

ഇതുവരെയും നാം കണ്ടത് ഉപമേയത്തെ ഉപമാനത്തോട് ഉപമിക്കുന്നതാണല്ലോ. ഉപമേയോപമയിലും ഉപമേയത്തെ ഉപമാനത്തോട് തന്നെയാണുപമിക്കുന്നത്. ഒരു വ്യത്യാസം മാത്രം ഉപമേയത്തെ ഉപമാനത്തോട് സാദൃശ്യപ്പെടുത്തിയശേഷം മറിച്ച് ഉപമാനത്തെ ഉപമേയത്തോടും ഉപമിക്കുന്ന രീതിയാണ് ഇതിൽ കാണുന്നത്. 'ഉപമേയോപമ' എന്ന പേരിന്റെ അർത്ഥം 'ഉപമേയത്തോടും ഉപമിക്കുന്ന' യെന്നതാണ്.

ഉദാ:- കരിയിതു ഗിരിയെപ്പോലെ ?
ഗിരിയിക്കരിയെന്നപോലെയത്യുച്ചൻ.

ഉദാഹരണത്തിലെ ഒന്നാം വരിയിൽ 'കരി'യെ (ആന) 'ഗിരി'യോട് (പർവ്വതം) സാദൃശ്യപ്പെടുത്തിയിരിക്കുന്നു. അതിനാൽ കരി ഉപമേയം ഗിരി ഉപമാനം. രണ്ടാമത്തെ വരിയിലാകട്ടെ ഗിരി ഉപമേയവും കരി ഉപമാനവുമായിരിക്കുന്നു. ഇങ്ങനെ ആദ്യം ഉപമേയമായിരുന്ന വസ്തു പിന്നീട് ഉപമാനവും ആദ്യം ഉപമാനമായിരുന്നത് പിന്നെ ഉപമേയവുമായിത്തീരുന്നതാണ് ഉപമേയോപമ.

**4. പ്രതീപം**

ഇതുവരെപ്പറഞ്ഞ അലങ്കാരങ്ങളിൽ ഉപമേയത്തിനെക്കാൾ പ്രാധാന്യം ഉപമാനത്തിനാണെന്നു ശ്രദ്ധിച്ചിരിക്കുമല്ലോ? എന്നാൽ ഉപമാനത്തേക്കാൾ ഉപമേയത്തിന് ഉത്ക്കർഷം ഉണ്ടെന്നു പറയുന്നതാണ് പ്രതീപാലങ്കാരം.

ലക്ഷണം:- ഉപമാനോപമേയത്വം
മറിച്ചിട്ടാൽ പ്രതീപമാം.

ഉപമാനത്തേക്കാൾ ഉപമേയത്തിന് പ്രാമുഖ്യമുണ്ടെന്ന് കല്പിച്ച് ഉപമാനത്തെ ഉപമേയത്തോടുപമിക്കുന്നത് പ്രതീപം. സാധാരണ ഉപമിക്കുന്നത് ഗുണമേറെയുള്ള വസ്തുക്കളോടാണ്. അതിന് വിപരീതമായി ഉപമേയത്തിന് ഉപമാനത്തെക്കാൾ പ്രാധാന്യവും വൈശിഷ്ട്യവും നൽകുന്നത് പ്രതീപമെന്ന അലങ്കാരമാണ്. ഇതിന് വിപരീതോപമ എന്നൊരു പേര് കൂടിയുണ്ട്.

ഉദാ:- നിൻ നേത്രത്തിനു തുല്യമാം കുവലയം
വെള്ളത്തിനുള്ളത്തിലായ്.
കുവലയം - ഉപമാനം
നേത്രം - ഉപമേയം

സാധാരണയായി സാമ്യോക്തിയിൽ ഉപമേയത്തെ ഉപമാനത്തോട് സാദൃശ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. അതനുസരിച്ച് 'കുവലയത്തിന് തുല്യമാണ് നേത്രം' എന്നാണ് വരേണ്ടത്. എന്നാൽ ഇവിടെ 'ഉപമേയ'യമായ 'നേത്ര'ത്തിനോടാണ് ഉപമാനമായ കുവലയ'ത്തെ സാമ്യപ്പെടുത്തിയിരിക്കുന്നത്. ഇത് കുവലയത്തിനേക്കാൾ സൗന്ദര്യമുള്ളതാണ് 'നേത്ര'മെന്ന് വ്യക്തമാക്കാനാണ്. ഇങ്ങനെ ഉപമേയത്തെ ഉപമാനത്തോട് സാദൃശ്യപ്പെടുത്തുന്നത് പ്രതീപം.

5. **രൂപകം:-**

ലക്ഷണം:- അവർണ്ണ്യത്തോടു വർണ്ണ്യത്തി-
ന്നഭേദം ചൊൽക രൂപകം.

ഉപമാനവും ഉപമേയവും രണ്ട് വസ്തുക്കളല്ല. ഒന്നുതന്നെയെന്ന് അഭേദം കല്പിച്ച് ഉപമാനത്തിന്റെ ധർമ്മത്തെ ഉപമേയത്തിൽ ആരോപിക്കുന്നതാണ് രൂപകം. കുറച്ചു കൂടി വ്യക്തമായിപ്പറഞ്ഞാൽ പരസ്പര സാദൃശ്യമുള്ള ധർമ്മങ്ങളോടുകൂടിയ ഒരു വർണ്ണ്യത്തിനും അവർണ്ണ്യത്തിനും അഭേദം കല്പിക്കുന്നതാണ് രൂപകം. ഉപമയിൽ ഉപമാനം, ഉപമേയം എന്നിങ്ങനെ രണ്ടായിട്ടു കാണുന്ന വസ്തുക്കളിലുള്ള ഭേദത്തെ മാറ്റിയാൽ അത് രൂപകമാകും.

ഉദാ:- സംസാരമാം സാഗരത്തി-
ലംസാന്തം മുങ്ങൊലാ സഖേ!

ഇവിടെ പല ധർമ്മങ്ങളുടെ സാദൃശ്യം അടിസ്ഥാനമാക്കി സംസാരവും 'സാഗരവും' രണ്ടല്ല ഒന്നു തന്നെയെന്ന് അഭേദം കല്പിച്ചിരിക്കുന്നു.

6. **അപഹ്നുതി**

ലക്ഷണം:- സ്വധർമ്മത്തെ മറച്ചന്യ-
ധർമ്മമാരോപമഹ്നുതി.

ഉപമേയത്തെ ശബ്ദം കൊണ്ടോ അർത്ഥം കൊണ്ടോ നിഷേധിച്ചിട്ട് അതിനു തുല്യമായ മറ്റൊരു വസ്തുവാണെന്നു പറയുന്നത് അപഹ്നുതി.

ഉദാ:- തിങ്കളല്ലിതു വിൺ ഗംഗാ-
പങ്കജം വികസിച്ചത്.

ഉദാഹരണത്തിൽ ഉപമേയം തിങ്കളാണ് (ചന്ദ്രൻ). അതിനെ 'തിങ്കളല്ലെന്ന് നിഷേധിച്ചിരിക്കുന്നു. അതുകൊണ്ട് അലങ്കാരം അപഹ്നുതി'.

7. **ഉൽപ്രേക്ഷ**

ലക്ഷണം:- മറ്റൊന്നിൻ ധർമ്മയോഗത്താ-
ലതുതാനല്ലയോയിത്
എന്നു വർണ്ണ്യത്തിലാശങ്ക
ഉൽപ്രേക്ഷാഖ്യയലംകൃതി.

രണ്ടു വസ്തുക്കൾക്ക് പ്രകടമായ സാമ്യം കാണുകയാൽ വർണ്ണ്യം (ഉപമേയം)അവർണ്ണ്യമാണോ (ഉപമാനം) എന്ന് ബലമായി ശങ്കിച്ചാൽ അത് ഉൽപ്രേക്ഷ.

ഉദാ:- കോകസ്ത്രീ വിരഹത്തീയിൻ
പുകയല്ലോ തമസ്സിത്.

വർണ്ണ്യത്തിൽ അവർണ്ണ്യത്തിന്റെ ചേർച്ച കാണുകയാൽ അതായിരിക്കാം ഇത് എന്ന് ശങ്കിച്ചിരിക്കുന്നതിനാൽ അലങ്കാരം ഉൽപ്രേക്ഷ.

സന്ധ്യയായപ്പോൾ കോകസ്ത്രീയുടെ വിരഹദുഃഖമാകുന്ന തീയിൽ നിന്നുണ്ടാകുന്ന പുകയാണ് ഇരുട്ട് എന്ന് ശങ്കിച്ചിരിക്കുന്നതിനാൽ അലങ്കാരം ഉൽപ്രേക്ഷ.

**8. സ്മൃതിമാൻ, ഭ്രാന്തിമാൻ, സസന്ദേഹം**

ലക്ഷണം:- സാദൃശ്യത്താൽ സ്മൃതി ഭ്രാന്തി
സന്ദേഹങ്ങൾ കഥിക്കുകിൽ
സ്മൃതിമാൻ ഭ്രാന്തിമാൻ പിന്നെ
സസന്ദേഹവുമായിടും.

**സ്മൃതിമാൻ**

ഒരു വസ്തുവിനെ കണ്ടിട്ട് അതിനു തുല്യമായ മറ്റൊരു വസ്തുവിനെ സ്മരിക്കുന്നതാണ് സ്മൃതിമാൻ.

ഉദാ:- ഇക്കോമളാംബുജം പാർത്തി-
ട്ടോർക്കുന്നേനെൻ പ്രിയാമുഖം.

ഉദാഹരണത്തിൽ കോമളമായ അംബുജം (താമര) കാണുമ്പോൾ എന്റെ പ്രിയാമുഖത്തെ ഓർമ്മ (സ്മൃതി) വരുന്നുവെന്ന് പറയുന്നു. അതിനാൽ സ്മൃതിമാൻ.

**ഭ്രാന്തിമാൻ**

ഉദാ:- പത്മമെന്നു പതിക്കുന്നു
നിൻമുഖത്തിങ്കൽ വണ്ടിതാ.

സാദൃശ്യാതിരേകത്താൽ പത്മമെന്നു കരുതിയിട്ട് വണ്ട് മുഖത്ത് വന്നു പതിക്കുന്നു. ഇവിടെ പത്മത്തിനും മുഖത്തിനും തമ്മിലുള്ള സാദൃശ്യം ഭ്രമമായ അവസ്ഥ സൃഷ്ടിക്കുന്നു.

**സസന്ദേഹം:-**

ഉദാ:- ചന്ദ്രനോ പത്മമോ എന്നു
സന്ദേഹിക്കുന്നു ലോകരും.

വർണ്ണ്യവസ്തുവിനെ സാദൃശ്യത്താൽ ചന്ദ്രനോ, പത്മമോയെന്ന് സന്ദേഹിച്ചിരിക്കുന്നു.

**9. വ്യതിരേകം**

ലക്ഷണം:- വിശേഷം വ്യതിരേകാഖ്യം
വർണ്ണ്യാവർണ്ണ്യങ്ങൾ തങ്ങളിൽ.

പരസ്പര സാദൃശ്യമുള്ള ഉപമാനത്തിനും ഉപമേയത്തിനും ഒരു ധർമ്മത്തിൽ മാത്രം വ്യത്യാസമുണ്ടെന്നു പറയുന്നത് വ്യതിരേകം.

ഉദാ:- കാമിനി പാദസമ്പർക്ക
കാമൻ നീ ഞാനുമങ്ങനെ
അശോകം നീ സശോകൻ ഞാ-
നെന്നു ഭേദം നമുക്കെടോ.

ഉപമേയം നായകനും ഉപമാനം അശോകവുമാണ്. ഇവർ തമ്മിൽ 'കാമിനി പാദസമ്പർക്ക കാമൻ' എന്ന കാര്യത്തിൽ സാദൃശ്യമുണ്ട്. എന്നാൽ ഉപമാനം 'അശോകവും' (ശോകമില്ലാത്തവൻ) ഉപമേയം സശോകവു (ശോകത്തോടുകൂടിയവൻ) മാണ്. ആ ഒരൊറ്റ ഘടകത്തിൽ തമ്മിൽ വ്യത്യാസം വന്നിരിക്കുന്നു. അതുകൊണ്ട് അലങ്കാരം വ്യതിരേകം.

## 10. പ്രതിവസ്തുപമ

ഇതുവരെയും നാം കണ്ടത് പാദങ്ങളുടെ അർത്ഥത്തെ അതിജീവിച്ചു വരുന്ന അലങ്കാരങ്ങളാണല്ലോ. ഇനിപ്പറയുന്നത് വാക്യാർത്ഥത്തിൽ നിന്നുമുണ്ടാവുന്ന അലങ്കാരങ്ങളെക്കുറിച്ചാണ്. അതിലാദ്യം പ്രതിവസ്തുപമയെന്ന അലങ്കാരത്തിന്റെ പ്രത്യേകതകൾ നോക്കാം.

ലക്ഷണം:- അവർണ്ണ്യവർണ്ണ്യവാക്യങ്ങൾ-
ക്കൊന്നാം ധർമ്മത്തെ വേറെയായ്
നിർദ്ദേശിച്ചാലലങ്കാരം
പ്രതിവസ്തുപമാഭിധം.

ഒരു സാധാരണ ധർമ്മത്തെ വാചകപദമില്ലാതെ ഉപമേയത്തിലും ഉപമാനത്തിലും പര്യായപദങ്ങളെക്കൊണ്ട് ഘടിപ്പിച്ചാൽ അലങ്കാരം പ്രതിവസ്തുപമ.

ഉദാ:- ശ്രീവഞ്ചിഭൂപനുള്ളപ്പോൾ
ശ്രീമാനപരനെന്തിന് ?
കാര്യമെന്തിഹ ദീപത്താൽ
കതിരോൻ കാന്തി ചിന്തവേ ?

ഉദാഹരണത്തിൽ പൂർവ്വാർദ്ധം ഉപമേയവും ഉത്തരാർദ്ധം ഉപമാനവുമാണ്. അവയിൽ രണ്ടിലുമുള്ള 'നിഷ്ഫലത്വം' എന്ന ധർമ്മത്തെ 'എന്തിന്'? 'കാര്യമെന്ത്?' എന്ന പര്യായങ്ങളാൽ ആവർത്തിച്ചിരിക്കുന്നു. അതുകൊണ്ട് അലങ്കാരം പ്രതിവസ്തുപമ.

## 11. ദൃഷ്ടാന്തം

ഉപമാനോപമേയ വാക്യങ്ങളിൽ സാധാരണ ധർമ്മത്തെ വാചകപദമില്ലാതെ ബിംബപ്രതിബിംബരൂപത്തിൽ പ്രസ്താവിക്കുന്നതാണ് ദൃഷ്ടാന്തം.

ലക്ഷണം:- ദൃഷ്ടാന്തമതിനെ ബിംബ-
പ്രതിബിംബങ്ങളാക്കുകിൽ.

ഉദാ:- ശിക്ഷിക്കും ശിഷ്യനാം നിന്നെ
രക്ഷിക്കും രക്ഷ്യനാം ദ്വിജം
ഭക്ഷിക്കും ക്ഷീരമേ ഹംസ
പക്ഷി സക്ഷീര നീരത:

ദൃഷ്ടാന്തത്തിൽ സാധാരണ ധർമ്മത്തെ ബിംബ പ്രതിബിംബങ്ങളാക്കി പറയുന്നു. ഇവിടെ ഉപമേയവാക്യത്തിലെ 'രക്ഷണവും' ഉപമാനവാക്യത്തിലെ 'ഭക്ഷണവും' സാധാരണ ധർമ്മങ്ങളാണ്. ഇവ ബിംബ പ്രതിബിംബങ്ങളായി അവതരിപ്പിച്ചിരിക്കുന്നു.

## 12. നിദർശന

ലക്ഷണം:- വിശിഷ്ട ധർമ്മികൾക്കൈക്യ-
മാരോപിച്ചാൽ നിദർശന.

പരസ്പര സാദൃശ്യമുള്ള പ്രകൃതത്തിനും അപ്രകൃതത്തിനും സാദൃശ്യം കല്പിക്കുന്നതാണ് നിദർശന. അല്ലെങ്കിൽ ഏതാനും ധർമ്മങ്ങളുള്ള ഒരു പ്രകൃതമായ ധർമ്മിക്കും ആ ധർമ്മങ്ങൾക്ക് പ്രതിബിംബഭൂതങ്ങളായ മറ്റു ധർമ്മങ്ങളുള്ള ഒരു അപ്രകൃതത്തിനും അഭേദം കല്പിച്ച് ഒന്നിനെ മറ്റേതാക്കുന്നതാണ് നിദർശനാലങ്കാരം എന്നു പറയാം.

ഉദാ:- പങ്കം പെടാത്തൊരു ഭവാനെയിട്ടു-
ശ്ശങ്കക്കു ലാക്കാക്കി വലച്ചു താതൻ
തങ്കത്തിനെ പിച്ചളയായ് മതിച്ചു
തങ്കണ്ണുതാൻ തന്നെ പൊടിച്ചുവല്ലോ.

ഇവിടെ കളങ്കമില്ലാത്ത ഒരാളിൽ ദോഷാരോപണം നടത്തുന്നുവെന്ന പ്രകൃതത്തിനും തങ്കത്തെ പിച്ചളയാക്കി മതിച്ചുവെന്ന അപ്രകൃതത്തിനും ഐക്യാരോപം.

**13. ദീപകം**

ലക്ഷണം:- അനേകമേക ധർമ്മത്തി-
ലന്വയിപ്പതു ദീപകം.

അനേകം വസ്തുക്കൾക്ക് ഒരേ ധർമ്മത്തിൽ അന്വയം കല്പിക്കുന്നത് ദീപകം.

ഉദാ:- മദം കൊണ്ടാന ശോഭിക്കു-
മൗദാര്യം കൊണ്ടു ഭൂപതി.

ധർമ്മം 'ശോഭിക്കുക'യാണ്. അതിനോട് മദംകൊണ്ട് ആന, ഔദാര്യം കൊണ്ടു ഭൂപതി എന്നിവ അന്വയിച്ചിരിക്കുന്നു.

**14. അപ്രസ്തുത പ്രശംസ**

ലക്ഷണം:- അപ്രസ്തുത പ്രശംസാഖ്യ-
മപ്രസ്തുത മുരയ്ക്കതാൻ.

ഏതാനും ചില കാര്യങ്ങൾകൊണ്ട് പ്രസ്തുതമായ വൃത്താന്തത്തിന്റെ പ്രതീതി വരുംവിധത്തിൽ അപ്രസ്തുതത്തെ വർണ്ണിക്കുന്നത് അപ്രസ്തുത പ്രശംസ. പ്രസ്തുത വൃത്താന്തത്തെപ്പറ്റി അറിവുണ്ടാകാത്തവിധം അപ്രസ്തുത വൃത്താന്തത്തെ വർണ്ണിക്കുകയാണിതിൽ ചെയ്യുന്നത്.

ഉദാ :- താനിരിക്കും മഹാവൃക്ഷ-
ശാഖവെട്ടി മുറിപ്പവൻ
തനിക്കു പാൽ തരും ഗോവെ
മാംസമോർത്തു വധിപ്പവൻ.

പിതാവ് രാജാവാണ്. പിതാവിന്റെ ആശ്രിതത്വത്തിൽ കഴിയുന്ന മകൻ പിതാവിനെ ധിക്കരിക്കുന്നുവെന്നും തനിക്കാഹാരം തരുന്ന ഗോവെ കൊല്ലുന്നവനെന്നും പ്രസ്തുതം പറയാതെ അപ്രസ്തുതം പറഞ്ഞിരിക്കുന്നതിനാൽ അപ്രസ്തുതപ്രശംസാലങ്കാരം.

**II. അതിശയോക്തി അലങ്കാരങ്ങൾ**

സാമ്യോക്തിയലങ്കാരങ്ങളെക്കുറിച്ച് വിവരിച്ചു കഴിഞ്ഞുവല്ലോ. ഇനി അതിശയോക്തിയലങ്കാരങ്ങൾ പഠിക്കാം.

1. **ഭേദാകാതിശയോക്തി**

ലക്ഷണം:- ഭേദം ചൊന്നാലഭേദത്തിൽ
ഭേദാകാതിശയോക്തി.

ഉപമേയത്തിനും ഉപമാനത്തിനും ഭേദം ഇല്ലാതെയിരിക്കേതന്നെ ഭേദമുണ്ടെന്നു പറയുന്നത് ഭേദകാതിശയോക്തി.

ഉദാ:- അന്യാദൃശം തന്നെയോർത്താ-
ലിന്നൃപന്റെ പരാക്രമം.

ഉദാഹരണത്തിൽ പ്രകൃതനായ നൃപനുള്ള പരാക്രമം മറ്റു നൃപൻമാരിൽ നിന്നും വാസ്തവത്തിൽ ഭിന്നമല്ല. എങ്കിലും നൃപൻ അനന്യസാധാരണനെന്നു പറഞ്ഞിരിക്കുന്നതിനാൽ അലങ്കാരം ഭേദകാതിശയോക്തി.

2. **രൂപകാതിശയോക്തി**

ലക്ഷണം:- നിഗീരാധ്യാവസാനം താൻ
രൂപകാതിശയോക്തിയാം.

ഉപമാനോപമേയങ്ങൾക്ക് അഭേദം കല്പിച്ച് ഉപമേയത്തെ കാണിക്കാതെ അതിന്റെ സ്ഥാനത്ത് ഉപമാനത്തെ പ്രയോഗിക്കുന്നതാണ് നിഗീരാധ്യാവസാനം.

ഉദാ:- സരോജയുഗളം കാൺക
ശരങ്ങൾ ചൊരിയുന്നിതാ.

ഇവിടെ നേത്ര സരോജയുഗളം കടാക്ഷശരങ്ങളെ ചൊരിയുന്നുവെന്ന് പറയേണ്ടിടത്ത് ഉപമേയങ്ങളായ നേത്രകടാക്ഷങ്ങളെ വിട്ടിട്ട് ഉപമാനങ്ങളായ സരോജയുഗള ശരങ്ങളെ മാത്രം നിർദ്ദേശിച്ചിരിക്കുന്നു.

3. **ഉല്ലേഖം**

ലക്ഷണം:- ഉല്ലേഖമൊന്നിനെത്തന്നെ
പലതായി നിനയ്ക്കുകിൽ.

ധാരാളം ഗുണങ്ങളുള്ള ഒരു വസ്തുവിനെ പലർ ചേർന്ന് പലതായി ഊഹിക്കുന്നതോ, ഒരാൾ തന്നെ പലതായി കല്പിക്കുന്നതോ ആണ് ഉല്ലേഖം.

ഉദാ:-1. യാതൊന്ന് ദൈവത്തിനു മൂർത്തി പോലും
യാതൊന്നു വിശ്വത്തിനു തൂണുപോലും
യാതൊന്നു മോക്ഷത്തിനു കോണിപോലും
ആ സ്നേഹം - ആ സ്നേഹം അഹോ ജയിപ്പൂ.

ഇവിടെ ‘സ്നേഹത്തെ’ ദൈവത്തിന്റെ മൂർത്തിയായും വിശ്വത്തിന്റെ തൂണായും മോക്ഷത്തിന്റെ കോണിയായും (മോക്ഷത്തിലേയ്ക്കുള്ള വഴി) സങ്കല്പിച്ചിരിക്കുന്നു.

ഉദാ: 2. കാമനെന്നിവനെ സ്ത്രീകൾ
കാലനെന്നോർത്തു വൈരികൾ.

ഉദാഹരണത്തിൽ പരാക്രമനായ നായകനെ സ്ത്രീകൾ സൗന്ദര്യമനുസരിച്ച് കാമനായിട്ടും ശത്രുക്കൾ പരാക്രമം പ്രമാണിച്ച് കാലനായിട്ടും ഗണിച്ചിരിക്കുന്നു.

**4. അസംഗതി**

ലക്ഷണം:- ഹേതുവൊന്നിൽ കാര്യമൊന്നി-
ലെന്നു വന്നാലസംഗതി.

കാര്യവും കാരണവും രണ്ടു സ്ഥാനങ്ങളിൽ സ്ഥാപിച്ച് പ്രസ്താവിച്ചാൽ അസംഗതി

ഉദാ:- കൊണ്ടലുണ്ടു വിഷം മൂർച്ഛ-
പൂണ്ടുപോൽ പാന്ഥനാരിമാർ.

ഉദാഹരണത്തിൽ കാരണമായ വിഷപാനം മേഘത്തിനും കാര്യമായ മൂർഛ പാന്ഥ സ്ത്രീകൾക്കും പറഞ്ഞിരിക്കുന്നു.

**5. വിഭാവന**

ലക്ഷണം:- കാര്യകാരണമെന്യേ താൻ
വരുന്നതു വിഭാവന.

പ്രസിദ്ധമായ കാരണം കൂടാതെ കാര്യമുണ്ടാകുന്നതാണ് വിഭാവനാലങ്കാരം.

ഉദാ:- മന്ദനു കാശു കിട്ടീടിൽ
മദ്യപിക്കാതെ മത്തനാം.

ഈ ഉദാഹരണത്തിൽ 'മത്തനാകുന്നതിന്' പ്രസിദ്ധമായ കാരണം മദ്യപിക്കുകയാണ്. എന്നാൽ മന്ദന് കാശുകിട്ടുന്ന പക്ഷം മദ്യപിക്കാതെ തന്നെ അയാൾ മത്തനായിത്തീരും. ഈ രീതിയിൽ കാരണം കൂടാതെ കാര്യമുണ്ടാകുന്നതാണ് വിഭാവനാലങ്കാരം.

**6. വിശേഷോക്തി**

ലക്ഷണം:- വിശേഷോക്തി ജനിക്കായ്കിൽ
കാര്യം ഹേതുവിരിക്കവേ.

വിഭാവനയ്ക്ക് വിപരീതമാണ് വിശേഷോക്തി. പ്രസിദ്ധമായ കാരണം ഉണ്ടായിരിക്കുമ്പോഴും കാര്യമുണ്ടാകുന്നില്ലയെന്ന് പ്രസ്താവിക്കുകയാണ് വിശേഷോക്തിയിൽ ചെയ്യുന്നത്.

ഉദാ:- കുറഞ്ഞില്ല ഹൃദി സ്നേഹം
സ്മരദീപം ജ്വലിക്കിലും.

ഇവിടെ ദീപം ജ്വലിക്കുമ്പോൾ സ്നേഹത്തിന് ക്ഷയമുണ്ടാവേണ്ടതാണ്. അതില്ലെന്ന് പറഞ്ഞിരിക്കുന്നതിനാൽ വിശേഷോക്തി.

**7. വിരോധാഭാസം**

ലക്ഷണം:- വിരോധം തോന്നുമാറുക്തി
വിരോധാഭാസമായിടും.

വാസ്തവത്തിൽ വിരോധമില്ലെങ്കിലും പ്രഥമ ശ്രവണത്തിൽ വിരോധം തോന്നുന്നതാണ് വിരോധാഭാസം.

ഉദാ:- ഹന്ത! ചന്ദ്രമുഖിക്കിന്നു
ചെന്തീയായിതു ചന്ദനം.

ഉദാഹരണത്തിൽ ചന്ദനത്തെ ചെന്തീയെന്നു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് വിരോധം തോന്നാം. കാരണം ചന്ദനം കുളിർമ്മയുള്ളതാണ്. അതിനാൽ ചെന്തീയാവുകയില്ലല്ലോ. എന്നാലതിന്റെ കാരണമറിയുമ്പോൾ ഈ വിരോധഭാവം മാറും. ഇവിടെ വിരഹാവസ്ഥയാണ് നായികയ്ക്ക് ചന്ദനം പോലും തീയുടെ പ്രതീതിയുണ്ടാക്കിയത്.

## III. വാസ്തവോക്തി അലങ്കാരങ്ങൾ

സാമ്യോക്തിയലങ്കാരങ്ങൾ, അതിശയോക്തിയലങ്കാരങ്ങൾ ഇവ കണ്ടു കഴിഞ്ഞു. ഇനി വാസ്തവോക്തി അലങ്കാരങ്ങൾ.

### 1. സ്വഭാവോക്തി

ലക്ഷണം:- സൂക്ഷ്മസ്വഭാവം വർണ്ണിച്ചാൽ
സ്വഭാവോക്തിയതായത്.

വസ്തുക്കളുടെ സൂക്ഷ്മസ്വഭാവം ലഭിക്കത്തക്കവിധം വർണ്ണിക്കുന്നത് സ്വഭാവോക്തി.

ഉദാ:- സരസം കാൽകുടഞ്ഞോമൽ
കരാംഗുഷ്ഠം നുകർന്നിഹ
ചിരിച്ചീടുന്ന മദ്ധ്യേ താൻ
കരയുന്നിതു ബാലൻ.

ഉദാഹരണത്തിൽ ബാലന്റെ സ്വഭാവം സൂക്ഷ്മമായി വർണ്ണിച്ചിരിക്കുന്നു.

### 2. സഹോക്തി

ലക്ഷണം:- ഒന്നോടുകൂടി മറ്റൊന്നു
ക്രിയ ചെയ്താൽ സഹോക്തിയാം.

ഒന്നിലധികം കാര്യങ്ങൾക്ക് ഒരുമിച്ച് ചമൽക്കാരം സംഭവിച്ചതായി പ്രസ്താവിക്കുന്നതാണ് സഹോക്തി.

ഉദാ:- കീർത്തി ശത്രുക്കളോടൊത്തു
കടന്നൂ പല ദിക്കുകൾ.

മുകളിൽ പരാമർശിച്ചിരിക്കുന്ന കാവ്യഭാഗത്തിൽ രണ്ടു ക്രിയകൾ ഒരുമിച്ചു നടന്നിരിക്കുന്നു. കീർത്തി പല ദിക്കിലേയ്ക്കും കടന്നുവെന്നതും, ശത്രുക്കൾ പല ദിക്കിൽക്കടന്നുവെന്നതും. ഇങ്ങനെ രണ്ടു ക്രിയകളാണ് ഒരുമിച്ചു നടന്നിരിക്കുന്നത്. അതുകൊണ്ട് അലങ്കാരം സഹോക്തി.

**3. സമുച്ചയം**

ലക്ഷണം:- ഗുണക്രിയകളൊന്നിച്ചാൽ
സമുച്ചയമലംകൃതി.

ഒരു വസ്തുവിന് ഒരു ഗുണമോ ക്രിയയോ വരുന്ന സമയത്ത് മറ്റൊരു വസ്തുവിന് മറ്റൊരു തരത്തിലുള്ള ഗുണമോ ക്രിയയോയുണ്ടാകുന്നത് സമുച്ചയാലങ്കാരം.

ഉദാ:- വീഴും മണ്ടും പിന്നിൽ നോക്കും
കേഴും നിന്നുടെ വൈരികൾ.

ഉദാഹരണത്തിൽ ശത്രുക്കളിൽ ചിലർ വീഴുകയും മറ്റു ചിലർ മണ്ടുകയും (ഓടുക) വേറെ ചിലർ പിന്നിൽ നോക്കുകയും വേറെ ചിലർ കേഴുകയും ചെയ്യുന്നു.

ഇവിടെ ഓരോ വസ്തുവിനും ഓരോ തരം ക്രിയകളാണല്ലോ ഉണ്ടായിരുന്നത്. അതിനാൽ സമുച്ചയാലങ്കാരം.

**4. പരിസംഖ്യ**

ലക്ഷണം:- ഇതാണതല്ലെന്ന വസ്തു-
നിയമം പരിസംഖ്യയാം.

അനേകം വസ്തുക്കളിൽ ചേരാവുന്ന ധർമ്മം അതിലല്ല ഇതിലൊന്നിൽ തന്നെയാണെന്ന് പറയുന്നത് പരിസംഖ്യ. ഒരു വസ്തുവിന്റെ ഗുണം മറ്റൊന്നിലാരോപിച്ചിട്ട് പരസ്പരം മാറ്റി പരിഗണിക്കുകയാണ് പരിസംഖ്യയിൽ.

ഉദാ:- കരത്തിൻ ഭൂഷണം ദാനം
ഭാരം താൻ വൈരമോതിരം.

കൈയ്ക്ക് ഭൂഷണത്വം ദാനത്തിലും അംഗുലീയത്തിലുമാണ് സിദ്ധിച്ചിട്ടുള്ളത്. ഇവിടെ ദാനത്തിൽ മാത്രം പരിഗണിച്ചിരിക്കുന്നു.

**5. പര്യായം**

ലക്ഷണം:- പര്യായമൊന്നു പലതിൽ
മുറയ്ക്കു പലതൊന്നിലും.

ഒരു വസ്തു ഒന്നിനെ വിട്ട് മറ്റൊന്നിലേയ്ക്ക് എന്ന രീതിയിൽ പല വസ്തുക്കളെ പ്രാപിക്കുന്നതായോ അല്ലെങ്കിൽ പല വസ്തുക്കൾ ഓരോന്നായി ഒന്നിനെ പ്രാപിക്കുന്നതായോ പറയുന്നത് പര്യായം.

ഉദാ:- അന്തിക്കു കമലം വിട്ടു
കാന്തി ചെന്നിതു ചന്ദ്രനിൽ.

ഉദാഹരണത്തിൽ 'കാന്തി' ഒന്നുവിട്ടു മറ്റൊന്നിനെ പ്രാപിക്കുന്നതെങ്ങനെയെന്ന് നോക്കുക. കമലത്തിലിരുന്ന കാന്തി അന്തിയ്ക്ക് ചന്ദ്രനിൽ ചേർന്നു.

ഈ രീതിയിൽ ഒരു വസ്തു ഒന്നിൽ നിന്നു മാറ്റി മറ്റൊന്നിൽച്ചേരുന്നത് പര്യായം.

6. **ആക്ഷേപം**

ലക്ഷണം:- ആക്ഷേപം ചൊല്ലുവാനോങ്ങി-
ച്ചൊന്നാ മദ്ധ്യേനിർത്തുക.

ഒരു സംഗതി പറഞ്ഞിട്ടോ പറയാൻ ഭാവിച്ചിട്ടോ നിറുത്തുന്നത് ആക്ഷേപാലങ്കാരം.

ഉദാ:- ചന്ദ്രനെ, ങ്ങെന്തിനല്ലെങ്കി-
ലുണ്ടല്ലോ സുമുഖീ മുഖം.

ഉദാഹരണത്തിൽ 'ചന്ദ്രനെവിടെ' അല്ലെങ്കിൽ 'സുമുഖിയുടെ മുഖ' മുണ്ടല്ലോയെന്നു പറയുന്നു. ഇവിടെ 'ചന്ദ്രനെവിടെ' എന്നു തുടങ്ങി പറയാനാരംഭിച്ച കാര്യം ഇടയ്ക്കുവച്ച് നിർത്തിയിരിക്കുന്നു. അതുകൊണ്ടലങ്കാരം ആക്ഷേപം.

7. **അർത്ഥാപത്തി**

ലക്ഷണം:- അർത്ഥാപത്തിയതോ പിന്നെ
ച്ചൊല്ലാനില്ലെന്നയുക്തിയാം.

ഒരു കാര്യത്തിന്റെ വിവരണം കൊണ്ടുതന്നെ മറ്റൊരു കാര്യം ഉണ്ടായിരിക്കുമെന്ന് അർത്ഥസിദ്ധമായി വരുന്നത് അർത്ഥാപത്തി.

ഉദാ:- 'നിന്മുഖം ചന്ദ്രനെ വെന്നു
പത്മത്തിൻ കഥയെന്തുവാൻ'

പരാമർശിച്ചിരിക്കുന്ന കവിതാഭാഗത്തിൽ 'നിന്റെ മുഖം ചന്ദ്രനെ ജയിച്ചു.' എങ്കിൽ 'പത്മത്തിന്റെ കാര്യം പറയേണ്ടതില്ലല്ലോ'. ചന്ദ്രനെ നിന്റെ മുഖം ജയിച്ചുവെങ്കിൽ തീർച്ചയായും പത്മത്തേയും നിന്റെ മുഖം വിജയിക്കുമെന്ന കാര്യം പറയാതെ തന്നെ വ്യക്തമാണ്.

8. **കാവ്യലിംഗം**

ലക്ഷണം:- ഹേതുവാക്യപദാർത്ഥങ്ങ-
ളാവുകിൽ കാവ്യലിംഗമാം.

ഹേതുവിനെ ഹേതുവാചക പദങ്ങൾകൊണ്ടോ വിഭക്തികൾ കൊണ്ടോ സൂചിപ്പിക്കാതെ ഒരു വാക്യത്തിന്റെയോ പദത്തിന്റെയോ അർത്ഥമാക്കി കല്പിക്കുന്നത് കാവ്യലിംഗം. ഇതുവരെയും നമ്മൾ കണ്ടത് ഹേതുവിനെ ഹേതുവാചകം കൊണ്ട് സൂചിപ്പിക്കുകയാണല്ലോ. ഇതിൽ നിന്നും വ്യത്യസ്തമാണ് കാവ്യലിംഗാലങ്കാരം.

ഉദാ:- കന്ദർപ്പ നീ കളിക്കേണ്ട
മന്ദ! ഞാൻ ശിവഭക്തനാം.

ഈ ഉദാഹരണത്തിൽ 'കന്ദർപ്പ നീ കളിക്കേണ്ട' യെന്നതിനുകാരണം (ഹേതു) ഞാൻ ശിവ ഭക്തനാണെന്നതാണ്. ഇങ്ങനെ ഹേതുവിനെ വാക്യമായി പ്രയോഗിച്ചാൽ കാവ്യലിംഗം.

**9. അർത്ഥാന്തരന്യാസം**

ലക്ഷണം:- സാമാന്യം താൻ വിശേഷം താ-
നിവയിൽ പ്രസ്തുതത്തിന്
അർത്ഥാന്തരന്യാസമാകു -
മന്യം കൊണ്ടു സമർത്ഥനം.

പ്രസ്തുതമായ സാമാന്യത്തെ സമർത്ഥിക്കുവാൻ വിശേഷത്തെയോ മറിച്ച് പ്രസ്തുതമായ വിശേഷത്തെ സമർത്ഥിക്കാൻ അപ്രസ്തുതമായ സാമാന്യത്തെയോ കഥിക്കുന്നത് അർത്ഥാന്തര ന്യാസം.

ഉദാ:- (സാമാന്യത്തെ വിശേഷം കൊണ്ടു കഥിക്കുന്നതിന്)
ദാരിദ്ര്യദൂനന്നു മഹാരസം ധനം
ഭൂരിക്ഷുധാർത്തന്നതിരമ്യമോദനം
പാരിച്ച വെയിലിൽ തണൽ പാന്ഥനുത്സവം
പാരിൽ സുഖത്തിനഴലാദി കാരണം.

ഇവിടെ സാമാന്യമായ കാര്യങ്ങൾ സമർത്ഥിക്കുന്നതിന് വിശേഷ തത്വങ്ങൾ കൊണ്ടു വന്നിരിക്കുന്നു. ദാരിദ്ര്യദൂനന് മഹാരസം ധനമാകുന്നതും പാരിച്ച വെയിലിലെ തണൽ വഴിയാത്രക്കാരന് ഉത്സവം ആകുന്നതും മറ്റുമാണ് സാമാന്യമായ തത്വങ്ങൾ.

അതു സമർത്ഥിക്കുന്നതിനുവേണ്ടി ഭൂമിയിൽ സുഖത്തിന്നാധാരമായി നിൽക്കുന്നത് ദുഃഖമാണെന്ന വിശേഷതത്വം പറയുന്നു.

ഈ രീതിയിൽ സാമാന്യം കൊണ്ട് വിശേഷത്തെ സമർത്ഥിക്കുന്നത് അർത്ഥാന്തരന്യാസാലങ്കാരം.

**10. ഉദാത്തം**

ലക്ഷണം:- പുരാവൃത്ത പരാമർശ-
മുദാത്തം ശ്രീസമൃദ്ധിയും.

ഏതെങ്കിലും പുരാതന ചരിത്രസൂചനയും ഐശ്വര്യസമൃദ്ധിയും പ്രസ്താവിക്കുന്നത് ഉദാത്താലങ്കാരം.

ഉദാ:- കുരുപാണ്ഡവ വീരൻമാർ
പൊരുതോരിടമാണിത്.

പുരാതന മഹാപുരുഷൻമാരുടെ ചരിത്രബന്ധം കൊണ്ട് വർണ്യവസ്തുവിന് ശ്രേയസ്സുണ്ടാകുന്നത്.

**11. സമം**

ലക്ഷണം:- സമം ചേരേണ്ടതിൽ ചേർച്ച
ജനകോചിത ജന്യവും.

അനുരൂപങ്ങളായ രണ്ടു വസ്തുക്കൾ തമ്മിൽ ചേരുന്നതും കാരണത്തിന് അനുരൂപമായ കാര്യവും സമാലങ്കാരം.

ഉദാ:- താഴ്ചയായൊരിടത്തുള്ള
വാഴ്ചയാൽ വീഴ്ചയെന്തുതേ?
ജലത്തില്ലല്ലോ നിൻ ജന്മം
ജലജാക്ഷ കുഡുംബിനി!

ജലജാക്ഷ കുഡുംബിനിയുടെ വാസം ജലത്തിലാണ്. ഇവ തമ്മിൽ അനുരൂപമായ ചേർച്ചയുണ്ട്.

**12. വിഷമം**

ലക്ഷണം:- വിഷമം ചേർച്ചയില്ലാത്ത
രണ്ടിനെച്ചേർത്തു ചൊല്ലുകിൽ.

പരസ്പരം ചേർച്ചയില്ലാത്ത രണ്ടു വിഷയങ്ങളെ ചേർത്തു പറയുന്നതാണ് വിഷമം.

ഉദാ:- അതിക്രൂരം ബാണം കുസുമതതിയിൽ ചെങ്കനലുപോൽ
പതിപ്പിച്ചീടൊല്ലാ പരിമൃദുലയാമീ മൃഗതനു
നിതാന്തം നിസ്സാരം ബത! മൃഗമതിൻ ജീവനെവിടെ?
കൃതാന്തം ദൈത്യനാം തവ, ച കടുബാണങ്ങളെവിടെ?

ഉദാഹരണത്തിൽ 'മൃഗത്തിന്റെ ജീവൻ' 'കടുബാണങ്ങൾ' ഇവ തമ്മിൽ ചേർച്ചയേയില്ല. എന്നിട്ടും ചേർത്തു പറഞ്ഞിരിക്കുന്നതിനാൽ അലങ്കാരം വിഷമം.

**13. പരികരം**

ലക്ഷണം:- വരും പരികരം ചൊന്നാൽ
സാഭിപ്രായ വിശേഷണം.

അഭിപ്രായഗർഭങ്ങളുൾക്കൊള്ളുന്ന വിശേഷണങ്ങളെ ചെയ്യുന്നത് പരികരാലങ്കാരം.

ഉദാ:- അമ്പിളിക്കല ചൂടുന്ന
തമ്പുരാൻ താപനാശനൻ.

ഇവിടെ 'അമ്പിളിയെ ചൂടുന്നു' എന്ന വിശേഷണം 'താപനാശത്തിനുള്ള' സൗകര്യത്തെ ദ്യോതിപ്പിക്കുന്നു. പരമശിവൻ ദുഃഖത്തെ ശമിപ്പിക്കുന്നു എന്ന അഭിപ്രായം. ഈ അഭിപ്രായവും പരികരമാണ്.

**14. പര്യായോക്തം**

ലക്ഷണം:- പര്യായോക്തമുരച്ചീടിൽ
വാച്യം താൻ വ്യംഗ്യഭംഗിയിൽ.

വാച്യാർത്ഥത്തെ പറയാതെ വ്യംഗ്യരീതിയിൽ പറയുന്നത് പര്യായോക്തം.

ഉദാ:- മധുരിക്കുന്ന കോദണ്ഡം
മധുവേന്തുന്ന സായകം
ചകോരച്ചോറു ചോർന്നീടും
ശിഖയും ചേർന്നൊരാൾ തുണ.

ഈ ഉദാഹരണത്തിൽ കരിമ്പും വില്ലും, പൂവമ്പും ചന്ദ്രകീരീടവും ദേവിയെ കുറിക്കുന്ന അസാധാരണ ധർമ്മങ്ങളാണ്. ഇവ ചേർന്ന ആൾ ദേവിയാണെന്ന് വാച്യാർത്ഥത്തിൽപ്പറയുന്നില്ല. അതേ സമയം വ്യംഗ്യമായി അത് വ്യക്തമാവുകയും ചെയ്യുന്നു.

## IV. ശ്ലേഷോക്തി അലങ്കാരങ്ങൾ

ഇനി ശ്ലേഷോക്തിയിൽ വരുന്ന അലങ്കാരങ്ങൾ നോക്കാം. അലങ്കാരവിഭജനം നടത്തിയ സന്ദർഭത്തിൽ ശ്ലേഷാലങ്കാരത്തിന്റെ ലക്ഷണം പറഞ്ഞത് ഓർക്കുക. ഒന്ന് വേറൊന്നിന്റെ അംഗിയായി കീഴടങ്ങാതെ അതായത് സ്വതന്ത്രമായി നിൽക്കുന്നതാണ് ശ്ലേഷാലങ്കാരം എന്നു പറയുന്നത്. ശ്ലേഷത്താലുണ്ടാകുന്ന രണ്ടർത്ഥവും പ്രകൃതങ്ങളാണെങ്കിൽ അതിനെ പ്രകൃത ശ്ലേഷമെന്നും രണ്ടും അപ്രകൃതങ്ങളായാൽ അപ്രകൃതശ്ലേഷമെന്നും പറയുന്നു. അതേ സമയം ഒന്നു പ്രകൃതവും മറ്റേത് അപ്രകൃതവുമാണെങ്കിൽ അതിനെ ഉഭയശ്ലേഷത്തിൽ (പ്രകൃതാപ്രകൃതശ്ലേഷം) ഉൾപ്പെടുത്തുന്നു.

### 1. സമാസോക്തി

ലക്ഷണം:- വിശേഷണത്തിൽ സാമ്യത്താൽ
വർണ്ണ്യ പ്രസ്തുത ധർമ്മിയിൽ
അവർണ്യവൃത്താന്താരോപം
സമാസോക്തിയലംകൃതി.

ഒരു വസ്തുവിനെ വർണ്ണിക്കുമ്പോൾ അതിനുള്ള വിശേഷണങ്ങൾ അവർണ്ണ്യമായ മറ്റൊന്നിനുകൂടി യോജിച്ചിരുന്നാൽ സമാസോക്തി. വിശേഷണങ്ങൾക്കെല്ലാം തന്നെ ശ്ലേഷാർത്ഥം കാണും. വിശേഷ്യത്തിന് കാണില്ല.

ഉദാ:- മടിയിൽ ചേർന്നു ചേണാർന്ന
മട്ടിലംഗുലീ വിഭ്രമം
തുടർന്നാലുടനെ രാഗം
കാട്ടിടുന്ന വിപഞ്ചിക.

പ്രകൃതത്തിൽ അംഗുലി വിഭ്രമം കൊണ്ടുള്ള വിപഞ്ചികാവായനയും അപ്രകൃതത്തിൽ നായികാവൃത്താന്തവുമാണുള്ളത്.

### 2. വക്രോക്തി

ലക്ഷണം:- ശ്ലേഷം കൊണ്ടുമറിച്ചർത്ഥം
ചെയ്താൽ വക്രോക്തിയായിടും.

ശ്ലേഷം കൊണ്ട് വക്താവ് വിവക്ഷിക്കാത്ത അർത്ഥം കല്പിച്ച് വക്രമായി ഉത്തരം പറയുന്നത് വക്രോക്തി.

ഉദാ:- കൈക്കൊൾക നന്മയിൽ പക്ഷം
പീലിയാൽ ഫലമെന്തുമേ ?

ഈ ഉദാഹരണത്തിൽ കാണുന്നത് ഗുരുശിഷ്യ സംഭാഷണമാണ്. നല്ല കാര്യങ്ങളിൽ പ്രതിപത്തിയുണ്ടാവണമെന്ന ഗുരുവിന്റെ ഉപദേശമാണ് ഒന്നാംവരിയിൽ പ്രതിപാദിക്കുന്നത്. എന്നാൽ ശിഷ്യനാകട്ടെ 'പക്ഷം' എന്നതിന് ചിറകെന്നർത്ഥമെടുത്ത് "നല്ല മയിലിന്റെ ചിറകിനെവാങ്ങണം"

എന്നു ധരിച്ച്" പീലിയാൽ ഫലമെന്ത്" എന്നു ചോദിക്കുന്നതാണ് രണ്ടാംവരി. ഇവിടെ ഗുരു ഉദ്ദേശിക്കാത്ത അർത്ഥമാണല്ലോ ശിഷ്യൻ കൈക്കൊണ്ടിരിക്കുന്നത്. ഈ രീതിയിൽ വരുന്നതാണ് വക്രോക്തിയലങ്കാരം.

**ശബ്ദാലങ്കാരങ്ങൾ**

ശബ്ദാലങ്കാരം, അർത്ഥാലങ്കാരം എന്നിങ്ങനെ അലങ്കാരം രണ്ട് തരത്തിലുണ്ട്. ശബ്ദാർത്ഥങ്ങളിൽ വച്ച് ആദ്യം ബുദ്ധിക്കു വിഷയമാവുന്നത് ശബ്ദമായതിനാൽ ശബ്ദാലങ്കാരങ്ങളെയാണ് മിക്ക അലങ്കാര ഗ്രന്ഥങ്ങളും ആദ്യം വിവരിക്കുന്നത്. എന്നാൽ ഏ.ആർ. ഈ രീതി പിന്തുടരുന്നില്ല.

ഇനി ശബ്ദാലങ്കാരങ്ങൾ നോക്കാം.

1. അനുപ്രാസം
2. യമകം
3. പുനരുക്തവദാഭാസം
4. ചിത്രം

എന്നിങ്ങനെ ശബ്ദാലങ്കാരങ്ങൾ 4-വിധം. ഇവയോരാന്നായി പരിശോധിക്കാം.

**1. അനുപ്രാസം**

ലക്ഷണം:- അനുപ്രാസം വ്യഞ്ജനത്തെ-
യാവർത്തിയ്ക്കിലിടയ്ക്കിടെ.

ഒരേ വ്യഞ്ജനവർണ്ണത്തെ അടുത്തടുത്തായി ആവർത്തിക്കുന്നത് അനുപ്രാസം. അതേ സമയം സ്വരങ്ങളാണ് ആവർത്തിക്കുന്നതെങ്കിൽ അത് അലങ്കാരമാകുന്നില്ല.

ഉദാ:- മലരണിക്കാടുകൾ തിങ്ങിവിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി

ആവർത്തിച്ചു വരുന്ന വ്യഞ്ജനം 'ങ്ങ' യാണിവിടെ.

**2. ഛേകാനുപ്രാസം**

ലക്ഷണം:- ഛേകാനുപ്രാസമാം ചൊന്നാൽ
കൂട്ടക്ഷരമിരട്ടയായ്.

കൂട്ടക്ഷരങ്ങൾ ഈരണ്ടായിട്ടാവർത്തിക്കുന്നത് ഛേകാനുപ്രാസം.

ഉദാ:- അക്കാലത്തു പൊറുക്കാഞ്ഞു താരകന്റെ പരാക്രമം
അണ്ടർകോൻ മുമ്പരാമുമ്പർ സത്യലോകത്തിലെത്തിനാർ.

'മ്പ' 'ത്ത' ഇവയാണ് ഇവിടെ ആവർത്തിച്ചിരിക്കുന്നത്. 'മ്പ, ത്ത' ഇവ രണ്ട് പ്രാവശ്യം കവിതാഭാഗത്തിൽ കാണാനാവും.

**3. ദ്വിതീയാക്ഷര പ്രാസം**

ഓരോ വരിയിലേയും രണ്ടാമത്തെയക്ഷരം ഒരുപോലെയാക്കി കവിത രചിക്കുന്ന രീതി ഭാഷയിൽ നിലവിലുണ്ട്.

ഉദാ:- പത്തുനാളേവർക്കും ചിത്തതാരിൽ

മുത്തണിയിക്കുന്നോരോണമെത്തി.

**4. പുനരുക്താവദാഭാസം**

ലക്ഷണം:- പുനരുക്താവദാഭാസ-

മർത്ഥാവർത്തി പ്രതീതിയാം.

പര്യായങ്ങളായി വരാവുന്ന രണ്ടോ മൂന്നോ പദങ്ങളെ പ്രയോഗിക്കുന്നതുകൊണ്ട് അർത്ഥത്തിന് പ്രഥമദൃഷ്ടിയിൽ പൗനരുക്ത്യം തോന്നുന്നത് പുനരുക്താവദാഭാസം.

ഉദാ:- മതി ചന്ദ്രനു സൗന്ദര്യ-

മദം നിൻമുഖദർശനേ.

ഈ ഉദാഹരണത്തിൽ മതി, ചന്ദ്രൻ എന്നീ രണ്ട് പദങ്ങളും ചന്ദ്രന്റെ പര്യായങ്ങളായതിനാൽ പുനരുക്തം (വീണ്ടും വീണ്ടും ഉപയോഗിക്കുക) പോലെ തോന്നുന്നു.

**5. ചിത്രം**

ലക്ഷണം:- ലിപി വിന്യാസഭേദത്താൽ

പത്മാദ്യാകൃതി വന്നിടും

മാതിരിക്കു രചിക്കുന്ന

പദ്യം ചിത്രഖ്യമായത്.

പത്മം തുടങ്ങിയ വസ്തുക്കളുടെ ഛായവരത്തക്കരീതിയിൽ അക്ഷരങ്ങൾ ചേർത്ത് നിർമ്മിക്കുന്ന പദ്യമാണ് ചിത്രം. ചിത്രം എത്രവിധത്തിലുണ്ടെന്ന് പറയാനാവില്ല. കവികൾക്ക് അവരുടെ മനോധർമ്മം അനുസരിച്ച് എത്രവേണമെങ്കിലും നിർമ്മിക്കാം. ചിത്രരീതിയിൽ പദ്യം രചിക്കാനൊന്നും ഇന്നത്തെ കവികൾ തയ്യാറല്ല. അതിനാൽ ഇതൊന്നുമിന്ന് പ്രയോഗത്തിലില്ല.

**6. ആദിപ്രാസം**

അടുത്തടുത്തുവരുന്ന പദങ്ങളെ ഒരേവർണ്ണം കൊണ്ട് ആരംഭിക്കുന്നത് ആദിപ്രാസം.

ഉദാ:- ചെന്താർകാന്തികൾ ചിന്തുമന്തി സമയച്ചന്തം ചമഞ്ഞു ഭവാൻ

നീന്തിച്ചെന്നഥ നൃത്തമാടിയമരും ദേവന്റെ തൃക്കൈകളിൽ

ചുറ്റിപ്പറ്റിയ വറ്റിലിറ്റു മുതിരം തോരാത്തൊരാനത്തുകിൽ

ക്കോലം ചാർത്തണമാടൽ വിട്ടുമരസാൽ കണ്ടോട്ടെ നിൻഭക്തിയെ

ഇതിൽ പലപദങ്ങളും 'ച'കാരത്തിലും 'ന'കാരത്തിലുമാരംഭിക്കുന്നു.

**7. അന്ത്യപ്രാസം**

ഓരോ വരിയിലേയും അവസാനാക്ഷരം ഒന്നുതന്നെയായി വരുന്നത് അന്ത്യപ്രാസം.

ഉദാ:- കാമം വദിച്ചു കുസുമങ്ങൾ മുദാപറിച്ചു
യാമം നയിച്ചുനിശി മുന്നവലംരസിച്ചു
ക്ഷേമം നടിച്ചു നിജഗേഹമതികുറിച്ചു
നാമം വിളിച്ചു മഹിളാജനമൊത്തുറച്ചു.

**8. യമകം**

ലക്ഷണം:- അക്ഷരക്കൂട്ടമൊന്നായി-
ട്ടർത്ഥം ഭേദിച്ചിടും പടി
ആവർത്തിച്ചു കഥിച്ചീടിൽ
യമകം പലമാതിരി.

രണ്ടോ അതിലധികമോ അക്ഷരങ്ങളോ ചില പദങ്ങളോ അർത്ഥവ്യത്യാസത്തോടുകൂടി ആവർത്തിക്കുന്നത് യമകാലങ്കാരം. യമകം പലമാതിരിയുണ്ട്.

ഉദാ:- കരിയും കരളൊടുകാറും
കരിയും കൂപ്പുന്ന കൂന്തൽ കണ്ടെന്നാൽ
കരയും വണ്ടുകളരയും
കരയുള്ളോരാട ചേർന്നുകരൾക്കവരും.

**ഉപസംഹാരം**

ശബ്ദാലങ്കാരങ്ങളെക്കുറിച്ചും അർത്ഥാലങ്കാരങ്ങളെക്കുറിച്ചും സാമാന്യാവബോധം ജനിപ്പിക്കുക എന്നതാണ് അലങ്കാരപഠനത്തിന്റെ ലക്ഷ്യം. അലങ്കാരപഠനത്തിൽ തൽപ്പരരായ സഹൃദയരായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഇന്നും ഉപജീവ്യമായ കൃതിയത്രേ ഏ.ആറിന്റെ ഭാഷാഭൂഷണം.

**പഠന പ്രവർത്തനങ്ങൾ**

1. അർത്ഥാലങ്കാരങ്ങൾ ഏതൊക്കെയെന്ന് പട്ടികയിലാക്കുക.
2. ഉപമയ്ക്ക് ഉദാഹരണം പാഠപുസ്തകത്തിൽ നിന്ന് കണ്ടെത്തുക.
3. ഉപമ, ഉൽപ്രേക്ഷ എന്നീ അലങ്കാരങ്ങൾ തമ്മിവുള്ള വ്യത്യാസങ്ങൾ പാഠപുസ്തകങ്ങളിൽ നിന്നും കണ്ടെത്തുക.
4. ശബ്ദാലങ്കാരങ്ങൾക്ക് ഉദാഹരണം പാഠപുസ്തകത്തിൽ നിന്നും കണ്ടെത്തുക.

അദ്ധ്യായം - 8

# വൃത്തപഠനം

**മുഖവുര**

സാഹിത്യത്തിലെ പ്രധാനപ്പെട്ട രണ്ട് ശാഖകളാണ് ഗദ്യവും, പദ്യവും. ഇതിൽ വിശിഷ്ട ശബ്ദാർത്ഥാലങ്കാരങ്ങളുടെ സമൂഹമായ പദ്യം വൃത്ത നിബദ്ധമാണ്.

പദ്യത്തിൽ അക്ഷരങ്ങൾ വിന്യസിച്ചിരിക്കുന്ന രീതിയ്ക്ക് വൃത്തമെന്നു പറയുന്നു. അതായത്, കൃത്യമായ അക്ഷരങ്ങൾ ചേർന്ന ഒരു പാദം, പാദത്തിലെ കൃത്യമായ ഗുരു, ലഘു വ്യവസ്ഥ, യതി ഈ വ്യവസ്ഥകൾ അനുസരിച്ച് സാഹിത്യ ശാസ്ത്രത്തെ അധികരിച്ചു രചിക്കുന്ന വാക്യങ്ങളാണ് പദ്യം.

കവികൾ വൃത്ത ശാസ്ത്ര വിധി പ്രകാരമാണ് പദ്യങ്ങളെഴുതുന്നത്. എന്നാൽ കാവ്യങ്ങളെല്ലാം പദ്യമായിരിക്കണമെന്നോ, വൃത്തശാസ്ത്ര നിബന്ധന പ്രകാരമെഴുതുന്നതെല്ലാം കാവ്യമാണെന്നോ പറയാനാവില്ല. ഇങ്ങനെ കാവ്യമല്ലാത്ത പദത്തിന് സംസ്കൃതത്തിൽ 'കാരിക' എന്നു പറയുന്നു.

ഭാഷാ വൃത്തങ്ങളെന്നും, സംസ്കൃത വൃത്തങ്ങളെന്നും വൃത്തം രണ്ടു വിധമുണ്ട്.

**1. സംസ്കൃത വൃത്തങ്ങൾ**

**വൃത്ത ശാസ്ത്രത്തിലെ സാങ്കേതിക പദങ്ങൾ**

വൃത്ത ശാസ്ത്രത്തിൽ പ്രയോഗത്തിലിരിക്കുന്ന സാങ്കേതിക ശബ്ദങ്ങളായ വൃത്തം, ഛന്ദസ്സ് എന്നിവയുടെ ലക്ഷണം നോക്കുക.

ലക്ഷണം:- പദ്യം വാർക്കുന്ന തോതല്ലോ വൃത്ത - മെന്നിഹ ചൊൽവത്.
ഛന്ദസ്സെന്നാലക്ഷരങ്ങളിത്രയെന്നുള്ള ക്ലിപ്തിയാം.

പദ്യ രചനയ്ക്കുള്ള തോതാണ് വൃത്തം. ഒരു പദ്യത്തിന്റെ ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്നുള്ള നിബന്ധനയാണ് ഛന്ദസ്സ്. ഒരു വരിയിൽ ഒന്നു മുതൽ ഇരുപത്തിയാറക്ഷരങ്ങൾ വരെ ഉണ്ടായിരിക്കാം. അതിനാൽ 26 ഛന്ദസ്സുകളുമുണ്ടാകും. ഒരു ഛന്ദസ്സിൽ തന്നെ ഗുരു, ലഘു വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ അനേകം വൃത്തങ്ങളുണ്ടാകും. അവയിൽ ചിലതുമാത്രമേ കവികൾ പ്രയോഗിക്കാറുള്ളൂ.

**ദണ്ഡകം**

ഒരു പാദത്തിൽ ഇത്ര അക്ഷരം വേണമെന്ന നിബന്ധനയാണല്ലോ ഛന്ദസ്സ്. ഒരു പാദത്തിൽ 26-ൽ അധികം അക്ഷരം വന്നാൽ അതിനെ ദണ്ഡകമെന്നു പറയുന്നു.

**പാദങ്ങൾ, അർദ്ധങ്ങൾ**

നാലു പാദങ്ങൾ അഥവാ വരികൾ ചേർന്നതാണ് ഒരു പദ്യം (ശ്ലോകം).

ഒന്നും, മൂന്നും പാദങ്ങളെ വിഷമ പാദങ്ങളെന്നും, രണ്ടും നാലും പാദങ്ങളെ സമപാദങ്ങളെന്നും പറയുന്നു.

ഉദാ:- തീരത്തിതാ നിൻവദനം പ്രസന്നം
നീരത്തിലത്താമരയും പ്രബുദ്ധം
കണ്ടിട്ടിതാ തേൻ നുകരാൻ തുനിഞ്ഞ
വണ്ടിണ്ട മണ്ടുന്നിതു രണ്ടിടത്തും.

ഇവിടെ

"തീരത്തിതാ നിൻ വദനം പ്രസന്നം
കണ്ടിട്ടിതാ തേൻ നുകരാൻ തുനിഞ്ഞ"

എന്നീ പാദങ്ങളെ വിഷമപാദങ്ങൾ എന്നു പറയുന്നു.

നീരത്തിലത്താമരയും പ്രബുദ്ധം
വണ്ടിണ്ട മണ്ടുന്നിതു രണ്ടിടത്തും.

എന്നീ പാദങ്ങളെ സമപാദങ്ങൾ എന്നു പറയുന്നു.

പൂർവ്വാർദ്ധം - ഒന്നും രണ്ടും പാദങ്ങൾ ചേർന്നത് പൂർവ്വാർദ്ധം.

ഉത്തരാർദ്ധം - മൂന്നും, നാലും പാദങ്ങൾ ചേർന്നത് ഉത്തരാർദ്ധം.

**ഗുരു - ലഘുക്കൾ**

വൃത്ത ശാസ്ത്രത്തിൽ സ്വരങ്ങളെ മാത്രമേ അക്ഷരങ്ങളായി കണക്കാക്കുന്നുള്ളൂ. സ്വരസഹായം കൂടാതെ തനിയെ നിൽക്കുന്ന വ്യഞ്ജനങ്ങളെ അക്ഷരങ്ങളായി കണക്കാക്കുകയില്ല.

ർ, ൺ, ൾ, ൻ, ൽ എന്നീ ചില്ലുകളെ അക്ഷരങ്ങളായി കണക്കാക്കുകയില്ല. വൃത്ത ശാസ്ത്രത്തിലും ഇവയെ അക്ഷരമായി പരിഗണിക്കാറില്ല. ഇതിനു കാരണം ചില്ലുകൾ വ്യഞ്ജനമാത്രകളായിരിക്കുന്നതാണ്.

സ്വരങ്ങൾ ഹ്രസ്വമെന്നും ദീർഘമെന്നും രണ്ടു വിധത്തിലുണ്ടല്ലോ. അതിൽ ഹ്രസ്വാക്ഷരത്തെ ലഘുവെന്നും, ദീർഘാക്ഷരത്തെ ഗുരുവെന്നും പറയുന്നു.

"ഹ്രസ്വാക്ഷരം ലഘുവതാം ഗുരുവാം ദീർഘമായത്
അനുസ്വാരം വിസർഗ്ഗം താൻ തീവ്രയത്നമുരച്ചിടും
ചില്ലു കൂട്ടക്ഷരം താനോ പിൻവന്നാൽ ഹ്രസ്വവും ഗുരു".

**ലഘു - ഗുരുക്കളെ കുറിക്കുന്ന സംജ്ഞ**

'ഗ' കാരം ഗുരുവിൻ പേരാം 'ല' കാരം ലഘു സംജ്ഞയാം
ഗുരുചിഹ്നം 'നേർവര' കേൾ ലഘുചിഹ്നം വളഞ്ഞതും.

വൃത്ത ശാസ്ത്രത്തിൽ ഗുരുവിനെ 'ഗ' എന്ന അക്ഷരംകൊണ്ടും, ലഘുവിനെ 'ല' എന്ന

അക്ഷരം കൊണ്ടും സൂചിപ്പിക്കുന്നു. അതുപോലെതന്നെ ഗുരുവിനെ കുറിക്കുന്നതിന് '—' എന്ന ചിഹ്നവും, ലഘുവിനെ സൂചിപ്പിക്കാൻ 'U' എന്ന അടയാളവും ഉപയോഗിക്കുന്നു.

**മാത്ര**

ഒരു ഹ്രസ്വാക്ഷരം (ലഘു) ഉച്ചരിക്കാനെടുക്കുന്ന സമയമാണ് ഒരു മാത്ര. ഒരു ദീർഘാക്ഷരം (ഗുരു) ഉച്ചരിക്കാനെടുക്കുന്ന സമയമാണ് രണ്ടുമാത്ര.

ലഘുവിന് പിന്നിൽ അനുസ്വാരം, വിസർഗ്ഗം, തീവ്രയത്നമുരയ്ക്കുന്ന ചില്ല് (കഠിനമായിപ്പറയുന്ന) കൂട്ടക്ഷരം ഇവ കടന്നുവന്നാൽ ഒറ്റമാത്രയുള്ള ലഘു രണ്ടു മാത്രയുള്ള ഗുരുവായിത്തീരും.

**യതി**

പാദങ്ങൾക്ക് ചില ഭാഗങ്ങളിൽ അല്പം നിർത്തൽ വേണ്ടി വരും. ഇതിനെയാണ് 'യതി' എന്നു പറയുന്നത്.

"പാദത്തിൽ മുറിയുന്നേടം യതി, മുട്ടുകളെന്നപോൽ"

**സമവൃത്തം - അർദ്ധസമവൃത്തം**

**വിഷമവൃത്തം**

പാദം നാലും തുല്യമെങ്കിലപ്പദ്യം സമവൃത്തമാം
അർദ്ധം രണ്ടും തുല്യമെങ്കില തർദ്ധസവൃത്തമാം
നാലും നാലുവിധം വന്നാലതോ വിഷമവൃത്തമാം.

**സമവൃത്തം :**

ഒരു പദ്യത്തിൽ നാലു പാദങ്ങൾക്കും 'ലക്ഷണം' ഒന്നുപോലിരുന്നാൽ അതിനെ സമവൃത്തം എന്നു പറയുന്നു.

**അർദ്ധസമവൃത്തം**

ഒരു പദ്യത്തിൽ ഒന്നാം പാദത്തിലും, മൂന്നാം പാദത്തിലും ഒരു പോലെയും, രണ്ടാം പാദത്തിലും, നാലാം പാദത്തിലും ഒരു പോലെയും ലക്ഷണം വന്നാൽ അത് അർദ്ധസമവൃത്തം.

**വിഷമ വൃത്തം**

നാലു പാദങ്ങൾക്കും വെവ്വേറെ 'ലക്ഷണം' വന്നാൽ അതിനെ വിഷമവൃത്തം എന്നു പറയുന്നു.

**മാത്രാവൃത്തം - വർണ്ണവൃത്തം**

വർണ്ണപ്രധാനമാം വൃത്തം വർണ്ണവൃത്തമതായിടും.
മാത്രാ പ്രധാനമാം വൃത്തം മാത്രാവൃത്തമതായിടും.

**മാത്രാവൃത്തം**

ഒരു പാദത്തിൽ ഇത്രമാത്രയെന്ന നിയമമുള്ളത് മാത്രാവൃത്തം.

**വർണ്ണവൃത്തം**

ഒരു പാദത്തിൽ ഇത്ര അക്ഷരമെന്ന നിയമമുള്ള വൃത്തമാണ് വർണ്ണവൃത്തം.

**ഗണം**

മൂന്നക്ഷരം ചേർന്നതിനു ഗണമെന്നിഹ സംജ്ഞയാം.
ഗണം ഗുരുലഘു സ്ഥാനഭേദത്താലെട്ടുമാതിരി.

വർണ്ണവൃത്തങ്ങളിൽ മൂന്നക്ഷരം കൂടിയതിന് ഒരു ഗണം എന്നു പറയുന്നു. ലക്ഷണ കൽപന യ്ക്കുള്ള സൗകര്യത്തിനു വേണ്ടിയാണ് ഓരോ പാദത്തിലേയും അക്ഷരങ്ങളെ ഗണങ്ങളായി തിരി ക്കുന്നത്.

ഗുരു ലഘു ക്രമമനുസരിച്ച് ഗണം എട്ട് തരത്തിലുണ്ട്.

**ലക്ഷണം**

"ആദിമധ്യാന്ത വർണ്ണങ്ങൾ ലഘുക്കൾ 'യരത'ങ്ങളിൽ
ഗുരുക്കൾ 'ഭജസ'ങ്ങൾക്കു മനങ്ങൾ 'ഗല' മാത്രമാം"

ഗണങ്ങളുടെ പേരുകളും അവയിലെ ഗുരു ലഘുക്കളുടെ സ്ഥാനക്രമവും താഴെകൊടുക്കുന്നു.

| **ഗണങ്ങളുടെ പേര്** | **ഗുരു ലഘുക്കളുടെ സ്ഥാന ക്രമം** | | | |
|---|---|---|---|---|
| യ ഗണം | U | -- | -- | ആദിലഘു |
| ര ഗണം | -- | U | -- | മധ്യലഘു |
| ത ഗണം | -- | -- | U | അന്ത്യലഘു |
| ഭ ഗണം | -- | U | U | ആദി ഗുരു |
| ജ ഗണം | U | -- | U | മധ്യ ഗുരു |
| സ ഗണം | U | U | -- | അന്ത്യ ഗുരു |
| മ ഗണം | -- | -- | -- | സർവ്വ ഗുരു |
| ന ഗണം | U | U | U | സർവ്വ ലഘു |

ഈ ഗണങ്ങൾ ഉപയോഗിക്കുന്നതിനുള്ള സൗകര്യമനുസരിച്ച് യ, ര, ത, ഭ, ജ, സ, മ, ന എന്ന അക്ഷരങ്ങളെക്കൊണ്ട് സൂചിപ്പിക്കുന്നു.

'ഒരു ഗണത്തിലെ ലഘുക്കളുടെ സ്ഥാനം ആദ്യമോ, മധ്യമോ, അന്ത്യമോ ആയിരുന്നാൽ ആ ഗണം യഥാക്രമം യ ഗണം, ര ഗണം, ത ഗണം ഇവയിലേതെങ്കിലും ആയിരിക്കും. ഗുരുവാണെങ്കിൽ ഭ, ജ , സ ഇവയിലേതെങ്കിലും ആയിരിക്കും.

ഒരു ഗണത്തിൽ എല്ലാം ലഘുക്കളായാൽ അത് നഗണവും, ഗുരുക്കളായാൽ മഗണവും ആയിരിക്കും.

(താഴെ കൊടുത്തിരിക്കുന്ന പദങ്ങളുടെ ഗണം നിശ്ചയിക്കുന്നതു നോക്കുക)

| | | | | | |
|---|---|---|---|---|---|
| | U — — | | | | |
| 1. | യ ശ സ്വീ | - | ആദി ലഘു | - | യ ഗണം |
| | — U — | | | | |
| 2. | ഭാരതം | - | മധ്യലഘു | - | ര ഗണം |
| | — — U | | | | |
| 3. | താരുണ്യ | - | അന്ത്യ ലഘു | - | ത ഗണം |
| | — U U | | | | |
| 4. | ദേവത | - | ആദി ഗുരു | - | ഭ ഗണം |
| | U — U | | | | |
| 5. | പഠിക്ക | - | മധ്യ ഗുരു | - | ജ ഗണം |
| | U U — | | | | |
| 6. | ഭരതം | - | അന്ത്യ ഗുരു | - | സ ഗണം |
| | U U U | | | | |
| 7. | നിയതി | - | സർവ്വ ലഘു | - | ന ഗണം |
| | — — — | | | | |
| 8. | പാദങ്ങൾ | - | സർവ്വ ഗുരു | - | മ ഗണം |

താഴെ കൊടുത്തിരിക്കുന്ന വാക്കുകൾക്ക് ഗണം തിരിക്കുക.

സ്വരൂപം, എടുക്കാം, എന്നുള്ള, അക്ഷരം, വിഭാഗം, സുനിത, പാദവം, നദിയിൽ, ഭാവിയിൽ, ഭാരതി, സംഗീതം, ജീവിതം, മാലെന്ന്യേ, കമല, താമര, കേരളം, വചനം, മരണം.

വർണ്ണ വൃത്തങ്ങളിലാണ് ഈ രീതിയിൽ മൂന്നക്ഷരം ചേർന്ന് ഒരു ഗണമായി തീരുന്നത്. എന്നാൽ മാത്രാവൃത്തത്തിൽ ഗണം തിരിക്കുന്നത് ഇപ്രകാരമാണ്.

നാലു മാത്രയ്ക്കൊരു ഗണം മാത്രാവൃത്തങ്ങളിൽ പുന:

സർവ്വാദിമധ്യാന്ത ഗുരു ചതുർലഘുവുമഞ്ചിത്.

അതായത് മാത്രാവൃത്തങ്ങളിൽ നാലു മാത്രകൂടിയത് ഒരു ഗണമാകും. അത് അഞ്ച് വിധത്തിൽ സംഭവിക്കും.

1. സർവ്വഗുരു — — — ഗുരുമയം

| | | |
|---|---|---|
| 2. ആദി ഗുരു | — ∪ ∪ | ഭ ഗണം |
| 3. മധ്യ ഗുരു | ∪ — ∪ | ജ ഗണം |
| 4. അന്ത്യ ഗുരു | ∪ ∪ — | സ ഗണം |
| 5. സർവ്വ ലഘു | ∪ ∪ ∪ | ലഘുമയം |

**1. സമവൃത്തങ്ങൾ**

ഒരു ശ്ലോകത്തിലെ നാലു പാദങ്ങളും ഒരു പോലെയിരിക്കുന്നതാണ് സമവൃത്തം. ഈ വിഭാഗത്തിൽ വരുന്ന ചില വൃത്തങ്ങളെപ്പറ്റി ഈ അദ്ധ്യായത്തിൽ പഠിക്കാം.

1. ഇന്ദ്രവജ്ര

ലക്ഷണം ഃ- കേളിന്ദ്ര വജ്രയ്ക്കു തതം ജഗംഗം.

'ത' ഗണം, ത ഗണം, ജ ഗണം, ഗുരു, ഗുരു,

ഈ വ്യവസ്ഥയിൽ വരുന്നതാണ് ഇന്ദ്രവജ്ര.

ഉദാ

ത ത ജ ഗഗ

— — ∪ / — — ∪ / ∪ — ∪ / — —

മേയുന്ന / പുല്ലും മ / റിമാൻ മ / റന്നൂ

ത / ത / ജ / ഗഗ

— — ∪ / — — ∪ / ∪ — ∪ / — —

ചെയ്യുന്ന / നൃത്തം മ / യിലും നി / റുത്തി

ത / ത / ജ / ഗഗ

— — ∪ / — — ∪ / ∪ — ∪ / — —

പായുന്ന / കണ്ണീർക്ക / ണമെന്ന / പോലെ

ത / ത / ജ / ഗഗ

— — ∪ / — — ∪ / ∪ — ∪ / — —

പെയ്യുന്നി / തേവെള്ളി / ല വള്ളി / തോറും.

**2. ഉപേന്ദ്രവജ്ര**

ലക്ഷണം:- ഉപേന്ദ്രവജ്രയ്ക്കു ജതം ജഗംഗം.

ജഗണം, തഗണം, ജ ഗണം, ഗുരു, ഗുരു എന്ന ക്രമത്തിൽ ഗണങ്ങൾ വരുന്നുവെങ്കിൽ അത് ഉപേന്ദ്രവജ്രവൃത്തമാണ്.

ഉദാ:

ജ ത ജ ഗ ഗ

∪ – ∪ / – – ∪ / ∪ – ∪ / – –

പ്രപഞ്ച / മാം പാൽക്ക / ടലാവ /തും നാം

ജ ത ജ ഗ ഗ

∪ – ∪ / – – ∪ / ∪ – ∪ / – –

പഠിച്ച / മട്ടൊക്കെ / മഥിച്ചു / നോക്കാം

ജ ത ജ ഗ ഗ

∪ – ∪ / – – ∪ / ∪ – ∪ / – –

സ്വഭോഗ / മാതോചി / തമായ് / ലഭിക്കും

ജ ത ജ ഗ ഗ

∪ – ∪ / – – ∪ / ∪ – ∪ / – –

സുഖാവൃ / തം ദുഃഖ / വിഷാംബു / മിശ്രം.

3. **ഉപജാതി**

ലക്ഷണം :- അതേന്ദ്രവജ്രാം (ഘ്രീയുപേന്ദ്രവജ്ര

കലർന്നു വന്നാലുപജാതിയാകും.

ഇന്ദ്രവജ്രയും, ഉപേന്ദ്രവജ്രയും ചില സന്ദർഭങ്ങളിൽ ഇടകലർത്തി ഉപയോഗിക്കാറുണ്ട്. ഇതിനെയാണ് ഉപജാതി എന്നു പറയുന്നത്.

ഉദാ:- ത ത ജ ഗഗ

– – ∪ / – – ∪ / ∪ – ∪ / – –

ഭൃംഗാഞ്ജ / നച്ചാർത്തൊ / ടുചേർത്തു / ചാർത്തി

ജ ത ജ ഗഗ

∪ – ∪ / – – ∪ / ∪ – ∪ / – –

മുഖത്തി / ലോമൽ തി / ലകം മ / ധു ശ്രീ.

**4.  രഥോദ്ധത**

ലക്ഷണം:-   രം നരം ലഗുരുവും രഥോദ്ധത.

ര ഗണം, നഗണം, രഗണം, ലഘു, ഗുരു ഈ വ്യവസ്ഥയിലും ചേർന്ന് വരികയാണെങ്കിൽ വൃത്തം രഥോദ്ധത.

ഉദാ:

ര   ന   ര   ലഗ

– ∪ – / ∪ ∪ ∪ / – ∪ – / ∪ –

യാദവർ / ക്കു കുരു /പാണ്ഡവാ / ദിയിൽ

ര   ന   ര   ലഗ

– ∪ – / ∪ ∪ ∪ / – ∪ – / ∪ –

ഭേദമെ / ന്തു നിരൂ /പിച്ചു നോ / ക്കുകിൽ

ര   ന   ര   ലഗ

– ∪ – / ∪ ∪ ∪ / – ∪ – / ∪ –

മോദമോ / ടിവിടെ / യാരുമുൻ / പിൽവ-

ര   ന   ര   ലഗ

– ∪ – / ∪ ∪ ∪ / – ∪ – / ∪ –

ന്നാദരി / ക്കുമവ / രോടു ചേ / രണം.

**5.  മഞ്ജുഭാഷിണി**

ലക്ഷണം:- സജസം കഴിഞ്ഞു ജഗ മഞ്ജുഭാഷിണി.

സഗണം, ജഗണം. സഗണം, ജഗണം, ഗുരു ഈ ക്രമത്തിൽ പതിമൂന്നക്ഷരത്തിൽ നാലുഗണവും, ഒരു ഗുരുവും വരുന്ന വൃത്തമാണ് മഞ്ജുഭാഷിണി.

സ   ജ   സ   ജ   ഗ

∪ ∪ – / ∪ – ∪ / ∪ ∪ – / ∪ – ∪ / –

മലയാ / ളികൾക്ക് / രസമേ / റ്റമേശു / വാൻ

സ   ജ   സ   ജ   ഗ

∪ ∪ – / ∪ – ∪ / ∪ ∪ – / ∪ – ∪ / –

മലയാ / ളഭാഷ / യതിലു / ള്ളനാട / കം

സ   ജ   സ   ജ   ഗ

∪ ∪ – / ∪ – ∪ / ∪ ∪ – / ∪ – ∪ / –

മലയാ / തെ നീ പ / റകന / ല്ലതൊന്നു / പൊൻ

സ   ജ   സ   ജ   ഗ

∪ ∪ – / ∪ – ∪ / ∪ ∪ – / ∪ – ∪ / –

മലയാ / യെ തിർത്ത / മുലയാ / യ നായി / കേ.

6. **വസന്തതിലകം**

ലക്ഷണം:- ചൊല്ലാംവസന്തതിലകം തഭജം ജഗംഗം.

'ത' ഗണം, ഭഗണം, ജഗണം, ജഗണം, ഗുരു, ഗുരു എന്നിങ്ങനെ വരുന്ന പാദമാണ് വസന്തതി ലകം വൃത്തം.

ഉദാ :-

ത ഭ ജ ജ ഗ ഗ

— — ∪ / — ∪ ∪ / ∪ — ∪ / ∪ — ∪ / — —

നന്ദിച്ചി/ രുന്നൊരു / കുമുദ്വ / തി കാന്തി / മങ്ങി

ത ഭ ജ ജ ഗഗ

— — ∪ / — ∪ ∪ / ∪ — ∪ / ∪ — ∪ / — —

മന്ദിച്ചു / തേശിശി / ര രശ്മി / മറഞ്ഞ / നേരം

ത ഭ ജ ജ ഗഗ

— — ∪ / — ∪ ∪ / ∪ — ∪ / ∪ — ∪ / — —

ഇഷ്ട പ്ര / വാസമ / തിനാലു / ഉവാമ / വസ്ഥ

ത ഭ ജ ജ ഗഗ

— — ∪ / — ∪ ∪ / ∪ — ∪ / ∪ — ∪ / — —

കഷ്ടം തു / ലോമബ / ലമാർക്കൊ / രു തർക്ക / മില്ല.

7. **മാലിനി**

ലക്ഷണം:- നനമയയുഗമെട്ടിൽ ത്തട്ടണം മാലിനിക്ക്.

മാലിനിയ്ക്ക് എട്ടാമക്ഷരത്തിൽ 'യതി' വരണം. 'ന' ഗണം

നഗണം, മഗണം, യഗണം, യഗണം എന്നിങ്ങനെ വരുന്ന പാദമാണ് മാലിനി.

ഉദാ:

ന ന മ യ

∪ ∪ ∪ / ∪ ∪ ∪ / — — — / ∪ — — / ∪ — —

ഇനിയൊ / രടി ന / ടന്നാൽ കി / ട്ടുമേ കൈ / ക്കലെന്നും

ന ന മ യ യ

∪ ∪ ∪ / ∪ ∪ ∪ / — — — / ∪ — — / ∪ — —

പ്രതിപ / ദമപി / തോന്നുംമാ / റുമന്ദം / നടന്നാ

8. **മന്ദാക്രാന്ത**

ലക്ഷണം:-

മന്ദാക്രാന്ത മഭന തതഗം നാലുമാറേഴുമായ് ഗം.

മഗണം, ഭഗണം, നഗണം, തഗണം, തഗണം, ഗുരു, ഗുരു എന്നിങ്ങനെയാണ് ഗണങ്ങൾ മന്ദാക്രാന്തയിലെ നാലിലും ആറിലും, ഏഴിലും യതി വരും.

ഉദാ:-

മ ഭ ന ത ത ഗഗ

– – – / – ∪ ∪ / ∪ ∪ ∪ / – – ∪ / – – ∪ / – –

കാളം പോ / ലേകുസു / മധനു / ഷോ ഹന്ത / പൂങ്കോഴി / കൂകി

മ ഭ ന ത ത ഗഗ

– – – / – ∪ ∪ / ∪ ∪ ∪ / – – ∪ / – – ∪ / – –

ചോളം പോ / ലേ ചിത / റി വിള / റീ താര / കാണാം നി / കായം

9. **ശാർദ്ദൂലവിക്രീഡിതം**

ലക്ഷണം :

പന്ത്രണ്ടാൽ മസജം സതംത ഗുരുവും ശാർദ്ദൂല വിക്രീഡിതം.

പന്ത്രണ്ടാമത്തെ അക്ഷരത്തിൽ യതി വരുന്നതും, മഗണം, സഗണം, ജഗണം, സഗണം, തഗണം, തഗണം ഗുരു എന്ന ഗണനിയമം ദീക്ഷിക്കുന്നതുമായ വൃത്തമാണ് ശാർദ്ദൂലവിക്രീഡിതം.

ഉദാ:

മ സ ജ സ ത ത ഗ

– – – / ∪ ∪ – / ∪ – ∪ / ∪ ∪ – / – – ∪ / – – ∪ / –

രാവിപ്പോൾ / ക്ഷണമ /ങ്ങൊടുങ്ങി / ടുമുഷ / സ്സെങ്ങും പ്ര / കാശിച്ചി / ടും

മ സ ജ സ ത ത ഗ

– – – / ∪ ∪ – / ∪ – ∪ / ∪ ∪ – / – – ∪ / – – ∪ / –

ദേവൻ സൂ /ര്യ നുദി / ക്കുമിക്ക / മലവും / കാലേവി / ടർന്നീടു / മേ

മ സ ജ സ ത ത ഗ

– – – / ∪ ∪ – / ∪ – ∪ / ∪ ∪ – / – – ∪ / – – ∪ / –

ഏവം മൊ / ട്ടി നക / ത്തിരുന്ന /രുളി മ/നോരാജ്യം/ തുടർന്നീ/ടവേ

മ സ ജ സ ത ത ഗ

– – – / ∪∪ – / ∪ – ∪/ ∪∪ – / – – ∪ / – – ∪/ –

ദൈവത്തിൻ / മനമാ / രുകണ്ടു? / പിഴുതാൻ / ദന്തീന്ദ്ര / നപദ്മി / നീം.

10. **സ്രഗ്ദ്ധര**

ലക്ഷണം :- ഏഴേഴായ് മൂന്നു ഖണ്ഡം മരഭനയയയം
സ്രഗ്ദ്ധരാ വൃത്തമാകും.

ഓരോ ഏഴക്ഷരത്തിലും യതി വരുന്ന, ഇരുപത്തിയൊന്നക്ഷരം ഓരോ പാദത്തിലുമുള്ള വൃത്തമാണ് സ്രഗ്ദ്ധര. ഇതിലെ ഗണങ്ങൾ മഗണം, രഗണം, ഭഗണം, നഗണം, യഗണം, യഗണം, യഗണം എന്നിവയാണ്.

ഉദാ:

മ ര ഭ ന യ യ യ

– – – / – ∪ – / – ∪∪ / ∪∪ ∪/ ∪ – – / ∪ – – / ∪ – –

താരിൽ ത / ന്വീകടാ / ക്ഷാ ഞ്ചല / മധുപ / കുലാരാ / മരാമാ / ജനാനാം

മ ര ഭ ന യ യ യ

– – – / – ∪ –/ – ∪∪ / ∪∪ ∪/ ∪ – – / ∪ – – / ∪ – –

നീരിൽതാർ / ബാണവൈ / രാകര / നികര / തമോമ / ണ്ഡലീച്ച / ണ്ഡഭാനോ

മ ര ഭ ന യ യ യ

– – – / – ∪ –/ – ∪∪ / ∪∪ ∪/ ∪ – – / ∪ – – / ∪ – –

നേരത്താ / തോരു നീ / യാം തൊടു / കുറി ക /ള കായ്കെ / ന്നുമേഷാ / കുളിക്കും

മ ര ഭ ന യ യ യ

– – – / – ∪ – / –∪∪ / ∪∪ ∪/ ∪ – – / ∪ – – / ∪ – –

നേരത്തി / ന്നിപ്പുറം / വിക്രമ / നൃവര / ധരാഹ / ന്തകല്പാ /ന്തതോയേ.

11. **കുസുമമഞ്ജരി**

ലക്ഷണം:- രംനരംനരനരം നിരന്നു വരുമെങ്കിലോ കുസുമമഞ്ജരി.

രഗണം, നഗണം, രഗണം, നഗണം, രഗണം, നഗണം, രഗണം, ഇവ നിരന്നു വരുന്നത് കുസുമമഞ്ജരി.

ഉദാ:-

ര ന ര ന ര ന ര

– ∪ – / ∪ ∪ ∪ / – ∪ – / ∪ ∪ ∪ / – ∪ – / – ∪ – / – ∪ –

കണ്ഠനാ / ളമഴ / കിൽതിരി / ച്ചനുപ / ദാരഥം / പിറകിൽ / നോക്കിയും

ര ന ര ന ര ന ര

– ∪ – / ∪ ∪ ∪ / – ∪ – / ∪ ∪ ∪ / – ∪ – / ∪ ∪ ∪ / – ∪ –

കുണ്ഠനായ് / ശരഭ / യേന പൃ / ഷ്ഠമതു / പൂർവ്വകാ / യഗത / മാക്കിയും

ര ന ര ന ര ന ര

– ∪ – / ∪ ∪ ∪ / – ∪ – / ∪ ∪ ∪ / – ∪ – / ∪ ∪ ∪ / – ∪ –

ഇണ്ടൽ കൊ / ണ്ടു വിവൃ / താന്മുഖാൽ / പഥിച / വച്ചദർ / ഭകൾപ /തിക്കവേ

ര ന ര ന ര ന ര

– ∪ – / ∪ ∪ ∪ / – ∪ – / ∪ ∪ ∪ / ∪ – ∪ / ∪ ∪ ∪ / – ∪ ∪

കണ്ടുകൊൾ / കകുതി / കൊണ്ടു കി / ഞ്ചി ദവ / നൗഭൃശം / നഭസി / ധാവതി.

## II. അർദ്ധസമ വൃത്തങ്ങൾ

1. **വിയോഗിനി**

ലക്ഷണം :- വിഷമേ സസജംഗവും, സമേ

സഭരം ലംഗുരുവും വിയോഗിനീ.

വിഷമ പാദങ്ങളിൽ അതായത് ഒന്നും, മൂന്നും പാദങ്ങളിൽ സഗണം, സഗണം, ജഗണം, ഗുരു ഇവയും, സമപാദങ്ങളിൽ അതായത് രണ്ടും, നാലും പാദങ്ങളിൽ സഗണം, ഭഗണം, രഗണം, ലഗണം, ഗുരു ഇവയും വരുന്നത് വിയോഗിനിവൃത്തം. വിയോഗിനി വൃത്തത്തിന്റെ വിഷമ പാദത്തിൽ പത്തക്ഷരവും, സമപാദത്തിൽ പതിനൊന്നക്ഷരവും കാണും.

ഉദാ:-

സ സ ജ ഗ

∪ ∪ – / ∪ ∪ – / ∪ – ∪ / –

അരിയോ / രണി പ / ന്തലായ് / സ തി

സ ഭ ര ലഗ

∪ ∪ – / – ∪ ∪ / – ∪ – / ∪ --

ക്കൊരുപൂ / വാകവി / തീർത്ത ശാ / ഖകൾ

2. **വസന്തമാലിക**

ലക്ഷണം:- വിഷമേ സസജം ഗഗം, സമത്തിൽ

സഭരേഫം യവസന്തമാലികയ്ക്ക്.

വിഷമപാദത്തിൽ സഗണം, സഗണം, ജഗണം, ഗുരു, ഗുരു, എന്നിവയും, സമപാദത്തിൽ സഗണം, ഭഗണം, രഗണം, യഗണം എന്നിവയും വരുന്നത് വസന്തമാലിക.

ഇതിന്റെ വിഷമപാദത്തിൽ പതിനൊന്നക്ഷരവും, സമപാദത്തിൽ പന്ത്രണ്ടക്ഷരവും കാണും, വിയോഗിനിയുടെ ഓരോ പാദത്തിലും ഒടുവിൽ ഒരു ഗുരു ചേർത്താൽ വസന്തമാലിക ആകും.

ഉദാ:-

സ സ ജ ഗ ഗ

∪∪ – / ∪∪ – / ∪ – ∪ / – –

തളയും / വളയും / കിലുക്കി / മെല്ലെ

സ സ ജ ഗ ഗ

∪∪ – / ∪∪ – / ∪ – ∪ / – –

ക്കളവേ / ണുസ്വന / വും മുഴ /ക്കി മന്ദം

3. **പുഷ്പിതാഗ്ര**

ലക്ഷണം:- നനരയ വിഷമത്തിലും സമത്തിൽ

പുനരിഹ നം ജജരംഗ പുഷ്പിതാഗ്ര.

പുഷ്പിതാഗ്രയ്ക്ക് വിഷമപാദത്തിൽ പന്ത്രണ്ടക്ഷരത്തിൽ നഗണം, നഗണം, രഗണം, യഗണം എന്ന ഗണക്രമവും, സമപാദത്തിൽ പതിമൂന്നക്ഷരവും നഗണം, ജഗണം, ജഗണം, രഗണം, ഗുരു എന്ന ഗണവിന്യാസവും കാണും.

ഉദാ:

ന ന ര യ

∪∪ ∪ / ∪∪ ∪ / – ∪ – / ∪ – – /

പ്രിയമൊ / ഴി വന / ദേവരോ / തിടും പോൽ

ന ജ ജ ര ഗ

∪∪ ∪ / ∪ – ∪ / ∪ – ∪ / – ∪ – / –

സ്വയമ / ഥ പൊങ്ങി / കപോത / ഹൂത ഘോ /ഷം.

**ദണ്ഡകം**

വർണ്ണ വൃത്തങ്ങളിലെ സമവൃത്തം, അർദ്ധ സമവൃത്തം, വിഷമവൃത്തം ഇവയെക്കുറിച്ച് പഠിച്ചു.

ഇനി ദണ്ഡകത്തെ നോക്കാം.

ഒരു പാദത്തിൽ 26 അക്ഷരത്തിൻമേലുള്ള പാദങ്ങളാണ് ദണ്ഡകം.

**ആട്ടക്കഥാ ദണ്ഡകം**

ലക്ഷണം:- ആദ്യത്തിൽ ഗുരുവേറീട്ടും ലഘുവേറിട്ടൊടുക്കവും
മധ്യേ രണ്ടും സമം നിന്നും മൂന്നു ഖണ്ഡത്തിലിങ്ങനേ.
നളന്റെ ചരിതത്തുങ്കൽ കേളർദ്ധസമ ലക്ഷണമായ്
ഉള്ളോരു ദണ്ഡകത്തിനു കൊള്ളാം പേരിക്ഷു ദണ്ഡികം.

ആദ്യഭാഗത്ത് ഗുരുക്കളും, അവസാന ഭാഗത്ത് ലഘുക്കളും, മധ്യത്തിൽ ഗുരു ലഘുക്കൾ ഒരു പോലെയും വരുന്നതാണ് ആട്ടക്കഥകളിൽ പൊതുവെ കാണുന്ന ദണ്ഡകം.

ദണ്ഡകത്തിലെ ഒന്നും മൂന്നും രണ്ടും നാലും പാദങ്ങൾക്ക് ലക്ഷണം തുല്യമാണെങ്കിൽ അതിനെ അർദ്ധസമമെന്നു പറയുന്നു. ഇത് ആട്ടക്കഥകൾക്ക് പൊതുവെയുള്ള ലക്ഷണമാണ്.

**ഭാഷാവൃത്തങ്ങൾ**

സംസ്കൃതത്തിലെ എല്ലാ വൃത്തങ്ങളെയുംപ്പറ്റി പഠിച്ചു കഴിഞ്ഞു. അടുത്തതായി മലയാളത്തിൽ ഭാഷാ വൃത്തങ്ങളെക്കുറിച്ച് നോക്കാം.

'പ്രായേണ ഭാഷാവൃത്തങ്ങൾ തമിഴിന്റെ വഴിക്കു താൻ
അതിനാൽ ഗാനരീതിക്കു ചേരുമീരടിയാണിഹ'.

എന്ന് 'വൃത്തമഞ്ജരിയിൽ ഏ.ആർ. രാജരാജവർമ്മ പറയുന്നു. മലയാളം ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരു ഭാഷയായതിനാൽ തമിഴിനുള്ളതുപോലെ അതിനും സ്വന്തമായൊരു കവിതാരീതി ഉണ്ടെന്നാണിതിനർത്ഥം. അതേസമയം തമിഴിനും സംസ്കൃതത്തിനും വൃത്തശാസ്ത്രത്തിൽ വളരെയേറെ വ്യത്യാസങ്ങളുണ്ട്. അവയേതല്ലാമെന്നു താഴെപ്പറയുന്നു.

ഭാഷാവൃത്തങ്ങളെല്ലാം ഗാനാത്മകമായിരിക്കും. അവ മിക്കതും മാത്രാപ്രധാനവുമായിരിക്കും. എന്നാൽ സംസ്കൃതവൃത്തങ്ങൾ ഏറിയകൂറും ഗണവൃത്തങ്ങളായിരിക്കും. ബാക്കിയുള്ളവ മാത്രാവൃത്തങ്ങൾ തന്നെയാണ്. രണ്ടുപാദങ്ങളുള്ള ഈരടികളായിട്ടാണ് ഭാഷാവൃത്തങ്ങളെ കണക്കാക്കുന്നത്. സംസ്കൃതവൃത്തത്തിലാകട്ടെ ഒരു പദ്യം നാലുവരിയുള്ള ശ്ലോകമാണ്. ശ്ലോകത്തിൽ ഒരന്വയം പൂർണ്ണമായിരിക്കും. ഈരടികളിൽ അന്വയം പൂർണ്ണമാവണമെന്നു നിർബന്ധമില്ല. ഭാഷാവൃത്തങ്ങൾക്ക് ഇത്രയടി ഒരു ശീലെന്ന കൃത്യതയില്ല. അന്വയം നിർത്തുന്നത് എവിടെ വേണെങ്കിലുമാകാം. ഈ ശീലുകൾ ശ്ലോകം പോലെ ഒറ്റ തിരിഞ്ഞു നിൽക്കുകയില്ല. അവ തുടർച്ചയായ ഒരു പ്രവാഹം പോലെയാണ്.

ഭാഷാവൃത്തങ്ങളിലെ ചില നിയമങ്ങൾ.

1. അടികൾക്കും കണക്കില്ല; നിൽക്കയും വേണ്ടൊരേടവും.
2. വ്യവസ്ഥയെല്ലാം ശിഥിലം പ്രധാനം ഗാനരീതിതാൻ.
3. മാത്രയ്ക്കു നിയമം കാണും ഗാനം താളത്തിലൊക്കുകിൽ;
   ഇല്ലെങ്കിൽ വർണ്ണ സംഖ്യയ്ക്കു നിയമം മിക്കദിക്കിലും.
4. ഗുരുവാക്കാമിച്ഛപോലെ പാടി നീട്ടി ലഘുക്കളെ;
   അതുപോലിഹ ദീർഘത്തെക്കുറുക്കുന്നത പൂർവ്വമാം.

എന്നാൽ ഈ വ്യവസ്ഥകൾക്ക് വിശദീകരണം നൽകിയപ്പോഴുണ്ടായ പല തെറ്റുകളും

പോരായ്മകളും പിൽക്കാലത്ത് പണ്ഡിതന്മാർ ചൂണ്ടിക്കാണിച്ചിരുന്നു. പലയിടത്തും ഏ.ആറിന്റെ നിയമങ്ങൾ പൂർണ്ണമായി യോജിച്ചിരുന്നില്ല.

**1. കാകളി**

ലക്ഷണം:- മാത്രയഞ്ചക്ഷരം മൂന്നിൽ വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തിള്ളീരടിക്കു ചൊല്ലാം കാകളിയെന്നു പേർ.

അഞ്ചുമാത്രകളുള്ള മൂന്നക്ഷരം ചേർന്നത് ഒരു ഗണം. അതായത് രണ്ടു ഗുരുവും ഒരു ലഘുവുമുള്ള രഗണമോ തഗണമോ യഗണമോ ആവും. ഇങ്ങനെയുള്ള നാലുഗണം കൂടിയത് ഒന്നാം പാദം. അതുപോലെ തന്നെ രണ്ടാം പാദവും. അങ്ങനെ ആകെ എട്ടുഗണം ചേർന്ന് ഒരു ഈരടി. ഈ രീതിയിലുള്ള ശീലാണ് കാകളി. ആദ്യാക്ഷരം രണ്ടു പാദത്തിലും ഗുരുവായിരിക്കണം.

ഉദാ:-

– – ∪ / – – ∪ / – ∪ – / – ∪ –

നിന്നുടെ / തത്ത്വമ / റിഞ്ഞിരി / ക്കുന്നിതു

– – ∪ / – ∪ – / – – ∪ / – ∪ –

മുന്നമേ / ഞാനെടോ / നിന്നുള്ളി / ലെപ്പൊഴും

– ∪ – / – – ∪ / – ∪ – / – ∪ –

ലീലയാ / ലൊന്നു പി / ടിച്ചുകു / ലുക്കിയാൽ

– – ∪ / – – ∪ / – ∪ – / – – ∪

പാടെപ / തറിക്കൊ /ഴിഞ്ഞുപോം / ബ്രഹ്മാണ്ഡ

**2. കളകാഞ്ചി**

ലക്ഷണം:- കാകളിക്കാദ്യപാദാദൗ രണ്ടോ മൂന്നോ ഗണങ്ങളെ
ഐയ്യഞ്ചു ലഘുവാക്കീടിലുളവാം കളകാഞ്ചി കേൾ.

കാകളിയുടെ ഒന്നാം പാദത്തിൽ ആദ്യത്തെ രണ്ടു ഗണവും രണ്ടാംപാദത്തിൽ മൂന്നു ഗണവും ലഘുവായാൽ കളകാഞ്ചി വൃത്തമാകും.

ഉദാ:-

∪ ∪ ∪ ∪ ∪ / ∪ ∪ ∪ ∪ ∪ / – – ∪ / – ∪ –

കഥയമമ / കഥയമമ / സല്ക്കഥ / സാദരം

∪ ∪ ∪ ∪ ∪ / ∪ ∪ ∪ ∪ ∪ / ∪ ∪ ∪ ∪∪ / – ∪ –

സകലശുക/ കുലവിമല / തിലകിതക / ളേബരേ

– – ∪ / – – ∪ / – ∪ – / – ∪ –

സാരസ്യ / പീയൂഷ / സാരസർ / വ്വസ്വമേ.

3. **മണികാഞ്ചി**

ലക്ഷണം: കാകളിക്കുള്ള പാദങ്ങൾ രണ്ടിലും പിന്നയാദിമം
ഗണം മാത്രം ലഘുമയമായാലോ മണികാഞ്ചിയാം.

കാകളിയുടെ ഓരോ പാദത്തിലെയും ഒന്നാം ഗണം ലഘുമയമാക്കിയാൽ മണികാഞ്ചിയാകും.

ഉദാ:-

∪∪ ∪∪ ∪ / – – ∪ / – ∪ – / – ∪ –

അവളെയൊരു / നോക്കൊന്നു/ കാണുവാൻ / മാത്രമാ-

∪∪ ∪∪ ∪ / – ∪ ∪ / – ∪ – / – ∪ – ∪

ണതുവഴി ഗ/മിച്ചത / ന്നന്തിയി /ലേകനായ്.

4. **മിശ്രകാകളി**

ലക്ഷണം:- ഇച്ഛപോലെ ചിലേടത്തു ലഘുപ്രായ ഗണങ്ങളെ
ചേർത്തും കാകളി ചെയ്തീടാമതിൻ പേർ മിശ്രകാകളി.

കാകളിവൃത്തത്തിലെ ഗണങ്ങളെ ഇച്ഛപോലെ ലഘുക്കളാക്കിയാൽ മിശ്രകാകളി.

ഉദാ:-

∪ ∪∪∪ / – ∪ ∪ / – – /

ഇവിടെയെ / ന്തോർമക / ളെന്നോ

∪∪ ∪∪ ∪ / – – ∪ / – – ∪ / – ∪ – /

നെറുകയിലി / രുട്ടേന്തി / പ്പാറാവു / നില്ക്കുമി

∪ ∪∪∪ / – ∪ ∪ / – ∪ –

തെരുവുവി / ളക്കുകൾ / ക്കപ്പുറം.

5. **ഊനകാകളി**

ലക്ഷണം:- രണ്ടാം പാദാവസാനത്തിൽ വരുന്നോരു ഗണത്തിന്
വർണ്ണമൊന്നു കുറഞ്ഞീടിലൂനകാകളിയാമത്.

കാകളിയുടെ രണ്ടാം പാദത്തിന്റെ അവസാനം ഒരക്ഷരം കുറഞ്ഞാൽ ഊനകാകളിയെന്ന വൃത്തം.

ഉദാ

– – ∪ / – – ∪ / – – ∪ / – – –

വൈദേഹി / പോരേണ്ട / പോരേണ്ട / ബാലേ നീ

– – ∪ / – – ∪ / – – ∪ / – –

പൈദാഹ / ശാന്തിയ്ക്കു / പായങ്ങ / ളില്ലേ.

കാകളിയുടെ രണ്ടാം പാദാന്ത്യത്തിൽ നാലക്ഷരം കുറയുന്നതും ഊനകാകളി വൃത്തമാണ്.

**6. ദ്രുതകാകളി**

ലക്ഷണം : രണ്ടു പാദത്തിലും പിന്നെയന്ത്യമായ ഗണത്തിന്
വർണ്ണമൊന്നു കുറഞ്ഞെന്നാൽ ദ്രുതകാകളി കീർത്തനേ.

കാകളിയുടെ രണ്ടടികളിലും ഒടുവിലത്തെ ഗണത്തിനു മാത്രം അക്ഷരം രണ്ടാക്കിയാൽ ദ്രുതകാകളി വൃത്തമാകും. കീർത്തനത്തിലും മറ്റും കാണുന്നത് ദ്രുതകാകളി വൃത്തമാണ്.

ഉദാ:- ഇന്നലെ / യോളമെ /ന്തെന്നറി /ഞ്ഞീല്ല

ഇനിനാ /ളെയുമെ / ന്തെന്നറി / വീല.

**7. കേക**

ലക്ഷണം: മൂന്നും രണ്ടും രണ്ടും മൂന്നും രണ്ടും രണ്ടെന്നെഴുത്തുകൾ
പതിനാലിന്നാറു ഗണം പാദം രണ്ടിലുമൊന്നു പോൽ
ഗുരുവൊന്നെങ്കിലും വേണം മാറാതോരോ
ഗണത്തിലും നടുക്കുയതി പാദാദിപ്പൊരുത്തമിതു കേകയാം.

ഓരോ പാദത്തിലും 3,2,2,3,2,2, എന്ന ക്രമത്തിൽ അക്ഷരങ്ങളുള്ള ആറു ഗണങ്ങളും പതിന്നാലക്ഷരങ്ങളും നടുക്ക് യതിയുമുണ്ടായിരിക്കുന്നത് കേകയെന്ന വൃത്തം. ഗണങ്ങളിൽ ഓരോന്നിലും ഓരോ ഗുരുവെങ്കിലും വേണം. എല്ലാം ഗുരുവായാലും പ്രശ്നമില്ല. ഒന്നാംപാദം തുടങ്ങുന്നത് ഗുരുകൊണ്ടാണെങ്കിൽ രണ്ടാം പാദവും ഗുരുവിൽത്തന്നെയാകണം. അതുപോലെ ഒന്നാം പാദാരംഭം ലഘുവിലാണെങ്കിൽ രണ്ടാം പാദാരംഭവും ലഘുവിൽത്തന്നെ ആകണം. ഒരു വരിയിൽ 14 അക്ഷരവും 20 നും 28-നും മധ്യേയുള്ള മാത്രകളും കേകാവൃത്തത്തിൽ കാണും.

ഉദാ:-

— — ∪/ — — / — ∪ / — — ∪ / — — ∪ / — ∪

വെട്ടെത്തു / നാട്ടിൽ / നിത്യ / സൗഭാഗ്യ / സത്സി / ന്ദൂര

— ∪ —/ ∪ — / — — / ∪ — — / ∪ — ∪ / — —

പൊട്ടുപോ / ലെഴും / തുഞ്ചൻ / പറമ്പേ / നമസ് /കാരം.

**8. മഞ്ജരി**

കൃഷ്ണഗാഥാവൃത്തമാണ് മഞ്ജരി.

ലക്ഷണം : ശ്ലഥകാകളി വൃത്തത്തിൽ
രണ്ടാം പാദത്തിലന്ത്യമാം
രണ്ടക്ഷരം കുറച്ചീടി-
ലതു മഞ്ജരിയായിടും.

മഞ്ജരിയുടെ രണ്ടു പാദങ്ങളിലും മൂന്നക്ഷരത്തിൽ അഞ്ചുമാത്ര വീതമുള്ള നാലു ഗണമാണുള്ളത്. അതിൽ ഒരു ഗണം ആറുമാത്രയുള്ളതായാൽ അത് ശ്ലഥകാകളി. ശ്ലഥകാകളിയിൽ രണ്ടാമത്തെ വരിയിൽ രണ്ടക്ഷരം കുറഞ്ഞാൽ അതിന് മഞ്ജരിയെന്നു പറയും. മഞ്ജരിക്ക് ഒന്നാമത്തെ വരിയിൽ 12 അക്ഷരവും രണ്ടാം വരിയിൽ 10 അക്ഷരവും കാണും.

ഉദാ:

– – ∪ / – ∪ – / – ∪ ∪ / ∪ –∪

രാധേയ / നല്ല നീ / ആതിര / ഥിയല്ല

– ∪ ∪ / – – ∪ / – – – / ∪

സൂതകു / ലത്തിൽ ജ / നിച്ചോന / ല്ല.

**9. അന്നനട**

ലക്ഷണം:- ലഘുപൂർവ്വം ഗുരുപരമീ മട്ടിൽ ദ്വക്ഷരംഗണം
ആറെണ്ണം മദ്ധ്യയതിയാലർദ്ധിതം, മുറി രണ്ടിലും
ആരംഭേനിയമം നിത്യമിതന്നനടയെന്ന ശീൽ.

പാദമൊന്നിന് മുമ്പിൽ ലഘുവും, പിമ്പിൽ ഗുരുവുമായിട്ട് ഈ രണ്ടക്ഷരമുള്ള ഗണം ആറ്, നടുക്ക് യതി ചെയ്ത് പാദത്തെ രണ്ടർദ്ധമായിട്ട് മുറിക്കണം. രണ്ട് പകുതിയുടേയും ആദ്യഗണത്തിൽ മുൻ ലഘു, പിൻ ഗുരു എന്നുള്ള നിയമം ആവശ്യമനുഷ്ഠിക്കണം. ശേഷം നാലുഗണങ്ങളിൽ തെറ്റിയാലും കുഴപ്പമില്ല ഇതാണ് അന്നനട.

ഉദാ:-

∪ – / ∪ – / ∪ – / ∪ – / ∪ – / – –

വിവി / ധ മി / ത്തരം / പറ / ഞ്ഞുകേ /ഴുന്നോ

∪ – / ∪ – / ∪ / ∪ – / – / ∪ – / – – /

രര / ചനെ /ത്തൊ /ഴുതു / ര / ചെയ്താൻ / സൂതൻ.

**10. തരംഗിണി**

ഓട്ടൻതുള്ളലിന്റെ വൃത്തമാണ് തരംഗിണി.

ലക്ഷണം :- ദ്വിമാത്രം ഗണമെട്ടെണ്ണം യതിമദ്ധ്യം തരംഗിണി.

രണ്ടു മാത്രയിലുള്ള എട്ടുഗണം ചേർന്ന ഒരു പാദമാണ് തരംഗിണി വൃത്തം. ഇതിന് നാലാം ഗണത്തിൽ യതിയും വേണം.

ഉദാ:-

– / –/ –/ ∪∪/ – / –/ – / ∪∪

ദോ / ഷ / ഗ്രാ / ഹിക / ളി / ല്ലാ / തു / ള്ളൊരു

– / –/ –/ –/ ∪∪/ ∪∪ /– /–

ദോ / ഷ / ജ്ഞ / ന്മാ / രുടെ / സഭ / തു / ച്ഛം.

**11. ഊനതരംഗിണി**

ലക്ഷണം ః-

രണ്ടാംപാദേ ഗണം രണ്ടു കുറഞ്ഞൂന തരംഗിണി.
തരംഗിണിയുടെ രണ്ടാംപാദത്തിൽ രണ്ടു ഗണം
കുറയുന്നത് ഊനതരംഗിണി.

ഉദാ

– / – / –/ –/ – / ∪∪ / – /–

മ / ഞ്ഞ / ത്തെ / ച്ചി / പ്പൂ/ ങ്കുല / പോ /ലെ

– / ∪∪ / ∪∪ / – / ∪– / – / –

മ / ഞ്ജിമ / വിട / രും / പുലർ / കാ / ലേ

**12. നതോന്നത**

വഞ്ചിപ്പാട്ടുവൃത്തമായിട്ടാണ് നതോന്നത അറിയുന്നത്.

**ലക്ഷണം:**

ഗണം ദ്വക്ഷരമെട്ടെണ്ണം
ഒന്നാം പാദത്തിൽ, മറ്റതിൽ
ഗണമാററ; നില്ക്കേണം
രണ്ടുമെട്ടാമതക്ഷരേ
ഗുരുതന്നെയെഴുത്തെല്ലാ-
മിശ്ശീലിൻ പേർ നതോന്നത.

രണ്ടരക്ഷരം വീതമുള്ള എട്ടുഗണം ആദ്യത്തെ വരിയിലും ആറര ഗണം രണ്ടാമത്തെ വരിയിലും ഉണ്ടായിരിക്കണം. ഒന്നാമത്തെ പാദത്തിൽ പതിനാറക്ഷരവും രണ്ടാമത്തെ പാദത്തിൽ പതിമൂന്നക്ഷരവും കാണും. രണ്ടു വരിയിലും എട്ടാമത്തെ അക്ഷരത്തിൽ യതി. അക്ഷരങ്ങൾ മിക്കതും ഗുരുവുമായിരിക്കണം. ഇതാണ് നതോന്നതാവൃത്തം.

ഉദാ

— — / — —/ ∪ – / — — / – ∪ / — —/ — ∪ / — —

കെല്പോ / ടെല്ലാ / ജന / ങ്ങൾക്കും / കേടു / തീര / ത്തക്ക / വണ്ണം

— — / ∪ — / ∪ – / ∪ — / — ∪ / — — / —

എപ്പോ / ഴുമ / ന്നദാ / നവും / ചെയ്തു / ചെഞ്ചെ / മ്മേ.

**ഉപസംഹാരം**

ദ്രാവിഡവൃത്തങ്ങളെക്കുറിച്ചും സംസ്കൃത വൃത്തങ്ങളെക്കുറിച്ചും അവയിലെ ഗണ വ്യവസ്ഥയെക്കുറിച്ചും സാമാന്യജ്ഞാനം പഠിതാക്കളിൽ ഉളവാക്കാൻ ഏ. ആർ. രാജരാജവർമ്മയുടെ വൃത്തമഞ്ജരി സഹായകമാണ്. പാഠപുസ്തകങ്ങളിലെ കവിതകളിൽ നിന്ന് അക്ഷരവ്യവസ്ഥയനുസരിച്ച് ഗണം തിരിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും വൃത്തശാസ്ത്രപഠനം സഹായകമാണ്.വൃത്തശാസ്ത്ര പഠനത്തിൽ കുതുകികളായ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇന്നും ഉപജീവ്യമായ പ്രാമാണിക ഗ്രന്ഥമത്രേ ഏ. ആറിന്റെ വൃത്തമഞ്ജരി.

**പഠന പ്രവർത്തനങ്ങൾ**

1. സംസ്കൃത വൃത്തങ്ങൾക്ക് ഉദാഹരണം പുസ്തകങ്ങളിൽ നിന്ന് കണ്ടെത്തുക.
2. ഭാഷാ വൃത്തങ്ങൾക്ക് ഉദാഹരണം പാഠപുസ്തകങ്ങളിൽ നിന്ന് കണ്ടുപിടിക്കുക.
3. വൃത്തം നിർണ്ണയിക്കുക.

(1). വരണം വരൻ മാത്രമാസന്നമായിപ്പോയി
വരണം സനാതന നിയമം ലംഘിക്കാമോ.

(2). ഗണപതി ഭഗവാനുമബ്ജയോനി
പ്രണയിനിയാകിയ ദേവി വാണി താനും
ഗുണനിധി ഗുരുനാഥനും സദാമേ
തുണയരുളീടുക കാവ്യബന്ധനാർത്ഥം.

അദ്ധ്യായം - 9

# പരാവർത്തനം

കവിവാക്യങ്ങളെ സ്വന്തം വാക്യത്തിൽ വിശദമാക്കുന്നതാണ് പരാവർത്തനം. കവിയുടെ വാക്കുകളിലെ ആശയം സ്വന്തം വാക്യത്തിൽ എഴുതുകയാണല്ലോ പരാവർത്തനത്തിൽ ചെയ്യുക. അതുകൊണ്ട് അർത്ഥം അല്പം വിശദീകരിക്കേണ്ടതായും ഭാഷ ലളിതമാക്കേണ്ടതായും വരാം.

**പരാവർത്തനത്തിന്റെ ലക്ഷ്യങ്ങൾ**

1. അർത്ഥം വിശദീകരിച്ച് ആശയ പൂർണ്ണമായി പറയുക.
2. ഭാഷ ശുദ്ധവും ലളിതവുമാക്കുക.
3. വാക്യങ്ങൾ ലളിതമാക്കുക.
4. പദസമ്പത്ത് വർദ്ധിപ്പിക്കുക.

**പരാവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. പരാവർത്തനത്തിൽ തന്നിരിക്കുന്ന ഭാഗം വായിച്ച് ആശയം പൂർണ്ണമായി മനസ്സിലാക്കുക.
2. അതിനായി പല പ്രാവശ്യം ശ്രദ്ധിച്ച് വായിക്കുക.
3. പ്രാധാനാശയം എന്തെന്ന് അറിയുക.
4. ആവശ്യമായ വിവരണം നൽകുക.
5. ആശയം വിട്ടു പോകാതെ വിവരിക്കുക.

**പരാവർത്തനം ചെയ്യുക.**

1. ചെറുപ്പകാലങ്ങളിലുള്ള ശീലം
മറക്കുമോ മാനുഷനുള്ള കാലം
കാരസ്കരത്തിൻ കുരു പാലിലിട്ടാൽ
കാലാന്തരേ കയ്പു ശമിപ്പതുണ്ടോ ?

ശീലങ്ങളുണ്ടാകുന്നത് ശൈശവ ബാല്യങ്ങളിലാണ്. അപ്പോൾ ഉണ്ടാകുന്ന ശീലങ്ങൾ പിന്നീട് മാറ്റാൻ കഴിയില്ല. മരണം വരെ ആ ശീലങ്ങൾ മറക്കാനും കഴിയില്ല. കാഞ്ഞിരത്തിന്റെ കുരു വളരെ കാലം പാലിലിട്ടാലും അതിന്റെ കയ്പിന് കുറവുണ്ടാവുകയില്ല. അതുപോലെ എത്ര തന്നെ പരിശ്രമിച്ചാലും, ചെറുപ്പത്തിലെ ശീലങ്ങൾ മാറ്റാൻ കഴിയുന്നതല്ല. ചൊട്ടയിലെ ശീലം ചുടല വരെ എന്ന ചൊല്ല് ഇതിന് സമാനാർത്ഥമാണ് വ്യക്തമാക്കുന്നത്.

2. മിണ്ടി തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം

ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം

അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ

സമ്മേളിച്ചീടുന്നതൊന്നാമതായ്

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്ത്യനു പെറ്റമ്മ തൻ ഭാഷ താൻ

മാതാവിൻ വാത്സല്യ ദുഗ്ധം നുകർന്നാലേ

പൈതങ്ങൾ പൂർണ്ണ വളർച്ച നേടൂ

അമ്മ താൻ തന്നെ പകർന്നു തരുമ്പോഴെ

നമ്മൾക്കമൃതവുമമൃതമായ് തോന്നൂ.

ഈ വരികളിൽ പറയുന്നത് മാതൃഭാഷയുടെ പ്രാധാന്യവും ഭംഗിയും മാന്യതയുമാണ്. ഒരു ശിശു സംസാരിക്കാൻ തുടങ്ങുമ്പോൾ, അമ്മിഞ്ഞപ്പാൽ മണക്കുന്ന ആ ചുണ്ടിൽ നിന്ന് ആദ്യമായി പുറപ്പെടുന്ന ശബ്ദം അമ്മ എന്നതായിരിക്കും. മറ്റ് ഏതെല്ലാം ഭാഷ പഠിച്ചാലും പരിചയപ്പെട്ടാലും അവയ്ക്കെല്ലാം ധാത്രിമാരുടെ സ്ഥാനം മാത്രമേ ഉള്ളൂ. മനുഷ്യന്റെ പെറ്റമ്മ അവന്റെ മാതൃഭാഷയാണ്. അമ്മയുടെ വാത്സല്യമൂറുന്ന മുലപ്പാൽ കുടിക്കുമ്പോൾ മാത്രമാണ് ശിശുക്കൾക്ക് പൂർണ്ണതയെത്തുന്നത്. അതുപോലെ ഒരു വ്യക്തിയെ പൂർണ്ണനാക്കുന്നത് അവന്റെ മാതൃഭാഷയാണ്. അമ്മ പകർന്നു നൽകുമ്പോഴെ അതിന്റെ രുചി അനുഭവിക്കാനാവൂ. ഇതുപോലെ ഏതു കാര്യവും മാതൃഭാഷയിലൂടെ മനസ്സിലാക്കിയാലേ സുഖവും സംതൃപ്തിയും ലഭിക്കുകയുള്ളൂ.

3. മാമ്പഴം പെറുക്കുവാൻ ഞാൻവരുന്നില്ലെന്നവൻ

മാൺപെഴും മലർക്കുലയെറിഞ്ഞു വെറും മണ്ണിൽ

വാക്കുകൾ കൂട്ടി ചൊല്ലാൻ വയ്യാത്ത കിടാങ്ങളെ

ദീർഘദർശനം ചെയ്യും ദൈവജ്ഞരല്ലോ നിങ്ങൾ.

ശിശുക്കൾ ദീർഘജ്ഞാനമുള്ള ദൈവങ്ങളാണെന്ന് കവി പറയുന്നു. മാമ്പഴം പെറുക്കുവാൻ ഞാൻ വരുന്നില്ലെന്ന് പറഞ്ഞ് അവൻ മനോഹരമായ പൂങ്കുല വെറും മണ്ണിലെറിഞ്ഞു. കാവ്യ സന്ദർഭത്തിൽ മാമ്പഴം പാകമായപ്പോൾ കുഞ്ഞ് കാലത്തിന്റെ യവനികയിൽ മറഞ്ഞിരുന്നു. അതിനാൽ വാക്കുകൾ കൂട്ടിചൊല്ലാൻ പോലും വയ്യാത്ത കുഞ്ഞുങ്ങളെ നിങ്ങൾ ദീർഘ ദർശനം ചെയ്യുന്ന ദൈവജ്ഞരാണ് എന്നു പറയുന്നു. കുഞ്ഞുങ്ങളുടെ മഹത്വമാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.

4. ക്രോധം മൂലം മനസ്താപമുണ്ടായ്വരും

ക്രോധമല്ലോ നിജധർമ്മ ക്ഷയകരം

ക്രോധം പരിത്യജിക്കണം ബുധജനം

ക്രോധമല്ലോ യമനായതു നിർണ്ണയം.

ക്രോധത്തിന്റെ ദോഷത്തെ കുറിച്ചാണ് ഈ കാവ്യരംഗത്ത് പറയുന്നത്. ക്രോധം നിമിത്തം മനുഷ്യന് മനസ്ഥാപമുണ്ടാകും. ക്രോധം ധർമ്മത്തെ ക്ഷയിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് ബുദ്ധിമാന്മാരായ ജനങ്ങൾ ക്രോധത്തെ ഉപേക്ഷിക്കണം. അതായത് നമ്മെ കൊല്ലാൻ പോലും ശക്തമായതാണ് ക്രോധമെന്നർത്ഥം.

5. പറന്നുപോയ കിളിയെ

പക്ഷേ വീണ്ടും പിടിച്ചിടാം

കാലമോ പോവുകിൽ പോയി

കരുതി ജോലി ചെയ്യുക.

നമ്മുടെ കൈയ്യിൽ നിന്നും ഒരു കിളി പറന്നു പോയതായി കരുതുക. അതിനെ പിടിക്കാൻ നമുക്ക് സാധിച്ചേക്കും. എന്നാൽ കാലം അഥവാ സമയമാണ് പറന്നു പോയതെങ്കിലോ. അതിനെ ഒരിക്കലും നമുക്ക് തിരിച്ചുപിടിക്കാൻ സാധിക്കുകയില്ല. നഷ്ടപ്പെട്ട സമയം നഷ്ടപ്പെട്ടതുതന്നെ. ഇതു മനസ്സിലാക്കി വേണം നാം പ്രവർത്തിക്കാൻ. സമയത്തിന്റെ അമൂല്യത വ്യക്തമാക്കുകയാണീ വരികളിൽ.. ജീവിതത്തിൽ ഓരോ നിമിഷവും നഷ്ടപ്പെടാതെ പ്രയോജനകരമാക്കാൻ പരിശ്രമിക്കണമെന്നർത്ഥം.

6. കൊണ്ടു പോകില്ല ചോരന്മാർ

കൊടുക്കുന്തോറുമേറിടും

മേന്മ നൽകും മരിച്ചാലും

വിദ്യതന്നെ മഹാധനം.

ലോകത്തിൽ ഏറ്റവും മഹത്തായ ധനം വിദ്യയാണ്. സാധാരണ അർത്ഥത്തിൽ ധനമെന്നു പറയുന്നത് സ്വർണ്ണം, പണം, സമ്പത്ത് തുടങ്ങിയവയാണല്ലോ. അവയെല്ലാം തന്നെ കള്ളന്മാർ മോഷ്ടിച്ചു കൊണ്ടുപോകുന്നതാണ്. മറ്റാർക്കെങ്കിലും കൊടുക്കാമെന്നു വച്ചാലോ നമ്മുടെ കൈവശമുള്ള ധനം കുറഞ്ഞു പോകും. എന്നാൽ വിദ്യ അങ്ങനെയല്ല. അത് മോഷ്ടിച്ചുകൊണ്ടു പോകാൻ ഒരു കള്ളനും സാധിക്കില്ല. മറ്റുള്ളവർക്ക് നൽകിയാലോ അതേപടി വരികയും ചെയ്യും. ഇതാണ് വിദ്യയുടെ സ്വഭാവം. വ്യക്തി മരിച്ചാലും അയാളിലെ വിദ്യ നിലനിൽക്കും മറ്റുള്ളവരിലൂടെ. അതുകൊണ്ട് ഏറ്റവും ശ്രേഷ്ഠമായ ധനം വിദ്യയാണെന്നു പറയാം.

7. കണ്ണാടി കാൺമോളവും തന്നുടെ മുഖമേറ്റം

നന്നെന്നു നിരൂപിക്കും എത്രയും വിരൂപന്മാർ

മറ്റുള്ള ജനങ്ങൾക്കു കുറ്റങ്ങൾ പറഞ്ഞീടും

മുറ്റും തന്നുടെ കുറ്റം ഒന്നറിയുകയുമില്ല

കുറ്റമില്ലാത്ത ജനം കുറ്റമുള്ളവരേയും

ചെറ്റു നിന്ദിക്കുകയില്ല തന്നുടെ ഗുണങ്ങളാൽ.

ദുർജനങ്ങൾ തങ്ങളുടെ ഗുണങ്ങൾ അറിയുന്നില്ല. എന്നിട്ടും മറ്റുള്ളവരുടെ കുറ്റങ്ങൾ കണ്ടെത്തുകയും അവരെ പരിഹസിക്കുകയും ചെയ്യുന്നു. ഇത് വിരൂപനായ ഒരാൾ സ്വന്തം മുഖം കണ്ണാടിയിൽ കാണാതെ അന്യരെ പുച്ഛിക്കുന്നതിന് തുല്യമാണ്. താനാണ് ഏറ്റവും സുന്ദരൻ എന്നായിരിക്കും ഓരോരുത്തരുടേയും തോന്നൽ. എന്നാൽ അന്യന്റേതിനേക്കാൾ എത്ര വലിയ കുറവാണ് തനിക്കുള്ളത് എന്ന് അവൻ ചിന്തിക്കുകയില്ല. ഇതെല്ലാം ദുർഗുണരുടെ സ്വഭാവമാണ്. പക്ഷേ സജ്ജനങ്ങൾ ഇങ്ങനെയായിരിക്കുകയില്ല. അവർ മറ്റുള്ളവർ എത്ര വിരൂപനായാലും നിന്ദിക്കില്ല. പകരം അവരുടെ നന്മകളെക്കുറിച്ച് മാത്രമായിരിക്കും പറയുക. അവരിലെ നന്മകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്.

8. ഇല്ലവും നിറഞ്ഞില്ല വല്ലവും നിറഞ്ഞില്ല
മുല്ലയും വിരിഞ്ഞില്ല, മൂക്കുറ്റി ചിരിച്ചില്ല.
ഫുല്ലമൊരിക്കിനാവിലൂറിയ തേനും നുണ
ഞ്ഞില്ല, നീയെത്തിപ്പോയോ പിന്നെയുമോണത്തുമ്പീ.

ഓണക്കാലത്തെക്കുറിച്ചാണിതിൽ പറയുന്നത്. ഓണം വന്നു കഴിഞ്ഞു. പക്ഷേ ഓണത്തിനുള്ള ഒരുക്കങ്ങൾ മാത്രം തുടങ്ങിയിട്ടില്ല. സൗന്ദര്യവും സമൃദ്ധിയും നാട്ടിൽ കാണുന്നില്ല. ധനവും ധാന്യവും വീടുകളിലില്ല. പൂക്കൾപോലും വിരിഞ്ഞില്ല. എന്നാൽ ഓണത്തിന്റെ സുന്ദര സ്വപ്നങ്ങൾ നെയ്തുകൊണ്ട് ഓണത്തുമ്പി മാത്രം എത്തി.

9. ഉത്സവം നടക്കയാണമ്പലമുറ്റത്തുയർ-
ന്നുജ്വലൻ തീവെട്ടികളിളകും വെളിച്ചത്തിൽ
പതയും നെറ്റിപ്പട്ടപ്പൊന്നരുവികളാലും
പതിനഞ്ചാന കരിമ്പാറകളുടെ മുന്നിൽ
വാദ്യമേളത്തിൽ താള പാതത്തിൽ തലയാട്ടി
പൂത്ത താഴ്‌വാര പോലെ മരുവി പുരുഷാരം.

ഉജ്ജ്വലമായ ഒരുത്സവകാഴ്ചയാണ് ഈ വരികൾ നൽകുന്നത്. അമ്പലമുറ്റത്ത് ഉത്സവം നടക്കുകയാണ്. ശോഭിക്കുന്ന തീവെട്ടികളിളകുന്ന വെളിച്ചത്തിൽ പതയുന്ന പൊന്നരുവികളാണോ എന്നു തോന്നുന്ന വിധത്തിലുള്ള നെറ്റിപ്പട്ടവും ധരിച്ച്, പതിനഞ്ച് കരിമ്പാറകൾ പോലുള്ള ആനകൾ നിൽക്കുന്നു. അവയ്ക്കു മുമ്പിൽ വാദ്യമേളത്തിന്റെ താളത്തിൽ തലയാട്ടി വമ്പിച്ച ജനകൂട്ടവുമുണ്ട്. ജനകൂട്ടത്തെക്കണ്ടാലോ പൂത്ത താഴ്‌വരയാണെന്ന് തോന്നും. കാരണം പല നിറത്തിലും, തരത്തിലുമുള്ള വേഷ വിധാനത്തോടെ ഉത്സവം തിരയടിക്കുന്ന അന്തരീക്ഷവും, പ്രകാശവും, അവർക്ക് സവിശേഷമായ ഒരു സൗന്ദര്യം നല്കുന്നു. കേരളത്തിന്റെ നാട്ടിൻ പുറങ്ങളിലെ സമൃദ്ധമായ ഉത്സവകാഴ്ചയുടെ ചിത്രം പ്രസ്തുത വരികൾ നമുക്ക് നൽകുന്നു.

10. അമ്മയെന്നെമടിയിലിരുത്തിന-
ല്ലുമ്മ തന്നു പഠിപ്പിച്ച പ്രാർത്ഥന

ഏറെയെല്ലാം മറന്നുപോയെങ്കിലും

ഓർമ്മയിലുയിരാകുമീയീരടി

"നല്ലവാക്കോതുവാൻ ത്രാണിയുണ്ടാവണം

സത്യം പറയുവാൻ ശക്തിയുണ്ടാകണം".

അമ്മ മടിയിലിരുത്തി ഉമ്മകൾ നൽകി പഠിപ്പിച്ച പ്രാർത്ഥനകൾ ഏറെയൊക്കെ ഞാൻ മറന്നു പോയി. എങ്കിലും ഓർമ്മയിൽ ഇന്നും നിലനിൽക്കുന്ന ഒരു ഈരടിയുണ്ട്. നല്ലവാക്കുകൾ പറയുവാൻ കഴിവുണ്ടാകണമെന്നതും സത്യം പറയുവാൻ ശക്തിയുണ്ടാകണമെന്നതുമാണ് ഈ ഈരടിയിലെ സാരം. സത്യവും ധർമ്മവും പുലർന്നു കാണാൻ ആഗ്രഹിക്കുന്ന ഒരാളുടെ വാക്കുകളായി ഇതിനെ കാണാം.

11. ഇറുപ്പവനും മലർ ഗന്ധമേകും

വെട്ടുന്നവനും തരു ചൂടകറ്റും

ഹനിപ്പവനും കിളിപാട്ടുപാടും

പരോപകാര പ്രവണം പ്രപഞ്ചം.

പ്രപഞ്ചം പരോപകാരത്തിലാണെന്ന് പറയുന്നു ഈ കവിത. ഈ പരോപകാര പ്രവണതതെളിയിക്കുന്നതിന് പ്രകൃതിയിൽ തന്നെ ധാരാളം ഉദാഹരണങ്ങളുണ്ട്. ഇറുക്കുന്നവനും മലർ ഗന്ധമേകും. വെട്ടുന്നവനു പോലും വൃക്ഷം ചൂടകറ്റും. കൊല്ലുന്നവനു വേണ്ടി പോലും കിളിപാട്ടുപാടും. ഇതെല്ലാം പ്രകൃതിയുടെ പരോപകാരത്തെയാണ് കാണിക്കുന്നത്. തന്നെ നശിപ്പിക്കുന്നവരെപ്പോലും ആനന്ദിപ്പിക്കുക എന്ന സ്വഭാവമാണ് പ്രപഞ്ചത്തിനുള്ളത്.

12. ഹാ ! പുഷ്പമേ, അധികതുംഗപദത്തിലെത്ര

ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേനീ

ശ്രീഭൂവിലസ്ഥിര സംശയമിന്നു നിന്റെയാ-

ഭൂതിയെങ്ങു പുനരിങ്ങു കിടപ്പിതോർത്താൽ !

അല്ലയോ പുഷ്പമേ ! ഏറ്റവും ഉയർന്ന പദത്തിൽ ഒരു രാജ്ഞിയെപ്പോലെ ശോഭിച്ചിരുന്നവളാണ് നീ. അങ്ങനെയുള്ള നിന്റെ ഇന്നത്തെ അവസ്ഥ കണ്ടാൽ ശ്രീ ഭൂമിയിൽ അസ്ഥിരമാണെന്ന് പറയാം. ഭൂമിയിൽ ഐശ്വര്യം സ്ഥിരമല്ല എന്ന തത്വമാണ് പൂവിന്റെ അവസ്ഥയിലൂടെ കവി അവതരിപ്പിക്കുന്നത്. ഇന്നു കാണുന്ന ശ്രീ സമൃദ്ധികൾ ഒരിക്കലും സ്ഥിരമായിരിക്കുകയില്ല.

**പഠന പ്രവർത്തനങ്ങൾ**

പരാവർത്തനം ചെയ്യുന്നതിന് യോജിച്ച പദ്യശകലങ്ങൾ പാഠപുസ്തകങ്ങളിൽ നിന്നും കണ്ടെത്തുക.

അദ്ധ്യായം - 10

# II - മലയാള ഭാഷാ ബോധനം

## 1. പാഠ്യപദ്ധതി

**മുഖവുര**

വിദ്യാഭ്യാസം ശാസ്ത്രീയമായി സംവിധാനം ചെയ്യപ്പെടുന്ന വികസന പ്രക്രിയയാണ്. സമൂഹത്തിലെ മറ്റുള്ളവരുമായി കാര്യക്ഷമമമായി പ്രതികരിക്കാൻ സഹായിക്കുന്ന വികസന ഘട്ടങ്ങളിൽ മുഖ്യമെന്ന നിലയ്ക്കാണ് ഭാഷാവികസനം വിദ്യാഭ്യാസത്തിൽ സുപ്രധാനമായി കരുതിപോരുന്നത്. ഭാഷാ നൈപുണികളിലും അവയുടെ കാര്യക്ഷമമായ വികസനത്തിന് അടിസ്ഥാനമായ ഭാഷാ കാര്യങ്ങളിലും സാഹിത്യത്തിലുമൊക്കെ പരമാവധി നേട്ടം കൈവരിക്കുക വഴിയാണ് ഭാഷാവികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാനാവുക.

**1. നിർവ്വചനം**

മലയാള ഭാഷാപഠനത്തിലൂടെ ആർജ്ജിക്കേണ്ട ആകെത്തുകയെ അതിനുള്ള പാഠ്യപദ്ധതി എന്നു പറയുന്നു. ഭാഷാ സിദ്ധികൾ പഠിതാവിലേയ്ക്ക് പകർന്നു കൊടുക്കാൻ സഹായിക്കുന്ന മാധ്യമമാണ് പാഠ്യപദ്ധതി എന്നു കരുതാം. പാഠ്യപദ്ധതി എത്രമാത്രം ശ്രദ്ധയോടെ ശാസ്ത്രീയാവബോധത്തോടെ വിദ്യാഭ്യാസ തത്വങ്ങളുടെ പിൻബലത്തോടെ രൂപവൽക്കരിക്കുന്നുവോ അത്രമാത്രം പഠനം കാര്യക്ഷമം ആവും. കാരണം അതിൽ ഉൾപ്പെടുത്തുന്ന പ്രവർത്തനങ്ങളിൽ യഥാസമയം യഥായോഗ്യം ഏർപ്പെടുകയും അതു വഴി ഭാഷാപരമായ പഠനാനുഭവങ്ങൾ ആർജ്ജിക്കുകയും ചെയ്യാൻ പഠിതാവിനെ സഹായിക്കുവാൻ അദ്ധ്യാപകന് ആ പ്രവർത്തനത്തിന് ആവശ്യമായ ദിശാബോധവും അർത്ഥവ്യാപ്തിയും നൽകുന്നത് പാഠ്യപദ്ധതി ആയിരിക്കും.

**2. തലങ്ങൾ**

ഏതൊരു വിഷയത്തിന്റെയും പാഠ്യപദ്ധതിയിലെപ്പോലെ മലയാള ഭാഷയുടെ പാഠ്യപദ്ധതിയും താരതമ്യേന ദീർഘമായ ഒരു കാലഘട്ടത്തിനുവേണ്ടി സമഗ്രമായി രൂപപ്പെടുത്തുകയാണ് പതിവ്. ഉദാഹരണമായി സ്കൂൾ വിദ്യാഭ്യാസ പരിപാടികളെ പ്രൈമറി, സെക്കന്ററി, എന്നോ ലോവർ പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി എന്നോ പല ഘട്ടങ്ങളായി നാം തിരിക്കാറുണ്ട്. പഠിതാവിന്റെ വികസന സ്വഭാവത്തിന്റെ സവിശേഷതകൾ കൂടി കണക്കിലെടുത്തുകൊണ്ടാണ് ഇത്തരം വിഭജനങ്ങൾ നടക്കുന്നത്.

**3. രൂപവൽക്കരണം**

ഓരോ ഘട്ടത്തിലും പെട്ട മൂന്നോ നാലോ വർഷങ്ങൾക്കിടയ്ക്ക് പഠിതാവിന്റെ വികസന സവിശേഷതകളിൽ കാര്യമായ മാറ്റം വരുന്നുണ്ടെങ്കിലും താരതമ്യേന, അവയെ പൊരുത്തപ്പെടുത്താനാവും. ഇങ്ങനെ സൗകര്യാർത്ഥം സങ്കൽപ്പിക്കുന്ന ഒരു പഠന ഘട്ടത്തെ മൊത്തത്തിൽ കണ്ടു കൊണ്ടാണ് ആ ഘട്ടത്തിനു വേണ്ടിയുള്ള മലയാള ഭാഷയുടെ പാഠ്യപദ്ധതിയും രൂപവൽക്കരിക്കുക. ഈ ഘട്ടത്തിനിടയ്ക്ക് മലയാളഭാഷാ പഠനം വഴി ആർജ്ജിക്കേണ്ട വികസന ശേഷികളും നൈപുണികളും വൈജ്ഞാനിക വിവരങ്ങളും മറ്റും വിദ്യാഭ്യാസ തത്വങ്ങളുടേയും സാമൂഹികാവശ്യങ്ങളുടേയും ഒക്കെ അടിസ്ഥാനത്തിൽ കണ്ടെത്തുക, അവയുടെ ആർജ്ജനത്തിന് സഹായകമെന്ന് പരീക്ഷണ നിരീക്ഷണങ്ങളിലൂടെ തെളിയിക്കപ്പെട്ട പഠന പ്രവർത്തനങ്ങളും പഠനാനുഭവങ്ങളും നിർണ്ണയിക്കുന്നു. ഇവയുടെ ആകെത്തുകയാണ് പാഠ്യപദ്ധതിയായി എഴുതിയുണ്ടാക്കുന്നത്.

ഭാഷാ പഠനത്തിനുള്ള പദ്ധതി തയ്യാറാക്കുമ്പോൾ ഭാഷയെപ്പറ്റിയും ഭാഷാ പഠനത്തെപ്പറ്റിയും ഉള്ള നൂതനമായ ദർശനങ്ങളും സിദ്ധാന്തങ്ങളും പരിഗണിച്ചാണ് പഠന പ്രവർത്തനങ്ങളും അതിലൂടെ കൈവരിക്കേണ്ട പഠനാനുഭവങ്ങളും ഉൾപ്പെടുത്തുന്നത്.

പാഠ്യപദ്ധതിയുടെ ഉള്ളടക്കം സ്വാംശീകരിക്കാൻ പഠിതാവിനെ സഹായിക്കുന്ന വ്യക്തി എന്ന നിലയ്ക്ക് പാഠ്യപദ്ധതിയുടെ ഉള്ളടക്കത്തിന്റെ സൂക്ഷ്മ സ്വഭാവം അദ്ധ്യാപകൻ മനസ്സിലാക്കണം. അതിലെ ഓരോ അംശത്തിന്റെയും പ്രസക്തി, അതുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങളുടേയും പഠനാനുഭവങ്ങളുടേയും സ്വഭാവം ഇവയൊക്കെ നന്നായി അപഗ്രഥിച്ച് മനസ്സിലാക്കണം.

## 2. പാഠ്യക്രമം

**മുഖവുര**

സമഗ്രമായി സമാഹരിച്ച വികസനമാറ്റങ്ങൾ ഓരോരോ നിലവാരത്തിലുള്ള പഠിതാക്കളിലേയ്ക്ക് പകർന്നു കൊടുക്കുന്നതും സ്വാംശീകരിക്കാൻ അവരെ സഹായിക്കുന്നതും വളരെ ശ്രദ്ധയും പ്രയത്നവും വേണ്ട പ്രവൃത്തികളാണ്. ഇതിന് പാഠ്യപദ്ധതിയെ സൂക്ഷ്മമായി അപഗ്രഥിക്കണം. ഒരു മേഖലയുമായി ബന്ധപ്പെട്ട് ഏതേതു പ്രവർത്തനങ്ങൾ എപ്പോൾ, ഏതളവിൽ പഠിതാവിൽ ലഭ്യമാക്കണം എന്നൊക്കെ അറിയുന്നതും അപഗ്രഥനത്തിന്റെ ഫലമായാണ്. കാലികമായ പൗർവ്വാപര്യം, ഔചിത്യം തുടങ്ങിയവയ്ക്കൊത്ത് പാഠ്യപദ്ധതിയിലെ അംശങ്ങൾക്ക് ഒരു പ്രവർത്തനക്രമം കണ്ടെത്താവുന്നതാണ്. അത്തരം ഒരുപരിപാടിക്ക് രൂപം കൊടുത്താൽ അദ്ധ്യാപകന് അതിനൊത്ത് പഠന പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നൽകാനാവും. ചുരുക്കത്തിൽ പാഠ്യപദ്ധതിയെ ഒരു പ്രവർത്തന പരിപാടിയുടെ രേഖയായി മാറ്റിയെടുക്കുകയാണ് വേണ്ടത്. അങ്ങനെ എഴുതിയുണ്ടാക്കുന്ന രേഖയെ പാഠ്യക്രമം എന്നു പറയുന്നു.

**നിർവ്വചനം**

പാഠ്യക്രമം അദ്ധ്യാപകന് കൂടുതൽ വ്യക്തമായ ദിശാബോധം നൽകുകയും ഓരോ ഘട്ടത്തിലും ഓരോ ഘടകത്തിനും നൽകേണ്ട ഊന്നലിന്റെ അർത്ഥവും വ്യാപ്തിയും വിശദമാക്കി കൊടുക്കുകയും ചെയ്യും.

അത്തരത്തിൽ, ഒരു പ്രത്യേക ഘട്ടത്തിൽ ഉൾപ്പെട്ട ഓരോ ക്ലാസ്സിലേക്കും ഓരോരോ സമയത്ത് നൽകാവുന്ന പ്രവർത്തനങ്ങളുടെ വ്യാപ്തി നിർണ്ണയിക്കുന്ന രൂപരേഖയാണ് പാഠ്യക്രമം.

ഏതേതു പദങ്ങൾ, ഏതേതു വാക്യ മാതൃകകൾ, ഏതേതു ഭാഷാ നിയമ കാര്യങ്ങൾ രചനാ ശൈലികൾ, സാഹിത്യ കൃതികൾ, എന്നിങ്ങനെ വൈജ്ഞാനികാംശങ്ങൾ ഈ ക്രമത്തിൽ കാലാനുസാരിയായി സൂചിപ്പിച്ചിരിക്കും.

പാഠ്യക്രമം എഴുതിയുണ്ടാക്കുമ്പോൾ അത് ഏത് നിലവാരത്തിലുള്ള പഠിതാക്കൾക്കാണോ ഉദ്ദേശിക്കുന്നത് അതിന് അനുയോജ്യമായ രീതിയിൽ ഉള്ളടക്കവും അതിന്റെ വ്യാപ്തിയും നിർണ്ണയിക്കണം.

## 3. പാഠപുസ്തകം

**മുഖവുര**

ശരിയായ ഉൾക്കാഴ്ചയോടെ രൂപകൽപ്പന ചെയ്ത പാഠ്യപദ്ധതികളും, അതിനനുസരണമായി ശ്രദ്ധാപൂർവ്വം തയ്യാറാക്കിയ പാഠപുസ്തകങ്ങളുമാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം

സാക്ഷാത്കരിക്കാനുള്ള അടിസ്ഥാനോപകരണങ്ങൾ. യുക്തി പൂർവ്വമായ തെരഞ്ഞെടുപ്പും അവയുടെ ശാസ്ത്രീയമായ ക്രമീകരണവും ഇതിനാവശ്യമാണ്. പാഠപുസ്തകങ്ങളുടെ നിലവാരം കുറഞ്ഞിരിക്കുന്നതായി സെക്കന്ററി വിദ്യാഭ്യാസ കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. പഠിതാവിന്റെ ചിന്താപരമായ വളർച്ചയും സർഗ്ഗാത്മക വികസനവും ഒരു പോലെ സാധിക്കാൻ പര്യാപ്തമാവണം മാതൃഭാഷാ പുസ്തകങ്ങൾ.

**1. പ്രാധാന്യം**

ഉത്തമമായ പുസ്തകങ്ങളുടെ സഹായത്തോടുകൂടിയേ ബോധനം വിജയ പ്രദമാക്കാൻ കഴിയുകയുള്ളു. പാഠ്യപദ്ധതി നിർദ്ദേശിക്കുന്ന പ്രകാരമാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. ഓരോ ക്ലാസ്സിലും ഭാഷാ സംബന്ധമായി എതെല്ലാം കാര്യങ്ങൾ പഠിക്കണമെന്ന് ആദ്യം തീരുമാനിക്കുന്നു.

**2. പൊതു സ്വഭാവം**

**1. അറിവിന്റെ അടിസ്ഥാനം**

ആവശ്യമായ അറിവിന്റെ അടിസ്ഥാനമിടുന്നത് പാഠപുസ്തകമാകുന്നു. പാഠപുസ്തകത്തിൽ നിന്നു ലഭിക്കുന്ന വിജ്ഞാനത്തിന്റെ ബാഹ്യ രേഖയും അടിസ്ഥാനവും അദ്ധ്യാപനം കൂടുതൽ ബോധപൂർവ്വമാക്കാനും ലക്ഷ്യപൂർണ്ണമാക്കാനും അദ്ധ്യാപകനെ സഹായിക്കുന്നു. അതിനാൽ അദ്ധ്യാപകന് വഴികാട്ടിയാണ് പാഠപുസ്തകം.

**2. സ്വയം ചിന്തിക്കാനുള്ള കഴിവ്**

കുട്ടികളെ സ്വയം ചിന്തിക്കാൻ പ്രേരിപ്പിക്കുന്നതും ആ പ്രവർത്തനത്തിലേയ്ക്ക് നയിക്കുന്നതും പാഠപുസ്തകമാണ്. സ്വയം ചിന്തിക്കാനുള്ള അവസരം നൽകത്തക്കവിധമായിരിക്കണം പാഠപുസ്തകങ്ങൾ തെരഞ്ഞെടുക്കേണ്ടത്. പാഠപുസ്തകത്തിൽ ചേർത്തിരിക്കുന്ന ഓരോ പദത്തേയും ആശ്രയിച്ചാണ് കുട്ടികളുടെ ചിന്താമണ്ഡലം വികസിക്കേണ്ടത്.

**3. പഠനത്തിനും ചിന്തയ്ക്കും പുതിയ വഴിത്താര**

പുസ്തകത്തിനും ചിന്തയ്ക്കും പുതിയ വഴിത്താര വെട്ടിത്തുറക്കുകയാണ് പാഠപുസ്തകത്തിന്റെ മറ്റൊരു ധർമ്മം. പാഠപുസ്തകത്തിൽ നിന്ന് ലഭിക്കുന്ന അറിവ് ഒരു തുടക്കം മാത്രം. പഠനത്തിൽ താത്പര്യം വളർത്താൻ ഇതുപകരിക്കും. ഈ താത്പര്യം പഠനത്തേയും ചിന്തയേയും പുതിയ പാതയിലേയ്ക്ക് നയിക്കാനും നല്ല പാഠപുസ്തകം സഹായകമാവുന്നു.

**4. ജീവിത ബന്ധം**

പഠിച്ചകാര്യങ്ങൾ ജീവിതവുമായി ബന്ധപ്പെടുത്തേണ്ടത് വിദ്യാഭ്യാസത്തിന്റെ ശരിയായ ലക്ഷ്യം നേടാൻ ആവശ്യമാണ്. ജീവിതവുമായി ബന്ധപ്പെട്ട വസ്തുതകളാണ് പാഠപുസ്തകത്തിൽ പരാമർശിക്കുന്നതെങ്കിൽ ഈ കൃത്യം കൂടുതൽ എളുപ്പമാകുന്നു.

**5. ഓർമ്മയുടെ അടിസ്ഥാനം**

പഠനത്തിന് വളരെ ആവശ്യമാണ് ഓർമ്മശക്തി. അത് വളർത്തേണ്ട ഘട്ടം - വിദ്യാഭ്യാസ കാലമാണ്. പ്രത്യേകിച്ച് സെക്കന്ററി ഘട്ടം. ഓരോ വിഷയത്തെ സംബന്ധിച്ചും പ്രധാന വസ്തുതകൾ മാത്രമേ അതിൽ ഉൾക്കൊള്ളിച്ചിരിക്കുകയുള്ളൂ.

**6. ഭാഷാ പ്രയോഗങ്ങളുടെ ഉത്തമ മാതൃക**

ഭാഷാപരമായ കഴിവ് വർദ്ധിപ്പിക്കേണ്ടത് ബോധനത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഭാഷാ പ്രയോഗങ്ങളുടെ ഉത്തമ മാതൃകയായിരിക്കണം പാഠപുസ്തകം. ഇത് പഠിക്കുന്നതിലൂടെ ഉത്തമമായ ഭാഷാശൈലി സ്വായത്തമാക്കാൻ നമുക്ക് സാധിക്കുന്നു.

**7. വായനയ്ക്ക് അവലംബം**

പാഠപുസ്തകം ഒരു വഴികാട്ടിയാണ്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും പഠിപ്പിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് പൊതുവായ കാര്യങ്ങൾ പാഠപുസ്തകത്തിൽ നിന്ന് ലഭിക്കുന്നു.

**3. സ്വാധീനിക്കുന്ന ഘടകങ്ങൾ**

**1. പാഠ്യവസ്തുക്കൾ**

പാഠ്യവസ്തുവിന്റെ സ്വഭാവവും പാഠ്യവസ്തുവിന്റെ അളവും ഇതിൽ ഉൾപ്പെടുന്നു.

**2. ബോധനോദ്ദേശ്യങ്ങൾ**

അറിവ്, വായന, ആശയഗ്രഹണം, വാചിക പ്രകടനം, ലിഖിത പ്രകടനം, പ്രകടനത്തിന്റെ മൗലികത, സാഹിത്യാസ്വാദനം, വിവർത്തനം, മാതൃഭാഷയും അതിന്റെ സാഹിത്യത്തോടുമുള്ള അഭിരുചി മുതലായവ.

**3. പഠിതാവ്**

പഠിതാവിന്റെ ആവശ്യം, വായനയിലുള്ള അഭിരുചി മാനസിക പക്വത, ഒരേപ്രായ പരിധിയിൽ കാണുന്ന വ്യത്യസ്ത ബുദ്ധി നിലവാരം എന്നിവ.

**4. അദ്ധ്യാപന തന്ത്രങ്ങൾ**

വിദ്യാലയത്തിലെ വിവിധ തലങ്ങളിലെ പാഠ്യവസ്തുക്കൾ സംബന്ധിച്ച നിയന്ത്രണവും സ്വാതന്ത്ര്യവും പഠിപ്പിക്കാനുള്ള രീതികൾ, ഇതര ഭാഷാ നൈപുണികൾ.

**5. മാതൃഭാഷാ അദ്ധ്യാപകൻ**

പരിശീലനം, പരിചയം, വിഭവശേഷി അദ്ധ്യാപനത്തിലുള്ള ആഭിമുഖ്യം എന്നിവ.

**4. നല്ല പാഠപുസ്തകത്തിനുണ്ടായിരിക്കേണ്ട ബാഹ്യവും ആന്തരികവുമായ ഗുണങ്ങൾ**

**(i) ബാഹ്യ ഗുണങ്ങൾ**

1. പുസ്തകത്തിന്റെ ആകൃതി ആകർഷകമായിരിക്കണം.
2. അതിന്റെ ഘടനാ പെയിന്റിംഗ്, മുതലായവ ദൃഢമായിരിക്കണം.
3. താഴ്ന്ന ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ വ്യക്തവും മനോഹരവുമായ ധാരാളം ചിത്രങ്ങൾ ഉൾപ്പെടുത്തണം.
4. സ്പഷ്ടതയും വ്യക്തതയുമുള്ള ടൈപ്പ് ഉപയോഗിക്കണം.
5. പുസ്തകത്തിന് അമിതമായ വലിപ്പമോ കട്ടിയോ ഉണ്ടാകരുത്.

6. ക്ലാസ്സുകളുടെ നിലവാരമനുസരിച്ച് പാഠത്തിന്റെ ദൈർഘ്യം നിർണ്ണയിക്കണം.

7. മിതമായ വില മാത്രമേ ഈടാക്കാവൂ.

**(ii) ആന്തരിക ഘടകങ്ങൾ**

1. വിജ്ഞാനം ആർജ്ജിക്കുന്നതിന് താത്പര്യം ജനിപ്പിക്കാൻ പര്യാപ്തമാവണം ഉള്ളടക്കവും പ്രതിപാദനവും.

2. പാഠ്യപദ്ധതിയും പാഠ്യക്രമവും നിർദ്ദേശിക്കുന്ന ഭാഷാകാര്യങ്ങൾ യഥായോഗ്യം ഉൾപ്പെടുത്തിയിരിക്കണം.

3. പഠന പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കാൻ സഹായകമായ രീതിയിൽ വിദ്യാഭ്യാസ തത്വങ്ങൾ പ്രതിഫലിപ്പിക്കുന്നതാവണം രചനാ ശൈലി.

4. പാഠങ്ങൾക്ക് വൈവിദ്ധ്യമുണ്ടാവണം.

5. സാഹിത്യത്തിലെ നാനാ മാതൃകകളും രൂപങ്ങളുമടങ്ങിയതാവണം ഉയർന്ന ക്ലാസ്സിലെ പുസ്തകം.

6. ഭാഷാ സുഗ്രാഹ്യവും പദങ്ങൾ ഏറിയ കൂറും പരിചിതവുമായിരിക്കണം.

7 പാഠങ്ങളും പാഠപുസ്തകങ്ങളും ശരിയായി അനുക്രമീകൃതമായിരിക്കണം. ഉയർന്ന ക്ലാസ്സുകളിലേയ്ക്ക് എത്തുമ്പോൾ ഭാഷയിലും വാക്യഘടനയിലും ആവശ്യത്തിലുമെല്ലാം പടിപടിയായി ഗഹനത കൂടിക്കൂടി വരണം.

8. ക്ലാസ്സിന്റെ നിലവാരമനുസരിച്ച് ചിത്രങ്ങളും ചിത്രീകരണങ്ങളും ഉണ്ടാവണം.

**5. പാഠപുസ്തകത്തിന്റെ പ്രജോയനങ്ങൾ**

1. അദ്ധ്യാപകന് ഒരു വഴികാട്ടി.

   പാഠപുസ്തകത്തിലെ അറിവുകൾ വ്യക്തമായും ലളിതമായും യുക്തിപൂർവ്വമായും അവതരിപ്പിക്കാനുള്ള വഴികാട്ടിയായി പാഠപുസ്തകത്തെ പ്രയോജനപ്പെടുത്താം.

2. സ്വയം ചിന്തിക്കാനുള്ള കഴിവ്. ചിന്തയെ ഉദ്ദീപിപ്പിക്കാനുള്ള അവസരങ്ങൾ കണ്ടെത്തി അവ പ്രയോജനപ്പെടുത്തണം.

3. പ്രായോഗിക പ്രവർത്തനങ്ങൾക്ക് അടിസ്ഥാനം.

4. ഭാഷാ പ്രയോഗങ്ങളുടെ ഉത്തമ മാതൃക.

5. വായനാശീലം വളർത്താനും കൂടുതൽ പഠനത്തിനും വഴിയൊരുക്കാം.

പാഠങ്ങൾക്കൊടുവിൽ നൽകിയിരിക്കുന്ന ഭാഷാഭ്യാസന പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾക്ക് മാർഗ്ഗ നിർദ്ദേശം നൽകും. മനുഷ്യ ജീവിതവുമായി ഏറ്റവും ബന്ധപ്പെടുന്നത് മാതൃ ഭാഷയായതുകൊണ്ട് ഭാഷയിലെ പാഠപുസ്തകം വളരെയേറെ പ്രാധാന്യമർഹിക്കുന്നു. അതിലെ ഉള്ളടക്കം കുട്ടികളുടെ ഭാഷാപരവും സാഹിത്യപരവുമായ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുന്നതായിരിക്കണം.

അദ്ധ്യാപനത്തിനുള്ള ശക്തമായ ഉപകരണമാണ് പാഠപുസ്തകമെങ്കിലും എല്ലാ ഭാഷാപഠന പ്രവർത്തനങ്ങളുടെയും ഏകസ്രോതസ്സായി കണക്കാക്കരുത്.

**6. പാഠപുസ്തകങ്ങൾ, ലോവർ പ്രൈമറി**

ബോധനോദ്ദേശ്യം അടിസ്ഥാനമാക്കിയാണ് ഓരോ ക്ലാസ്സിലെയും പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. ഒന്നു മുതൽ പത്തുവരെയുള്ള ക്ലാസ്സുകളിലെ ബോധനോദ്ദേശ്യങ്ങൾക്ക് പൊതുവെ ഐകരൂപ്യമുണ്ടെങ്കിലും ലോവർ പ്രൈമറി, അപ്പർ പ്രൈമറി, സെക്കന്ററി തലങ്ങളിലെ ബോധനോദ്ദേശ്യങ്ങൾ തമ്മിൽ പ്രധാന വ്യത്യാസങ്ങളുണ്ട്. മാതൃഭാഷയിൽ പ്രാഥമിക പരിജ്ഞാനം നേടുക, ഉള്ളടക്കത്തിന്റെ ആശയം ഗ്രഹിക്കുക, വിവിധ രചനാ മാതൃകകൾ മനസ്സിലാക്കുകയും കേട്ടതും വായിച്ചതുമായ വസ്തുതകൾ ശരിയായി മനസ്സിലാക്കാൻ  കഴിയുംവിധം ഗ്രഹണശക്തി സമാർജ്ജിക്കുക, വാചിക പ്രകടന ശേഷി നേടുക, ആശയങ്ങൾ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക, മാതൃഭാഷയോടും സാഹിത്യത്തോടുമുള്ള താത്പര്യം വളർത്തുക തുടങ്ങിയവാണ് ലോവർ പ്രൈമറി തലത്തിലെ മുഖ്യ  ബോധനോദ്ദേശ്യങ്ങൾ.

ഉച്ചാരണം. അക്ഷരബോധം, പദാവലി, അർത്ഥഭേദം, വാക്യഘടന, പ്രയോഗം, ശൈലി, ശബ്ദവിഭാഗം, പദരചന തുടങ്ങിയവ ഭാഷാപരമായ ഘടകങ്ങളിൽ ഉൾപ്പെടുന്നു..

സാംസ്കാരിക മൂല്യങ്ങൾ, ജീവിതാനുഭവങ്ങൾ, പുരാണകഥകൾ, പൊതു വിജ്ഞാനം, തുടങ്ങിയവയാണ് ആശയപരമായ ഉള്ളടക്കത്തിൽ പ്രധാനമായി വേണ്ടത്. സംഭാഷണം, ശ്രാവ്യവായന, കവിതാപാരായണം, കഥപറയൽ, കത്തെഴുതൽ തുടങ്ങിയ വാചികവും ലിഖിതവുമായ രചനാ മാതൃകകൾ ആകുന്നു.

കേട്ടതും വായിച്ചതുമായ വസ്തുതകൾ ശരിയായി ഗ്രഹിക്കുന്നതിന് ശ്രാവ്യവായന, സംഭാഷണം, പ്രസംഗം, കഥനം, പത്രവായന, റേഡിയോ പരിപാടി തുടങ്ങിയവ സഹായകമാവുന്നു. ഇപ്പറഞ്ഞ മാർഗ്ഗങ്ങളാണ് വാചികവും ലിഖിതവുമായ സ്വയം പ്രകടനത്തിന് സഹായിക്കുന്നത്.

സാഹിത്യാസ്വാദനത്തിനുള്ള പ്രാരംഭ പരിശീലനം  പ്രാഥമിക ഘട്ടത്തിലാണ്. ഭംഗിയായി  തയ്യാറാക്കിയ ബാല സാഹിത്യ കൃതികൾ കുട്ടികൾക്ക് നൽകണം. പ്രാസനിഷ്ടവും താള പ്രധാനവുമായ കവിതകൾ മനഃപാഠമാക്കാൻ കുട്ടികളോട് ആവശ്യപ്പെടണം.

വിശ്വാസം, ബഹുമാനം, മനുഷ്യ സ്നേഹം, ത്യാഗം, സഹകരണം, സത്യം, സംവേദനക്ഷമത, നല്ലപെരുമാറ്റം, പഠിക്കാനുള്ള താല്പര്യം, അറിവ് നേടാനുള്ള ആഗ്രഹം, തുടങ്ങിയ മനോഭാവങ്ങളാണ് കുട്ടികളിൽ വളർത്തിയെടുക്കേണ്ടത്.

പ്രാഥമിക ക്ലാസ്സുകളിൽ കഥകൾക്ക് കൂടുതൽ പ്രാധാന്യം നൽകണം. പരസ്പര സ്നേഹം, സഹകരണം, ദേശഭക്തി, സദാചാരബോധം, കൃത്യനിഷ്ഠ, സേവനതാത്പര്യം തുടങ്ങി സ്വഭാവഗുണങ്ങൾ വളർത്തത്തക്ക കഥകളാണ് തെരഞ്ഞെടുക്കേണ്ടത്.

പ്രാഥമിക ക്ലാസ്സുകളിൽ കവിത തെരഞ്ഞെടുക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആശയത്തികവിനേക്കാൾ പാരായണ ലാളിത്യവും സൗന്ദര്യവുമാണ് കവിതകൾക്കുണ്ടായിരിക്കേണ്ട പ്രധാന ഗുണങ്ങൾ.

**7. പാഠപുസ്തകം തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ട വസ്തുതകൾ**

1. മലയാളത്തിൽ പ്രതിഷ്ഠ നേടിയിട്ടുള്ള ശൈലികളും മറ്റ് ഭാഷകളിൽ നിന്ന് സംക്രമിച്ചിട്ടുള്ള ശൈലികളും ഗ്രഹിക്കുകയും യഥോചിതം പ്രയോഗിക്കുകയും ചെയ്യുക.

2. ഭാഷാവ്യാകരണത്തെക്കുറിച്ച് നിഷ്കൃഷ്ടമായ ജ്ഞാനം സമ്പാദിച്ച് സ്വയം തെറ്റുകൾ തിരുത്തി ശുദ്ധമായ ഭാഷാ പ്രയോഗം സ്വായത്തമാക്കുക.

3. ഗദ്യപദ്യകൃതികൾ ആസ്വദിക്കാനും അവയെ മൂല്യനിർണ്ണയം ചെയ്യാനുമുള്ള ശേഷി കൈവരിക്കുക.

4. മലയാള സാഹിത്യത്തിലെ പ്രധാന പ്രസ്ഥാനങ്ങളെയും ഓരോ പ്രസ്ഥാനത്തിലെയും മുഖ്യ കൃതികളെയും അവയുടെ കർത്താക്കളേയും പരിചയപ്പെട്ട് സാഹിത്യ ചരിത്രത്തിൽ സാമാന്യ ജ്ഞാനം നേടുക.

5. പാഠഭാഗത്തിലൂടെ ആധുനിക വിജ്ഞാനത്തിലേക്കും വിശ്വ സാഹിത്യത്തിലേയ്ക്കും പ്രവേശനം നേടുക.

6. ശബ്ദ അർത്ഥാലങ്കാരങ്ങൾ, വാങ്മയ ചിത്രങ്ങൾ തുടങ്ങി സൗന്ദര്യ ഘടകങ്ങളെ അറിയാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.

7. പാഠഭാഗത്തിലൂടെയും വ്യാപകമായ ഗ്രന്ഥപാരായണത്തിലൂടേയും ആശയ സമ്പത്തും പദസമ്പത്തും ആസ്വാദന ശേഷിയും സമ്പുഷ്ടമാക്കുക.

8. ദൈനംദിന വ്യവഹാരങ്ങളിലൂടെ സാമൂഹികം, ഭരണപരം, എന്നീ വിവിധ മണ്ഡലങ്ങളിലൂടെ ഭാഷ നിപുണമായി കൈകാര്യം ചെയ്യാനുള്ള പ്രാവീണ്യം വളർത്തുക.

**ഉപസംഹാരം**

അദ്ധ്യാപകന് ഒരു മാർഗ്ഗദർശി മാത്രമായിരിക്കണം പാഠപുസ്തകം. പാഠപുസ്തകത്തിലെ ആശയങ്ങൾ വ്യക്തവും അയത്നലളിതവും പൂർണ്ണമായ ആശയസ്ഫൂർത്തി കൈവരത്തക്ക രീതിയിലും ഉള്ളതാകണം. ഓരോ ക്ലാസിനും ഉചിതങ്ങളായ ബോധനോദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടു മാത്രമേ പാഠപുസ്തകം തയ്യാറാക്കാൻ പാടുള്ളു. പഠിതാക്കളുടെ സാഹിത്യ പരതയ്ക്കും ചിന്താ പരതയ്ക്കും പ്രാധാന്യം കൽപ്പിക്കത്തക്കരീതിയിലുള്ളതായിരിക്കണം പാഠപുസ്തകം.

**പഠന പ്രവർത്തനങ്ങൾ**

1. പാഠപുസ്തകത്തിന്റെ പൊതു സ്വഭാവം മനസ്സിലാക്കുക.
2. ഇപ്പോൾ നിലവിലുള്ള പാഠപുസ്തകങ്ങളിലെ പ്രതിപാദന രീതി മനസ്സിലാക്കുക.
3. മിഡിൽ സ്കൂൾ ക്ലാസുകളിലെ പാഠപുസ്തകങ്ങൾ നിരൂപണം ചെയ്യുക.
4. പാഠപുസ്തകത്തിലെ വിവിധ സാഹിത്യപ്രസ്ഥാനങ്ങളെ ആസ്പദമാക്കി ലേഖനങ്ങൾ തയ്യാറാക്കുക.

അദ്ധ്യായം - 11

# അദ്ധ്യാപന രീതികൾ

**മുഖവുര**

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ പ്രചാരം മൂലം വിദ്യാഭ്യാസ പദ്ധതിയിൽ മാതൃഭാഷയ്ക്കുള്ള പ്രാധാന്യം നൂറ്റാണ്ടുകളോളം അവഗണിക്കപ്പെട്ടിരുന്നു. മാതൃഭാഷയ്ക്ക് അർഹമായ സ്ഥാനം നൽകണമെന്ന അഭിപ്രായം അംഗീകരിക്കപ്പെട്ടിട്ട് അധിക കാലം ആയില്ല.

നമ്മുടെ രാജ്യം ബ്രിട്ടീഷ് കോളനി വാഴ്ചയുടെ കീഴിൽ അമർന്നിരുന്നതിനാലും ഇംഗ്ലീഷ് ഭാഷയ്ക്ക് അമിത പ്രാധാന്യം നല്കിയതിനാലും ഇൻഡ്യയിലെ പ്രാദേശിക ഭാഷകൾ അഭിവൃദ്ധി പ്രാപിക്കാതെ പോയി. മാറി മാറി വന്ന ഭരണാധികാരികൾ അതാതു പ്രവിശ്യകളിലെ പ്രാദേശിക ഭാഷകളെ തീർത്തും അവഗണിച്ചു. ദേശാഭിമാനികളായ അന്നത്തെ നേതാക്കന്മാർ വിദ്യാഭ്യാസത്തിൽ മാതൃഭാഷയെ തീർത്തും നിരാകരിക്കുന്നതിനെതിരെ ശബ്ദമുയർത്തിയിട്ടുണ്ട്. എന്നാൽ അത് കാര്യമായി ശ്രദ്ധിക്കപ്പെട്ടില്ല.

സ്വാതന്ത്ര്യപ്രാപ്തി വരെ കേരളത്തിൽ രണ്ടു വിധത്തിലുള്ള വിദ്യാലയങ്ങൾ നിലവിലുണ്ടായിരുന്നു. മലയാളം സ്കൂളുകളും, ഇംഗ്ലീഷ് സ്കൂളുകളും. മലയാള ഭാഷയിലും സാഹിത്യത്തിലും സാമാന്യ അറിവ് നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ളവയായിരുന്നു മലയാളം സ്കൂളുകളിലെ ബോധന സമ്പ്രദായം. കുട്ടികളുടെ താത്പര്യമോ നിലവാരമോ വേണ്ടത്ര ശ്രദ്ധിച്ചിരുന്നില്ല. മാധ്യമം ഇംഗ്ലീഷ് ഭാഷയായി സ്വീകരിച്ചിരുന്ന ഇംഗ്ലീഷ് സ്കൂളിലാകട്ടെ വളരെ കുറഞ്ഞ പ്രധാന്യമേ മലയാളത്തിന് ലഭിച്ചിരുന്നുള്ളൂ.

സ്വാതന്ത്ര്യ സമ്പാദനത്തോടെ ഒട്ടേറെ മാറ്റങ്ങൾ വിദ്യാഭ്യാസ മണ്ഡലത്തിലുണ്ടായി. അതിനനുസൃതമായി വിദ്യാഭ്യാസ പ്രക്രിയയിൽ എന്തെല്ലാം മാറ്റങ്ങൾ വന്നിട്ടുണ്ട്. പ്രാചീന സമ്പ്രദായത്തിൽ നിന്ന് ആധുനിക രീതികൾ എത്രത്തോളം വ്യത്യാസപ്പെട്ടു നിൽക്കുന്നു എന്നിങ്ങനെയുള്ള കാര്യങ്ങളാണ് ഈ അദ്ധ്യായത്തിൽ പരിശോധിക്കുന്നത്.

**1. അധ്യാപന പ്രമാണങ്ങൾ**

സ്വയം പഠിക്കുകയും വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്യുന്ന ഉത്തരവാദിത്തമാണ് അദ്ധ്യാപകനുള്ളത്. അദ്ധ്യാപനം ഒരു കലയാണ്. കലയ്ക്കു വേണ്ട എല്ലാ സവിശേഷതകളും അതിനുണ്ട്. അനുഭവങ്ങളിലൂടെ അദ്ധ്യാപകൻ തന്റെ ബോധന രീതി കണ്ടെത്തുന്നു. ബോധന പ്രക്രിയയിൽ ശ്രദ്ധിക്കേണ്ട അദ്ധ്യാപന തത്വോക്തികളെ കുറിച്ച് ഇവിടെ പ്രതിപാദിക്കുന്നു.

**1. അറിയാവുന്നതിൽ നിന്ന് അറിയാത്തതിലേയ്ക്ക്** (From known to unknown)

കുട്ടികൾക്ക് അറിയാവുന്ന ഒട്ടനവധി കാര്യങ്ങളുണ്ടാകാം. അവയിലൂടെ അറിയാത്തവയിലേക്ക് നയിക്കണം. നേരിട്ടുള്ള ജീവിതാനുഭവങ്ങളിലൂടെ പഠിപ്പിക്കുന്നതാണ് ഉത്തമം. ശൂന്യമായ അവസ്ഥയിൽ ഒന്നും പഠിപ്പിക്കാനാവില്ല. പുതിയ അറിവ് പഴയ അറിവുമായി ബന്ധിപ്പിക്കണം. അപ്പോൾ ബോധനം വ്യക്തവും നിയതവും ആകും. അതായത് ബോധനാവസരത്തിൽ കുട്ടികളുടെ മുന്നറിവ് പഴയ അറിവുമായി അദ്ധ്യാപകൻ ബന്ധപ്പെടുത്തണം.

**2. മൂർത്തമായതിൽ നിന്ന് അമൂർത്തമായതിലേയ്ക്ക്** (From Concrete to Abstract)

അനേകം മാതൃകകളിലൂടേയും ഉദാഹരണങ്ങളിലൂടേയും നിയമങ്ങളിൽ ചെന്നെത്തുകയാണ് ഇതിന്റെ പൊതു സ്വഭാവം. മൂർത്തമായവ വേഗം മനസ്സിലാക്കാനാവും അമൂർത്തമായവ വേഗം മനസ്സിലാവുകയില്ല.

**3. വിശേഷത്തിൽ നിന്ന് സാമാന്യത്തിലേയ്ക്ക്** (From Particular to General)

പ്രത്യേക ഉദാഹരണങ്ങളിലൂടെ സാമാന്യ - പൊതു തത്വങ്ങളിൽ എത്തിച്ചേരുകയാണ് ഇതിന്റെ പൊതുസ്വഭാവം. കുട്ടികളെ സംബന്ധിച്ചിടത്തോളം സാമാന്യമായതിനേക്കാൾ നിയതമായതാണ് വിശേഷമായത്. ആഗമനാത്മകരീതിയാണ് വിശേഷവൽക്കരണം. സാമാന്യവൽക്കരണം നിഗമന രീതിയും. വ്യാകരണവും ശാസ്ത്ര വിഷയങ്ങളും വിശേഷമായതിൽ നിന്ന് പൊതുവായതിലേയ്ക്ക് എന്ന തത്വത്തെ അടിസ്ഥാനമാക്കിയാണ് പഠിപ്പിക്കുന്നത്. അതായത് മൂർത്തമായതിൽ നിന്ന് അമൂർത്തമായതിലേയ്ക്ക് - എന്ന തത്വത്തിന്റെ മറ്റൊരു രൂപമാണിത്. അതായത് വിശേഷവൽക്കരണം മൂർത്തവും സാമാന്യവൽക്കരണം അമൂർത്തവുമാകുന്നു.

**4. ലഘുവായതിൽ നിന്ന് സങ്കീർണ്ണമായതിലേയ്ക്ക്** (From Easy to Complex)

ലഘുവായ വസ്തുക്കൾ പഠിച്ചതിനുശേഷമേ സങ്കീർണ്ണമായ കാര്യങ്ങൾ പഠിപ്പിക്കാവൂ. ലഘുവും ഗുരുവും നിശ്ചയിക്കേണ്ടത് കുട്ടികളുടെ കാഴ്ചപാടിൽ നിന്നുകൊണ്ടായിരിക്കണം. അദ്ധ്യാപകന്റെ സൗകര്യം ഇവിടെ അപ്രധാനമാകുന്നു. ഒരു വാക്കിനേക്കാൾ ലഘുതരമാവാം ചിലപ്പോൾ ഒരു വാക്യം. അവരുടെ പ്രത്യേക അനുഭവമണ്ഡലത്തിനും മാനസിക നിലവാരത്തിനും അനുസരിച്ചേ ഇത് തീരുമാനിക്കാനാവൂ.

**5. അപഗ്രഥനത്തിൽ നിന്ന് ഉദ്ഗ്രഥനത്തിലേയ്ക്ക്** (From Analysis to Synthesis)

ഒരാശയത്തെയോ പ്രശ്നത്തെയോ സൗകര്യാർത്ഥം പല വിഭാഗങ്ങളായി തിരിക്കുന്നതിന് അപഗ്രഥനം എന്നു പറയുന്നു. വസ്തുക്കളെ പരസ്പരം യോജിപ്പിച്ച് മൂർത്തമായ ഒന്നാക്കുന്നതാണ് ഉദ്ഗ്രഥനം. അപഗ്രഥനം വേർതിരിച്ച് വിഭാഗീകരിക്കലും. അപഗ്രഥനം ആശയങ്ങളെ ഗ്രഹണ യോഗ്യമാക്കുന്നു. കഠിനാശയങ്ങൾ പഠിക്കാൻ ഈ ആശയമാണ് സ്വീകാര്യം. വേഗം ആശയങ്ങൾ ഗ്രഹിക്കാൻ സഹായകമാണ് അപഗ്രഥനം. ഒരു നല്ലപാഠം അപഗ്രഥനത്തിന്റെ സഹായത്തോടെ തുടങ്ങി അതിലൂടെ വികസിച്ച് ഉദ്ഗ്രഥനത്തിൽ അവസാനിപ്പിക്കാൻ സാധിക്കുന്നു.

**6.അനുഭവ സിദ്ധമായതിൽ നിന്ന് യുക്തിയുക്തമായതിലേയ്ക്ക്** (From Emperical to Rational)

നേരിട്ടുള്ള അനുഭവങ്ങളേയും നിരീക്ഷണങ്ങളേയും അടിസ്ഥാനമാക്കിയുള്ളതാണ് അനുഭവജ്ഞാനം. ഇതിന് ഇന്ദ്രിയാനുഭവമെന്ന് പറയാം. യുക്തിയുക്തമായ അറിവിൽ അൽപ്പം അമൂർത്തതയും വിവാദപരമായ സമീപനവും അന്തർഭവിച്ചിരിക്കുന്നു. മൂർത്തമായതിൽ നിന്ന് അമൂർത്തമായതിലേയ്ക്ക് എന്ന തത്വം ഇവിടെ അന്തർഭവിച്ചിരിക്കുന്നു. അറിവ് കൂടുതൽ വ്യക്തമാക്കാനും വിശദമാക്കാനും സഹായകമായവിധം പൊതു പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും കുട്ടിൾക്ക് സൗകര്യം ഉണ്ടാക്കികൊടുക്കണം. ഇതാണ് ആദ്യഘട്ടം. ഇതിന് ഇന്ദ്രിയാനുഭവഘട്ടമെന്ന് പറയുന്നു. ഇതിന് ശേഷമേ

യുക്തിയുക്തമായ അറിവ് ഉണ്ടാകുന്നുള്ളൂ. വാദിച്ചും വിശദീകരിച്ചും സാമാന്യവൽക്കരിച്ചും അറിവ് നേടുന്നതിനേക്കാൾ സുഗമമായത് നേരിട്ട് കണ്ടും അനുഭവിച്ചറിഞ്ഞുമുള്ള മാർഗ്ഗമാണ്.

**7. മനഃശാസ്ത്രപരമായതിൽ നിന്ന് സയുക്തികത്തിലേയ്ക്ക്** (From Psychological to Logical)

കുട്ടികളുടെ മാനസിക കഴിവുകളെ പ്രത്യേകം പരിഗണിക്കുന്നു. കുട്ടികളുടെ താത്പര്യം, മാനസികാവസ്ഥ, ആവശ്യം, പ്രതികരണം എന്നിവ ഇവിടെ പ്രധാനമാണ്. സയുക്തിക സമീപനത്തിൽ പാഠ്യവിഷയങ്ങൾക്കാണ് കൂടുതൽ പരിഗണന. യുക്തിഭദ്രമായി പാഠ്യവിഷയങ്ങൾ സജ്ജീകരിക്കുന്നു. കുട്ടികളുടെ മനഃശാസ്ത്രപരമായ ആവശ്യങ്ങൾക്കനുസരണമായേ പാഠ്യവസ്തുക്കൾ തെരഞ്ഞെടുക്കാവൂ. അതിനുശേഷം സയുക്തികം ക്രമീകരിക്കേണ്ടതാണ്.

**8. വാസ്തവികതയിൽ നിന്ന് പ്രാതിനിധ്യത്തിലേയ്ക്ക്** (From Actual to Representative)

സ്വാഭാവികവും വാസ്തവികവുമായ വസ്തുക്കളിൽ നിന്നും കുട്ടികൾ വളരെ വേഗം പഠിക്കുന്നു. അതിന് പകരമായി സ്വീകരിക്കുന്ന വസ്തുക്കൾ വേണ്ടത്ര പ്രയോജനകരമാവില്ല. യഥാർത്ഥ വസ്തുക്കൾ കുട്ടികൾക്ക് കാണിച്ചുകൊടുക്കാൻ അദ്ധ്യാപകൻ ശ്രദ്ധിക്കണം. താഴ്ന്ന ക്ലാസ്സുകളിൽ ഇക്കാര്യം പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടതുണ്ട്.

**9. അടുത്തുള്ളതിൽ നിന്ന് അകലെയുള്ളതിലേയ്ക്ക്** (From Near to Far)

കുട്ടികളുടെ ചുറ്റുമുള്ള വസ്തുക്കൾ ആദ്യം പഠിക്കണം. അതിനുശേഷമേ അകന്ന കാര്യങ്ങളിലേയ്ക്ക് കടക്കാവൂ. വിഷമം കുറഞ്ഞതിൽ നിന്ന് വിഷമം കൂടിയതിലേയ്ക്ക് എന്നതത്വം ഇതുമായി ബന്ധപ്പെട്ടതാണ്.

**2. പ്രാചീന സമ്പ്രദായങ്ങൾ**

**1. അക്ഷര മാലാരീതി**

പഴയ രീതികളിൽ പ്രധാനമായവയാണ് അക്ഷരമാലാരീതി. മനഃശാസ്ത്രപരമായ സമീപനമല്ല ഈ രീതിയ്ക്കുള്ളത്. ആദ്യം അക്ഷരം എഴുതി ഉച്ചരിച്ച് പഠിപ്പിക്കുകയത്രേ ഈ രീതിയുടെ സ്വഭാവം. അക്ഷരമാലയും കൂട്ടക്ഷരവും പഠിപ്പിച്ച ശേഷമേ എഴുത്തും വായനയും പഠിപ്പിക്കുകയുള്ളൂ. എഴുതുന്നതിനും വായിക്കുന്നതിനും അക്ഷര ജ്ഞാനം ആവശ്യമാണ് എന്ന ആശയമാണ് ഈ രീതിയ്ക്കാധാരം. സ്വരം, വ്യഞ്ജനം, കൂട്ടക്ഷരം എന്നീ ക്രമത്തിലാണ് അക്ഷരം പഠിപ്പിക്കുന്നത്. കുടിപ്പള്ളികൂടങ്ങളിൽ ആശാന്മാർ ഇന്നും ഈ രീതി തുടർന്നുവരുന്നു.

**2. ആശയ വിശദീകരണ രീതി**

കവിതാദ്ധ്യാപകരാണ് ഈ രീതി സ്വീകരിച്ചിരിക്കുന്നത്. കവിതയിൽ ഉൾക്കൊണ്ടിരിക്കുന്ന ആശയം ആദ്യം വിശദീകരിക്കുന്നു. പിന്നീട് കവിത അവതരിപ്പിക്കുന്നു. കവിതാദ്ധ്യാപനത്തിന്റെ ലക്ഷ്യം കാവ്യസൗന്ദര്യം അനുഭവപ്പെടുത്തികൊടുക്കുകയെന്നതാണ്. കവിതയുടെ ഓരോ അംശവും എടുത്ത് അപഗ്രഥിച്ച് ആശയം വിശദീകരിക്കുക ഇതായിരുന്നു അന്നത്തെ അദ്ധ്യാപനരീതി. കാവ്യഗുണം, കാവ്യ ദോഷം, അലങ്കാരം, വൃത്തം ഇവയ്ക്കായിരുന്നു പ്രാധാന്യം. പൊതുവെ കവിതയെ

ശസ്ത്രക്രിയ ചെയ്ത് വികൃതമാക്കുന്ന രീതിയാണിത്. സംസ്കൃത കവിതാദ്ധ്യാപനത്തിന്റെ ചുവടു പിടിച്ചാണ് ഇങ്ങനെയൊരു രീതി മലയാളത്തിൽ വന്നത്.

**3. കാവ്യരചനാ രീതി**

കവിതാദ്ധ്യാനത്തിനുള്ള മറ്റൊരു രീതിയാണിത്. ക്രിത്രിമങ്ങളായ ചോദ്യങ്ങളിലൂടെ അദ്ധ്യാപകൻ കവിത സൃഷ്ടിച്ച് അവതരിപ്പിക്കുന്നു. അസ്വാഭാവികമാണ് ഈ രീതി. കവിത രചിക്കാനുള്ള കഴിവ് എല്ലാവർക്കും ഉണ്ടാവുകയില്ല.

**4. പ്രഭാഷണ രീതി**

തികച്ചും പുതുമയുള്ള രീതിയല്ലെങ്കിലും പൊതുവെ പ്രയോഗിച്ചുകൊണ്ടിരിക്കുന്ന രീതിയാണിത്. ഇന്നും ഭാഷാദ്ധ്യാപനം മിക്കവാറും പ്രഭാഷണ രീതിയിൽ തന്നെ നടക്കുന്നു എന്നു പറയുന്നതിൽ തെറ്റില്ല. ഇന്നത്തെ ഭാഷാദ്ധ്യാപനത്തിന്റെ പ്രധാന നേട്ടവും ഇതാകുന്നു.

പഠിപ്പിക്കേണ്ട ആശയങ്ങൾ അദ്ധ്യാപകൻ പ്രസംഗ രൂപേണ അവതരിപ്പിക്കുന്നു. കേട്ടിരിക്കുക എന്നതിൽ കവിഞ്ഞ് കുട്ടികളുടെ ഭാഗത്തു നിന്ന് അദ്ധ്യാപനത്തിന്റെ പ്രയോജനത്തിനും വിജയത്തിനും ഉതകുന്ന സഹകരണം ലഭിക്കുന്നില്ല. കുട്ടികളുടെ താൽപര്യം സംരക്ഷിക്കാൻ ഉതകുന്നതല്ല പ്രഭാഷണ രീതി.

എന്നാൽ പ്രഭാഷണ രീതി തീരെ ഉപേക്ഷിക്കുന്നത് ശരിയല്ല. ഭാഷാദ്ധ്യാപനത്തിൽ അതിന്റെ ആവശ്യം ഉണ്ടാകും. സാഹിത്യ സംബന്ധമായും പുരാണ സംബന്ധമായും ഒട്ടനവധി കാര്യങ്ങൾ കുട്ടികളെ ധരിപ്പിക്കേണ്ടി വരും. അതിലൊന്നിലും അവർക്ക് മുന്നറിവ് ഉണ്ടായിരിക്കുകയില്ല. ഈ അവസരത്തിൽ അദ്ധ്യാപകൻ സരസമായി കാര്യങ്ങൾ പറഞ്ഞു കൊടുക്കേണ്ടതുണ്ട്. അതുപോലെ ആശയവിശദീകരണത്തിന് പ്രഭാഷണ രീതി ആവശ്യമായി വരുന്നു.

**5. ചോദ്യോത്തര രീതി**

ചോദ്യോത്തര രീതിയ്ക്ക് സോക്രട്ടീസിന്റെ രീതി എന്നു പറയുന്നു. ഗ്രീക്ക് ചിന്തകനായ സോക്രട്ടീസ് യുവതലമുറയ്ക്ക് വിജ്ഞാനം പകരുന്നതിന് ചോദ്യങ്ങൾ ചോദിക്കുക പതിവാണ്. അങ്ങനെ ഈ രീതി സോക്രട്ടീസുമായി ബന്ധപ്പെട്ടിരിക്കുന്നു. ചോദ്യങ്ങൾ ചോദിക്കുക, ഉത്തരങ്ങൾ സ്വീകരിക്കുക, തെറ്റുകൾ വന്നാൽ തിരുത്തുക ഇതാണ് ഈ രീതിയുടെ സ്വഭാവം.

കുട്ടികളുടെ മാനസിക നിലവാരത്തിനനുസരിച്ച് ക്രമീകരണത്തോടുകൂടിയ ചോദ്യങ്ങൾ ചോദിക്കണം. ചോദ്യങ്ങൾ പടിപടിയായി ഉയർന്ന് പുതിയ ആശയം നൽകത്തക്കവിധം പ്രയോജനപ്പെടണം. എപ്പോഴും ഈ രീതിയായാൽ മുഷിപ്പ് തോന്നാൻ ഇടയുണ്ട്. അതുകൊണ്ട് ചോദ്യോത്തര രീതിയും പ്രഭാഷണ രീതിയും ഇടകലർന്ന് ഉപയോഗിക്കുന്നതാണ് നല്ലത്.

**6. പാഠപുസ്തക രീതി**

വളരെക്കാലമായി നില നിന്നു പോരുന്ന അദ്ധ്യാപന രീതിയാണ് പാഠപുസ്തക രീതി. പാഠ്യവിഷയങ്ങളെ സംബന്ധിച്ച് സാമാന്യമായ അറിവ് ലഭിക്കുന്നത് പാഠപുസ്തകം മുഖേനയാണ്. ആശയ വിനിമയത്തിന് സദാ തയ്യാറായി നിൽക്കുന്ന ഒരാചാര്യനായി പലരും പാഠപുസ്തകത്തെ

പരിഗണിച്ചിട്ടുണ്ട്. പക്ഷേ പുസ്തകം നിർജീവവും നിശബ്ദവുമാണ്. മാനുഷികമായ വൈശിഷ്ട്യം അതിനില്ല. അതിനാൽ പാഠപുസ്തകങ്ങളെ മാത്രം ആശ്രയിച്ചുള്ള അദ്ധ്യാപനം നന്നല്ല.

### 3. ഭാഷാദ്ധ്യാപനത്തിലെ നൂതന പ്രവണതകൾ

ആധുനിക മനഃശാസ്ത്രത്തിന്റെ വികസന ഫലമായി വിദ്യാഭ്യാസ സമ്പ്രദായത്തിലും അദ്ധ്യാപന രീതികളിലും കാര്യമായ പല പരിവർത്തനങ്ങളും സംഭവിച്ചിട്ടുണ്ട്. ഭാഷാപഠനം ജീവിതവുമായി ബന്ധപ്പെട്ടതാകണം. കുട്ടികൾക്ക് മാനസികമായി സംഭവിക്കുന്ന അവസ്ഥാന്തരങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ രീതിയും പരിഷ്ക്കരിക്കേണ്ടതുണ്ട്.

നവീന വിദ്യാഭ്യാസം ഈ മാതിരി മനഃശാസ്ത്രസിദ്ധാന്തങ്ങളെ അറിയുകയും ആദരിക്കുകയും ചെയ്യുന്നു. തൽഫലമായി ഉണ്ടായ നൂതന പ്രവണതകൾ താഴെ കൊടുക്കുന്നവയാണ്.

#### 1. ഋജുരീതി

യഥാർത്ഥ വസ്തുക്കളെ പ്രദർശിപ്പിച്ച് നടത്തുന്ന ബോധനമായതിനാൽ ഇതിന് പ്രത്യക്ഷ ബോധന രീതി എന്നു പറയണം. ഒരു ശബ്ദത്തെയും അതിന്റെ അർത്ഥത്തെയും നേരിട്ട് ബന്ധിപ്പിക്കുന്ന രീതിയാണിത്. പൂവ് കാണിച്ചുകൊണ്ട് പൂവ് എന്ന് പഠിപ്പിക്കുന്നു. നടന്നുകൊണ്ട് നടക്കുക എന്ന ക്രിയാ രൂപം പഠിപ്പിക്കുന്നു. വസ്തുക്കൾ പ്രദർശിപ്പിക്കാൻ സാധ്യമാകാതെ വരുമ്പോൾ ചിത്രങ്ങളോ മാതൃകകളോ കാണിക്കുന്നു. യഥാർത്ഥ വസ്തു ദർശിക്കുന്നതുകൊണ്ട് ആശയ ഗ്രഹണത്തിന് എളുപ്പമുണ്ട്. സിംഹം എന്ന വാക്ക് പഠിപ്പിക്കാൻ സിംഹത്തെ നേരിട്ട് പ്രദർശിപ്പിക്കുക സാദ്ധ്യമല്ല. സിംഹത്തിന്റെ മാതൃകയോ ചിത്രമോ കാണിക്കാം. അതും സാദ്ധ്യമല്ലെങ്കിൽ കുട്ടികൾക്ക് മനസ്സിലാവുന്ന വിധത്തിൽ വാങ്മയ ചിത്രം സൃഷ്ടിക്കാം. അംഗീകരിക്കാവുന്ന മാർഗ്ഗങ്ങളിൽ വച്ച് ഏറ്റവും ഋജുവായത് ഏതാണോ അത് സ്വീകരിക്കണം.

#### 2. അനുക്രമീകരണം

പഴയ ഭാഷാഭ്യസനം എഴുത്തിൽ ആരംഭിച്ചുവെങ്കിൽ നവീന ഭാഷാഭ്യസനം എഴുത്തിൽ അവസാനിക്കുന്നു. ശ്രവണം, ഭാഷണം, വായന, ലേഖനം ഇതാണ് ഭാഷാദ്ധ്യപനത്തിലെ ശരിയായ മാർഗ്ഗം. വചോ രൂപത്തിൽ ആരംഭിച്ച് ലേഖനത്തിൽ അവസാനിക്കുന്നു. വിദ്യാർത്ഥികളുടെ മാനസികമായ കഴിവുകളെ അടിസ്ഥാനമാക്കിയാണ് ഈ അനുക്രമീകരണം സ്വീകരിച്ചിട്ടുള്ളത്.

#### 3. വചനാഭ്യസനത്തിന് കൂടുതൽ പ്രാധാന്യം

പഴയ ഭാഷാഭ്യാസന സമ്പ്രദായത്തിൽ ഭാഷണം നടത്തുന്നത് അദ്ധ്യാപകനായിരുന്നു. വിദ്യാർത്ഥികളുടെ പ്രകടനം മുഴുവൻ സാമാന്യേന ലിഖിത ഭാഷയിലായിരുന്നു. എന്നാൽ ഭാഷയുടെ യഥാർത്ഥ രൂപം വായ്മൊഴിയാണ്. ഭാഷ സ്വാധീനമാക്കുന്നതിന് വായ്മൊഴിയിൽ ശരിയായ അഭ്യസനം ആവശ്യമാണ്. ഉയർന്ന ക്ലാസ്സുകളിലായാൽപ്പോലും വചനാഭ്യാസനത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

#### 4. മൗന പഠനത്തിന്റെ പ്രാധാന്യം

പഴയ ഭാഷാഭ്യസന സമ്പ്രദായത്തിൽ ശ്രാവ്യപഠനത്തിനായിരുന്നു പ്രാധാന്യം. വായനയുടേയും പഠനത്തിന്റെയും മൗലികമായ ഉദ്ദേശ്യം പഠിതാവിന് മനസ്സിലാവുക എന്നതാണ്. സാമാന്യമായ ആശയം

വേഗത്തിൽ ഗ്രഹിക്കുന്നതിന് ശ്രാവ്യപഠനത്തേക്കാൾ ഉപകരിക്കുന്നത് മൗനപഠനമാണ്. അതുകൊണ്ട് നവീന ഭാഷാദ്ധ്യാപനം ശ്രാവ്യപഠനത്തെ അവഗണിക്കുന്നുവെന്ന് അർത്ഥമില്ല. സാഹിത്യകൃതികളു ടേയും കാവ്യങ്ങളുടേയും ശബ്ദസൗന്ദര്യവും വികാരവായ്പും ആസ്വദിക്കാൻ ശ്രാവ്യമായിത്തന്നെ വായിക്കേണ്ടി വരും. അതുകൊണ്ട് മൗന ശ്രാവ്യവായനകൾക്ക് യുക്തമായ സ്ഥാനം ഭാഷാഭ്യസന ത്തിൽ അനുവദിച്ചിട്ടുണ്ട്.

**5. രചനാഭ്യാസം**

രചന കുട്ടികളുടെ മനസ്സിലുള്ള ആശയങ്ങളുടെ പ്രകടനമാണ്. ആശയങ്ങൾ പ്രകടിപ്പിക്കണമെ ങ്കിൽ പ്രകടനത്തിനു മുമ്പ് മനസ്സ് ആശയം കൊണ്ട് നിറഞ്ഞിരിക്കണം. അതിനാൽ എഴുതാൻ ആവ ശ്യപ്പെടുന്നതിനു മുമ്പ് ആ വിഷയത്തെ കുറിച്ച് ധാരാളം ആശയങ്ങൾ ഉൾക്കൊള്ളാനുള്ള അവസരം അദ്ധ്യാപകൻ കുട്ടികൾക്ക് നൽകണം. ആശയ ക്രമീകരണത്തിനും രചനയുടെ സംവിധാനത്തിനും അദ്ധ്യാപകൻ സഹായിക്കണം. കുട്ടികൾക്ക് പരിമിതങ്ങളോ, നിത്യജീവിതവുമായി ബന്ധപ്പെട്ടതോ ആയ വിഷയങ്ങളായിരിക്കണം രചനയ്ക്ക് നിർദ്ദേശിക്കേണ്ടത്.

**6. ശബ്ദാവലി പോഷണം**

ഭാഷയിൽ സ്വാധീനം ഉണ്ടാവണമെങ്കിൽ പദസമ്പത്ത് വിപുലമായിരിക്കണം. അതിനാൽ ശബ്ദാവലി പോഷണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. വായിക്കുമ്പോൾ പരിചയപ്പെ ടുന്ന പദങ്ങൾ പറഞ്ഞും എഴുതിയും ദൃഢമാക്കണം. അർത്ഥം, നാനാർത്ഥം, നിഷ്പന്നരൂപങ്ങൾ, എന്നിവയുമായി ഗാഢപരിചയം നൽകി ശബ്ദാവലി വികസിപ്പിക്കാവുന്നതാണ്.

**7. ആസ്വാദന പാഠം**

ഭാഷാദ്ധ്യാപനത്തിലെ പ്രധാന ഘടകമാണ് ആസ്വാദന പാഠം. കവിതയെ കീറി മുറിച്ച് ഓരോ വാക്കിന്റെയും അർത്ഥവും പര്യായവും സന്ധി സമാസങ്ങളും പറഞ്ഞു ഗ്രഹിപ്പിക്കുന്ന രീതിയാണ് പ്രാചീന കാലത്തുണ്ടായിരുന്നത്. ഇത് കവിതയുടെ സൗന്ദര്യത്തിനും ആസ്വാദനത്തിനും വിഘാത മാവും. ചമത്കാരഭംഗി സ്വയം കണ്ടെത്തി സാഹിത്യസൃഷ്ടികൾ ആസ്വദിക്കുന്നതിനും അതുവഴി മാനസിക സംസ്കാരം വളർത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുക എന്നതാണ് നൂതന മതം.

**4. ഭാഷാദ്ധ്യാപനത്തിലെ നൂതന രീതികൾ**

**1. കളിരീതി**

കുട്ടികൾ ഏറ്റവും കൂടുതൽ ഇഷ്ടപ്പെടുന്ന ഒന്നാണ് കളി. കളിയിലൂടെ അഭ്യസിക്കുന്ന ഒരു കാര്യം മനസ്സിൽ മായാതെ നിൽക്കും. ഈ തത്വത്തിലുണ്ടായ അദ്ധ്യാപന രീതിയാണ് കളിരീതി. അഥവാ ക്രീഡാ രീതി. ഫ്രോബൽ ആവിഷ്ക്കരിച്ച കിന്റർ ഗാർഡൻ സമ്പ്രദായത്തിന്റെ പ്രധാന മാധ്യ മവും കളിയാണ്.

എല്ലാ കുട്ടികൾക്കും ജന്മസിദ്ധമായ ചില കഴിവുകൾ ഉണ്ടാകും. അത് പ്രകടിപ്പിക്കുക ആന്തരീ കമായ ഒരാവശ്യമാണ്. കളികളിലൂടെ പ്രവർത്തിക്കാനുള്ള ഉത്തേജനവും ആത്മ സംതൃപ്തിയും കുട്ടികൾക്ക് ലഭിക്കുന്നു. വളരുന്ന കുട്ടികളിൽ അധികമായ ഊർജ്ജത്തെ ചെലവഴിക്കാനുള്ള ഒരുപാ ധിയാണ് കളിയെന്ന് പറയാറുണ്ട്. പഠന വിഷയങ്ങളിൽ പലതും കളിയാക്കി മാറ്റാൻ അദ്ധ്യാപകൻ മനസ്സു വച്ചാൽ സാധിക്കും. ചെറിയ കുട്ടികൾക്കാണ് ഇതു കൂടുതൽ അനുയോജ്യമെങ്കിലും മുതിർന്ന

പഠിതാക്കൾക്ക് ഇതിന്റെ അന്തസത്ത പ്രയോജനപ്പെടുത്താം.

കവിതകളെ നാടകീയ രീതിയിലവതരിപ്പിച്ചാൽ കളിയുടെ മാതൃകയായി സഹജമായികാണുന്ന ക്രീഡാതാൽപര്യത്തെ വിദ്യാഭ്യാസത്തിന് പ്രയോജനപ്പെടുത്തുകയാണ് കളിരീതികൊണ്ട് ഉദ്ദേശിക്കുന്നത്.

പഠനത്തിൽ ശ്രദ്ധ, താത്പര്യം, ആനന്ദം, ഉത്തരവാദിത്വബോധം തുടങ്ങിയ ഗുണങ്ങൾ വളർത്താൻ കളി രീതിയ്ക്ക് കഴിയും. സഹഭാവം, സാഹോദര്യം, സഹകരണം തുടങ്ങിയവയും കുട്ടികളിൽ വളർന്നുവരും. പഠനത്തിനുള്ള കളിയിൽ അന്തിമ ലക്ഷ്യം പഠനമാണെന്ന കാര്യം മറന്ന് കളിയിൽ മാത്രം ലയിച്ചുപോകുന്ന സാഹചര്യം ഉണ്ടാകാൻ പാടില്ല.

**നേട്ടങ്ങൾ**

1. കളികളും ക്രീഡാപ്രവർത്തങ്ങളും അടിസ്ഥാനപരമായ സാമർത്ഥ്യങ്ങൾ നേടാനും അവ പോഷിപ്പിക്കാനും സഹായകമാവുന്നു. വ്യക്തിപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ ആവശ്യമായ സന്ദർഭങ്ങൾ ലഭിക്കുന്നതുകൊണ്ടാണ് ഇത് സാധിക്കുന്നത്.
2. കുട്ടികളുടെ ബുദ്ധി വികസനത്തിന് വഴി തെളിക്കുന്നു.
3. കളികൾ കുട്ടികളുടെ കായിക വികസനത്തിന് കാരണമാവുന്നു.
4. ക്രീഡാപരമായ പ്രവർത്തനങ്ങൾ കുട്ടികളുടെ സാമൂഹിക ജീവിതത്തിന്റെ പുരോഗതിക്കും, വൈകാരിക വികസനത്തിനും സഹായിക്കുന്നു. കുട്ടികൾക്ക് സ്വയം പ്രകടനത്തിനുള്ള അവസരങ്ങൾ നൽകുന്നു.
5. കളികളും അതിനോട് ചേർന്ന പ്രവർത്തനങ്ങളും ഓരോ കുട്ടിക്കും സ്വയം പൂർണ്ണത നൽകുന്നു.

**മാർഗ്ഗങ്ങൾ**

1 വിദ്യാഭ്യാസ പരമായ കളികളും, കളി രീതിയിലുള്ള അഭ്യാസങ്ങളും.

2. കുട്ടികളുടെ ആനന്ദദായകത്വം കേന്ദ്രമാക്കിയുള്ള പ്രവർത്തനങ്ങളും പ്രോജക്ടുകളും.

3. വിവിധ രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ.

4. നാടകീയാവിഷ്ക്കാരങ്ങൾ.

**കളിരീതിയിലൂടെയുള്ള അഭ്യാസങ്ങൾ**

**1. മാസിക**

കളിരീതിയിലുള്ള പ്രവർത്തനങ്ങളിൽ ഒന്നാണ് മാസിക. പ്രാരംഭ ഘട്ടത്തിന്റെ അവസാനത്തോടുകൂടി മാസികാ പ്രവർത്തനങ്ങൾ തുടങ്ങാം. വ്യക്തിമാസിക, ക്ലാസ് മാസിക, സ്കൂൾ മാസിക, ചുവർ പത്രിക എന്നിങ്ങനെ.

**2. വ്യക്തി മാസിക**

ഓരോ കുട്ടിയും പ്രത്യേകം പ്രത്യേകം സൂക്ഷിക്കുന്ന നോട്ടുബുക്കുകളാണ് വ്യക്തി മാസിക.

സാധാരണ ഭാഷാദ്ധ്യാപനകാലത്ത് മനസ്സിലാക്കുന്ന കാര്യങ്ങളും അതിൽ എഴുതാം. ഉള്ളടക്കം പല ഭാഗങ്ങളായി വിഭജിക്കണം. വാർത്തകൾ, കഥകൾ, കായിക വിനോദം, ലേഖനങ്ങൾ എന്നിങ്ങനെ. സ്വതന്ത്ര ആശയങ്ങൾ എഴുതാനുള്ള അവസരം കുട്ടികൾക്ക് നൽകേണ്ടതാണ്.

എഴുതുന്ന കാര്യങ്ങൾ സന്ദർഭാനുസരണം അദ്ധ്യാപകൻ പരിശോധിക്കുകയും തെറ്റുകൾ ഉണ്ടെങ്കിൽ അത് തിരുത്തി കൊടുക്കുകയും വേണം. തെറ്റുകൾ തിരുത്തിയ ശേഷം മാസികയുടെ പുറം ചട്ടയിൽ ആവശ്യമായ ചിത്രം വരയ്ക്കാനും വേണ്ടിടത്ത് ആവശ്യമായ ചിത്രീകരണം നൽകാനും നിർദ്ദേശിക്കാം. അവരുടെ കലാപരവും സാഹിത്യപരവുമായ ജന്മ വാസനകൾ വളർത്താൻ സഹായകമാണ് ഈ പ്രവർത്തനം.

**3. ക്ലാസ് മാസിക**

മാതൃഭാഷാദ്ധ്യാപനവും ഇതര ഭാഷകളുടെ അദ്ധ്യാപനവും ബന്ധപ്പെടുത്തിയുള്ള പ്രവർത്തനമാണ് ക്ലാസ്മാസിക. ഇതര പാഠ്യവിഷയങ്ങളെ സംബന്ധിച്ച ലേഖനവും നൽകാം. വ്യക്തി മാസികയിൽ നിന്ന് ലേഖനങ്ങൾ തെരഞ്ഞെടുത്ത് ക്ലാസ് മാസികയിൽ നൽകാം. അദ്ധ്യാപകന്റെ നേതൃത്വത്തിൽ ഒരു പത്രസമിതി ഓരോ ക്ലാസ്സിലും ഉണ്ടാവണം. കഴിവതും ക്ലാസ്സിലെ എല്ലാ അദ്ധ്യാപകരിൽ നിന്നും ലേഖനങ്ങൾ വാങ്ങാം. കഥ, കവിത, കായിക വിനോദം, പുസ്തക നിരൂപണം, പത്രാധിപർക്കുള്ള കത്തുകൾ, ലേഖനം തുടങ്ങി വിവിധ പംക്തികൾ മാസികയിൽ ഉണ്ടായിരിക്കണം. ഓരോ ലേഖനവും ശരിയായി പരിശോധിച്ചതിനു ശേഷം മാത്രമേ പ്രസിദ്ധീകരിക്കാവൂ. ചിത്രീകരണങ്ങളും ഉൾപ്പെടുത്താം. തരപ്പെടുമെങ്കിൽ പരസ്യത്തിനായി സ്ഥലവും അനുവദിക്കാം.

**4. സ്കൂൾ മാസിക**

പല വിദ്യാലയങ്ങളിലും ഇപ്പോൾ സ്കൂൾ മാസികകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. സ്കൂളുകളെ സംബന്ധിച്ചിടത്തോളം അഭിമാനകരമായ പരിപാടിയാണിത്. സ്കൂൾ മാസികയ്ക്ക് പ്രത്യേകം പത്രാധിപസമിതി ആവശ്യമാണ്. അദ്ധ്യാപകരും വിദ്യാർത്ഥി പ്രതിനിധികളും ഉൾപ്പെട്ടതാണ് ഈ സമിതി. ഓരോ ക്ലാസുകളിൽ നിന്നും ലേഖനങ്ങൾ സ്വീകരിക്കാം. ക്ലാസ് മാസികകളിൽ നിന്ന് ലേഖനങ്ങൾ തെരഞ്ഞെടുത്ത് ചേർക്കുകയും ചെയ്യാം. ഓരോ ക്ലാസ്സിനെയും സംബന്ധിച്ച ലഘു വിവരങ്ങൾ മാസികയിൽ പ്രത്യേകം ഉൾപ്പെടുത്തണം. വർഷത്തിലൊരിക്കലാണ് സ്കൂൾ മാസിക പ്രസിദ്ധീകരിക്കുക. വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളം ആധികാരികമായ ഒരുൽകൃഷ്ട പ്രസിദ്ധീകരണമാണ് സ്കൂൾ മാസിക.

**5. ചുവർ പത്രിക**

ഒരാഴ്ചയിലോ രണ്ടാഴ്ചയിലോ പ്രസിദ്ധീകരിക്കുന്ന ഒരു വാർത്തമാനപത്രികയാണ് ചുവർ പത്രിക. ഇത് എല്ലാവരും കാണത്തക്കവിധം സ്കൂളിന്റെ പ്രധാന ഭാഗത്ത് ഭിത്തിയിൽ ഒട്ടിച്ചു വയ്ക്കുന്നു. പൊതുവായ വാർത്തകൾ ഈ പത്രികകളിലൂടെ ലഭിക്കുന്നു. കുട്ടികളുടെ പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിന് ഒരു പെട്ടി വെച്ചാൽ ഉപകാരപ്രദമായിരിക്കും. അതിനുള്ള മറുപടി ചുവർ പത്രികയിൽ കൊടുക്കാം.

**6. പ്രഭാഷണങ്ങൾ**

പ്രയോജനകരങ്ങളായ പ്രഭാഷണങ്ങൾ സ്കൂളിൽ സംഘടിപ്പിക്കാവുന്നതാണ്. രണ്ടോ മൂന്നോ കുട്ടികളെ തെരഞ്ഞെടുത്ത് താല്പര്യമുള്ള വിഷയങ്ങളെപ്പററി പ്രഭാഷണം ചെയ്യാൻ ആവശ്യപ്പെടാം.

വിഷയം തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം അവർക്ക് നല്കണം. ക്ലാസ്സിലെ ഒരു കുട്ടിയെ ചെയർമാനായും മറ്റൊരു കുട്ടിയെ സെക്രട്ടറിയായും തെരഞ്ഞെടുക്കാം. പ്രഭാഷണങ്ങൾ സംഘടിപ്പിക്കേണ്ടുന്ന ചുമതല അവർക്കാണ്. ചെയർമാൻ യോഗത്തിന്റെ അദ്ധ്യക്ഷനായിരിക്കും. പ്രഭാഷണം തീർന്നാൽ അംഗങ്ങൾക്ക് പ്രഭാഷണത്തെക്കുറിച്ച് ചോദ്യങ്ങൾ ചോദിക്കാനോ വിമർശനങ്ങൾ നടത്താനോ സ്വാതന്ത്ര്യമുണ്ട്. പ്രഭാഷകൻ അതിന് മറുപടി നൽകണം.

**7. ചർച്ചകൾ**

ചർച്ചയ്ക്കായി ഒരു വിഷയം തെരഞ്ഞെടുക്കണം. അതിനുവേണ്ടി ഒരു സംഘം വിദ്യാർത്ഥികൾ ആവശ്യമാണ്. ചർച്ചയിൽ പങ്കെടുക്കുന്നവർ അർദ്ധ ചന്ദ്രാകൃതിയിൽ ക്ലാസിന് അഭിമുഖമായി ഇരിയ്ക്കണം. സംഘത്തിലെ ഓരോ അംഗവും ചർച്ചയിൽ പങ്കെടുക്കണം. പ്രഭാഷണങ്ങൾ ദീർഘങ്ങളാകരുത്. ചർച്ച തുടങ്ങി കഴിഞ്ഞാൽ ചോദ്യങ്ങൾ ചോദിക്കാനും അഭിപ്രായം പ്രകടിപ്പിക്കാനും സ്വാതന്ത്ര്യമുണ്ട്.

**പ്രാഥമിക ക്ലാസിന് യോജിച്ച ചില കളികൾ**

1. അനേകം വസ്തുക്കളോടു കൂടിയ ഒരുചിത്രം കുട്ടികളെ കാണിക്കുക. ഒരേ അക്ഷരത്തിൽ തുടങ്ങുന്ന വസ്തുക്കളുടെ പേര് എഴുതാൻ കുട്ടികളോട് ആവശ്യപ്പെടണം. ഇങ്ങനെ നിർദ്ദേശിക്കുന്ന ഏതക്ഷരം കൊണ്ടു തുടങ്ങുന്ന പദാർത്ഥങ്ങളുടെ പേരും ക്രമത്തിന് എഴുതാൻ ആവശ്യപ്പെടാവുന്നതാണ്.

2. കള്ളികളായി തിരിച്ചിട്ടുള്ള ഒരു കാർഡ് ബോർഡ് തയ്യാറാക്കണം. ഇതിന് മാച്ചിംഗ് ബോർഡ് എന്നാണ് പേര്. അക്ഷരമാലയിലെ അക്ഷരങ്ങൾ ഒന്നിടവിട്ടുള്ള കള്ളികളിൽ വയ്ക്കുക. ഇതേ അക്ഷരങ്ങൾ കടലാസിൽ വെട്ടിയെടുത്ത് കുട്ടികൾക്ക് നൽകുക. നേരത്തെ വച്ച അക്ഷരങ്ങളുടെ ഒഴിഞ്ഞ കള്ളികളിൽ അതേ അക്ഷരങ്ങൾ തന്നെ വയ്ക്കുവാൻ നിർദ്ദേശിക്കണം. അക്ഷര രൂപങ്ങളെക്കുറിച്ച് പ്രാരംഭ ബോധം ഉണ്ടാക്കാൻ ഈ കളി ഉപകരിക്കും.

3. ഒരു വാക്യം ബോർഡിൽ എഴുതി പല പ്രാവശ്യം വായിപ്പിക്കുക. ഒരു കുട്ടിയോട് ക്ലാസിന് പുറത്തു പോയി മറവിൽ നിൽക്കാൻ ആവശ്യപ്പെടുക. ക്ലാസിലുള്ള മറ്റൊരു കുട്ടി ഏതെങ്കിലും പദം തൊടണം. പിന്നെ പുറത്തു നിൽക്കുന്ന കുട്ടിയെ വിളിച്ച് തൊട്ട പദം കാണിക്കാൻ ആവശ്യപ്പെടാം. കാണിക്കുക മാത്രമല്ല, ഈ പദം ഉച്ചരിക്കുക കൂടി വേണം.

**2 പ്രോജക്ട് രീതി**

ലക്ഷ്യബോധത്തോടു കൂടിയ പ്രവർത്തനത്തിന് പ്രോജക്ട് എന്നു പറയാം. പ്രവൃത്തിയിൽ കൂടി അറിവ് നേടുക. ഇതാണ് പ്രോജക്ടിന്റെ പൊതു സ്വഭാവം. ഇതൊരു അദ്ധ്യാപന രീതിയായി കരുതാൻ പാടില്ലെന്ന് ചില വിദ്യാഭ്യാസ ചിന്തകന്മാർ അഭിപ്രായപ്പെടുന്നു. പാഠ്യപദ്ധതി തീരുമാനിക്കാനുള്ള മാർഗ്ഗമാണിത്. ഓരോ പ്രത്യേക ഘട്ടത്തിലും വിദ്യാർത്ഥികളെ എന്താണ് പഠിപ്പിക്കേണ്ടത് എന്ന് തീരുമാനിക്കാൻ ഇത് സഹായകമാവുന്നു.

കുട്ടികളിൽ പഠനതാത്പര്യം വളർത്താൻ സഹായകമായ രീതിയാണിത്. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ പ്രധാന ന്യൂനത അത് ജീവിതവുമായി ബന്ധപ്പെടുന്നില്ല എന്നുള്ളതാണ്. ഈ കുറവ് പരിഹരിക്കാൻ പ്രോജക്ട് രീതി പ്രയോജനപ്പെടുന്നു. വിദ്യാലയ പ്രവർത്തനങ്ങളെ ജീവിതവുമായി

ബന്ധപ്പെടുത്തുക പ്രോജക്ട് രീതിയുടെ പ്രധാന ലക്ഷ്യമാവുന്നു. പ്രോജക്ട് രീതിയിൽ അഭ്യസനം നേടുന്ന വിദ്യാർത്ഥികൾ ജീവിച്ച് പഠിക്കുന്നു.

ജോൺ ഡ്യൂയി,കിൽപാട്രിക്, സ്റ്റീവൻസൺ എന്നീ പ്രശസ്ത വിദ്യാഭ്യാസ ചിന്തകരാണ് പ്രോജക്ട് രീതിയുടെ ആവിഷ്കർത്താക്കൾ. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തോടെ വളർന്നുവന്ന ജീവിത ദർശനമാണ് പ്രാഗ്മാറ്റിസം. വില്യം ജയിംസ് എന്നചിന്തകനാണ് പ്രായോഗിക സിദ്ധാന്ത ത്തിന്റെ ഉപജ്ഞാതാവ്. ഈപുതിയ ജീവിത വീക്ഷണം അമേരിക്കൻ വിദ്യാഭ്യാസത്തിൽ സ്വാധീനം ചെലുത്തി. ആധുനിക വിദ്യാഭ്യാസത്തെ വളരെയേറെ സ്വാധീനിച്ച വിദ്യാഭ്യാസ തത്വശാസ്ത്രമാണ് പ്രായോഗിക സിദ്ധാന്തം.

തികച്ചും അമേരിക്കൻ തത്വ ചിന്തയാണിത്. വില്യം ജയിംസ് എന്ന ചിന്തകനാണ് പ്രായോഗിക സിദ്ധാന്തത്തിന്റെ പ്രധാന ഉപജ്ഞാതാവ്.

ഈ പുതിയ ജീവിത വീക്ഷണം അമേരിക്കൻ വിദ്യാഭ്യാസത്തിൽ സ്വാധീനം ചെലുത്തി. ജോൺ ഡ്യൂയി തന്റെ വിദ്യാഭ്യാസ തത്വങ്ങൾ ഇതിന്റെ അടിസ്ഥാനത്തിലാണ് ആവിഷ്ക്കരിച്ചത്. ആധുനിക വിദ്യാഭ്യാസത്തെ വളരെയേറെ സ്വാധീനിച്ച വിദ്യാഭ്യാസ തത്വശാസ്ത്രമാണ് പ്രായോഗിക സിദ്ധാന്തം.

ജീവിതവുമായി ബന്ധപ്പെട്ട ജീവിത പുരോഗതിയ്ക്കായുള്ള കാര്യക്ഷമമായ പ്രവർത്തനം എന്നേ ഇതിന് അർത്ഥമുള്ളൂ. പ്രായോഗിക മൂല്യത്തെ ലക്ഷ്യമാക്കിയുള്ള ചിന്തകളും പ്രവർത്തനങ്ങളുമാണ് ഉചിതമായതെന്ന് വില്യം ജയിംസ് സിദ്ധാന്തിക്കുന്നു. ചുരുക്കത്തിൽ വിദ്യാഭ്യാസത്തെ പ്രവർത്തന നിരതമാക്കി ജീവിതവുമായി ഏറ്റവും കൂടുതൽ ബന്ധിപ്പിക്കുകയാണ് പുരോഗമനപരമായ ഈ വിദ്യാ ഭ്യാസ ദർശനത്തിന്റെ ലക്ഷ്യം. ഈ വിദ്യാഭ്യാസ ദർശനത്തിൽ രൂപം കൊണ്ടരീതിയാണ് പ്രോജക്ട് രീതി.

ഒരു പ്രവൃത്തി അഥവാ സംരഭം ഇതാണ് പ്രോജക്ടിന്റെ അർത്ഥം. സ്വാഭാവികമായ സാഹചര്യ ത്തിൽ ഒരു പ്രവർത്തനം ചെയ്യുക, അതിനോടനുബന്ധിച്ച് ഇതര വിഷയങ്ങൾ പഠിക്കുക ഇത്രയു മാണ് ഈ രീതികൊണ്ട് ഉദ്ദേശിക്കുന്നത്. ചുററുപാടുകൾക്ക് യോജിച്ച വിധം പൂർത്തിയാക്കപ്പെടുന്ന വിഷമതാ സമ്മിശ്രപ്രവർത്തനമാണ് പ്രോജക്ട്. പ്രവർത്തിച്ച് പഠിക്കുക ഇതാണ് ജീവിതത്തിന്റെ എല്ലാ പ്രകാരത്തിലുള്ള വളർച്ചയ്ക്ക് അനുയോജ്യമായത്. ഒരു കൈത്തൊഴിൽ കേന്ദ്രമാക്കി അതിനോട് ബന്ധപ്പെട്ട ഇതരവിഷയങ്ങൾ പഠിപ്പിക്കുകയെന്നത് അടിസ്ഥാന വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം.

സാമൂഹിക പരിതഃസ്ഥിതിയിൽ പൂർത്തിയാക്കുന്ന സോദ്ദേശ്യവും ഹൃദയംഗവുമായ പ്രവർത്തന മാണ് പ്രോജക്ട് എന്ന് വില്യം കിൽപാട്രിക് പ്രോജക്ടിന് അർത്ഥകൽപ്പന നൽകിയിരിക്കുന്നു.

**പ്രോജക്ടിന്റെ അടിസ്ഥാന പ്രമാണങ്ങൾ തഴെ പറയുന്നവയാണ്.**

**a.ഉദ്ദേശ്യ തത്വം**

സോദ്ദേശ്യ പ്രവൃത്തിയാണ് പ്രോജക്ട്. ലക്ഷ്യബോധം, ഉള്ളതിനാൽ പ്രവൃത്തിയിൽ കുട്ടികൾ സ്വയം പങ്കാളികളാകുന്നു. ഇത് പ്രവർത്തനോത്സുകതയും സംതൃപ്തിയും പ്രദാനം ചെയ്യുന്നു.

**b. പഠന നിയമ തത്വം**

തോൺഡൈക്കിന്റെ സന്നദ്ധതാ നിയമം, അഭ്യാസ നിയമനം, ഫല നിയമം ഇവ അടിസ്ഥാന മാക്കിയുള്ളതാണ് പ്രോജക്ട് രീതി.

**c. പ്രവർത്തന തത്വം**

കുട്ടികളുടെ സഹജ പ്രകൃതമാണ് ഉത്സാഹം. ഇതാസ്പദമാക്കിയുള്ള പ്രവർത്തന തത്വത്തെ പ്രോജക്ട് അംഗീകരിക്കുന്നു. സ്വതന്ത്രമായി ചിന്തിക്കാനും ആസൂത്രണം ചെയ്യാനും ധാരാളം അവ സരം ലഭിക്കുന്നു.

**d. യാഥാർത്ഥ്യതത്വം**

ജീവിതത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പാണ് വിദ്യാഭ്യാസം എന്ന ആശയത്തിനാണിവിടെ പ്രസക്തി. ഇത്തരം പരിശീലനം വിദ്യാഭ്യാസത്തിലൂടെ ലഭിക്കണമെങ്കിൽ അതിനാവശ്യമായ യഥാർത്ഥ ജീവിതാന്തരീക്ഷം വിദ്യാലയത്തിൽ സൃഷ്ടിക്കേണ്ടതുണ്ട്. പ്രോജക്ട് അതിന് വഴിയൊരുക്കുന്നു.

**e. അനുഭവതത്വം**

അറിവ് നേടാനുള്ള വഴിയാണ് അനുഭവങ്ങൾ. ഉദ്ദേശ്യപൂർണ്ണമായ പ്രവൃത്തിയിലൂടെ ലഭിക്കുന്ന അനുഭവങ്ങൾ ശക്തവും ഏറെ ഫലപ്രദവുമാകുന്നു.

**f. സ്വാതന്ത്ര്യ തത്വം**

പഠിതാവിന് പ്രവർത്തനങ്ങൾ സ്വയം ആസൂത്രണം ചെയ്യാം. പ്രവർത്തനങ്ങളെ സ്വയം നിയ ന്ത്രിക്കാം. സ്വാതന്ത്ര്യബോധം കുട്ടികളുടെ സ്വാശ്രയ ശേഷി വർദ്ധിപ്പിക്കുന്നു.

**g. പ്രയോജന തത്വം**

ലഭിക്കുന്ന അറിവിന്റെ പ്രായോഗികതയും ഉപയോഗയോഗ്യതയും പ്രോജക്ട് ഉറപ്പുവരുത്തുന്നു.

**h. ചാലക തത്വം**

മാനസികവും വൈകാരികവുമായ പ്രവർത്തനങ്ങളോടൊപ്പം ചാലക പ്രവർത്തനവും പ്രോജ ക്ടിൽ അന്തർഭവിച്ചിരിക്കുന്നു, പ്രവർത്തിച്ചു പഠിക്കുക, ജീവിച്ചു പഠിക്കുക എന്നീ പ്രായോഗിക മാർഗ്ഗ ങ്ങളിലേയ്ക്ക് കുട്ടികളെ നയിക്കുന്നു.

**i. വിവിധ ഘട്ടങ്ങൾ**

ഒരു പ്രോജക്ട് ആസൂത്രണം ചെയ്ത് പൂർത്തിയാക്കുന്നതിനിടയിൽ വിവിധ ഘട്ടങ്ങൾ തരണം ചെയ്യേണ്ടതുണ്ട്. അനുകൂലമായ സാഹചര്യസൃഷ്ടി, തെരഞ്ഞെടുപ്പ്, ലക്ഷ്യനിർണ്ണയം, ആസൂത്രണം, നിർവ്വഹണം, മൂല്യനിർണ്ണയം, രേഖപ്പെടുത്തൽ എന്നിവയാണ് തരണം ചെയ്യേണ്ട ഘട്ടങ്ങൾ.

കുട്ടികളുടെ താൽപര്യത്തിനും, അഭിരുചിയ്ക്കും യോജിച്ച വിധം ശരിയായ സാഹചര്യം സൃഷ്ടി ക്കാനാണ് അദ്ധ്യാപകൻ ആദ്യം ശ്രമിക്കേണ്ടത്. വിദ്യാർത്ഥികളിൽ ആവശ്യ ബോധം വളർത്തുക യാണ് മുഖ്യ ലക്ഷ്യം. ചിത്രങ്ങൾ കാണിക്കാം, കഥകൾ പറയാം. ഇതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ട് തെരഞ്ഞെടുക്കാം.

തെരഞ്ഞെടുക്കുന്ന പ്രോജക്ട് പഠിതാക്കളുടെ വാസ്തവികമായ ആവശ്യങ്ങൾക്ക് ഉതകുന്ന തായിരിക്കണം. എല്ലാവർക്കും ഒരു പോലെ പ്രയോജനകരമായിരിക്കണം. ഇത് കുട്ടികളുടെ പ്രായം, അഭിരുചി, പ്രയോജനം, സാഹചര്യം, പ്രവർത്തന ശേഷി, സാമ്പത്തിക നില തുടങ്ങിയവ പരിഗണി ച്ചുകൊണ്ടേ പ്രോജക്ട് തെരഞ്ഞെടുക്കാവൂ. വിദ്യാഭ്യാസപരമായ നേട്ടങ്ങളും പരിഗണിക്കണം.

പ്രോജക്ടിന്റെ സ്വഭാവവും ലക്ഷ്യവും നിർണ്ണയിക്കുന്നത് ലക്ഷ്യനിർണ്ണയ ഘട്ടത്തിലാണ്. അദ്ധ്യാ പകരുടെ നിർദ്ദേശങ്ങൾക്കാണിവിടെ പ്രാധാന്യം.

തെരഞ്ഞെടുത്ത പ്രോജക്ട് എങ്ങനെ നിർവഹിക്കണമെന്ന് നിശ്ചയിക്കുന്നത് ആസൂത്രണത്തി ലാണ്. ഇവിടെ മാർഗ്ഗോപദേശകന്റെ സ്ഥാനമാണ് അദ്ധ്യാപകനുള്ളത്. വിശദമായ ചർച്ചകൾക്കുശേഷം കുട്ടികൾ തന്നെ പ്രവർത്തന പരിപാടികൾ തയ്യാറാക്കണം.

തയ്യാറാക്കിയ പരിപാടികളുടെ നിർവഹണമാണ് അടുത്ത ഘട്ടം. പ്രവർത്തന പരിപാടികൾ കുട്ടികൾക്ക് വിഭജിച്ചു നൽകണം. ആവശ്യമെന്നു തോന്നുന്ന സ്ഥലങ്ങൾ സന്ദർശിക്കണം. അദ്ധ്യാപ കന്റെ മേൽനോട്ടത്തിൽ സംഘടിതമായി പ്രവർത്തിക്കണം. ശ്രമകരമായ ഘട്ടമാണിത്.

തുടർന്ന് അവയുടെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുന്നു. ഇതാണ് മൂല്യ നിർണ്ണയം. വിമർശ നാത്മകമായ പുനരവലോകനമാണ് നടത്തേണ്ടത്. അവസാനം പ്രോജക്ട് സംബന്ധിച്ച എല്ലാ പ്രവർത്ത നങ്ങളും ബുക്കിൽ വിദ്യാർത്ഥികൾ രേഖപ്പെടുത്തുന്നു.

ഏതു വിഷയത്തെ അടിസ്ഥാനമാക്കിയുള്ള പ്രോജക്ടാണെങ്കിലും ഭാഷയ്ക്ക് അതിൽ സ്ഥാന മുണ്ട്. ഭാഷാ പഠനത്തിന് പ്രോജക്ട് പ്രയോജനപ്പെടുത്താമെന്നല്ലാതെ ഈ രീതിയിലൂടെ മാത്രം ഭാഷ പഠിപ്പിക്കാം എന്ന് പറഞ്ഞു കൂട. യാത്രാ വിവരണമാണ് ഉദാഹരണം എന്ന് കരുതുക. ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം, വചനാഭ്യസനം, ലേഖനം, സ്മാരകങ്ങൾ എന്നിങ്ങനെ പല കാര്യങ്ങളും ഈ പ്രോജക്ടിലൂടെ പഠിക്കാൻ കഴിയും.

**i. മേന്മകൾ**

1. ലക്ഷ്യപൂർണ്ണമായ പ്രവർത്തനങ്ങൾക്ക് സന്ദർഭം നൽകുന്ന രീതിയാണ് പ്രോജക്ട് രീതി.
2. സ്കൂളിൽ ചെയ്യുന്നതെന്തും വിദ്യാർത്ഥികളുടെ ജീവിതവുമായി ബന്ധപ്പെടുന്നു.
3. സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനും കുട്ടികളെ പഠിപ്പിക്കുന്നു.
4. പ്രോജക്ട് രീതി സാമൂഹിക സേവനം ലക്ഷ്യമാക്കുന്നു.
5. സഹകരണ മനോഭാവത്തോടു കൂടി പ്രവർത്തിക്കുന്നു.

**ii. ന്യൂനതകൾ**

1. സമയവും ചെലവും കൂടുതലാണ്.
2. അറിവിന് തുടർബന്ധം ഉണ്ടാവില്ല.

3. പ്രോജക്ട് രീതിയനുസരിച്ച് പഠിപ്പിക്കുവാൻ കഴിയുന്ന പാഠഭാഗങ്ങൾ വിരളമായിരിക്കും.

4 താത്പര്യമില്ലാത്തവർ പിൻവലിയാനുള്ള സാഹചര്യം ഉണ്ടാവുന്നു.

5. വേണ്ടരീതിയിൽ പരിശീലനം നേടിയ അദ്ധ്യാപകരുടെ കുറവ്.

**3. ക്രിയാത്മക പ്രവർത്തനങ്ങൾ**

തന്റെ ആന്തരീക ചോദനയെ തൃപ്തിപ്പെടുത്തുന്ന വിധത്തിൽ സന്തോഷത്തോടും താത്പര്യത്തോടും കൂടി കുട്ടി ഏർപ്പെടുന്ന സൃഷ്ടിപര പ്രവർത്തനങ്ങളാണ് ക്രിയാത്മക പ്രവർത്തനങ്ങൾ. കുട്ടിയുടെ ശ്രദ്ധയും, സൗന്ദര്യബോധവും ചൈതന്യവുമെല്ലാം ഇത്തരം പ്രവർത്തനങ്ങളിൽ പ്രതിഫലിക്കും. അവയിൽ ഏർപ്പെടുമ്പോൾ കുട്ടിയുടെ ആത്മവിശ്വാസം വളരുകയും അവന് അംഗീകാരം ലഭിക്കുകയും ചെയ്യുന്നു.

കുട്ടികളുടെ കഴിവുകളും താല്പര്യവും കണ്ടറിഞ്ഞ് അതിനനുസരണമായ രചനാത്മക പ്രവർത്തനങ്ങൾ നൽകണം. സ്വയം പ്രവർത്തനത്തിന് അവസരം നൽകുകയും കുട്ടികളുടെ കഴിവുകൾ പരമാവധി വികസിപ്പിക്കാൻ അവസരം ഉണ്ടാക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. കുട്ടികളുടെ പ്രവർത്തനങ്ങൾ എപ്പോഴും കുറ്റമറ്റതാവണം എന്ന് അദ്ധ്യാപകൻ നിർബന്ധം പിടിക്കരുത്.ആവശ്യമായ ഉപദേശ നിർദ്ദേശങ്ങളിലൂടെ പരമാവധി പ്രയോജനം കൈവരിക്കുക എന്നതായിരിക്കണം ലക്ഷ്യം.

ചെറിയ കഥകൾ പറയുക, ചിത്രങ്ങളിൽ നിന്ന് കഥകൾ മെനഞ്ഞെടുക്കുക. വലിയ കഥകൾ ചുരുക്കിപ്പറയുക.

കഥകളുടെ ആദ്യ ഭാഗം കേട്ടുകഴിഞ്ഞ് ഭാവനയ്ക്ക് അനുസൃതമായി അത് പൂർത്തിയാക്കുക.

പദങ്ങൾ, ശൈലികൾ എന്നിവ വാക്യത്തിൽ പ്രയോഗിക്കുക.

അനുഭവങ്ങൾ പറയിക്കുക.

ഇത്തരം പ്രവർത്തനങ്ങൾ പ്രാഥമിക ഘട്ടത്തിൽ നൽകാവുന്നതാണ്.

അപ്പർ പ്രൈമറി ഘട്ടത്തിൽ കഥാ രചനാ സങ്കൽപ്പത്തെ ആധാരമാക്കിയുള്ള അഭ്യാസങ്ങൾ, കഥകളുടെ നാടകീയാവിഷ്ക്കാരം എന്നിവ ആവാം. ഹൈസ്കൂൾ തലത്തിൽ ഉയർന്ന നിലവാരത്തിലുള്ള പ്രവർത്തനങ്ങളാണ് നൽകേണ്ടത്.

1. നാടക രചന.
2. കവിത എഴുതിക്കാം.
3. മാസിക പ്രവർത്തനങ്ങൾ.
4. ഇഷ്ടപ്പെട്ട പുസ്തകങ്ങളെക്കുറിച്ച് എഴുതിക്കാം.
5. ഇഷ്ടപ്പെട്ട പുരാണ കഥാപാത്രങ്ങളെക്കുറിച്ചോ ദേശീയ നേതാവിനെക്കുറിച്ചോ എഴുതിക്കാം.

**4.നാടക രീതി**

അഭിനയം ജന്മവാസനയാണ്. അനുകരണ ശീലമാണ് അഭിനയത്തിന്റെ അടിസ്ഥാനം.കുട്ടികൾക്ക് സഹജമാണ് അനുകരണ വാസന. മുതിർന്നവരുടെ വേഷങ്ങളും ഭാവാദികളും അനുകരിക്കാൻ കുട്ടികൾക്ക് താത്പര്യം കൂടുതലാണ്. അവരുടെ വ്യക്തിത്വത്തിന്റെ ആവിഷ്ക്കരണം കൂടിയാണിത്. അഭിനയം കേന്ദ്രമാക്കിയുള്ള പഠനരീതിയാണ് നാടക രീതി. അനുകരണം, പ്രകടന താത്പര്യം, സഹകരണം, എന്നിങ്ങനെ വിദ്യാഭ്യാസത്തിലെ പ്രധാന ഘട്ടങ്ങളുമായി ഈ രീതിയ്ക്ക് ബന്ധമുണ്ട്.

മാതൃഭാഷാദ്ധ്യാപനത്തിൽ നാടക രീതിക്ക് വളരെ പ്രാധാന്യമുണ്ട്. ആശയങ്ങൾ മനസ്സിൽ തട്ടുന്ന രീതിയിൽ വികാര തീവ്രതയോടെ അവതരിപ്പിക്കാം. കഥാപാത്രങ്ങളുടെ സ്വഭാവനമനുസരിച്ച് വ്യത്യസ്തമായ സംഭാഷണ രീതി സ്വീകരിക്കേണ്ടി വരും. അഭിനയ പ്രധാനമായ കലയെന്ന നിലയിൽ നാടകത്തിൽ കാണാൻ മാത്രമല്ല, കേൾക്കാനുമുള്ള അവസരങ്ങൾ ഉണ്ടായിരിക്കും.

ജനപ്രിയമായ ഒരു ദൃശ്യകല എന്ന നിലയിൽ നാടകത്തിനുള്ള ഉൽകൃഷ്ട സ്ഥാനം വിദ്യാഭ്യാസത്തിൽ പ്രയോജനപ്പെടുത്തുകയാണ് നാടകാവതരണ രീതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ രീതികൊണ്ട് സൃഷ്ടിപരമായ കഴിവുകളും സങ്കൽപ്പശക്തിയും വളരുന്നു. പല സർഗ്ഗാത്മക പ്രവർത്തനങ്ങളിലേയ്ക്കും കുട്ടികളുടെ ശ്രദ്ധയും കഴിവും തിരിച്ചു വിടാൻ ഇത് ഉപകരിക്കുന്നു.

പാഠപുസ്തങ്ങളിലെ പല പാഠങ്ങളും നാടകമായി അവതരിപ്പിക്കാൻ കഴിയും. അനുയോജ്യമായ ഭാഗങ്ങൾ തെരഞ്ഞെടുത്ത് നാടക രൂപത്തിൽ മാറ്റി എഴുതാം. അഭിനയ വേളയിൽ ഉച്ചാരണം ശബ്ദത്തിലെ ആരോഹണാവരോഹണങ്ങൾ, ശബ്ദത്തിലൂടെയുള്ള ആവിഷ്കാരം, മുഖ ഭാവങ്ങൾ, എന്നിവയിൽ അദ്ധ്യാപകൻ ആവശ്യമായ നിർദ്ദേശങ്ങളോ തിരുത്തലുകളോ നൽകണം. കുട്ടികൾക്കനുയോജ്യമായിരിക്കണം കഥാപാത്രങ്ങൾ.

നാടകാവതരണം, കുട്ടികളുടെ ഭാവന വികസിപ്പിക്കുന്നു. കൂട്ടായ്മ, സഹിഷ്ണുത, താല്പര്യം എന്നിവ വളർത്തുന്നു. ആന്തരിക ചോദനകളെ പോഷിപ്പിക്കാനുതകുന്നു.

**ദോഷങ്ങൾ**

1. എല്ലാ കുട്ടികൾക്കും തുല്യ പങ്കാളിത്തം നൽകാനാവില്ല.
2. സംഭാഷണ ശകലങ്ങൾ കാണാതെ പഠിക്കേണ്ടിയിരിക്കുന്നു.
3. എല്ലാ അദ്ധ്യാപകർക്കും ഇതിനുള്ള താത്പര്യവും കഴിവും ഉണ്ടായിരിക്കുകയില്ല.

**5. ഡാൽട്ടൺ പ്ലാൻ**

സ്വയം പഠന രീതിയിൽ ഉൾപ്പെട്ടതാണ് ഡാൽട്ടൺ പ്ലാൻ. സ്വയം പ്രവർത്തിച്ച് അറിവു നേടുന്നതിന് സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയ പദ്ധതിയാണിത്. പരീക്ഷണ ശാലാ രീതി എന്നു കൂടി ഇത് അറിയപ്പെടുന്നു. മിസ്. ഹെലൻ പാർക്കേഴ്സ്റ്റ് എന്ന വനിതയാണ് ഈ രീതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയത്.

സാധാരണ വിദ്യാലയങ്ങളിലും അദ്ധ്യാപക പരിശീലന സ്ഥാപനങ്ങളിലും അവർ കുറെക്കാലം അദ്ധ്യാപികയായി സേവനം അനുഷ്ഠിച്ചു. നിലവിലിരിക്കുന്ന ക്ലാസ് അദ്ധ്യാപന സമ്പ്രദായം വ്യക്തി

വ്യത്യാസങ്ങളുടെ മനഃശാസ്ത്രപരമായ അടിസ്ഥാന തത്വങ്ങൾ അവഗണിക്കുന്നതായി ഹെലൻ മന സ്സിലാക്കി.

വ്യക്തിപരമായ കഴിവുകളും, ആവശ്യങ്ങളും പരിഗണിക്കാതെ മഠയന്മാരായ വിദ്യാർത്ഥികളെയും സമർത്ഥരായ വിദ്യാർത്ഥികളേയും ഒരുമിച്ച് കൂട്ടി കെട്ടി ബോധനം നടത്തുന്നു. ഇരു കൂട്ടർക്കും, അതു കൊണ്ട് യഥാർത്ഥ പ്രയോജനം ലഭിക്കുന്നില്ല. സ്വിഫ്റ്റ് എഴുതിയ "minds in the making'; 1908 –ൽ വായി ച്ചപ്പോൾ തന്നെ ഒരു പുതിയ വിദ്യാഭ്യാസ രീതി ആവിഷ്ക്കരിക്കേണ്ടതിനെക്കുറിച്ച് അവർ ചിന്തിക്കു കയുണ്ടായി.1914–ൽ ഹെലൻ മോണ്ടിസോറി രീതി വിശദമായി പഠിച്ചു. അതിനനുസരണമായി വ്യക്തി വ്യത്യാസങ്ങൾ അടിസ്ഥാനപ്പെടുത്തി ഹെലൻ ഡാൽട്ടൺ പ്ലാൻ ആവിഷ്ക്കരിച്ചു.

1920 – ൽ അമേരിക്കയിലെ മാസാച്യുസെറ്റ്സിലെ ഡാൽട്ടൺ സ്കൂളിൽ ഈ രീതി ആദ്യമായി പരീക്ഷിച്ചു നോക്കി. പരീക്ഷണം വിജയകരമായിരുന്നു. ഡാൽട്ടൺ എന്ന സ്ഥലത്തെ വിദ്യാലയ ത്തിൽ ആദ്യം പരീക്ഷിച്ചു നോക്കിയതിനാൽ ഈ രീതിയ്ക്ക് ഡാൽട്ടൺ പ്ലാൻ എന്ന പേര് ഉണ്ടായി.

എട്ടുവയസ്സിനും പതിനെട്ടു വയസ്സിനും ഇടയിൽ പ്രായമുള്ള അദ്ധ്യേതാക്കൾക്കു വേണ്ടിയാണ് ഈ രീതി ആവിഷ്ക്കരിച്ചത്. തികച്ചും ഒരു പുതിയ രീതിയായി ഇതിനെ കരുതാനാവില്ല. ഫലപ്രദ മായി പഠിക്കാൻ അദ്ധ്യേതാക്കളെ പ്രാപ്തരാക്കാനുതകുന്ന വിദ്യാലയ പ്രവർത്തനങ്ങളുടെ ആരോ ഗ്യകരമായ പുനഃസംഘടനയാണിത്. കുട്ടികളെ കൂട്ടമായി പഠിപ്പിക്കുന്നതിനെതിരെയുള്ള വിപ്ലവം.

വ്യക്തിപരമായ പ്രവർത്തനം കുട്ടികളുടെ സ്വാതന്ത്രമായ പ്രയത്നം, സഹകരണം എന്നീ തത്വ ങ്ങളെ ആധാരമാക്കിയാണ് നിയോഗ രീതി തയ്യാറാക്കിയിരിക്കുന്നത്. പ്രശ്നങ്ങളെ ഒന്നായി കാണുക എന്ന ഗൾസ്റ്റാട്ടിന്റെ വീക്ഷണം ഹെലൻ സ്വീകരിച്ചിരിക്കുന്നു. അദ്ധ്യയനത്തിലും പ്രവൃത്തിയിലും വിദ്യാർത്ഥികൾക്ക് വേണ്ടത്ര സ്വാതന്ത്ര്യമുണ്ട്.

പാഠ്യവിഷയങ്ങൾ പഠിക്കാൻ പ്രത്യേക മുറികളാണുള്ളത്. ചരിത്രം, ഭൂമിശാസ്ത്രം, സയൻസ്, വിദേശഭാഷകൾ എന്നിവയാണ് മറ്റു വിഷയങ്ങൾ. ഈ വിഷയങ്ങളിൽ നേടിയ അറിവിനെ അടിസ്ഥാ നമാക്കിയാണ് ക്ലാസുകയറ്റം നൽകുന്നത്. സംഗീതം, കലകൾ, കൈത്തൊഴിൽ, ഗൃഹശാസ്ത്രം, തുട ങ്ങിയവ ഉപവിഷയങ്ങൾ. സൗന്ദര്യ ബോധവും സ്വയം പ്രകടന ശേഷിയും വളർത്തുകയാണ് ഉപവി ഷയങ്ങളുടെ ലക്ഷ്യം.

ഒരു വർഷം പഠിപ്പിക്കേണ്ടതെന്തെല്ലാമെന്ന് നേരത്തെ നിശ്ചയിക്കുന്നു. അവ ഓരോ മാസത്തേ ക്കായി വിഭജിച്ചു നൽകുന്നു. അതനുസരിച്ച് പരീക്ഷണ ശാലയോ ഗ്രന്ഥശാലയോ ഉപയോഗപ്പെ ടുത്തി ഓരോ കുട്ടിക്കും പഠിക്കാം. വിഷമ പ്രശ്നങ്ങൾ അദ്ധ്യാപകൻ പരിഹരിക്കും. ഓരോ പഠി താവും ചെയ്യുന്ന ജോലിയെ സംബന്ധിച്ച് പ്രത്യേക രേഖകൾ സൂക്ഷിക്കേണ്ടതാണ്. പഠിതാവും, പ്രവർത്തന നിരതനായിരിക്കണം. അദ്ധ്യാപകൻ മാർഗ്ഗ നിർദ്ദേശകൻ മാത്രം. ഈ പദ്ധതി പ്രകാരം ക്ലാസ് അദ്ധ്യാപകരില്ല. വിഷയാദ്ധ്യാപകർ മാത്രമേ ഉള്ളൂ. ഓരോ അദ്ധ്യാപകനും, താൻ കൈകാര്യം ചെയ്യുന്ന വിഷയത്തിൽ സമർത്ഥനായിരിക്കണം. ഓരോ അദ്ധ്യാപകനും, കുട്ടികൾക്ക് പഠന നിർദ്ദേശ ങ്ങൾ കൊടുക്കുന്നു. നിയോഗങ്ങൾ പൂർത്തിയാക്കാൻ അദ്ദേഹം വിദ്യാർത്ഥികളെ സഹായിക്കുന്നു. പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് അദ്ദേഹമാണ്.

പ്രത്യേക മുറികളിൽ വച്ചാണ് പഠനം നടക്കുന്നത്. ഉദാഹരണമായി ചരിത്ര മുറി, മലയാള മുറി

തുടങ്ങിയവ. എത്രനേരം വേണമെങ്കിലും കുട്ടികൾക്ക് അവിടെയിരുന്ന് പഠിക്കാൻ അവകാശമുണ്ട്. പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന രേഖകൾ അദ്ധ്യാപകനും വിദ്യാർത്ഥികളും എടുത്ത് സൂക്ഷിക്കണം.

**നേട്ടങ്ങൾ**

1. വ്യക്തിവികസനത്തിന് വഴിതെളിക്കുന്നു.
2. ഓരോ കുട്ടിയുടേയും കഴിവുകളും കഴിവുകേടുകളും നേരിട്ടു മനസ്സിലാക്കാൻ സാധിക്കുന്നു.
3. പ്രവർത്തനം തുടർച്ചയായി നടക്കുന്നു.
4.. വിദ്യാർത്ഥികളുടെ സ്വാശ്രയബോധവും ആത്മവിശ്വാസവും വളരുന്നു.
5. അദ്ധ്യാപക അധ്യേതാക്കൾ തമ്മിലുള്ള ബന്ധം ദൃഢതരത്തിലാവുന്നു.

**കോട്ടങ്ങൾ**

1 വിദ്യാലയം ഒരു സമൂഹം എന്ന മൗലിക പ്രമാണം ഇവിടെ അവഗണിക്കുന്നു.
2 വിദ്യാർത്ഥികളിൽ സാമൂഹിക ബോധം ഉണ്ടാകുന്നില്ല.
3. ശരാശരി പഠിതാക്കൾക്കും ബുദ്ധിപരമായി താഴ്ന്ന നിലവാരമുള്ളവർക്കും ഈ രീതി അഭികാമ്യമല്ല.
4. വചനാഭ്യസനം നിരുത്സാഹപ്പെടുത്തുന്നു.
5. ബുദ്ധിപരതയ്ക്ക് പ്രാധാന്യം നല്കുന്നു.

**6. ഉപദർശന രീതി**

പ്രൊഫസർ. ആംസ്ട്രോങ്ങ് ആണ് ഹ്യൂരിസ്റ്റിക് രീതി അഥവാ ഉപദർശന രീതിയുടെ ആവിഷ്കർത്താവ്. കുട്ടികൾക്ക് കുറച്ചു കാര്യങ്ങൾ മാത്രം പറഞ്ഞു കൊടുക്കുക. കഴിയുന്നത്ര വിവരങ്ങൾ അവർ സ്വയം കണ്ടുപിടിക്കട്ടെ എന്ന സ്പെൻസറുടെ തത്വമാണ് ഈ രീതി ആവിഷ്ക്കരിക്കാൻ ആംസ്ട്രോങ്ങിന് പ്രേരകമായത്. (Heuriskein) എന്ന ഗ്രീക്കു പദത്തിൽ നിന്നാണ് (Heurism) എന്ന ഇംഗ്ലീഷ് പദത്തിന്റെ നിഷ്പത്തി. അതിനാൽ കണ്ടുപിടിത്തത്തിന്റെ രീതിയാണ് ഉപദർശന രീതി. സ്വയം പ്രവർത്തനത്തിലൂടെ വസ്തുതകൾ കണ്ടെത്താൻ കുട്ടികളെ പ്രാപ്തരാക്കുന്ന സമ്പ്രദായം. റൂസ്സോയുടെ പ്രകൃതി രീതിയുമായി ഇതിന് ബന്ധമുണ്ട്. യഥാർത്ഥ കണ്ടുപിടുത്തത്തിന്റെ സ്ഥാനമാണ് പഠിതാവിനുള്ളത്. ഓരോസ്ഥിതി വിശേഷത്തിനനുസരണമായി പഠിതാവ് പ്രതികരിക്കുന്നു.

വസ്തുതാപരമായ അറിവ് അവർ സ്വയം നേടുന്നു. സിദ്ധാന്തപരമായ ബോധനത്തിലൂടെ ലഭിക്കുന്ന വിവരങ്ങൾ ആവുന്നത്ര കുറച്ചു കൊണ്ടു വരാനാണ് ഉപദർശന രീതി ശ്രമിക്കുന്നത്. സ്വയംപ്രവർത്തനത്തിലൂടെ പഠിതാവ് അറിവ് സമാർജ്ജിക്കുന്നു. സ്വാനുഭവമാണ് യഥാർത്ഥ പഠനത്തിന്റെ അടിസ്ഥാനം. ഗവേഷണപരമായ സമീപനമാണിത്.

പ്രവർത്തനം, പഠന നിയമങ്ങൾ, യുക്തി സഹമായ ചിന്ത, സോദ്ദേശ്യാനുഭവ തത്വം തുടങ്ങിയ ഉപദർശന രീതിയുടെ മൗലിക പ്രമാണങ്ങളാണ്. പ്രവൃത്തി, ചോദ്യങ്ങൾ, ചർച്ചകൾ എന്നീ കാര്യങ്ങളിൽ കുട്ടികൾക്ക് പൂർണ്ണ സ്വാതന്ത്ര്യമുണ്ട്. പ്രവൃത്തിയിലൂടെ പഠിക്കുക എന്ന തത്വം ഇവിടെ പ്രായോഗികമാവുന്നു.

ഭാഷ പഠിപ്പിക്കാൻ ഈ രീതി അത്രതന്നെ പ്രയോജനപ്പെടുകയില്ല. എങ്കിലും വ്യാകരണം, വൃത്തം തുടങ്ങിയവ പഠിപ്പിക്കാൻ ഈ രീതി സ്വീകാര്യമാണ്.

**7. ആധുനിക സാങ്കേതിക രീതികൾ**

ശാസ്ത്ര സാങ്കേതിക രംഗത്തുണ്ടായ വളർച്ച വിജ്ഞാന വിസ്ഫോടനത്തിന് വഴി തെളിച്ചു. ഇതിന്റെ സ്വാധീനം ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളിലും പ്രകടമാണ്. സ്വാഭാവികമായ വിദ്യാഭ്യാസ രംഗം ഈ സാങ്കേതികവിദ്യയുടെ സ്വാധീനത്തിൽപ്പെട്ടിരിക്കുന്നു. അദ്ധ്യാപന സമ്പ്രദായങ്ങളിലും പഠന തന്ത്രങ്ങളിലും പുത്തൻ സാങ്കേതിക വിദ്യയ്ക്കൊത്ത പല നവീന രീതികളും സങ്കേതങ്ങളും ഉടലെടുത്തിട്ടുണ്ട്.

നൂതന തന്ത്രങ്ങൾ, അതുമൂലം നേടാൻ കഴിയുന്ന വിദ്യാഭ്യാസ മൂല്യങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളാൻ ക്ലാസ് റൂം പരിതഃസ്ഥിതികൾ, വിദ്യാർത്ഥികളുടെ സന്നദ്ധത, അദ്ധ്യാപന രീതികൾ, വൈവിധ്യമാർന്ന പഠനോപകരണങ്ങൾ എന്നിവ പരമാവധി പ്രയോജനപ്പെടുത്തി കുറഞ്ഞ സമയം കൊണ്ട് കൂടുതൽ കാര്യക്ഷമമായും ഫലപ്രദമായും അഭിലഷണീയമായ വർത്തന വ്യതിയാനങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുക. അതുവഴി വ്യക്തിയുടെ സമഗ്രവും സർവ്വതോന്മുഖവുമായ വികസനം ഉറപ്പുവരുത്തുകയാണ് സാങ്കേതികതയുടെ ലക്ഷ്യം.

**1. ക്രമീകൃത പഠനം**

വിദ്യാഭ്യാസ മനഃശാസ്ത്രത്തിൽ അവഗണിക്കാനാവാത്ത സ്ഥാനത്തിനർഹനായ ഇ.എൻ. തോൺഡൈകിന്റെ ഫല നിയമവും ബി.എഫ്. സ്കിന്നറുടെ ഓപ്പറന്റ് കണ്ടീഷനും ഒത്തുചേർന്ന പദ്ധതിയാണ് പ്രോഗ്രാമ്ട് ലേണിംഗ്. വ്യക്തി കേന്ദ്രീകൃത പഠനത്തിന് ഏറ്റവും അനുയോജ്യമായ രീതിയാണിത്. സ്വയം പഠിക്കാനും അവനവന്റെ കഴിവിനനുസരിച്ച് പുരോഗമിക്കാനും കഴിയുന്നുവെന്നതാണ് ഇതിന്റെ സവിശേഷത.

വേഗത, വ്യക്തത, സ്വാഭാവികത, ശാസ്ത്രീയത എന്നീ ഗുണങ്ങൾ ഉൾക്കൊള്ളുന്ന ഈ പഠന ക്രമം ഫലപ്രദമാണ്. പലപ്പോഴും പഠനോപകരണങ്ങൾ ഉപയോഗിച്ചാണ് പാഠം അവതരിപ്പിക്കുന്നത്. നിർദ്ദിഷ്ട പാഠഭാഗം ഏറ്റവും ലളിതമായ യൂണിറ്റുകളാക്കി പഠന യന്ത്രത്തിലൂടെ അവതരിപ്പിക്കാനുതകും വിധം ക്രമീകരിക്കുന്നു. അതിനുശേഷം ഓരോ യൂണിറ്റും യഥാക്രമം അവതരിപ്പിക്കുന്നു.

ഒരു പാഠ്യവസ്തു അത് ഉദ്ദിഷ്ട നിലവാരത്തിൽ പഠിപ്പിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ഒരു ചോദ്യം ഇതാണ് ആദ്യത്തെ ഫ്രെയിമിൽ അവതരിപ്പിക്കുക.

രണ്ടാമത്തെ ഫ്രെയിമിൽ ആദ്യത്തെ ഫ്രെയിമിലെ ചോദ്യത്തിന്റെ ഉത്തരവും തുടർന്ന് അവതരിപ്പിക്കേണ്ട പാഠ്യവസ്തു അതിനെ സംബന്ധിച്ച് ചോദ്യവും അടങ്ങിയിരിക്കും. എല്ലാ ഫ്രെയിമുകളും ഇതുപോലെ ബന്ധിതങ്ങളായിരിക്കും. ഈ ക്രമീകരണത്തെ രേഖീയ ക്രമീകരണം എന്നു പറയുന്നു.

ക്രമീകരണത്തിന് അൽപ്പം കൂടി സങ്കീർണ്ണമായ മറ്റൊരു രീതിയാണ് ശാഖീകരണം. ഒന്നാമത്തെ ഫ്രെയിമിലെ ചോദ്യങ്ങൾക്ക് ഒന്നിലധികം ഉത്തരം നൽകിയിരിക്കും. പഠിതാവ് പഠനത്തിന് ശേഷം ഒരുത്തരം തെരഞ്ഞെടുക്കുന്നു. അത് ശരിയല്ലങ്കിൽ മറ്റൊരു പാഠഭാഗത്തിലേയ്ക്ക് നയിക്കുന്നു. പഠിതാവിനെ മറ്റൊരു പാതയിലൂടെ തിരിച്ചുവിട്ട് വീണ്ടും ആദ്യത്തെ ഫ്രെയിമിന്റെ ചോദ്യത്തിലേക്കു തന്നെ കൊണ്ടു ചെന്നെത്തിക്കുന്നു.

സങ്കീർണ്ണമായ പാഠഭാഗത്തെ ലഭ്യമായ യൂണിറ്റുകളാക്കി അവതരിപ്പിക്കുന്നതുകൊണ്ട് ലളിതമായതിൽ നിന്ന് സങ്കീർണ്ണമായതിലേയ്ക്ക് എന്ന തത്വം ഇവിടെ അന്തർഭവിച്ചിരിക്കുന്നു. മുഴുവൻ പങ്കാളിത്തവും ഈ രീതിയിലുണ്ട്. ഓരോ പ്രതികരണത്തിനും അപ്പപ്പോൾ ഫീഡ്ബാക്ക് കിട്ടുന്നതുകൊണ്ട് താത്പര്യവും പ്രചോദനവും കൂടുന്നു.

**2. വർത്തന പ്രതിപ്രവർത്തനാപഗ്രഥനം**

വർത്തന പ്രതിപ്രവർത്തനാപഗ്രഥനം അദ്ധ്യാപനത്തിന്റെയും പഠനത്തിന്റെയും ശൈലി രേഖപ്പെടുത്തുകയും അതിനെ വ്യാഖ്യാനിക്കുകയും ചെയ്യുന്ന പ്രക്രിയയാണ്. രേഖപ്പെടുത്തുന്ന പ്രക്രിയയിൽ ഓരോ തരം വ്യവഹാരത്തേയും സൂചിപ്പിക്കാൻ ഒരു കോഡ് അടയാളം ഉപയോഗിക്കുന്നു. ഡീകോഡ് ചെയ്യുന്ന ഘട്ടത്തിൽ പരിശീലനം ലഭിച്ച ഒരു വ്യാഖ്യാതാവ് നേരത്തെ കോഡു ചെയ്ത ദത്തത്തെ അപഗ്രഥിച്ചും വ്യാഖ്യാനിച്ചും ക്ലാസ്സിൽ നടന്ന സംഭവങ്ങൾ പുനഃസൃഷ്ടിക്കുന്ന വർത്തന പ്രതിപ്രവർത്തനാപഗ്രഥനം ക്ലാസ് അന്തരീക്ഷത്തിന്റെയും ഏതെങ്കിലും അദ്ധ്യാപകന്റെയും ബോധന വ്യവഹാരത്തിന്റെയും പഠനമാണ്.

**3. വിദ്യാഭ്യാസ സാങ്കേതിക വിദ്യ**

വിദ്യാഭ്യാസ സങ്കേതിക വിദ്യ പഠന ബോധന പ്രക്രിയകൾക്ക് പുതിയ ഭൗതിക വിഭവങ്ങൾ ഉൾപ്പെടുത്തലോ പുതിയ യന്ത്രങ്ങൾ സ്ഥാപിക്കലോ അല്ല. മറിച്ച് വിദ്യഭ്യാസത്തെ നവീകരിച്ച് ഗുണമേന്മ വർദ്ധിപ്പിക്കാനും പഠന ബോധന പ്രക്രിയയെ ഊർജ്ജസ്വലമാക്കാനും സഹായിക്കുന്ന സമീപനമാണ്. ഈ സാങ്കേതിക വിദ്യ വിദ്യാഭ്യാസത്തെ കൂടുതൽ ഉൽപാദനക്ഷമവും വ്യക്തിനിഷ്ടവുമാക്കുന്നു. ഇത് ബോധനത്തിന് ശാസ്ത്രീയമായ സ്ഥാനം നൽകുകയും ബോധനത്തെ കൂടുതൽ ശക്തമാക്കുകയും പഠനത്തെ ത്വരിതപ്പെടുത്തുകയും ചെയ്യുന്നു.

**4. കമ്പ്യൂട്ടറൈസ്ഡ് ഇൻസ്ട്രക്ഷൻ**

കമ്പ്യൂട്ടറിൽ പഠിക്കാനുള്ള വസ്തുക്കൾ ചിട്ടയായി ക്രമീകരിച്ച് കമ്പ്യൂട്ടറിന്റെ പ്രവർത്തന രീതിയ്ക്കനുസരണമായി അതിൽ ശേഖരിച്ചുവെയ്ക്കുന്നു. ക്രമപ്പെടുത്തി വെച്ചിട്ടുള്ള ഈ വസ്തുതകൾ കമ്പ്യൂട്ടർ പ്രവർത്തനത്തിലൂടെ തിരിച്ചെടുത്ത് പഠന വിധേയമാക്കാം. ചോദ്യങ്ങളുടെ ഉത്തരങ്ങൾ കണ്ടെത്താനും കളിയിലൂടെയും ആവർത്തനത്തിലൂടെയും വേണ്ടത്ര പരിശീലനം ലഭിക്കാനുമുള്ള സജ്ജീകരണങ്ങളും ഉണ്ടായിരിക്കും. വ്യക്തിനിഷ്ടമായ സ്വയം പഠന രീതിയാണിത്.

**5. സൂക്ഷ്മ നിലവാര ബോധനം**

മൈക്രോ എന്ന വാക്കിന് മിനി അഥവാ ചെറുത് എന്നാണർത്ഥം. മൈക്രോ ടീച്ചിംഗ് എന്നാൽ ഹ്രസ്വാധ്യാപനം എന്ന് അർത്ഥമാക്കുന്നു. അദ്ധ്യാപന പരിശീലന പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള രീതിയാണിത്.

1961 – ൽ സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ ഡി. ഡബ്ല്യൂ. അല്ലൻ എന്ന വിദ്യാഭ്യാസ വിചക്ഷണൻ നടപ്പിലാക്കിയ രീതിയാണിത്. പഠനത്തിലെ സങ്കീർണ്ണതയും കുട്ടികളുടെ എണ്ണവും സമയ ദൈർഘ്യവും പരമാവധി കുറച്ച് അഭ്യസിപ്പിക്കാനുള്ള അദ്ധ്യാപക നൈപുണി ആസൂത്രണം ചെയ്യുന്നു.

നേടിയെടുക്കേണ്ടവ തരം തിരിച്ച് അഞ്ചോ ആറോ അദ്ധ്യാപക വിദ്യാർത്ഥികൾ ഉൾപ്പെട്ട ഒരു സംഘത്തിന് കേവലം ആറോ ഏഴോ മിനിട്ടു കൊണ്ട് ഏതെങ്കിലും ഒരു പ്രത്യേക നൈപുണി നേടുന്നതിനു വേണ്ട പരിശീലനം നൽകുന്നതാണ് സൂക്ഷ്മാദ്ധ്യാപനം.

പാഠ്യാംശങ്ങളെ ചെറിയ ഘട്ടങ്ങളാക്കി തിരിച്ച് ഓരോ അംശത്തിനും അനുയോജ്യമായ പഠന പ്രവർത്തനം തയ്യാറാക്കുന്നു. അത് പഠിപ്പിക്കുകയും അതോടൊപ്പം രേഖപ്പെടുത്തുകയും ചെയ്യുന്നു. ക്ലാസ് കഴിഞ്ഞാൽ ചർച്ച ചെയ്ത് തെറ്റുകുറ്റങ്ങൾ സ്വയം ബോധ്യപ്പെടുന്നു. വീണ്ടും ആസൂത്രണം ചെയ്ത് പഠനം നടത്തുന്നു. ലക്ഷ്യം നേടുന്നതുവരെ പ്രവർത്തനം തുടരുന്നു.

മുന്നറിവ് പരിശോധന, ഉപക്രമം, വിശദീകരണം, ചോദ്യം ചോദിക്കൽ, ബ്ലാക്ബോർഡിന്റെ ഉപയോഗം, ശബ്ദ നിയന്ത്രണം, പുനരവലോകനം തുടങ്ങി അദ്ധ്യാപകൻ ആർജ്ജിക്കേണ്ട വ്യത്യസ്ത തരം നൈപുണികൾ ഫലപ്രദമായി നേടുന്നതിന് മൈക്രോ ടീച്ചിംഗ് ഉപകാരപ്പെടും.

**6. സംഘബോധനം**

വിദഗ്ധരായ അദ്ധ്യാപകരുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുന്ന ഒരദ്ധ്യാപന രീതിയാണിത്. പ്രത്യേക വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള രണ്ടിൽ കൂടുതൽ അദ്ധ്യാപകർ ഒന്നു ചേർന്ന് അവർക്ക് വൈദഗ്ധ്യമുള്ള മേഖലകൾ കൈകാര്യം ചെയ്യുന്നു. എല്ലാവരുടേയും പ്രാഗത്ഭ്യവും ഒന്നാകെ, ഒരേ സമയത്ത് എല്ലാ കുട്ടികൾക്കും ലഭ്യമാവുന്നു.

ഒരു ക്ലാസ്സിൽ അദ്ധ്യാപകൻ വർഷം മുഴുവൻ പഠിപ്പിക്കുന്നതു കൊണ്ട് ഗുണവും ദോഷവും ഉണ്ടാവാം. അദ്ദേഹം കാര്യക്ഷമമായി അദ്ധ്യാപനം നടത്താൻ കഴിവുള്ള ആളാണെങ്കിൽ മെച്ചം അവർക്ക് ലഭിക്കും. ഫലം മറിച്ചാണെങ്കിൽ അതിന്റെ ദോഷം മുഴുവൻ കുട്ടികൾ അനുഭവിക്കേണ്ടി വരും.

ഉയർന്ന ക്ലാസ്സുകളിലാണ് ഈ രീതി ഏറെ ഗുണകരം. അദ്ധ്യാത്മ രാമായണത്തിലെ ഒരുഭാഗം പഠിക്കാനുണ്ടെന്ന് കരുതുക. ഒരദ്ധ്യാപകൻ കവിതാ ഭാഗം സുന്ദരമായി ചൊല്ലി അവതരിപ്പിക്കുന്നു. മറ്റൊരദ്ധ്യാപകൻ ചമൽക്കാര ഭംഗിയും അലങ്കാരവും പഠിപ്പിക്കുന്നു. ഇനിയും ഒരാൾ എഴുത്തച്ഛന്റെ കവിതയുടെ പ്രത്യേകതകൾ പഠിപ്പിക്കുയും മറ്റു രാമായണങ്ങളുമായി പാഠഭാഗത്തെ താരതമ്യം ചെയ്യുകയും ചെയ്യുന്നു. എല്ലാവരും പരസ്പര പൂരകമായി പ്രവർത്തിക്കുന്നതുകൊണ്ട് ക്ലാസ് രസകരവും സജീവവുമാക്കാൻ സാധിക്കുന്നു.

**7. മൾട്ടി ക്ലാസ് അദ്ധ്യാപനം**

വിദ്യാലയത്തിലുള്ള പിരിവുകളുടെ എണ്ണം, ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ എണ്ണം എന്നിവയുടെ അടിസ്ഥാനത്തിൽ വിദ്യാലയങ്ങളെ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ, ദ്വിഅദ്ധ്യാപക വിദ്യാലയങ്ങൾ എന്നിങ്ങനെ തിരിക്കപ്പെട്ടിരിക്കുന്നു. ഒരു വിദ്യാലയത്തിൽ ശരാശരി വിദ്യാർത്ഥികളുടെ എണ്ണം ഇരുപതിന് മുകളിലാണെങ്കിൽ ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എന്നു വിളിക്കുന്നു.

ഇവ ചില പ്രത്യേക നിയമങ്ങളുടെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്നു. അതേ സമയം വിദ്യാർത്ഥികളുടെ എണ്ണം 50 ന് മേൽ ഉണ്ടെങ്കിൽ പോലും ഗ്രാമപ്രദേശങ്ങളിലേയും മലമ്പ്രദേശങ്ങളിലേയും വിദ്യാലയങ്ങളിൽ അദ്ധ്യാപകർ ഒന്നിലധികം ക്ലാസ്സുകളെ കൈകാര്യം ചെയ്യേണ്ട നിലയുണ്ടാകുന്നു. ഇതിൽ ഏകദേശം ആറ് ലക്ഷം ഗ്രാമങ്ങളിൽ അധികം വിദ്യാലയങ്ങളിലും ഒന്ന് അല്ലെങ്കിൽ രണ്ട് അദ്ധ്യാപകർ തന്നെ അഞ്ച് ക്ലാസുകളേയും പഠിപ്പിക്കേണ്ട സാഹചര്യം ഉണ്ടാകുന്നു. ഇങ്ങനെയുള്ള വിദ്യാലയങ്ങളിൽ ടൈം ടേബിളുകൾ, ഒരദ്ധ്യാപകൻ, അല്ലെങ്കിൽ രണ്ടദ്ധ്യാപകർ അഞ്ച് ക്ലാസ്സുകളെയും ഒന്നിച്ചോ പ്രത്യേകം പ്രത്യേകമായോ പഠിപ്പിക്കാൻ നിർബ്ബന്ധിതരായിത്തീരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് മൾട്ടി ക്ലാസ് ടീച്ചിംഗ്, മൾട്ടി സ്റ്റേജ് ടീച്ചിംഗ് തുടങ്ങി അദ്ധ്യാപന രീതികളുടെ പ്രാധാന്യം വ്യക്തമാകുന്നത്.

**അദ്ധ്യാപകന്റെ ആസൂത്രണം.**

1. മൾട്ടി ക്ലാസ്സ് അദ്ധ്യാപനം-അദ്ധ്യാപകരുടെ പങ്ക് അളക്കാൻ പറ്റാത്തതാണ്.
2. ക്ലാസ്സുകൾ ആസൂത്രണത്തോടെ നിർവ്വഹിക്കൽ.
3. പഠന പ്രവർത്തനങ്ങൾ രൂപീകരിക്കുക എന്നത് വളരെ കഠിനമായ ജോലിയാണ്.
4. ഒരദ്ധ്യാപകന് തുടർച്ചയായി ക്ലാസ്സുകളെടുക്കുന്നതിന് മറ്റ് അദ്ധ്യാപകരുടെ സഹകരണവും ആസൂത്രണവും വളരെ അത്യാവശ്യമാണ്.
5. വിദ്യാർത്ഥികളുടെ സൗകര്യത്തിനും സാഹചര്യത്തിനും, അനുസരിച്ച് അവരെ ഇരുത്തുവാനും, പഠിപ്പിക്കുവാനും ആസൂത്രണം വളരെ മുഖ്യമായ പങ്ക് വഹിക്കുന്നു.
6. കളി രീതിയിൽ പഠനത്തെ രൂപീകരിക്കൽ മാനേജ്മെന്റിന്റെ മുഖ്യ അംശമാണ്.
7. ബുദ്ധിപരത അധികമായിട്ടുള്ള വിദ്യാർത്ഥികൾക്കും, ശരാശരി ബുദ്ധിപരത ഉള്ള വിദ്യാർത്ഥികൾക്കും, കുറഞ്ഞ ബുദ്ധിപരത ഉള്ള വിദ്യാർത്ഥികൾക്കും അനുസരിച്ച് പാഠ്യപദ്ധതി തയ്യാറാക്കേണ്ടിയിരിക്കുന്നു.
8. പഠന പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നതിന് ശരിയായ പദ്ധതി ആവശ്യമാണ്. പ്രവർത്തനങ്ങൾക്കായുള്ള പദ്ധതികളെ മാസം, ആഴ്ച, ദിവസം എന്ന രീതിയിൽ ക്രമീകരിക്കുക, വിവിധ ക്ലാസ്സുകൾക്കുള്ള സമയത്തെ നിർണ്ണയിക്കുക എന്നിവ അദ്ധ്യാപകരുടെ മുഖ്യ ധർമ്മമാണ്.
9. വിവിധ ക്ലാസുകളെ ഏകോപിപ്പിച്ച് പഠിപ്പിക്കുന്നത് മൂലം വിവിധതരത്തിലുള്ള പ്രാവീണ്യങ്ങളും വളർത്തിയെടുക്കാൻ സാധിക്കും.

**ഉപസംഹാരം.**

അദ്ധ്യാപക കേന്ദ്രീകൃതമായ അദ്ധ്യാപക സമ്പ്രദായം മാത്രം സ്വീകരിക്കാതെ വ്യത്യസ്തവും ആധുനികവും മനഃശാസ്ത്രപരവുമായ അദ്ധ്യാപനരീതികൾ സ്വീകരിക്കുന്നതിലൂടെ അദ്ധ്യാപനം കൂടുതൽ ഫലപ്രദവും കാര്യക്ഷമവും അതോടൊപ്പം തന്നെ അഭിലഷണീയങ്ങളായ വർത്തന വ്യതിയാനങ്ങൾ രൂപീകരിക്കുവാനും ആധുനിക അദ്ധ്യാപന രീതികൾ സഹായിക്കുന്നു.